കൗമുദി







ഈ ലക്കത്തിൽ

കുറിപ്പുകൾ — കെ. ബാലകൃഷ്ണൻ

പത്രാധിപരോട് സംസാരിക്കുക — പത്രാധിപർ

നല്ല മലയാളം — ഡാ: എസ്. കെ. നായർ

ജീവിതസമരം — സി. കേശവൻ.

നഗ്നചിത്രം (ചെറുകഥ) — മധു

ആധുനികമലയാളസാഹിത്യം — ജയകുമാർ

മനുഷ്യാത്മാക്കൾ വെന്തെരിയുന്നു (ചെറുകഥ) — വന്നേരിബാലകൃഷ്ണൻ

മാവോസെതുംഗ് വാൻസായ് — ഡാ: സൺയാറ്റ്സന്റെ ശവകുടീരം — എൻ. ശ്രീകണ്ഠൻനായർ എം. പി.

വനിതാപംക്തി — ലേഖനങ്ങളിൽനിന്ന്

താരാപഥം — ഭോജിശാ ഉമീൻ. — ജ്യോതി.

എന്റെ നാടു വിങ്ങുന്നു (കവിത) — മാസ് ചെറായി

കുമുദിലിഹ് — ഉഷാഭ്രേച്ചി

പൂക്കാരി (ചെറുകഥ) — കെ. കെ. ശാന്തകുമാർ

വർണ്ണന (കവിത) — പി. പുരുഷോത്തമൻ

എൻ സഖി (കവിത) — ജെ. സുഭദ്ര

പുസ്തകാഭിപ്രായം — കൊന്തയിൽനിന്ന് കുരിശിലേക്ക് — പി. കെ.

എൻ. കൃഷ്ണപിള്ളയുടെ മുഖക്കുറിതൽ (ഒരാസ്വാദനം) — നാരായണൻ, കാട്ടുമാടം

കഴിഞ്ഞയാഴ്ച — കല്യാണികാൺഗ്രസ്സ് സമ്മേളനം — എൻ രാമചന്ദ്രൻ

മുഖചിത്രം:

ഉയർന്നുവരുന്ന ഒരു ബാലനത്തകി —
ബേബിപരിമള

ബഹിഷ്കൃതമന്ത്രിസഭ
അധികാരത്തിൽ
ഇന്ന്
132-ാം ദിവസം

പ്രസിദ്ധീകരണം—കെ. ബാലകൃഷ്ണൻ

Reg. M. 566 Phone No- 2128 സഹപ്രസിദ്ധീകരണം സി. എൻ ശ്രീകണ്ഠനായർ

കൗമുദി

ആത്മകഥ

പുസ്തകം 4 1129 മകരം 19 തിങ്കൾ ലക്കം 45

പ്രിയപ്പെട്ട പണ്ഡിതനെഹ്റുവിന്

പ്രിയപ്പെട്ട പണ്ഡിതനെഹ്റു,

അങ്ങയ്ക്കു പരിചയമില്ലാത്ത അപ്രധാനനായ ഒരു യുവാവ് അങ്ങേയ്ക്കു മനസ്സിലാകാത്ത ഭാഷയിൽ അങ്ങയെക്കണ്ടു നേരിട്ടു സമർപ്പിക്കാനായി ഒരു കത്തെഴുതുകയാണ്. ഈ കത്തു ഇംഗ്ലീഷിലേയ്ക്കു തർജ്ജമചെയ്തു അങ്ങയ്ക്കു സമർപ്പിക്കണമെന്നാണ് ആഗ്രഹം. പക്ഷേ ഇതു അങ്ങേയ്ക്കു കിട്ടുമെന്നോ ഇതിനു അങ്ങേയ്ക്കൽ മറുപടി അയയ്ക്കുമെന്നോ എനിക്കു പ്രതീക്ഷയില്ല. എന്നെപ്പോലെ ചിന്തിക്കുന്ന ഈ നാട്ടിലെ ഏതൊരു യുവാവും എഴുതാനിടയുള്ള ഒരു കത്താണ് ഞാനി എഴുതുന്നതു്. ഇതു ഒരു സ്വകാര്യക്കത്തല്ല. ഒരു സ്വകാര്യ വ്യക്തിയെന്ന നിലയിൽ അങ്ങയെക്കാൾ സ്നേഹിക്കപ്പെട്ടേണ്ടവർ വളരെയേറെ ഈ ലോകത്തു ജനിച്ചിട്ടില്ലെന്നു ഞാൻ കേട്ടറിഞ്ഞിട്ടുണ്ട്. അങ്ങയുടെ നിർമ്മലമായ മന്ദഹാസത്തെപ്പറ്റിയും നൊടിയിടയിൽ ഭ്രുകുടിയെടുക്കുന്ന മുൻകോപത്തെപ്പറ്റിയും ഞാൻ കേട്ടിട്ടുണ്ട്. ഒരു പിതാവെന്ന നിലയിൽ, ഒരു ഭർത്താവെന്ന നിലയിൽ, ഒരു പുത്രനെന്ന നിലയിൽ, ഒരു മാതാമഹനെന്ന നിലയിൽ അങ്ങയെപ്പറ്റി അങ്ങുതന്നെ എഴുതിയിട്ടുള്ളതും മറവുള്ളവർ എഴുതിയിട്ടുള്ളതുമായ ഹൃദയാവർജ്ജകങ്ങളായ പല സംഭവകഥകളും ഞാൻ വായിച്ചിട്ടുണ്ട്. ഭരണാധികാരം അതുല്യനായ ഒരു കലാകാരനെയാണ് സാഹിത്യവേദിക നഷ്ടപ്പെട്ടിയിരിക്കുന്നതെന്ന വിശ്വസിക്കുന്ന കൂട്ടത്തിലാണ് ഞാൻ ഈ രാജ്യത്തെ യുവത്വം ഏറ്റവും അഭിമാനത്തോടുകൂടി അവകാശപ്പെട്ടിരുന്ന പുരോഗതിയുടെ കൊടുങ്കാറ്റായാണ് അങ്ങു രാഷ്ട്രീയരംഗത്തിൽ കാലുന്നിയതു്. അങ്ങയുടെ അതുല്യമായ വ്യക്തിത്വം അങ്ങയുടെ അഭിപ്രായങ്ങളോടു യോജിക്കാതിരിക്കുമ്പോഴും തന്നെ അങ്ങേയറ്റം മാനിക്കപ്പെടേണ്ടതാണെന്നു ഞാൻ വിശ്വസിക്കുന്നുണ്ട്. അങ്ങു ഒരു തിരഞ്ഞെടുപ്പുപ്രചാരണത്തിനായി തിരുവനന്തപുരത്തു വരുന്നുണ്ടെന്നു പത്രങ്ങളിൽകണ്ടു. അതിഥിസൽക്കാരത്തിനു നോബൽ സമ്മാനം നേടിയിട്ടുള്ള ഈ മലനാട് അങ്ങേയ്ക്കു സഹർഷം സ്വാഗതം പറയാതിരിക്കയില്ല. അങ്ങയെക്കാണുവാൻ പതിനായിരക്കണക്കിനു ജനങ്ങൾ തിങ്ങിക്കൂടും. എഡ്മണ്ട് സ്റ്റോ പറഞ്ഞിട്ടില്ലേ ഇതു മനോഹരമായ ഒരു [illegible] രാഷ്ട്രീയപ്രവർത്തകന്റെ കണ്ണും ലോകത്തിനിടയ്ക്കും ആരെയും അലങ്കരിച്ചുകണ്ടിട്ടില്ലെന്നു്. അങ്ങയെക്കാണുവാനും സ്നേഹം നിറഞ്ഞ ആ മന്ദഹാസം കാണാനും ആരെന്നെയാണ് ആഗ്രഹിക്കാത്തതു്. പക്ഷേ അങ്ങയെക്കാണാൻ കൂട്ടുന്നവരെല്ലാം കോൺഗ്രസ്സിന്റെ അനുഭാവികളാണെന്നു അങ്ങയുടെ അനുചരസംഘത്തിൽ ഇവിടെയുള്ളവർ അങ്ങയോടു പറയുന്നതു അങ്ങു വിശ്വസിക്കരുതു്. അങ്ങയ്ക്കു ഏറ്റവും കൂടുതൽ അവമതി ഇന്നാട്ടിലുണ്ടാക്കിയവരാണ് ഇന്നു അങ്ങയോടൊപ്പം ഈ രാജ്യത്തു സഞ്ചരിക്കുന്നതു്. അങ്ങയുടെ കോൺഗ്രസ്സിന്റെ ശവഘോഷി അവർ തോണ്ടിക്കഴിഞ്ഞിരിക്കുന്നു. മരിച്ചുപോയ മനുഷ്യനു ആയുസ്സു നൽകാനുള്ള ശക്തി അങ്ങേയ്ക്കുണ്ടെങ്കിൽ കോൺഗ്രസ്സിനെ പുനരുജ്ജീവിപ്പിക്കാൻ അങ്ങേയ്ക്കു കഴിയും. കോൺഗ്രസ്സിനെ എതിർക്കുന്ന ഒരു സംഘത്തോടു ചേർന്നു നിൽക്കുന്ന ഞാൻ സാധാരണ പ്രചരണ വിധങ്ങളിലൊന്നായി ഇങ്ങനെ പറയുന്നതാണെന്നു അങ്ങു തെറ്റിദ്ധരിക്കരുതു് ഞങ്ങളും കോൺഗ്രസ്സിനെ എതിർത്തിരുന്നു, ശക്തിയായിത്തന്നെ എതിർത്തിരുന്നു. പക്ഷേ ഞങ്ങളുടെ എതിർപ്പുകൊണ്ടു കോൺഗ്രസ്സ് അവഹേളിക്കപ്പെടേണ്ട ഒരു സംഘടനയായിരുന്നില്ല. കോൺഗ്രസ്സിന്റെ രാഷ്ട്രീയപ്രവർത്തനത്തോടു യോജിക്കാത്ത ഒരു വിപ്ലവസംഘത്തെ സൃഷ്ടിക്കാൻ ഞങ്ങൾക്കു കഴിഞ്ഞു അതുകൊണ്ടു കോൺഗ്രസ്സ് ലജ്ജിച്ചു തലതാഴ്ത്തേണ്ട കാര്യമുണ്ടായിരുന്നില്ല. കോൺഗ്രസ്സുകാരനു തലകനിച്ചില്ലാതെ ഇവിടെ നടക്കാൻ നിവൃത്തിയില്ലാത്ത പരിതസ്ഥിതിവിശേഷം സൃഷ്ടിച്ചതു പ്രതിപക്ഷങ്ങളല്ല കോൺഗ്രസ്സുകാർതന്നെയാണ് കോൺഗ്രസ്സിനെതിരായ ഏറ്റവും ശക്തമായ പ്രവർത്തനം നടത്തിയതു്. സ്വന്തം വ്യക്തിത്വത്തിൽ മാലിന്യം കലർത്തുകയെന്നാഗ്രഹമുള്ളവരാരും ഇന്നു കോൺഗ്രസ്സിന്റെ അണികളിലേയ്ക്കു വരാൻ ധൈര്യപ്പെടുന്നില്ല. കോൺഗ്രസ്സിന്റെ ഉത്ഭവകാലംമുതൽ ഇന്നുവരെ കോൺഗ്രസ്സിന്റെ നെടുംതൂണുകളായി അറിയപ്പെട്ടിരുന്നവർ പലരും ഇന്നു കോൺഗ്രസ്സിനകത്തില്ല. അങ്ങു ഇതിന്റെ കാരണമൊന്നന്വേഷിച്ചിട്ടുണ്ടോ? അങ്ങയോടു ചെവിക്കടിച്ചു കുശലം പറയാൻ കൂട്ടുന്നവരോടാരോടും അങ്ങു അന്വേഷണം നടത്തിയിട്ടുകൊണ്ടു പ്രയോജനമില്ല. പഴയ കോൺഗ്രസ്സുകാർ പൂത്തു പോയിട്ടില്ലെങ്കിൽ അകത്തുകടക്കാൻ ഒരിക്കലും അവസരം കിട്ടാത്തവരാണ് ഇന്നു അങ്ങയ്ക്കു സമീപം കോൺഗ്രസ്സുകാരായി നിലകൊള്ളുന്നവരിൽ ഭൂരിഭാഗവും, പഴയ കോൺഗ്രസ്സുകാർ പോയതു ഒരു ശാപത്തേക്കാളും അനുഗ്രഹമായി കരുതുന്നവരാണവർ.

ഒരു സംഘടനയിൽനിന്നു ഏതാനുംപേർ പിരിഞ്ഞുപോയതുകൊണ്ടു ആ സംഘടനയുടെ കാര്യം അപകടത്തിലാകണമെന്നില്ല. ചിലപ്പോൾ അതു സംഘടനയുടെ ശക്തിക്കുതന്നെ വഴിതെളിച്ചെന്നുംവരാം. സംഘടന എന്നൊരു വ്യക്തിക്കതീതമായി നിലനിൽക്കുന്നുണ്ടെങ്കിൽ മാത്രമേ ഈ വാദത്തിനു പ്രസക്തിയുള്ളൂ. കോൺഗ്രസ്സ് എന്നൊരു സംഘ

ടെന ഈ രാജ്യത്തു പ്രവർത്തനം നടത്തുന്നതെന്തിനു വേണ്ടിയാണ്? ഇവിടെ ഒരു കോൺഗ്രസ്സ് ഗവണ്മെൻറിനെ പ്രതിഷ്ഠിക്കുകയാണ് അവരുടെ ലക്ഷ്യമെന്നു പറയുന്നതിൽ അവർക്കു യാതൊരു മടിയുമുണ്ടായിരുന്നില്ല. കോൺഗ്രസ്സ് ഇന്നു അധികാരസ്ഥാനത്തുനിന്നു പുറത്തായതിൽ കോൺഗ്രസുകാരായി നിൽക്കുന്ന പലരും ഉദ്ദിഷ്ടകാര്യത്തിനുവേണ്ടി പുതിയ അധികാരശക്തിയുടെ മുന്നിൽ പഞ്ചപുച്ഛമടക്കി നിലകൊള്ളുന്നവരാണ്. ഒരു സംഘടനയെന്ന നിലയിൽ കോൺഗ്രസ്സിനുണ്ടായിരുന്ന സ്വാധീനം ഏറ്റവും വ്യക്തിപരമായിരുന്നു. സംശയാതീതമായ സ്വഭാവശുദ്ധിയുള്ളവർ ഒരു കാലത്തു ഈ രാജ്യത്തു കോൺഗ്രസ്സിനെ നയിച്ചിരുന്നു, ആ നായകന്മാർ ഈ രാജ്യത്തെ കൊറിക്കൊട്ടുകയില്ലെന്നു ജനങ്ങൾ വിശ്വസിച്ചു. ജനങ്ങൾ അവരുടെ പിന്നിൽ അണിനിരന്നു. പക്ഷേ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ കോൺഗ്രസ്സിന്റെ ഉള്ളടക്കം അധികാരം കയ്യിൽകിട്ടിയതോടെ മാറിത്തുടങ്ങി. ഈ മാറ്റം ജനങ്ങൾ പൂർണ്ണമായി മനസ്സിലാക്കിയെടുക്കാൻ കാലതാമസം നേരിട്ടു. പ്രതിപക്ഷങ്ങൾ എത്രതന്നെ പ്രചരണം നടത്തിയിട്ടും കോൺഗ്രസ്സിന്റെ വിശ്വരൂപം ജനങ്ങൾക്കു വ്യക്തമായി കാണിച്ചുകൊടുക്കാൻ കഴിഞ്ഞില്ല. അപ്പോഴാണു കോൺഗ്രസ്സിനകത്തെ വ്രണം പൊട്ടി കഴുകിത്തുടങ്ങിയതു്. മഹാത്മാഗാന്ധിയുടെ പേരിലും സ്വാതന്ത്ര്യസമരത്തിന്റെ പേരിലും കോൺഗ്രസ്സിനു പിന്തുണ നേടാൻ വരുന്ന അങ്ങയുടെ ഓർമ്മയിലാണോ ആ മഹാത്മാവിനെയും സ്വാതന്ത്ര്യസമരത്തെയും അങ്ങേയറ്റം അധിക്ഷേപിച്ചു ശത്രുപക്ഷത്തു കൂലിപ്പട്ടാളങ്ങളെപ്പോലെ കഴിഞ്ഞവരാണ് ഇന്നു കോൺഗ്രസ്സു നായകന്മാരായി പ്രത്യക്ഷപ്പെട്ടവരിൽ ഭൂരിപക്ഷമെന്നു്. അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർക്കെതിരായി നടപടിയെടുക്കുന്നതിൽ പ്രതിഷേധിച്ചു അങ്ങയുടെ പാർട്ടിക്കുകത്തുതന്നെ കൊട്ടുകാവുണ്ടാക്കിയവരാണ് ഇന്നു അങ്ങയുടെ കോൺഗ്രസ്സിന്റെ മന്ത്രിസ്ഥാനങ്ങളലങ്കരിക്കുന്നതെന്നു അങ്ങറിയുന്നുണ്ടോ? മക്കൾക്കും മരുമക്കൾക്കും ബന്ധുജനങ്ങൾക്കും ഉദ്യോഗങ്ങളും കോൺട്രാക്ടുകളും നൽകുന്നതിനായി നിയമങ്ങളെത്തന്നെ വളച്ചൊടിച്ചവരാണ് ഇന്നും ഭരിക്കുന്നതെന്നു അങ്ങറിയുന്നുണ്ടോ? ഒരു പക്ഷെ അങ്ങു പറയുമായിരിക്കാം ഇതെല്ലാം പെരും പെണ്ണുങ്ങളുടെ നുണപറച്ചിലുകളാണെന്നു്. അങ്ങു ആത്മാർത്ഥമായിരിക്കാം അങ്ങനെ പറയുന്നതും. പക്ഷെ ഈ മണ്ണിൽ പിറന്ന ഇവിടത്തെ കാറ്റും മഴയുമേറ്റു ഇവിടത്തെ ജനങ്ങളുടെയിടയിൽ വളർന്നവരിൽ നെല്ലേതു പതിരേതെന്നു കണ്ടുപിടിക്കാൻ അങ്ങയേക്കാൾ കൂടുതലാളി ഞങ്ങൾക്കറിഞ്ഞുകൂടെ? ഇവരുടെ കയ്യിലും പിന്നിൽ ചരിത്രമുണ്ടു് പണ്ഡിതജി. ഈ നാട്ടിലെങ്ങും നാടോടിപ്പാട്ടായിക്കഴിഞ്ഞിട്ടുള്ള ആ കഥകളാവർത്തിച്ചു പറഞ്ഞു ഞാൻ അങ്ങയുടെ സമയം കളയുന്നില്ല. സ്വാർത്ഥശുദ്ധിപൊയ്ക്കാര്യ ജീവിതത്തിൽ ഒരു പോരായ്മയായി നിന്നിരുന്ന ഒരു കാലമാണിതു്. മോഷ്ടിക്കാനും കൊള്ളയടിക്കാനുമുള്ള കഴിവു ഇന്നു ഭരണതന്ത്രജ്ഞതയും ബുദ്ധിശക്തിയുമായി വ്യാഖ്യാനിക്കപ്പെടുന്നു. മോഷ്ടിക്കാനറിഞ്ഞുകൂടാത്തവൻ മന്ത്രിസഭയിൽ കയറിയാൽ അവൻ വിസ്മൃതനായിപ്പോകുന്നു സഹതപിക്കാനല്ലാതെ അഭിനന്ദിക്കാൻ അവർക്കു ഒരു ഭാഗത്തു നിന്നും ആരാധകരെ കിട്ടാറില്ല. സത്യസന്ധത കഴിവില്ലായ്മയായാണ് ഇന്നു വ്യാഖ്യാനിക്കപ്പെടുന്നതു്. പഴയജീവിതത്തിൽ ഇതിലേറെ ദുഷിച്ച ഒരു കാലം വരാനുണ്ടോ? അങ്ങയുടെ കോൺഗ്രസ്സാണ് ഈ നാടു ഈ നിലയിൽ കൊണ്ടിട്ടതു്. ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരായി ആദ്യമായി ഭാരതത്തിൽ പടവാളുയർത്തിയ വേലുത്തമ്പിക്കു ജന്മമരുളിയ ഈ നാടു ഇന്നു ജയന്തൻ ശങ്കരന്മാരെക്കൊണ്ടു നിറഞ്ഞിരിക്കയാണ്. അധികാരത്തിലിരിക്കുന്നവരും അവർക്കു തുണ നൽകിയാൽ വന്നു വീഴുന്ന എല്ലിൻകഷണങ്ങൾക്കുവേണ്ടി നില്ക്കുന്നവരുമല്ലാതെ ഈ നാട്ടിലുണ്ടല്ലോ ചില കോൺഗ്രസുകാർ. അവരോടു ചോദിച്ചു ഞാൻ നുണ പറയുകയാണോ എന്നു്. കോൺഗ്രസ്സിനെപ്പറ്റി ഇങ്ങനെ പറയുന്നതിൽ എനിക്കു പ്രത്യേകമായ ആനന്ദമൊന്നുമില്ല. ഒരു വിദ്യാർത്ഥിയായിരുന്നകാലത്തു രാഷ്ട്രീയരംഗത്തു ഞാൻ ആദ്യം കണ്ട ആശാകിരണമാണ് തിരുവിതാകൂർ. ആ കൊടിയുടെ തണലിൽനിന്നു പോരാടിയ അനേകായിരത്തിലൊരുവനാണു ഞാനും. ആ പതാകയുടെ മാനം നാട്ടിന്റെ മാനമായി ഞാനും കരുതിയിരുന്ന ഈ ആ പതാക ആരുടെ കൈകളിലാണു നാം കാണുന്നതു് അങ്ങു പറയാറില്ലേ കോൺഗ്രസുകാർ ജനങ്ങളുടെയിടയിലേക്കിറങ്ങണമെന്നു്. കോൺഗ്രസു ജനങ്ങളുടെ ഇടയിലേക്കിറങ്ങി. അങ്ങറിയുന്നുണ്ടോ ജനങ്ങളിൽ ആരെയൊക്കെയാണു അവർക്കു ലഭിച്ചതെന്നു്? അങ്ങു പ്രചരണംനടത്താൻ വരുന്ന കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിലിസ്റ്റൊന്നു അങ്ങൊന്നു പരിശോധിക്കുമോ? അവരുടെ ഭൂതകാലചരിത്രം അതു കർശനമായി നോക്കേണ്ട. സമീപകാലചരിത്രമെങ്കിലും അങ്ങയ്ക്കൊന്നു പരിശോധിക്കാമോ? ഒരു സമൂഹവിരുദ്ധസേവാസംഘത്തിനു ഇവരെക്കാൾ പറ്റിയ ഒരു പ്രവർത്തക സമിതിയെ തിരഞ്ഞെടുക്കാൻ കഴിയുമോ? ഇവരുടെ കൈകളിലാണോ ഈ നാട്ടിന്റെ ഭരണമേല്പിക്കണമെന്നു അങ്ങു പറയുന്നതു്. ഈ രാജ്യം വഴിയാധാരമാക്കുന്നതിൽ അങ്ങേക്കിത്രവലിയ വിനോദം തോന്നാൻ കാരണമെന്താണു്? ഈ നാട്ടിലെ സാമൂഹ്യവിരുദ്ധശക്തികളെയെല്ലാം കൂട്ടിയിണക്കി അവർക്കു മഹാത്മാഗാന്ധിയുടെ പാവനനാമം ഉപയോഗിക്കാൻ അനുമതി നൽകിയപ്പോൾ അങ്ങയുടെ മനഃസാക്ഷി അന്തർദ്ധാനം ചെയ്തിരുന്നോ? അതോ ഇതു തന്നെയാണോ ഇൻഡ്യയിൽ പൊതുവേയുള്ള കോൺഗ്രസ്സിന്റെ ചിത്രം. ഒരു കോൺഗ്രസുകാരനാണ് അങ്ങെന്നുള്ള കാര്യം ഒരുനിമിഷം വിസ്മരിച്ചുകൊണ്ടു അങ്ങൊന്നാലോചിച്ചുനോക്കൂ. ഈ നാട്ടിലെ ജനതയ്ക്കു ഒരു പാരമ്പര്യമുണ്ടു്. ജനങ്ങൾക്കെതിരായിനിന്നിട്ടുള്ള മർദ്ദനശക്തികളെ ചോരയും ജീവനും നൽകി പരാജയപ്പെടുത്തി പലായനം ചെയ്യിച്ച പാരമ്പര്യമെങ്കിലുമില്ലേ? ആ ജനതയുടെ മീതെയാണോ അങ്ങു ഈ സാമൂഹ്യവിരുദ്ധശക്തിയെ പ്രതിഷ്ഠിക്കാമെന്നു കരുതുന്നതു്? ഇതൊരു രാഷ്ട്രീയപ്രശ്നം മാത്രമാണോ? ഇതിൽ ഒരു കാതലായ സാമൂഹ്യപ്രശ്നമുടനീളം അന്തർലീനമായിട്ടില്ലേ? ഭ്രൂണഹത്യനടത്തി നാടുവിട്ടോടിയവരില്ലേ കോൺഗ്രസു സ്ഥാനാർത്ഥികളുടെ കൂട്ടത്തിൽ? എല്ലാ കുറ്റങ്ങൾക്കും മാപ്പുകൊടുക്കുന്ന സഹിഷ്ണുതാവാതിലിന്റെ താക്കോലാണോ കോൺഗ്രസു സ്ഥാനാർത്ഥിത്വം? അങ്ങയ്ക്കു ലജ്ജ തോന്നുന്നില്ലേ ഇവർക്കുവേണ്ടി പ്രചരണം നടത്തുവാൻ. അങ്ങയ്ക്കു മനുഷ്യത്വത്തെയും ജീവിതത്തെയും മാനിക്കാനറിഞ്ഞുകൂടെ? അങ്ങറിയുന്നുണ്ടോ ഈ കോൺഗ്രസുസ്ഥാനാർത്ഥികളുടെ വിജയത്തിനു അവർ തിരഞ്ഞുപിടിച്ചെടുത്ത ഉപകരണം? കോൺഗ്രസ്സിനുവേണ്ടി എവിടൊക്കെയാണു വോട്ടുപിടിത്തം നടക്കുന്നതെന്നു അങ്ങയ്ക്കറിയാമോ? ഇന്നു ഈ രാജ്യത്തെ ഏറ്റവും വലിയ കോൺഗ്രസുകാർ കത്തോലിക്കാപാതിരിമാരാണ്. അവർക്കു ദൈവത്തിന്റെയും സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയുംകാര്യംനോക്കാൻ തീരെ സമയം കിട്ടുന്നില്ല. കോൺഗ്രസുകാരനല്ലാത്ത കത്തോലിക്കൻ മരിച്ചുകഴിഞ്ഞാൻപോലും പകുതിരാത്ത കൂട്ടരാണ് ഈ പുരോഹിതർ എന്നങ്ങേക്കറിയാമോ? പിതാവേ ഇവർചെയ്യുന്നതെന്താണെന്നു ഇവർ അറിയുന്നില്ല. ഇവർക്കു മാപ്പുകൊടുക്കേണമേ എന്നു പ്രാർത്ഥിച്ചുകൊണ്ടു തലയിൽ ആണിതറച്ചപ്പോൾപോലും മനുഷ്യത്വത്തിന്റെയും സ്നേഹത്തിന്റെയും നിത്യാന്തമായ സന്ദേശം മുഴങ്ങിയ കാൽവരിയിലെ ആത്മബലിയുടെ പേരിലാണ് ഇവരും സംസാരിക്കുന്നതു് ടാഡ്യായിപ്പഞ്ഞപേലെ അവർക്കുശിതനായ യേശുവിന്റെ കൊലമരത്തിന്റെ ചിഹ്നത്തെ ചുമ്പിക്കുമ്പോൾ അവർ കാണിച്ചു വരുന്ന അന്യായങ്ങളെ ചെറുത്തുരക്ഷസാക്ഷിയായ ഒരു പടത്തവനെയാണു സ്മരിക്കുന്നതെന്നു സാധാരണഗതിയിൽ ഓർമ്മിക്കാറില്ലെന്നുള്ളതല്ലേ നേരു്: ഈ രാജ്യത്തിന്റെ പുരോഗതിയുടെ വഴിത്താരയിൽ ക്രിസ്ത്യാനിയുടെ കാല്പാടുകൾ മറ്റെല്ലാ ജനസമുദായങ്ങളുടേതുംപോലെ മായാതെ പതിഞ്ഞു കിടപ്പുണ്ടെങ്കിലും പള്ളിമതം അവരെ ഭ്രൂണഹത്യക്കാരുടെ രക്ഷാകവചമാക്കാൻ ഇവിടെ സാഹസപ്പെട്ടുകയാണ്. അങ്ങു പറയാറില്ലേ മിഷണറിമാർ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടാൻ പാടില്ലെന്നു്? ഇവിടെന്താണു നടക്കുന്നതു്? പള്ളിയിൽ കൂട്ടമണിയടിച്ചുവരിശേഷാൽ പ്രാർത്ഥനനടത്തി ആത്മാവിന്റെ പേരിൽ ആപത്തിന്റെ പുണ്ടപലകനാട്ടി ആട്ടിൻപറ്റത്തെപ്പോലെ മനുഷ്യരെ അണിനിരത്തി കോൺഗ്രസ്സിന്റെ ശക്തി വർദ്ധിപ്പിക്കുകയല്ലേ പിതാവിടെ നടക്കുന്നതു്? പള്ളികളുടെ ഈ കയ്യാംകളിക്കു കൂട്ടുനിന്നു അങ്ങീ രാജ്യത്തെ ഏതുറേബ്യൻ സമുദ്രത്തിൽ താഴ്ത്താനാണു പദ്ധതിയിട്ടിരുന്നതു്? മിഷണറിരാഷ്ട്രീയത്തിൽനിന്നു ഈ നാടിനു ഒരു കാലത്തും മോചനമുണ്ടാ

പത്രാധിപരോട് സംസാരിക്കുക

ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻ ശ്രമിക്കുന്നു. നിങ്ങൾക്കു ഇഷ്ടമുള്ള കാര്യം ചോദ്യരൂപത്തിൽ പത്രാധിപക്കു എഴുതുക. കവറിനു മുകളിൽ "ചോദ്യം" എന്നു കാണിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ ചോദ്യത്തിനു അമ്പതു രൂപാ സമ്മാനം ലഭിക്കും. പത്രാധിപർ]

ഏ. ബാലകൃഷ്ണപിള്ള, കരമന.

ആന്ധ്രായിലെ പ്രകാശത്തെ പിന്തുടരുന്ന കെ. പി. യെ പട്ടവും പിന്തുടരുകയില്ലെന്നു എന്താണു നിശ്ചയം? പത്രാധിപരുടെ അഭിപ്രായമെന്താണ്?

ശ്രീ. പട്ടത്തിന്റെ രാഷ്ട്രീയജീവിതം മുന്നോട്ടുള്ള ഒരു യാത്രയാണ്. അദ്ദേഹം ഇതുവരെ പിറകോട്ടു പോയിട്ടില്ല. ഇനി പോകയില്ലെന്നുള്ളതിനു തെളിവു ശ്രീ. പട്ടവും അദ്ദേഹത്തിന്റെ ഭൂതകാലചരിത്രവും മാത്രമാണ്. അതല്ല മറിച്ചാണു സംഭവിക്കുന്നതെങ്കിൽ ആന്ധ്രായെപ്പോലെ ജനകീയപ്രസ്ഥാനം അദ്ദേഹത്തെ കൂടാതെ മുന്നോട്ടു പോകും.

ഏ. പി. നാരായണൻ, കോഴിക്കോട്.

താങ്കളുടെ ചെറുകഥകൾ വായിക്കുന്നോറും മനഃശാസ്ത്രപടുവായ ഒരു കാമുകൻ താങ്കളിൽ ജീവിക്കുന്നുണ്ടെന്നു ഞാൻ കരുതുന്നു. ശരിയാണോ പത്രാധിപരെ?

എന്റെ അപഗ്രഥനങ്ങളെ ഭയക്കുന്നവരും ഭാര്യമാരും ഭിന്നകരുതെന്നാണോ അങ്ങയുദ്ദേശിക്കുന്നതു? ഞങ്ങൾക്കു അങ്ങയെ സ്നേഹമാണ്. അങ്ങയെ ഇന്നും ഞങ്ങൾ ബഹുമാനിക്കുന്നുണ്ട്. പ്രധാനമന്ത്രിയുടെ കൗദ്യോഗികാനുകൂല്യങ്ങളോടെ ഒരു രാഷ്ട്രീയപാർട്ടിയുടെ പ്രചരണത്തിനു വന്ന പൊതുനിരത്തുകളിലെ സഞ്ചാരംതന്നെ അസാധ്യമാക്കി അങ്ങു രാഷ്ട്രീയപ്രചരണം നടത്തുന്നതിലും ഞങ്ങൾക്കു പരാതിയില്ല. പക്ഷേ അങ്ങു നടത്തുന്നതു രാഷ്ട്രീയപ്രചരണമല്ല. രാഷ്ട്രീയക്കാരന്റെ പേരിൽ ഈ രാജ്യം പങ്കിട്ടെടുക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന ഒരു ക്രൂരായ്മക്കവർച്ച സംഘത്തിന്റെ സുന്ദരമായ ലേബലായാണ് അങ്ങു ഈ നാട്ടിൽ വരുന്നതു. കഴിഞ്ഞതിരഞ്ഞെടുപ്പു കാലത്തും അങ്ങു ഇവിടെ വന്നിരുന്നു. ഞങ്ങൾ അങ്ങയ്ക്കു സഹർഷം സ്വാഗതം പറഞ്ഞു. അങ്ങേയ്ക്കു ഈ രാജ്യത്തു കാൺഗ്രസ്സിനു ശ്രീപക്ഷം നേടാൻ കഴിഞ്ഞില്ല. അന്നു കാൺഗ്രസ്സ് ദുഷിച്ചതായിരുന്നെങ്കിൽ ഇന്നു ആ ദുഷ്ടപ്പൊട്ടി ദുർഗ്ഗന്ധം വമിക്കുന്ന ചലമൊലിക്കുകയാണ്. അങ്ങയ്ക്കോ ലോകത്താർക്കെങ്കിലുമേ ഇവരെ രക്ഷിക്കാൻ കഴിയുമെന്നു തോന്നുന്നില്ല. ഇതു ഒരു രാഷ്ട്രീയപാർട്ടിയുടെത്തന്നെ ജീവിതത്തിന്റെ എല്ലാ തുറകളെയും ബാധിക്കുന്ന ബഹുമുഖമായ ഒരു സമൂഹപ്രശ്നമാണ്. ഈ നാട്ടിലെ ജനതയുടെ സംസ്കാരവും പ്രബുദ്ധതയുമാണ് ഇന്നു ഒരു അഗ്നിപരീക്ഷ തരണം ചെയ്യുന്നതു. അങ്ങയ്ക്കു ഇങ്ങനെയൊരു ദുസ്ഥിതി വന്നതിൽ ആത്മാർത്ഥമായ ഖേദമുണ്ട്. ചിലസന്ദർഭങ്ങളിൽ ചിലരെ മിത്രങ്ങളിൽ നിന്നും രക്ഷിക്കേണ്ടതുമതലന്നേഹിക്കുന്നവർക്കു വന്നുകൂടാവുന്നതാണ്. അങ്ങയെ കാൺഗ്രസ്സിൽനിന്നു വിമുക്തനാക്കി രക്ഷപ്പെടുത്താൻ ഭാരതമൊട്ടാകെ നടക്കാൻ പോകുന്ന ഒരു സമരത്തിന്റെ നാന്ദിയാണ് അങ്ങു തിരുവനന്തപുരത്തുകൊച്ചിയിൽ ഇന്നു കാണുന്നതു. ഇതു കണ്ടു അങ്ങു ദുഃഖിക്കേണ്ട കാര്യമില്ല. കാൺഗ്രസ്സും മാത്രമാണ് പരാജയപ്പെടുന്നതെന്നും ഈ രാജ്യവും ഇവിടത്തെ ജനതയും വിജയിക്കുകയാണെന്നുമുള്ള വിശ്വാസത്തിൽ അങ്ങു മടങ്ങുക. അങ്ങയെ ഇന്നു വലയം ചെയ്തു നിൽക്കുന്ന മിത്രവൃന്ദത്തിന്റെ ശത്രുതയിൽ നിന്നു എന്നെന്നേക്കുമായി വിമുക്തനാക്കി ഒരു നല്ല ഭാരതം കാണിക്കാനുള്ള മഹായജ്ഞത്തിലേപ്പെട്ടിരിക്കുന്ന ഇളംതലമുറയ്ക്കുവേണ്ടി അവർക്കു ഈ മഹായജ്ഞത്തിനു ഒരു കാലത്തു പ്രചോദനം നൽകിയ ആചാര്യനെന്ന നിലയിൽ ഹൃദയത്തിന്റെ അഗാധഗർത്തങ്ങളിലെങ്കിലും അങ്ങു അനുഗ്രഹാശിസ്സുകൾ സൂക്ഷിക്കുക. അങ്ങയ്ക്കു സ്വാഗതം

സ്നേഹപൂർവം

*കെ. ബാലകൃഷ്ണൻ

തിരുവനന്തപുരം, 28-1-54

വി. പൊന്നപ്പൻപിള്ള, പുനലൂർ.

തിരുവനന്തപുരം മേയർ തിരഞ്ഞെടുപ്പിൽ താങ്കളെക്കാൾ ഭൂരിപക്ഷമുള്ള പി എസ് പി. ക്കു അനുകൂലമായി വോട്ടു ചെയ്യാതിരുന്നതു ഒരു കാൺഗ്രസ്സ് സ്വതന്ത്രന്റെ വിജയത്തിനുവേണ്ടിയായിരുന്നതിനെക്കുറിച്ചു പത്രാധിപർക്കു ക്ഷീപ്തപ്പെടുന്ന ആർ. എസ്. പി. ക്കു എന്തു സമാധാനമാണു പറയാനുള്ളതു?

നിങ്ങൾ ചോദിച്ചതു നന്നായി. ഇങ്ങനെയൊരു പ്രചരണം നടക്കുന്നതായി ഞാനും അറിഞ്ഞു. പി. എസ്. പി സ്ഥാനാർത്ഥിയായിനിന്ന കൽസരിച്ച സ. സി എസ്. നീലകണ്ഠൻനായർക്കു ഇക്കാര്യത്തിൽ നിങ്ങൾക്കുണ്ടായ സംശയമില്ല. ആർ. എസ്. പി. ക്കാർക്കു മൂന്നു വോട്ടുകളാണുള്ളതു. ആ മൂന്നു വോട്ടുകളെയും സംബന്ധിച്ചിടത്തോളം തനിക്കു യാതൊരു സംശയവുമില്ലെന്നും മൂന്നും തനിക്കു കിട്ടിയിയിട്ടുണ്ടെന്നും സി. എസ്. തന്നെ ആർ. എസ്. പി. കൗൺസിലർമാരോടു തിരഞ്ഞെടുപ്പുകഴിഞ്ഞപ്പോൾതന്നെ പറയുകയുണ്ടായി.

ആർ. ഗോപാലകൃഷ്ണൻ കൊല്ലം.

അടുത്തനിയമസഭയിലെ പ്രതിപക്ഷനേതാവു ശങ്കറോ പനമ്പിള്ളിയോ?

പ്രതിപക്ഷനേതാവാകണമെങ്കിൽ നിയമസഭാ സാമാജികനാകണ്ടേ? കുറച്ചുകൂടി കഴിഞ്ഞു ഈ ചോദ്യം ചോദിക്കാനിടവരുമെന്നു തോന്നുന്നില്ല.

പി. കെ. കൃഷ്ണൻനായർ, എം. ജി. കോളജ്.

താങ്കൾക്കു പരിപൂർണ്ണമായ വിജയം ലഭിക്കുമെ

ന്നുള്ള പ്രതീക്ഷയോടുകൂടിയാണോ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്?.

ജയിക്കാനുള്ള സാദ്ധ്യതയുണ്ട്. പരിശ്രമം തീരെ കുറയ്ക്കുന്നുമില്ല. ജയിക്കുന്നോ തോൽക്കുന്നോ എന്നുള്ളതു ഞാൻ ഒരു വലിയ പ്രശ്നമായി കരുതിയിട്ടില്ല. ശ്രമിക്കാഞ്ഞു തോറ്റുപോയെന്നു ആരും പറയാനിടവരരുതെന്നേ ആഗ്രഹമുള്ളൂ. ഇപ്പോഴത്തെ നിലകണ്ടിട്ടു തോല്പിക്കാൻ വളരെ വിഷമമാണെന്നാണ് തോന്നുന്നതു്.

എസ്. വി. കൃഷ്ണൻ തമ്പാനൂർ.

നാകം ഒരു ചെക്കെഴുതിതന്നാൽ ഇരുപതാണെന്നു ഒരു സുഹൃത്തു പറയുന്നു. എന്നാ എഴുതിക്കൊടുത്തു തിരഞ്ഞെടുപ്പിനു പണമുണ്ടാക്കിക്കൂടെ?

അതു സുഹൃത്തിനെ ഉടനെ കൂട്ടിക്കൊണ്ടുവരൂ. ചെക്കെഴുതുന്നതുകൊണ്ടു പക്ഷേ തീർന്നാൽ മതി. എത്ര രൂപയ്ക്കു വേണമെങ്കിലും എഴുതി കൊടുക്കാമെന്നു പറയൂ.

എൻ. വെങ്കിട്ടസ്വാമി, കോട്ടയം.

ഏതുതരം ഭർത്തൃമാരാണു് സുഖകരമായ വിവാഹജീവിതത്തിനു സഹായികളാകുന്നതു്?

ഭർത്താക്കന്മാരെ മനസ്സിലാക്കാൻ കഴിയുന്ന ഭാര്യമാർ. ഭർത്താവിന്റെ ചിന്താഗതി മനസ്സിലാക്കാനും സാമൂഹ്യജീവിതത്തിൽ ഭർത്താവിന്റെ സങ്കല്പങ്ങൾക്കനുസരണമായി ഉയരാനും കഴിയാത്ത ഭാര്യമാർ ഗാർഹികജീവിത പുഷ്പത്തിൽനിന്നു മണമെടുത്തുകളയുന്നവരാണു്.

എൻ. വി. കുരുക്കൾ കോട്ടയം.

ദീർഘം ജീവിതത്തിലെപ്പോഴെങ്കിലും ചിന്താകുലനായിട്ടുണ്ടോ?

പലപ്പോഴും. ചിന്ത ഹൃദയത്തെ സ്പർശിക്കുമ്പോൾ അതു ശരീരത്തേയും ബാധിക്കാറുണ്ടു്. മനസ്സിൽ നിന്നു ഉല്ലാസം അകലുന്തോറും ജീവിതത്തിന്റെ നീളം കുറഞ്ഞുകുറഞ്ഞു വരുന്നതായി എനിക്കനുഭവപ്പെടാറുണ്ടു്. ഭാരംകുടിയ മനസ്സും ഒരു നരരോഗിയാണു്.

എൻ. ശ്രീധരൻനായർ, വട്ടിയൂർക്കാവു്.

തിരഞ്ഞെടുപ്പിൽ വിജയിച്ചുകഴിഞ്ഞാൽ ഒരു എം. എൽ. എ. എന്ന നിലയിൽ നിങ്ങൾ രാഷ്ട്രവ്യാപകമായ ഒരു സഞ്ചാരപരിപാടിയുണ്ടാക്കുമോ?

ഞാൻ ചീകിൽസയ്ക്കുപോകാൻ തയ്യാറായിരിക്കുമ്പോഴാണു് തിരഞ്ഞെടുപ്പുവന്നതു്. തിരഞ്ഞെടുപ്പുകഴിഞ്ഞാലുടൻ ജയിച്ചോ തോറ്റോ എന്നറിയാൻതന്നെ കാത്തുനില്ക്കാതെ വിശ്രമത്തിനും ചീകിൽസക്കുമായി ഒരിടത്തിയിലേക്കു പോകണമെന്നാണു് എന്റെ പരിപാടി.

പി. സി. ജോസ്ഫ്രൂസ്, പാളയം.

നിങ്ങൾ എല്ലാ പ്രവർത്തകരും ഓഗങ്ങളിലും നിങ്ങൾ ജയിക്കുന്നോ തോല്ക്കുന്നോ എന്നുള്ളതു നിസ്സാരമായ ഒരു പ്രശ്നമേയല്ലെന്നു പറയുന്നതെന്താണു്?

ഞാൻ അങ്ങനെ ആത്മാർത്ഥമായി വിശ്വസിക്കുന്നതുകൊണ്ടു്. കുറുക്കുവിദ്യകളിലൂടെ ജയിക്കണമെന്നു എനിക്കാഗ്രഹമില്ല. ഈ

എനിക്കുള്ള കത്തുകൾ

എനിക്കുവരുന്ന വ്യക്തിപരമായ കത്തുകൾക്കു തിരഞ്ഞെടുപ്പു കഴിയുന്നതുവരെ എന്നിൽനിന്നു ഒരു മറുപടി അധികം പ്രതീക്ഷിക്കരുതെന്നപേക്ഷിക്കുന്നു. എല്ലാ കത്തുകളും പൊട്ടിച്ചു അത്യാവശ്യമായ കത്തുകൾക്കു മറുപടിയയക്കാൻ ആഫീസിൽ ഏർപ്പാടുചെയ്തിട്ടുണ്ടു്. പല നിയോജകമണ്ഡലങ്ങളിൽനിന്നും എന്നെ പ്രസംഗിക്കാൻ ക്ഷണിച്ചുകൊണ്ടുള്ള കത്തുകൾ വരുന്നുണ്ടു്. അത്തരം കത്തുകൾ ആർ. എസ്. പി. ഇലക്ഷൻ(കേന്ദ്ര)ആഫീസ്, കൊല്ലം എന്നമേൽവിലാസത്തിൽ പാർട്ടിസെക്രട്ടറി സി. ജി. ഗോപിനാഥൻനായർക്കു അയക്കേണ്ടതാണു്. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം മാത്രമേ ഞാൻ യോഗങ്ങളിൽ സംബന്ധിക്കാറുള്ളൂ. ഇക്കാര്യത്തിൽ എനിക്കു നേരിട്ടെഴുതിയതുകൊണ്ടു പ്രയോജനമില്ലെന്നു സുഹൃത്തുക്കൾ ദയവായി വിശ്വസിക്കണം. ഒരു കെട്ടുപാടുമില്ലാതെ നിന്നകാലത്തു ഒരു നയത്തിനുവേണ്ടിയും വിധേയനാകാതെ ഞാൻ പ്രവർത്തിച്ചിരുന്നു. കെട്ടുപാടുകളിൽ പെട്ടുകഴിഞ്ഞാൽ ഉത്തരവാദിത്വവും അച്ചടക്കവും പാലിക്കുന്നകാര്യത്തിൽ ഞാൻ അതുരേയും പിന്നിലാകാൻ ആഗ്രഹിക്കുന്നില്ല. എനിക്കുവന്ന എല്ലാ കത്തുകൾക്കും ഇതു ക്ഷമാപണത്തോടെ എഴുതുന്ന ഒരു മറുപടിയായി സുഹൃത്തുക്കൾ പരിഗണിക്കണമെന്നു അപേക്ഷിക്കുന്നു.

സ്വന്തം കെ ബാലകൃഷ്ണൻ

ന്ന സമരത്തിൽ ജയിക്കുന്നോ തോല്ക്കുന്നോ എന്നുള്ളതല്ല നേരേ പൊരുതിയോ ഇല്ലയോ എന്നുള്ളതാണു് പ്രശ്നം.

എസ്. കെ. ഭാസ്കരൻനായർ, പാൽക്കുളങ്ങര.

ജനങ്ങളം നന്നായാലേ രാജ്യം നന്നാകൂ എന്നു മൊറാർജി പറഞ്ഞതു ശരിയല്ലേ?

ജനങ്ങൾ എങ്ങനെ നന്നാകണം? ഒറ്റയ്ക്കൊറ്റയ്ക്കു നന്നാകണോ കൂട്ടത്തോടെ നന്നാകണോ? മനുഷ്യൻ പരിതസ്ഥിതിക്ക

(ശേഷം 10-ാംപേജിൽ)

കുമുദി ആഴ്ചപ്പതിപ്പു്

നല്ല മലയാളം

★

ഡോ: എസ്. കെ. നായർ

"അത്യാവശ്യത്തിനു് ധാരാളം മറുഭാഷകളിൽ നിന്നു് കടമെടുത്തു കൊള്ളൂ. പക്ഷേ, നാം നമ്മുടെ ഭാഷയുടെ ഊട്ടും മൂട്ടും മറക്കരുതു്; തന്മ മറക്കരുതു്.....മലയാളഭാഷയിൽ ഇന്നുള്ള മിക്കപുസ്തകങ്ങളും സ്വന്തമെയ്യുംനിങ്ങളെടുത്തു് ആറിക്കുക്കി നോക്കിൻ! അപ്പോൾ കാണാം നമ്മുടെ: എഴുത്തുകാർ എത്രകണ്ടു് വായാടികളെന്നു്"

ഈ അടുത്ത കാലംവരെ തിരുവിതാംകൂറിൽ മലയാളം മിഡിൽസ്കൂളുകളും ഹൈസ്കൂളുകളും നിലവിലുണ്ടായിരുന്നു. പ്രാഥമികവിദ്യാഭ്യാസം നാലാംക്ലാസുവരെ. പിന്നെ മലയാളം സ്കൂളിലാണെങ്കിൽ അഞ്ചു്, ആറു്, ഏഴു് എന്നു മൂന്നു ക്ലാസുകളും. ഏഴാംക്ലാസ്സിൽ വഷാന്തപരീക്ഷ നടത്തുന്നതു് സർക്കാരാണു്. അതു ജയിച്ചാൽ 'സ്കൂൾ ലീവിംഗ് സർട്ടിഫിക്കേറ്റ്' കിട്ടും. പ്രാഥമിക പാഠശാലകളിൽ അദ്ധ്യാപകനാകാനുള്ള 'ലൈസൻസാ'ണതു്. ഉയർന്ന പഠിക്കണമെങ്കിൽ 8-ാംക്ലാസിൽ ചേരാം. 9-ാം ക്ലാസിലും സർക്കാരാണു് പരീക്ഷ നടത്തുന്നതു്. മുഖ്യപരീക്ഷയെന്നും ഹയർ പരീക്ഷയെന്നും അതിനു് പേരുണ്ടായിരുന്നു. മുഖ്യപരീക്ഷ ജയിച്ചുകഴിഞ്ഞാൽ മലയാളസാഹിത്യത്തിലും ഭാഷയിലും ഇന്നത്തെ വിദ്വാനോ മലയാളം എം. ഏ. ക്കാരനോ ഉള്ള പാണ്ഡിത്യം ഉണ്ടായിരിക്കും. എന്നുവച്ചാൽ ഒരു പതിനഞ്ചു വയസ്സാകുമ്പോഴേയ്ക്കും മുഖ്യ പരീക്ഷാവിജയിയാകുന്ന ഒരാൾ ഭാഷാസാഹിത്യങ്ങളിൽ പണ്ഡിതനായിത്തീരുമെന്നു സാരം. ഈ ക്ലാസ്സുകളിൽ പഠിക്കാനും പഠിപ്പിക്കാനുമുള്ള അവസരം ഇന്നലേ ഉണ്ടായിട്ടുണ്ടു്. ലേഖകന്റെ പാണ്ഡിത്യത്തിനു തെളിവുതരാനല്ലാ ഇക്കാര്യം പറഞ്ഞതു്. പിന്നെന്തിനാണെന്നല്ലേ?

ഒരു കഥ പറയാം. കഥയാണേ; കാര്യമുള്ളകഥ. ഏഴാംക്ലാസ്സു ജയിച്ച ഒരു പയ്യനോടു് അവന്റെ അടുത്ത വീട്ടിൽച്ചെന്നു് ഒരു കോഴിയെ വിലയ്ക്കുവാങ്ങിക്കൊണ്ടുവരാൻ പറഞ്ഞു. ആ പയ്യൻ വളരെ നല്ലവനായിരുന്നു; അതുവരെ ഒരു തരത്തിലും ഒരു ചീത്തപ്പേരും ഉണ്ടാക്കിയിട്ടില്ല. സി. വി. യുടെ രാമരാജബഹദൂർ, രാമായണം സുന്ദരകാണ്ഡം തുടങ്ങി മലയാളസാഹിത്യത്തിലെ എണ്ണം പറഞ്ഞ കൃതികളും പഠിച്ചു് ഏഴാംക്ലാസ്സു് പാസ്സായെന്ന ഒരു പ്രത്യേകതമാത്രമേ അവനുണ്ടായിരുന്നുള്ളൂ. ആ പാവപ്പെട്ട പയ്യൻ, അമ്മ പറഞ്ഞതനുസരിച്ചു് അടുത്ത വീട്ടിൽചെന്നു. അവിടെ മുറ്റത്തു് രണ്ടു കോഴികളും കൊത്തിപ്പെറുക്കി നിൽക്കയായിരുന്നു. വീട്ടുകാരി കുറച്ചു പ്രായംചെന്നതായിരിക്കണം—ഇറയത്തിരുന്ന തവിടു കൊഴിക്കയാണു്. നമ്മുടെ കഥാനായകൻ മുറ്റത്തൊരറ്റത്തുനിന്നു് അല്പേഹത്തിന്റെ വലത്തേക്കൈ നീട്ടി അതുള്ളയോടു് ഇങ്ങനെ മൊഴിഞ്ഞു:—

"ഭോ! വന്ദ്യവയോധികേ! (തള്ള യുടെ കയ്യിൽനിന്നു് മുറം താഴെ വീണു) ഭവതിയുടെ അങ്കണങ്ങളിൽ ക്രീഡിക്കുന്ന ഈ കുക്കുടദ്വയം ഭവതിയുടേയോ, തള്ള കിലുകിലാന്നു വിറച്ചു തുടങ്ങി, അവർ മെല്ലെ എഴുന്നേറ്റു പയ്യനെ ഒന്നുകൂടി തുറിച്ചുനോക്കി അവൻ നിത്താതെ തുടർന്നു) അഥവാ പരസ്വമോ, ഭവതിയുടേതാണെങ്കിൽ കാരോന്നിന്റെയും പ്രത്യേകമൂല്യമെന്തെന്നും (ക്ഷമകെട്ട തള്ള പറമ്പിലേക്കു പോയിരുന്ന അവടെ മൂത്തമകനെ വിളിച്ചു)....."എടാ പാച്ചുവേ, എടാ ഒന്നിങ്ങു വന്നേടാ ഒ, അങ്ങേലെ കല്യാണിടെ പെരുക്കനെല്ലേ അതു്. അയ്യോടാ അവനു തീരെ പന്തിയല്ലന്നാ തോന്നുന്നതു്. എടാ പാച്ചു ഇങ്ങോട്ടു കൊടിവാടാ"....

ഈ കഥയുടെ അവസാനം കേൾക്കാൻ നിങ്ങൾക്കു കൗതുകമുണ്ടോ? ഇല്ലായിരിക്കാം. ഉണ്ടെങ്കിൽ എനിക്കിതാണു് പറയാനുള്ളതു്. ഈ കഥ ഇന്നും അവസാനിച്ചിട്ടില്ല. നമ്മുടെ കഥാനായകന്റെ നിഴലുകൾ ഇന്നും ഇക്കഥ അവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടു്, നാട്ടുനീളെ. ഇപ്പോഴും ഏഴാംക്ലാസ്സു് പരീക്ഷയും ഹയറുമില്ല. വിദ്വാനും ഏം. എ. യുമുണ്ടു്. ഇതൊന്നുമില്ലെങ്കിലും കേരളവർമ്മയുടെ അകംബറുണ്ടു്; സി. വി. യുടെ നോവലുകളുണ്ടു്. അതുപോലെ അവയെ അനുകരിച്ചെഴുതിയിട്ടുള്ള അനേകം കൃതികളുണ്ടു്. അതെല്ലാം വായിച്ചവരിൽ ചിലരാണു് നമ്മുടെ പയ്യന്റെ പിൻഗാമികളും. അവരെ പലയിടത്തുംവച്ചു ഞാൻ കണ്ടുമുട്ടി ഞെട്ടിപ്പോയിട്ടുണ്ടു്. പലരും തികഞ്ഞ പണ്ഡിതരെന്നോ ലേഖകരെന്നോ പ്രാസംഗികരെന്നോ പേരെടുത്തവരാണു്. ഇവരെ പലരേയും അടുത്തറിഞ്ഞു് ഇവരുടെ ഉള്ളുകളളി കാണാനുള്ള ഭാഗ്യവും ഉണ്ടായിട്ടുണ്ടു്.

ഭാഷയും സാഹിത്യവും തമ്മിൽ വകതിരിച്ചറിയുന്നവരും പറയുന്നവരും ഇക്കൂട്ടരാണു്. ഭാഷയെന്നാൽ കാര്യം പറഞ്ഞു മനസ്സിലാക്കാനുള്ള വഴി. സാഹിത്യമോ? അതു് കേട്ടാൽ ആരും ഒന്നു ഞാണ്ടാളിക്കണം നല്ല നല്ല കടുത്ത സംസ്കൃതപദങ്ങളും ഒരിണത്തിൽ തട്ടിവിടണം; ഭവനയിൽനിന്നു് സാഹിത്യം നാമ്പെടുക്കുന്നതങ്ങനെയാണു്.

മനസ്സിലായില്ലായിരിക്കാം. ഇതാ ഉദാഹരണം. "മഴ പെയ്തിട്ടു് ആ വഴിയെല്ലാം നാശമായി. നടക്കാൻ വയ്യാതായി." എന്നു പറഞ്ഞാൽ ഭാഷ. "നിരന്തരമായി വർഷിച്ചുകൊണ്ടിരിക്കുന്ന ഘോരമാരിയുടെ തീവ്രയാതനകളേറ്റു് രാജവീഥികളും ബഹുജനസഞ്ചാരത്തിനു് അനർഹങ്ങളായി പരിണമിച്ചിരിക്കുന്നു," എന്നു പറഞ്ഞാൽ: സാഹിത്യവും. ഇപ്പോഴും മനസ്സിലായോ ഭാഷയും സാഹിത്യവും തമ്മിലുള്ളവ്യത്യാസം?

അപ്പോൾ, കഷ്ടപ്പെട്ടു കുറെ സംസ്കൃതവാക്കുകൾ പറഞ്ഞാൽ സാഹിത്യമായെന്നോ? അതല്ലേ പറഞ്ഞുവച്ചതു്.

അതേ, അങ്ങനെയാണു് നമ്മളിൽ പലരും ഇക്കാലത്തുപോലും ധരിച്ചുവശായിരിക്കുന്നതു്. എഴുതുമ്പോഴും അവനവന്റെ നാവിൻതുമ്പത്തുള്ള ഉറച്ചുനിൽക്കുന്ന വാക്കുകളും പറഞ്ഞു് അതിലൂടെ വികാരങ്ങളും വിചാരങ്ങളും വെളിപ്പെടുത്താനല്ലാ നാം വെമ്പൽകൊള്ളുന്നതു്. പുസ്തകം വായിച്ചു് വായിച്ചു് അതിലച്ചടിച്ചു കാണുന്ന ഭാഷയാണു് സാക്ഷാൽ സാഹിത്യമെന്ന ഭ്രമിച്ചു, നാവിൻതുമ്പത്തുള്ള ഭാഷയെ അടിച്ചമർത്തി ബുദ്ധിയിൽ നിരത്തിവെച്ചിരിക്കുന്ന ഒരു കൃത്രിമഭാഷയെ പടിച്ചിഴച്ചു, പറയുന്നവനും കേൾക്കുന്നവനും മനസ്സിലാകാതെ പൂറംതള്ളുന്ന രീതിയാണു് പലരും കൈക്കൊണ്ടിരിക്കുന്നതു്.

ഒന്നു ശരി; നമുക്കു സംസ്കൃതവാക്കുകളും ക്ലാസ്സാകാതെ ഒന്നും ശരിക്കു പറയാൻ സാദ്ധ്യമല്ല. സംസ്കൃതമെന്നല്ലാ, മലയാളം പറയുമ്പോൾ എതുഭാഷയോ വിദേശീയ ഭാഷാപദങ്ങളും അതിൽ നാമറിയാതെ വലിഞ്ഞുകയറും. അതെല്ലാംഅരിച്ചു മാറ്റി പച്ച മലയാളം പറയാമെന്നു് ആരും വ്യാമോഹിക്കേണ്ട. പച്ചമലയാളമെന്നതു് വെറുമൊരു വാഗ്വിലാസമാണു്. അങ്ങനെയൊന്നില്ല. ഒരു ഭാഷയ്ക്കുമില്ലാ അതിനേറെതായ മാത്രം മൊഴിപ്പരപ്പു്. അതുമാത്രം ചാരിത്രവതിയെന്നു പറഞ്ഞു തെളിയുന്ന തമിഴിനും മറ്റു ഭാഷകളുടെ സഹായമില്ലാതെ ഇന്നൊരു കാര്യം പറഞ്ഞു മുഷിമിപ്പിക്കാൻ പ്രയാസമാണു്. ഇംഗ്ലീഷുകാരന്റെ കഥയെടുക്കുക. എത്രയെത്ര മൊഴികളെ കലർന്നാണു് അവർ വിശ്വോത്തരഭാഷാരൂപം കൊണ്ടതു്? അങ്ങനെ പലതിൽനിന്നും വായ്പവാങ്ങിയില്ലായിരുന്നെങ്കിൽ ഇംഗ്ലീഷിനു് ഇന്നത്തെ മേന്മ വരുമോ എന്നു സംശയിക്കണം. അതുകൊണ്ടു് മൊഴികടം കൊള്ളരുതെന്ന ശാഠ്യത്തിലേക്കല്ലാ ഞാൻ നിങ്ങളെ വലിച്ചിഴക്കുന്നതു്. വായ്പപ്പണ്ടങ്ങളും, കെട്ടുമ്പോൾ, അതു വായ്പയാണെന്ന ബോധം നിങ്ങളിലുണ്ടാകാതെ, നിങ്ങളതു മറ്റുള്ളവരിൽ ഉണ്ടാക്കാതെ, കൈകാര്യം ചെയ്യണം. അതിനെന്താ വഴി?

നിങ്ങളും നിങ്ങളെത്തന്നെ ഒന്നു മനസ്സിലാക്കുക; പഠിക്കുക. ഏതേതെല്ലാം അണിഞ്ഞാൽ, എങ്ങനെയെല്ലാം അണിഞ്ഞാൽ, ആണു് നിങ്ങളും നിങ്ങളായിത്തന്നെ ഇരിക്കുമാ

ഇൻഡ്യൻ ചിട്ടിഫണ്ട്

ക്ലിപ്തം, തിരുവനന്തപുരം—1.

12500 രൂപയുടെ

പ്രതിമാസലേലച്ചിട്ടി "ക്യാഷ്സെക്യൂരിറ്റിയിന്മേൽ"

പുതുതായി വിണ്ടും ഉടനെ ആരംഭിക്കുന്നു

(A)	75	രൂ. 40	മാസം	രൂ. 3000	(E)	17½	രൂ. 40 മാസം രൂ. 700x2
(B)	50	,,	,,	,, 2000	(F)	15	,, ,, ,, 600
(C)	37½	,,	,,	,, 1500	(G)	12½	,, ,, ,, 500x4
(D)	25	,,	,,	,, 1000x2			

തുടരെ ചിട്ടികളും തുടങ്ങുന്നു. ആവശ്യപ്പെട്ടാലുടനെ വയ്യോല അയച്ചുതരുന്നതാകുന്നു

കെ ഭാസ്കരൻപിള്ള

മാനേജിംഗ്ഡയറക്ടർ

USHA

ു വിളങ്ങുക. ഇതാണ് വായ്പ
ുണ്ടം കെട്ടുന്നവർ ആദ്യം മനസ്സി
ാക്കേണ്ടതു്. അപ്പോൾ നിങ്ങളെ
ു വായ്പകൊണ്ടവരായാലും മ
റാരാളായിത്തീരില്ല.

ഭാഷയെ സംബന്ധിച്ചും ഇതുത
ന്നയാണ് ഓർക്കേണ്ടതു്. ആവശ്യ
തിനു ധാരാളം മറ്റു ഭാഷകളിൽനി
ു കടമെടുത്തുകൊള്ളു. പക്ഷേ
ാം നമ്മുടെ ഭാഷയുടെ ഊടും, മൂടും
റക്കരുതു്; തന്മ മറക്കരുതു്. തന്മ
റക്കരുതെന്നു പറയുന്നതിനുമുമു അ
തെന്നറിയണം. മലയാളം ഏതു
ാതൃത്തിൽപെട്ട ഭാഷയാണ്? എ
ങ്ങനെ കൈകായ്യും ചെയ്താലാണ് അ
ിന്റെ മേന്മ തെളിയുന്നതു്? ഇതെ
ുംഅറിയണം. അറിയുന്നതെങ്ങ
നഎന്നൊരുചോദ്യമുണ്ടു്. പറയാം.
തിനു പ്രത്യേക ഗ്രന്ഥമില്ല, നമ്മു
ട നാട്ടും നാട്ടാരുമല്ലാതെ, നാട്ടിൻ
പുറങ്ങളിൽ തനി നാടന്മാർ വീ
ിൽ പറയുന്ന രീതിയെന്തെന്നു
ാക്കാൽ മലയാളിക്കറിയാൻ വി
ുമുണ്ടോ! അവർ ഏതു കാര്യവും
ൃത്രിമത്വമില്ലാതെ പറയുന്നതു കേ
പഠിക്കുക അതിൽനിന്നും ഭാഷ
ുടെ 'തന്മ' (Genius) എന്തെന്നു മ
ാസ്സിലാക്കുക. എന്നിട്ടു് ആ രീതി
ിടാതെ, പലതും പഠിച്ചു്. പല
ും പഠിപ്പിക്കാനുള്ള പണ്ഡിതനാ
ു നിങ്ങളും പറയുക. അതിനു ക
ഴിവുള്ളവനെയാണ് ഞാൻ നല്ല
മലയാളപണ്ഡിതനെന്നു വിളിക്കുക.

ഇതിനു് പ്രായോഗികമായ ഒരു
പദ്ധതി പറയാം. ഇംഗ്ലീഷിൽ
'Idioms' എന്നു കേട്ടിട്ടുണ്ടല്ലോ.
സ്വായത്തശൈലി എന്നാണല്ലോ
അതിനർത്ഥം. ഓരോ ഭാഷയ്ക്കുമുണ്ടു
സ്വായത്തശൈലി. അതു് ആ ഭാഷ
അകൃത്രിമമായി കൈകായ്യും ചെ
യ്യുന്ന നാട്ടാരുടെ നാവിൻ തുമ്പത്തു
പ്രവർത്തനം ചെയ്യുന്നുണ്ടു്. പഴമൊ
ഴികളും, പഴയ നാടൻ പാട്ടുകളും
ഉടങ്ങിയവ പഠിച്ചു് അതിന്റെ
രൂപം മനസ്സിലാക്കുക. നിങ്ങളുടെ
ദേശത്തു മാത്രം നിലവിലുള്ള ചില
ശൈലികളുണ്ടാകും. അവയെ വി
ടാതെ പിടിക്കുക. പഴമക്കാർ മൺ
മറയുന്നതിനു മുൻപു് ഇതു് നാം
സാധിക്കേണ്ടതാണു്. 'കായ്ച്ച
കിടക്കുമ്പോൾ കടംകൊള്ളരുതെ'ന്നു
കാരണവന്മാർ പറഞ്ഞു കേട്ടിട്ടില്ലേ?
നമ്മുടെ നാട്ടിൻ പുറങ്ങളിൽ നല്ല
നല്ല വായ്മൊഴികളും, ഏതാശ
യവും ഭംഗിയായിവെളിപ്പെടുത്താൻ
കിടക്കെ, അവയെ മറന്നു നാം എങ്ങു
നിന്നും കടംകൊള്ളരുതു്. ഇന്നത്തെ
ഓരോ എഴുത്തുകാരനും പ്രാസംഗി
കനും ശ്രദ്ധിക്കേണ്ട ഒരു കാര്യമാ
ണിതു് ഒരു അക്ഷരമുപയോഗിക്കേ
ണ്ടിടത്തു ഒരു വാക്കും, ഒരു വാക്കു
വേണ്ടിടത്തു ഒരു വാക്യവും, വാക്യം
വേണ്ടിടത്തു് ഖണ്ഡികയും എഴുതാ
തിരിക്കുക. അങ്ങനെ എഴുതുന്നവ
രാണ് ഇന്നത്തെ ഭൂരിപക്ഷംലേഖക
രുമെന്ന പരമാർത്ഥം ഉച്ചൈസ്വരം
ഉൽഘോഷിക്കുന്നതുകൊണ്ടു് ആരു
മാനം പരിഭവിക്കയില്ലെന്നു ഞാൻ
പൂർണ്ണമായി വിശ്വസിക്കുന്നതിൽ
അത്യുവലിയ അപാകതയൊന്നുമി
ല്ലാത്തതുകൊണ്ടാണ് ഇത്രയെല്ലാ
സവിസ്തരം ഈ വിഷയത്തെപ്പറ്റി
പ്രസ്താവിച്ചതെന്നു് ഞാൻ പറയാ
തെതന്നെ നിങ്ങൾക്കെല്ലാവർക്കും അ
റിയപ്പെടാറാകുമെന്നുള്ള തിനെപ്പ
റ്റി പക്ഷാന്തരത്തിനവകാശമി
ല്ലല്ലോ.


എന്താ, പക്ഷാന്തരത്തിനവകാശ
മുണ്ടോ? ഉണ്ടെങ്കിൽ മറ്റൊന്നും
ഉദാഹരണംചേർക്കേണ്ട, ഇതാ ഞാനി
പ്പോൾ ഏഴുതിയ ഈ നിർവ്വാ
ക്യം വായിക്കൂ. എന്നിട്ടു
അതിലെത്രമാത്രം 'അനാവ
ശ്യ'മുണ്ടെന്നു് സ്വയം നിശ്ചയി
ക്കുവിൻ. 'അങ്ങനെ എഴുതുന്നവരാ
ണ് ഭൂരിപക്ഷവും' എന്നൊരു വാ
ക്യമെഴുതിയാൽ മതിയായിരുന്നു.
നോക്കൂ. ആറിരിക്കുക്കിയെടുത്താൽ
അതിൽനിന്നെന്താണു കിട്ടുക?

മലയാളഭാഷയിൽ ഇന്നുള്ള മി
ക്ക പുസ്തകങ്ങളും സധൈര്യം നി
ങ്ങളെടുത്തു ആറിരിക്കുക്കി നോ
ക്കിൻ. അപ്പോൾകാണാം നമ്മുടെ
എഴുത്തുകാർ എത്രകണ്ടു് വായാടി
കളെന്നു്. ഈ 'വായാടിത്തര'മില്ലാ
തെ എഴുതുന്ന ഒന്നാംതരം ഗദ്യകർ
ത്തുക്കളും നമുക്കുണ്ടു്. അവരുടെ പേ
രുകളും ഞാൻ എടുത്തു പറയുന്നില്ല.
പറഞ്ഞാൽ അവരൊഴിച്ചു മറ്റുള്ള
വരെല്ലാം വായാടികളാണെന്നു്
ധ്വനിവരും. അങ്ങനെ മറ്റുള്ളവരു
ടെ അപ്രീതി നേടാൻ ഞാനൊരു
ക്കമില്ല.

ഒരേ ഒരുദാഹരണംമാത്രം പറ
യാം. ഇയ്യടുത്തകാലത്തുണ്ടായ ഒ
ന്നാംതരമൊരു ഗദ്യശൈലിയെ
ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ പെടു
ത്താം. പേർലംബക്കിന്റെ "The
Good Earth" മാതൃഭൂമി പ്രസി
ദ്ധീകരിച്ചിട്ടുണ്ടു്. അതിന്റെ പരി
ഭാഷകർ അഞ്ചു വർഷത്തോളം കി
ണഞ്ഞു മുനിഞ്ഞിട്ടാണു് ആ പരി
ഭാഷ. പുറത്താക്കിയതു്. ഒന്നാമതു്,
അതൊരു പരിഭാഷ. രണ്ടാമതു്
നമുക്കൊട്ടും പരിചയമില്ലാത്ത
ചൈനീസ്ഭാഷയുടെ നാടൻ ശൈ
ലി ഇംഗ്ലീഷിൽ വിജയപൂർവ്വം
ആവിഷ്ക്കരിച്ച ഒരു വിശ്വോത്തര
ഗ്രന്ഥകർത്രിയുടെ മൂലഗ്രന്ഥം. പരി
ഭാഷകർ എത്രകണ്ടു് കഷ്ടപ്പെട്ടി
രിക്കണം. കൗതുകപൂർവ്വം ഞാനാ
പരിഭാഷ വായിച്ചുനോക്കി. വായി
ച്ചുപ്പോകാം പഠിക്കണമെന്നു തോന്നി;
കഥയല്ലാ; അതിന്റെ അന്തരീക്ഷ
വുമല്ലാ. ആ തർജ്ജിമയിൽ കണ്ട
ഭാഷാശൈലി. 'നല്ലഭൂമി' വായി
ക്കാൻ ഭാഗ്യംകിട്ടിയിട്ടില്ലാത്ത വാ
യനക്കാരുടെ മുമ്പിൽ, ആ
പുസ്തകത്തിലെ ഒരു ഭാഗം മാതൃക
യായി ഉദ്ധരിക്കട്ടെ. (പ്രത്യേകം
കുണ്ടുവെച്ച വാചകമല്ലാ; മുക്കാ
തൊരു ഭാഗം എടുത്തു ചേർക്കുന്ന
താണു്)—

"കുട്ടി പിറന്നതിന്റെ പിറ്റേ
ദിവസം കാലാൻ പതിവുപോലെ
തന്നെ എഴുന്നേറ്റു വീട്ടിലുള്ളവർക്കു്
ഭക്ഷണമുണ്ടാക്കിക്കൊടുത്തു. പക്ഷേ
അന്നു് വാങ്ലുങ്ങിന്റെകൂടെ കൊ
യ്ത്തുപാടത്തെയ്ക്കു പോയില്ല. അതു
കാരണം അയാൾ തനിയേ ഉച്ച
തലമറിയുന്നതുവരെ പണിയെടുത്തു.
പിന്നീടു് തന്റെ നിലച്ച അങ്കി
എടുത്തിട്ടു് പട്ടണത്തിലേയ്ക്കു പോ
യി. ചന്തയിൽ ചെന്നു് അമ്പതു
മുട്ടവാങ്ങി. അവ പൂതലല്ലെങ്കിലും
തരക്കേടില്ലായിരുന്നു. ഓരോന്നി

(ശേഷം 10-ാംപേജിൽ)



ഇൻഡ്യക്ക് ഒരു പുതിയ ഭരണ വ്യവസ്ഥയുണ്ടാകാനുള്ള ഈറനോ വിന്റെ മദ്ധ്യമായിരുന്നു അതു്. ന്യൂനപക്ഷപ്രശ്നം, ഏഴെട്ടുകോടി പിന്നാക്കസമുദായ പ്രശ്നം മുതലായവ പ്രസവക്കാരിയായ തള്ളയ്ക്കുമാത്രമല്ല, പതിച്ചിക്കും പോലും സന്നിപിടിപ്പിച്ചിരുന്നു. പെരുന്നപിള്ള ചാപിള്ള ആയിപ്പോകരുതെന്ന ഉൽഘണ്ഠയും പ്രാർത്ഥനയും ദൃശ്യമായിരുന്നു എല്ലായിടത്തും. പക്ഷേ, അത്മാർത്ഥത എത്ര ഉണ്ടായിരുന്നോ എന്തോ? അങ്ങേയറ്റം യാഥാസ്ഥിതികനും, വൈദികഹിന്ദുവും, സനാതനിയുമായിരുന്ന പണ്ഡിതമാളവ്യയുടെ മനോഭാവത്തിനുപോലും വലിയ മാറ്റംസംഭവിച്ചു. രാഷ്ട്രീയകാര്യങ്ങളിൽ അദ്ദേഹം വലിയ പുരുഷക്കാരനും മത-സമുദായകാര്യങ്ങളിൽ വെറും പഴഞ്ചനും ആയിരുന്നെങ്കിൽ, ഇൻഡ്യയിലേയും അക്കൂട്ടത്തിൽ തിരുവിതാംകൂറിലേയും സ്വാതന്ത്ര്യമനോഭാവം അതിന്റെ തനിപ്പകർപ്പുതന്നെയായിരുന്നു. എനിക്കു വലിയ ഈർഷ്യയും തലവേദനയും ഉണ്ടാക്കിക്കൊണ്ടിരുന്ന ഒരു കാര്യമായിരുന്നു അതു്. അതിടക്കാണു് മാളവ്യജിയും, ആലിസഹോദരന്മാരിൽ 'വലിയ ചേട്ടൻ" (Big brother) എന്നു ഇൻഡ്യയെമുഴുക്കു് അറിയപ്പെട്ടിരുന്ന ഷൗക്കത്തലിയും ചേർന്നു് മുസ്ലീംപ്രാതിനിധ്യത്തിനു് ഒരു പുതിയ ഫോർമുലയുണ്ടാക്കിയതു്. ഈ ആലിസഹോദരന്മാർ ഇൻഡ്യയിലെ അവിസ്മരണീയന്മാരായ രണ്ടു വ്യക്തികളാണു്. ഈ ഷൗക്കത്തലി ലോകപ്രസിദ്ധനായ ഒരു ക്രിക്കറ്റുകളിക്കാരനായിരുന്നു. അദ്ദേഹം ഇൻഡ്യയിലെ സർവ്വസൈന്യാധിപനായിരുന്ന സായിപ്പിന്റെ ഇംഗ്ലണ്ടിലെ സതീർത്ഥ്യനും ആയിരുന്നു. മഹമ്മദാലി ഒരു വലിയ വാഗ്മിയും ഇംഗ്ലീഷ്സാഹിത്യത്തിൽ നിഷ്ണാതനും ആയിരുന്നു. ഇംഗ്ലണ്ടിൽ നടന്ന വട്ടമേശസമ്മേളനത്തിൽ അദ്ദേഹം ചെയ്ത പ്രസംഗങ്ങളും ആ പാണ്ഡിത്യത്തിനു മകുടോദാഹരണമായി ശേഷിക്കുന്നു. ഖിലാഫത്തു പ്രക്ഷോഭണം ഒരു "അഖിലാപത്തു്" പ്രക്ഷോഭണമാക്കി ബ്രിട്ടീഷ്ഗവൺമെന്റിനെ കുഴയ്ക്കുവാൻ ഈ സഹോദരന്മാർക്കും അവർക്കു ആത്മാർത്ഥമായ പിൻതുണ നൽകിയ ഗാന്ധിജിക്കും ക്രെടി കുഴിഞ്ഞു. അയിത്തോച്ചാടനത്തിനും ക്ഷേത്രപ്രവേശന വാദത്തിനും കാൺഗ്രസ്സിനെ കൊണ്ടു് ഉറച്ച ഒരു നിലയെടുപ്പിക്കുന്നതിനും, റവ. കെ. മാധവന്റെ ഹസ്തങ്ങൾക്കു് ശക്തിക്രൂട്ടിക്കൊടുക്കുന്നതിനും സഹായിച്ച കോകനദാ കാൺഗ്രസ്സിൽ അദ്ധ്യക്ഷതവഹിച്ചതുമഹമ്മദാലി ആയിരുന്നു എന്ന കൃതജ്ഞത ഈഴവർക്കു് എന്നും ഉണ്ടായിരിക്കുകതന്നെ ചെയ്യും. ഈ ആലിസഹോദരന്മാർ രണ്ടുപേരും വ്യഡോരസ്ക്കന്മാരും പുഷ്ടഭസ്ക്കന്മാരും ആയിരുന്നു. അവരുടെ മാതാവായ ബീഗം അന്നു് ഇൻഡ്യയിലെ ഏറ്റവും മാനിക്കപ്പെട്ട മാതാവും ആയിരുന്നു. ജിന്നാ സാഹേബ്വിനേക്കാൾ അന്നു് ഉന്നതന്മാരായിരുന്ന ഇൻഡ്യൻ രാഷ്ട്രീയ ചക്രവാളത്തിൽ ഈ ആലിസഹോദരന്മാർ ജിന്നാ കാൺഗ്രസ്സുമായി പിണങ്ങി ഇംഗ്ലണ്ടിൽപോയി താമസമായിരുന്ന അക്കാലങ്ങളിൽ എന്നാണു് എന്റെ ഓർമ്മ. മാളവ്യജിയും ഷൗക്കത്തലിയും പരിണമിപ്പിച്ചഫോർമുല ലക്നോവിൽവച്ചു നടന്ന മുസ്ലീംകാൺഫറൻസ്സു് സർവ്വസമ്മതമായി പാസ്സാക്കിയെങ്കിലും അതിനെതിരായി ഒരു പ്രതിഷേധശബ്ദം ഉയർന്നു. അതു് മഹാകവി ഇക്ബാലിന്റേതായിരുന്നു. മസ്ലീങ്ങളിൽ അധ്യകൃതരും രാഷ്ട്രീയകാര്യങ്ങളെ സംബന്ധിച്ചു് ഇൻഡ്യയിൽ അന്നു തുല്യദുഃഖിതരുമായിരുന്ന അവരുടെ വാദഗതിയുടെ ന്യായത എന്റെ ചിന്താഗതിയെ വല്ലാതെ ഉലച്ചുകൊണ്ടിരുന്നു.

ഈഴവരാഷ്ട്രീയസഭയുടെ സെക്രട്ടറിമാരായിരുന്ന ഞാനും കെ. ശങ്കരനും എന്നു് പറഞ്ഞിട്ടുണ്ടല്ലോ. സി. വി. യുടെ അദ്ധ്യക്ഷതയിൽ കൂടിയ ഈഴവരാഷ്ട്രീയസഭയിൽ ഞാൻചെയ്ത സ്വാഗതപ്രസംഗം എന്റെ അന്നത്തെ "ചിന്താക്കുഴപ്പ"ത്തിന്റെ ഒരു പ്രതിബിംബം ആയിരുന്നു എന്തുചെയ്യണ്ടു എങ്ങോട്ടു പോകേണ്ടു എന്നു് ഞാൻ വല്ലാതെ വിഷമിച്ചുകൊണ്ടിരുന്നു. ആയോഗം പാസ്സാക്കിയ നിശ്ചയം ഒരു നല്ല മാറ്റനിർണ്ണയമാണെന്നു എനിക്കു് നൽകി. യോഗനിശ്ചയങ്ങളും അച്ചടിപ്പിച്ചു് ഗവൺമെന്റിലേക്കും മറ്റു സ്ഥാനങ്ങളിലേക്കും അയക്കുന്നതിനും നിശ്ചയിച്ചിരുന്നു. പക്ഷേ അച്ചടിച്ചുവന്നപ്പോൾ അതിൽ എന്റെ പേരില്ല മിസ്റ്റർ ശങ്കരന്റെ പേരുമാത്രമെ കണ്ടുള്ളൂ. അതു് എന്നെ വല്ലാതെ ക്ഷോഭിപ്പിച്ചു. സി. വി.ക്കു് അന്നു ശങ്കരനെ വലിയ കാര്യമായിരുന്നു കൊല്ലത്തു ഞങ്ങൾചില ചെറുപ്പക്കാരുണ്ടാക്കിലുമാത്രമുണ്ടായിരുന്നതിൽ സി. വി. ശങ്കരനെറനേക്കു് ഇങ്ങനെ ഒരു പ്രത്യേക മമത കാണിക്കുകയും ശങ്കരനുമായി കാര്യങ്ങളും ആലോചിക്കുകയും ചെയ്തു വന്നതിൽ അസൂയയല്ല ഒരു പരിഭവം എനിക്കുണ്ടായിരുന്നുവെന്നതു് സത്യമാണു്. ഉദ്യോഗത്തിൽ കയറുന്നതിനുള്ള ചരടുവലികളും ശങ്കരൻ അതു വഴിക്കു് ചെയ്യുന്നുണ്ടെന്നുള്ള ഒരു സംശയം എനിക്കു ഉണ്ടാകാതിരുന്നില്ല. അതു് സ്വാർത്ഥത്യാഗങ്ങളുടെ പേരിൽ നിലകൊണ്ടു ചെയ്യുന്നതു് എന്റെ മനസാക്ഷിക്കു് നിരക്കാത്ത സംഗതി ആയിരുന്നു. അതിനാൽ അച്ചടിയിൽ ശങ്കരന്റെ പേരുമാത്രം വന്നതിനെപ്പറ്റി ഞാൻ മുഖത്താവിൽ ചോദിച്ചപ്പോഴേക്കും അദ്ദേഹത്തോടു് സംസാരിക്കയുണ്ടായി.

ശങ്കരൻ നല്ല ഉദ്യോഗം എന്തെങ്കിലും കിട്ടുന്നതിനുള്ള കെതിയുടെ പുറപ്പാടിലാണെന്നു് ഏറെക്കുറച്ചു് എനിക്കു തോന്നിയിരുന്നു. അതിനോടെ എന്റെ പരിചയവും തീർന്നു.

അയിടയ്ക്കു് ഈ. വി. കൃഷ്ണപിള്ളയുടെ മകൻ ചീച്ചമ്മന്റെ പിള്ളയുണ്ണി അടിയന്തിരം വന്നു. അതിലേയ്ക്കു് ഞങ്ങൾ പത്തുനാല്പതുപേരെ ക്ഷണിച്ചിരുന്നു. ഞാനും മിസ്റ്റർ, കെ. സി. കുഞ്ഞുരാമനും ഒഴികെ ബാക്കി എല്ലാവരും നായന്മാരായിരുന്നു. പൂരപ്പള്ളി, കോട്ടൂർ, കെ. ജി. പരമേശ്വരൻപിള്ള, വൈയ്ക്കം മുതലായ നായർ പ്രമാണികളെല്ലാം സന്നിഹിതരായിട്ടുണ്ടു് സ്വാഭാവികമായും ഊണിനുശേഷം ഉണ്ടായ സുഹൃത്സംഭാഷണങ്ങളിൽ ആസന്നമായ ഭരണപരിഷ്ക്കാരവും വന്നുകയറി. ഈഴവരാഷ്ട്രീയസഭയേയും മറ്റു പ്രക്ഷോഭണത്തെ പരാമർശിച്ചു. അതിനിടയ്ക്കു് ഗവൺമെന്റു് ഒരു കമ്മീഷനെ പ്രസിദ്ധപ്പെടുത്തിയിരുന്നു. പ്രത്യേക നിയോജകമണ്ഡലങ്ങളും സാദ്ധ്യമല്ലെന്നും ഈഴവർക്കു പൊതുനിയോജക മണ്ഡലങ്ങളിൽ സ്ഥാനാർത്ഥികളെ നിറുത്താനുള്ള അവകാശം മാത്രമേ ലഭിക്കുകയുള്ളൂ എന്നും ആ കമ്മീഷൻ റിപ്പോർട്ടിൽ നോമിനേഷൻ മൂലമോ മറ്റു പ്രകാരത്തിലോ നാലുസ്ഥാനം നൽകുമെന്നും, മുസ്ലീങ്ങൾക്കും അഞ്ചു സ്ഥാനം നൽകുമെന്നും പ്രായപൂർത്തിവോട്ടവകാശം സാർവ്വത്രികമല്ലെന്നും അതിനാൽ ഈഴവരുടെ നില വിശദീകരിച്ചും ഈഴവർ ചങ്ങനാശ്ശേരി, രാമൻതമ്പി പറയുന്നു മേനോൻ മുതലായ നായർ പ്രമുഖന്മാരുടെ വാശിയേറിയ തിരഞ്ഞെടുപ്പുകളിൽ എട്ടുത്തനിലയും മാറും കാമ്മിപ്പിച്ചുകൊ

(6-ാംപേജിൽ നിന്നും തുടർച്ച)

ടെ സൃഷ്ടിയല്ലേ? ഗുരുപാട്ടുകളല്ലേ അവനെ നന്നാക്കുന്നതും നശിപ്പിക്കുന്നതും? നല്ലവനായ പണ്ഡിതജനത്തെ കാൺഗ്രസു നേതാവായതുകൊണ്ടല്ലേ ഇന്നു ഏല്ലാ സാമൂഹ്യ വിരുദ്ധശക്തികൾക്കുംവേണ്ടി പ്രചരണം നടത്തേണ്ടിവരുന്നതു്. സമൂഹപരമായി നന്നാകാനുള്ള പ്രവർത്തനം എല്ലാ രംഗങ്ങളെക്കാളും ഉഷാറായി നടക്കേണ്ടതു രാഷ്ട്രീയ രംഗത്താണു്. ജനങ്ങൾ കൂട്ടത്തോടെ തള്ളിക്കയറുന്നതു കാൺഗ്രസ്സിനെ ആപത്താണെന്നു മൊറാർജിക്കറിയാം. അതുകൊണ്ടാണു് ഇപ്പോൾ സന്യാസത്തിനുള്ള ആഹ്വാനം നടത്തുന്നതു്.

സി. പങ്കജാക്ഷൻ, പടി—കൊല്ലം.

പത്രാധിപർ ഞാനായിരുന്നെങ്കിൽ തങ്കം എന്നോടു ചോദിക്കുന്ന ആദ്യത്തെ ചോദ്യം എന്തായിരിക്കുമായിരുന്നു?

ഈ പംക്തിയില്ലായിരുന്നെങ്കിൽ നിങ്ങൾ എന്തു ചെയ്യുമായിരുന്നു?

പി. സി. നാണുക്കുട്ടൻ, കോട്ടയം.

തിരഞ്ഞെടുപ്പുകഴിയുന്നതുവരെ ഇനി ഈ പംക്തി പതിവായുണ്ടാകയില്ലെന്നു കരുതാമല്ലോ?

തിരഞ്ഞെടുപ്പുബഹളത്തിന്റെ മദ്ധ്യത്തിരുന്നുകൊണ്ടാണു ഞാൻ ഈ മറുപടികളെഴുതുന്നതു്. നല്ല ഉറക്കവും നല്ല ക്ഷീണവുമുണ്ടു്. മറുപടികൾ വിരസമായിപ്പോകുന്നതു ക്ഷമിക്കാൻ നിങ്ങൾ തയ്യാറാണെങ്കിൽ തിരഞ്ഞെടുപ്പുകാലത്തും ഈ പംക്തി മുടങ്ങിപ്പോകാതെ ഞാൻ സൂക്ഷിക്കാം.

എൻ. നാരായണക്കുറുപ്പു്, എറണാകുളം.

നിങ്ങൾക്കെതിരായി മൽസരിക്കുന്ന സി. ആർ. ദാസു് ഒരു സന്യാസിയാണോ?

എന്റെ കൂടെ പഠിച്ച ഒരു നല്ല സുഹൃത്താണു്. അദ്ദേഹത്തിനു സന്യാസവുമായി യാതൊരു ബന്ധവുമില്ല. രാഷ്ട്രീയവുമായി ബന്ധമുണ്ടെന്നു ഈ തിരഞ്ഞെടുപ്പുകാലം വരുന്നതുവരെ എനിക്കറിഞ്ഞുകൂടായിരുന്നു.

ടി. കെ. ഷൺമുഖൻ, മരുത്തൂർകുളങ്ങര.

രാഷ്ട്രീയവിജ്ഞാനത്തെ സംബന്ധിച്ചിടത്തോളം സി. എൻ. രാമചന്ദ്രനു ശിഷ്യപ്പെടേണ്ട തങ്കം "രാഷ്ട്രീയശിശു" എന്നു സി. രാമചന്ദ്രനെപ്പറ്റി എഴുതിയതു തങ്കളുടെ അഹന്തയുടെ കൂടുതലല്ലേ?

രാമചന്ദ്രനു ഈ ചോദ്യം വളരെ രസിക്കുമെന്നുള്ളതുകൊണ്ടു ഇതു പ്രസിദ്ധീകരിക്കുന്നതാണു്. എന്റെ കഴിഞ്ഞ തവണത്തെ മറുപടിതന്നെ രാമചന്ദ്രനു തിരെ പിടിച്ചില്ല. അതുകൊണ്ടു ഇപ്പോൾ നിങ്ങൾ ചൊടിപ്പിക്കാൻ ശ്രമിച്ചാലും ഞാൻ ചൊടിക്കാൻ പോകുന്നില്ല.

എൻ. കെ. പിഷാരടി, കോട്ടയം.

ശ്രീ. സി. കേശവന്റെ മനസ്സിനെപ്പറ്റി തങ്കളുടെ അഭിപ്രായമെന്താണു്?

എനിക്കു് അദ്ദേഹത്തിന്റെ മനസ്സു രാഷ്ട്രീയത്തിലെ അത്യുത്തരങ്ങളിലൊന്നായാണു തോന്നുന്നതു്. പൊതുക്ഷേത്രജീവിതത്തിൽ അദ്ദേഹത്തെ ഇത്രയേറെ താല്പര്യമില്ലാത്തവനാക്കിയ സംഘടനയെന്ന നിലയിൽകൂടി കാൺഗ്രസ്സിനോടു എനിക്കു പകയുണ്ടു്. ലോകം ഒരു വലിയ വിനോദരംഗമായാണു് അദ്ദേഹം ഇപ്പോൾ കാണുന്നുള്ളതു്. വാർദ്ധക്യത്തിലെ രണ്ടാംബാല്യത്തിൽ കടന്നിരിക്കയല്ലേ എന്നുപോലും തോന്നാറുണ്ടു്.

താരാപഥം

	രൂ.	ണ
ഒറ്റപ്രതി ഏജന്റന്മാർമുഖേന	0	4
വാർഷികവരിസംഖ്യ	8	8
വാർഷികവരിസംഖ്യ (വിദേശത്തേക്കു്)	4	0

മാസത്തെ വരിസംഖ്യ മുൻകൂർ അയയ്ക്കേണ്ടതാണു്. മാനേജർ,

താരാപഥം

പേട്ട, തിരുവനന്തപുരം

സമ്മാനം

ഈ ആഴ്ചയിലെ സമ്മാനം സി. പങ്കജാക്ഷൻ പടി—കൊല്ലത്തിനു നൽകുന്നു.

(8-ാംപേജിൽനിന്നും തുടർച്ച)

ണ്ടു് വരാൻ പോകുന്ന തിരഞ്ഞെടുപ്പിൽ കരുനാഗപ്പള്ളി, പിറയിൻകീഴു്, അമ്പലപ്പുഴ, കൊല്ലം, ചേർത്തല മുതലായ താല്യൂക്കുകളിൽനിന്നു് ഓരോ സീറ്റുവീതമെങ്കിലും ഇഴവർക്കു കിട്ടത്തക്കവണ്ണം നായന്മാർ ഇഴവരെ സഹായിച്ചുകൂടെ എന്നു് ഞങ്ങൾ ചോദിച്ചു. ഞങ്ങളുടെ വാദം തെറ്റാണെന്നു പറയുവാൻ ആരും സന്നദ്ധമായില്ല. കൊല്ലത്തു് മൂന്നംസീറ്റുള്ളതിൽ ഒരു സീറ്റെങ്കിലും ഇഴവർക്കു് നല്കേണ്ടതാണെന്നു്, പണ്ടു് പാണ്ഡവന്മാരെപ്പോലെ ഞങ്ങൾ ഇരുനായർ പ്രമാണികളോടു് ഇരന്നു. ഞങ്ങളുടെ വാദം ന്യായമാണെങ്കിൽ ആ ന്യായം നടന്നു കാണുവാൻ നായർ പ്രമാണികൾതന്നെ ഒരു പ്രസ്താവന പുറപ്പെടുവിക്കണമെന്നും ഞങ്ങൾ പറഞ്ഞു. പെട്ടെന്നു് ഒരു മൂകത അവിടെ പരന്നു. കുറേനേരം ആരും അതിനെ ഭഞ്ജിച്ചില്ല. കോട്ടയത്തുണ്ടു് അപ്പോൾ ചോദിക്കുന്നു. താൻ പിന്നെ എവിടെപ്പോയിനിൽക്കണമെന്നു്. കൊല്ലത്തു നിയോജകമണ്ഡലങ്ങളിലൊന്നു് തനിക്കു് അടിപ്പോറാണെന്ന

(ശേഷം 38-ാംപേജിൽ)

——



★ നഗ്നചിത്രം ★

മധു

സൂര്യനസ്തമിക്കാൻ ഇനിയും മണിക്കൂറുകൾ ബാക്കിയുണ്ടായിരുന്നു. കപ്പൽ ബോംബെ കടൽത്തീരത്തിലെത്തി. കപ്പലിന്റെ വശങ്ങളിൽ അടുക്കിടിച്ചിരിക്കുന്ന ടയറുകളിൽ നിന്നും പെരുകണങ്ങളും മുകൾത്തട്ടിലേക്കയർന്ന പൊങ്ങി. ഒരു കൂട്ടം കടൽക്കാക്കകളും ഒരു തരം പരുപരുത്ത ശബ്ദം പുറപ്പെടുവിച്ചുകൊണ്ട്, ഇറങ്ങാനുള്ള വായുമായി കപ്പലിന്റെ മുകളിൽ വട്ടമിട്ടു പറന്നു. ജോലിക്കാർ ധൃതഗതിയിൽ അങ്ങോട്ടുമിങ്ങോട്ടും നീങ്ങിക്കൊണ്ടിരുന്നു.

ആയിരക്കണക്കിനു മൈലുകളും പിന്നിട്ട് അവസാനം ഞാൻ സ്വന്തം നാട്ടിലെത്തിച്ചേർന്നിരിക്കുകയാണ്. കപ്പലിന്റെ മുകൾത്തട്ടിൽ കയറി നിന്നും ഞാൻ കരയിലേക്കു കണ്ണോടിച്ചു. പ്രഭാതത്തിലെ നേർത്ത മൂടൽ മഞ്ഞു എന്റെ മുന്നിൽ ഒരു തിരശ്ശീല നിവർത്തിട്ടു. അവ്യക്തങ്ങളായ രൂപങ്ങളും എന്റെ മസ്തിഷ്കത്തിൽ നിന്നും ആ തിരശ്ശീലയിലേക്കു പകർന്നു.

"ഹെലൻ"

ലാറാറിൻ കപ്പാർട്ടറിലെ സുന്ദരിയായ വേശ്യ. അവളുടെ മാദകമായ രൂപം ആദ്യം അവ്യക്തമായും പിന്നിട്ടതികച്ചും വ്യക്തമായും എന്റെ കൺമുന്നിലുയർന്നു വന്നു. ലൂവ്രു മ്യൂസിയത്തിലെ സുന്ദരമായ വിനസ്സ് പ്രതിമയുടെ ആകാരത്തോട്ടു കൂടിയ അവളും പൂർണ്ണ നഗ്നയായി എന്റെ മുന്നിൽ നിൽക്കുന്നു. ശ്രീമതിയുടെ മാർദ്ദവത്തോടുകൂടി ഉരുണ്ടുന്തിയ ചുവന്ന മാർവിടം, നിണ്ടുരുണ്ട കാലുകളെ ഒഴുകിയിറങ്ങുന്ന കടിപ്രദേശവുമായി ഒട്ടിച്ചേർക്കുന്ന ഉയർന്ന നിതംബം. നിശ്ചലയായി അവളും എന്റെ സ്റ്റുഡിയോവിൽ ഒരു മോഡലായി നില്പ്പുണ്ട്. ക്യാൻവസിന്റെ മുകളിൽ എന്റെ തൂലിക, വിരാമമില്ലാതെ മന്നിക്കുകളായി തെന്നിയോടുന്നുണ്ടായിരുന്നു. അവളുടെ ഇടുങ്ങിയ അരയോടു ഒട്ടിച്ചേർന്ന ചുവപ്പു കലർന്ന വെളുത്ത തുണികളോടുകൂടിയ വയർ മന്ദഗതിയിൽ ഉയരുകയും താഴുകയും ചെയ്തിരുന്നു.

ഉയർന്നാഞ്ഞടിച്ച ഒരു തിരമാല നേരിയ മൂടൽമഞ്ഞിന്റെ തിരശ്ശീല കൂടുതൽ ഇരുണ്ടതാക്കി തീർത്തു. തിരമാലകളുടെ പരുപരുത്ത ശബ്ദത്തെ കീറിമുറിച്ചുകൊണ്ട്. ആഫ്രോഡൈറ്റിന്റെയും ആർപ്പുവിളികളുടേയും ശബ്ദങ്ങളും ഉയർന്നു പൊങ്ങി.

പാരിസിന്റെ ഹൃദയത്തിലൂടെ അങ്ങിനെ വളഞ്ഞുപുളഞ്ഞു ശാന്തമായി ഒഴുകുകയാണ് തണുത്ത "സെയിൻ". വരിവരിയായി ഇരുകരകളിലും നിൽക്കുന്ന അപ്പിമം വൃക്ഷങ്ങളുടെ താഴ്ന്നകുത്തിയ ശിഖരങ്ങളും സെയിനിന്റെ മാർവിടത്തെ ഇക്കിളിയാക്കിക്കൊണ്ടിരുന്നു. ചാഞ്ഞുതുങ്ങിയ ഇലച്ചില്ലകളുടെ നിലിച്ച നിഴലിൽ ഒരു കൊച്ചുകുഞ്ഞിന്റെ നിഷ്കളങ്കമായ ശാന്തത നിഴൽ വിരിച്ചിരുന്നു.

നേരം സന്ധ്യയോടടുത്തുതുടങ്ങിയതോടെ പാരീസ് തികച്ചും ഉണർന്നുകഴിഞ്ഞിരുന്നു. തൊട്ടതൊടാതെ ഒഴുകിപ്പോഞ്ഞിരുന്ന വാഹനങ്ങളുടെയും, ഉരസി ഉല്ലസിച്ചുപോകുന്ന ജനക്കൂട്ടങ്ങളുടെയും തിക്കും തിരക്കും വർദ്ധിച്ചു.

പ്രഭാതത്തിൽ ഞാൻ എന്നെന്നേക്കുമായി പാരീസിനോടു യാത്രപറയുകയാണ്. "പാണ്ട്സ്യൂയിഫിന്റെ" തെക്കെഅറ്റത്തുള്ള ഒരു കല്പടിക്കുമുകളിൽ ഞാൻ കയറി നിന്നു. വിദ്യുത്ദീപങ്ങളുടെ നിഴലുകളിൽ പുഞ്ചിരി തൂകിക്കൊണ്ടിരുന്ന സെയിനിന്റെ ഇരുകരകളിലും മദാലസരായ സ്ത്രീപുരുഷന്മാർ അത്തുല്ല സിച്ചാഹ്ളാദിച്ചിരുന്നു. നീലിച്ച സെയിനിന്റെ മാർവിടത്തിലൂടെ നോക്കിക്കൊണ്ട്. നിരാശതയും, ചിരാകന്മാരും അങ്ങിനെ കുനിക്കുടിയിരിക്കുകയാണ്; സൗന്ദര്യാരാധകന്മാരും, ചിത്രകാരന്മാരും നഗ്നമായ വെളുത്ത കാലുകളും സാവധാനത്തിൽ ഇഴച്ചുനിരക്കി സ്ത്രീകളും പണക്കാരായ പുരുഷന്മാരോടൊത്തു നൃത്തംവച്ചിരുന്നു. ഷാംപെയിൻ മദ്യചഷകങ്ങളംതമ്മിൽ കൂട്ടിമുട്ടുന്നുണ്ടായിരുന്നു. ചുവപ്പിച്ചുവിട്ടുന്ന ചുണ്ടുകളെ ഒപ്പിയെടുക്കുന്ന ചുംബനസീൽക്കാരങ്ങളും, ഉന്തിയ മാർവിടങ്ങളും തെരിച്ചുമുത്തിക്കൊണ്ടുള്ള നിഴ അശ്ലേഷങ്ങളും, എല്ലാം, എല്ലാ നിണ്ടരാത്രികളിലുമെന്നപോലെ സെയിനിന്റെ തീരത്തിൽ അരങ്ങേറിക്കൊണ്ടിരുന്നു. വർഷങ്ങളായി അതു ദിവസവും അവർത്തിക്കപ്പെടുകയാണ്. അങ്ങനെ വിർപ്പുമുട്ടുന്ന വേദനകളെ മറക്കാനും, മറയ്ക്കാനുമായി പാരിസ് തുള്ളിക്കുത്താടുകയാണ്.

മാദകമായ സുഗന്ധം വഹിച്ചുകൊണ്ട് ഒരു തണുത്ത കാറ്റ് നദിയിലെ കൊച്ചോളങ്ങളെ ഉരുമ്മിവന്നു എന്നെ തഴുകിപ്പോയി. അരുകിലായിതന്നെ വെട്ടിവളർത്തി നിർത്തിയിരുന്ന ഒരു കൂട്ടം കുറ്റിച്ചെടികളുടെ മറവിൽനിന്നും, രണ്ടു രൂപങ്ങളെഴുന്നേറ്റ് എന്റെ അരികിലൂടെ നടന്നു മറഞ്ഞു. ഒന്നൊരു സ്ത്രീയും മറേറതൊരു പുരുഷനും. തടിച്ചുവെളുത്ത ആ മനുഷ്യൻ അവ്യക്തമായി, ഒരശ്ലീല ഗാനശകലത്തിന്റെ ഈരടികളും മൂളിയിരുന്നു. അഴിഞ്ഞുലഞ്ഞ മാർവിടം ഉന്തി ഉയർത്തി വസ്ത്രങ്ങളും ശരിയാക്കിക്കൊണ്ടവളും അയാളെ തടഞ്ഞുനിർത്താൻ ശ്രമിച്ചിരുന്നു. മദ്യത്തിന്റെ ലഹരിയിൽ മത്തടിച്ച അയാളും യാതൊന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ മുമ്പോട്ടുതന്നെ ആടിയുലഞ്ഞു നീങ്ങി. കൂടെ അവളും.

തണുത്ത അന്തരീക്ഷത്തെ ഭേദിച്ചുകൊണ്ടു വിറങ്ങലിച്ച ഒരു ശബ്ദം എന്റെ ചെവിയിലേക്കു തുളച്ചുകയറി. 'പാംതിയോം' പള്ളിയിൽ മണി ഒൻപതടിക്കുകയാണ്. ദേഹത്തിനു വല്ലാത്ത ഒരസ്വസ്ഥത. ഞാൻ നേരെ 'ലാറാറിൻ കപ്പാർട്ടറിലെ' ഇരുളടഞ്ഞ തെരുവീഥിയിലേക്കു നടന്നു. പൊടിയടഞ്ഞു ദുർഗന്ധം വമിക്കുന്ന തെരുവീഥിക്കിരുവശത്തും, പഴകിത്തകർന്ന ക്വാറൻകെട്ടിടങ്ങളും അന്തരീക്ഷത്തിലേക്കുയർന്നു നിന്നിരുന്നു. ആ കെട്ടിടങ്ങളുടെ ഇടുങ്ങിയ ജനാലകൾക്കപ്പിന്നിൽ നിന്നും, സ്ത്രീകളുടെ മങ്ങിയ വെളിച്ചത്തിൽ യാത്രക്കാരുടെ നേരെ പുഞ്ചിരിക്കുകയും, യാന്ത്രികമായി കൈമുദ്രകളും കാട്ടുകയും ചെയ്തിരുന്നു. ഒരു പാത്രം ഉള്ളി സൂപ്പിനും ഒരു കഷണം റൊട്ടിക്കും വേണ്ടി ഒരു രാത്രി മുഴുവൻ തങ്ങളുടെ ശരീരങ്ങളും വാടകയ്ക്കു തരാമെന്നു അവർ കേണു പറയുകയാണ്.

ആ കറുറിച്ചെടികൾക്കു മറവിൽ കണ്ട ആ സ്ത്രീയെ ഞാനോർത്തു. അവളും ലാറാറിൻ കപ്പാർട്ടറിലെ നരകണക്കിനു വേശ്യകളിലൊരുവളായിരിക്കണം. അവളും വെളുത്തു തടിച്ച പുരുഷനെ തടഞ്ഞുനിർത്തിയതു തന്റെ മാംസത്തിന്റെ ശരിയായ വാടകയ്ക്കായിരിക്കണം. 'ബുംവാർ സെൻറമിച്ചലി'ലെ ഇരുളടഞ്ഞ ഏതെങ്കിലും ഒരു മുറിയിൽ അവളെയും പ്രതീക്ഷിച്ചുകൊണ്ടു വൃദ്ധയായ ഒരു മാതാവും പിതാവും കാത്തിരിക്കുന്നുണ്ടാവും.

എന്റെ തലയ്ക്കുള്ളിൽ എന്തോ ഇളകിമറിയുന്ന പ്രതീതി. ആയിരക്കണക്കിനു മൈലുകൾക്കപ്പുറം, എന്റെ സ്വന്തനാട്ടിനെക്കുറിച്ചു ഞാനോർത്തു. എന്റെ കൊച്ചുസഹോദരിമാരും, വൃദ്ധയായ മാതാവും, മാട്ടുഗയിലെ വൃത്തികെട്ട ഇരുളടഞ്ഞ വീട്. നിരന്തരമായ ക്ലേശങ്ങളിൽനിന്നും രക്ഷപ്പെടാൻ അവർ വൃഥാ ചരിക്കുന്നുണ്ടാവും. നിഴലുകളുടെ മറവിൽ ഏതെങ്കിലും വിറ്റുതടിച്ച ഒരു സേട്ട്ജിക്കു തന്റെ മാംസം വിൽക്കുന്നുണ്ടാവും. വൃദ്ധയായ മാതാവു് അവളുടെ വരവുപ്രതീക്ഷിച്ചു വിശന്നു വിറങ്ങലിച്ചു കൂനിയിരിക്കയാവാം. ജോലിയന്വേഷിച്ചുപോയ മകനെ അവർ പ്രതീക്ഷാനിർഭരമായ കണ്ണുകളോടെ കാത്തിരിക്കുന്നുണ്ടാവണം.

ഹാവൂ! ഞാനാകെ വിയർത്തു. തലയ്ക്കു വല്ലാത്ത ഒരു വേദന. യാന്ത്രികമായി ഞാൻ മുന്നോട്ടുനീങ്ങി. എല്ലന്തിയ ഒരു പട്ടി തെരുവുതിണ്ണ

ിൽ നിന്നും ഓടിയിറങ്ങി എന്റെ കാലുറയുടെ ഒരു ഭാഗം ചീന്തിയെടുത്തു കൊണ്ടുപോയി.

ഞാൻ ഹെലന്റെ വീട്ടുമുറ്റത്തിലെത്തി. അവളെന്നെയും പ്രതീക്ഷിച്ചുപടിക്കലുണ്ടായിരുന്നു. ഞാൻ കനിഞ്ഞു മുറിക്കുള്ളിലേയ്ക്കു കടന്നു. ഏതിഞ്ഞു തിരാറായ രണ്ടു മെഴുകുതിരികളും, കാക്കിയുടുപ്പണിഞ്ഞ ഒരു ചെറുപ്പക്കാരന്റെ ചിത്രത്തിനു മുമ്പിൽ ചിമ്മിക്കത്തുന്നുണ്ടായിരുന്നു. അതവളുടെ മരിച്ചുപോയ ഭർത്താവിന്റെ ചിത്രമാണെന്നെനോട്ടു പറഞ്ഞു. മുറിയുടെ ഒരു മൂലയിൽ ചുരുണ്ടുകിടന്നിരുന്നു. ഞാനാലക്ഷ്യം സമീപം തുറന്നിയിരുന്ന വസ്ത്രങ്ങളെല്ലാം, തന്നെ അവൾ എടുത്തു മാറ്റി എന്നെ ഒരു സ്വീകരിച്ചിരുത്തി. പ്രഭാതമാകുന്നതുവരെ ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. രണ്ടുറ്റ മിത്രങ്ങളെപ്പോലെ അവരാനമായി ഞാൻ യാത്ര പറഞ്ഞു പിരിയുന്ന സമയം അവൾ ക്യാൻവസിന്റെ ഒരു ചുരുൾ എന്റെ കൈകളിലേക്കു പകർന്നു; സ്നേഹാർദ്രമായ ഒരു ചുംബനവും.

പ്രഭാതമായപ്പോൾ കപ്പൽ തുറമുഖത്തിൽ നങ്കൂരമിട്ടു കഴിഞ്ഞിരുന്നു. അപ്പോഴും ഞാൻ കപ്പലിന്റെ കമിതട്ടിൽ തനിയെയായിരുന്നു. ഉപ്പുരസത്തോടുകൂടിയ ഒരു തണുത്തകാറ്റ് ആഞ്ഞുവീശി. തിരമാലകളും ഒന്നിനുപിറകെയുന്നായി പാഞ്ഞുവന്നു കപ്പലിനെ ആട്ടി ഉലച്ചിരുന്നു. വട്ടമിട്ടുപറന്നിരുന്ന കടൽക്കാക്കകളും പരുന്തുകളും കപ്പലിന്റെ നേർക്ക് ആർത്തിയോടെ ഒരാക്രമണംതന്നെ നടത്തി.

യാത്രക്കാരെല്ലാം ഇറങ്ങിത്തുടങ്ങി. അന്നത്തെ വർത്തമാനപത്രം എന്റെ കയ്യിൽ വന്നുചേർന്നു. ഞാനാകപ്പാടെ ഒന്നു മറിച്ചുനോക്കി.

—"പട്ടിണിമൂലം അത്മഹത്യ—

—കല്ലേവ്, വെടിവെയ്പ്—

—വേശ്യകൾതമ്മിൽ കത്തിക്കുത്ത്"—

തലവാചകങ്ങൾ എന്റെ കണ്ണുകളിലേക്കു തിരുകിക്കയറി. ഒരിരുണ്ട പാട എന്റെ കണ്ണുകളെ മൂടിക്കളഞ്ഞു.

"ഹെലൻ"

ലാറിൻ കഫേർട്ടറിലെ സുന്ദരിയായ വേശ്യ പൂർണ്ണനഗ്നയായി, എന്റെ സ്വീകരണമുറിയിൽ, ഒരു മോഡലായി നിൽക്കുകയാണ്. ക്യാൻവസിന്റെ മുകളിലൂടെ എന്റെ തൂലിക വിരാമമില്ലാതെ മണിക്കൂറുകളായി തെന്നിയോടി. ആ അലോക സൗന്ദര്യത്തെ ഞാൻ ഏകാഗ്രതയോടെ ക്യാൻവസിലേക്കു പകർത്തുകയായിരുന്നു. അവളുടെ മംഗിയുള്ള ഒട്ടിയവയർ ഉയരുകയും താഴുകയും ചെയ്തിരുന്നു. ഞാൻ ചായം കൂട്ടിക്കൊണ്ടിരുന്നപ്പോഴും മന്ദഗതിയിൽ ഉരുകിയിറങ്ങുന്ന മെഴുകുപോലെ അവൾ നിലംപറ്റിയതറിഞ്ഞില്ല

വേഗംതന്നെ ഞാനവളെ വാരിയെടുത്തു കിടക്കയിൽകിടത്തി. അല്പസമയത്തിനുള്ളിൽ അവൾക്കു സുബോധംവന്നപ്പോഴാണ് ഞാനറിയുക അവൾ ആഹാരംകഴിച്ചിട്ടു മൂന്നു ദിവസമായെന്ന്. അവൾക്കു ഞാൻ റൊട്ടിയും വീഞ്ഞും നൽകി

അടുത്തദിവസത്തെ പ്രഭാതത്തിനു വെയ്ക്കേണ്ടതാണു ചിത്രം. അതൊരു തികഞ്ഞ സുന്ദരമായ ശില്പമാകുമെന്നെനിക്കറിയാം. അയിരക്കണക്കിനു ഫ്രാങ്കുനോട്ടുകൾക്കു ചിത്രം വിലയ്ക്കാകും. നോട്ടുകൾ എന്റെമുന്നിൽ പറന്നുകൂട്ടുന്നതായി തോന്നി. യാതൊരു ചലനവുമില്ലാതെ വിടർന്ന കണ്ണുകളുമായി അവൾ തളർന്നുകിടക്കുകയാണ്. എനിക്കവളോടു കഠിനമായ വെറുപ്പുതോന്നി. ഞാൻ പുരികംവളച്ചവളെ ഈർഷ്യയോടെ നോക്കി. എന്റെ സൂക്ഷ്മമായ നോട്ടം ശരീരം അവളിൽ തറച്ചു. സശ്രദ്ധവും സംശാന്തവുമായ ആ കണ്ണുകൾ എന്തോ കേണപേക്ഷിക്കുന്നതായി തോന്നി.

ഞാൻ തണുത്തു തുടങ്ങി. അവൾ വൃക്തമായ ഇംഗ്ലീഷു ഭാഷയിൽ എന്നോടു ചോദിച്ചു:

മിസ്റ്റർ, നിങ്ങൾ തീർച്ചയായും എനിക്കു മുയിരം ഫ്രാങ്ക തരുമോ?

സംശയം അവളുടെ കണ്ണുകളിൽ നിഴൽ വിരിച്ചു. ഞാനവളുടെ കിടക്കയിൽ പോയിരുന്നു.

"ഫിലിഷി—അവനെന്തൊരു മാനസികനാണെന്നറിയാമോ. രണ്ടുദിവസമായി അവൻ ആഹാരം കഴിച്ചിട്ട്. അവന്റെ കൊച്ചനുജത്തി തളർന്നുറങ്ങിക്കാണും. ഇനി സമയം കളയണ്ട. എന്റെ ആരോഗ്യം തിരിച്ചുവന്നു കഴിഞ്ഞിരിക്കുന്നു. നാളെ വരച്ചുതുടങ്ങാം"—അവർ ബദ്ധപ്പെട്ടു എഴുന്നേല്ക്കാൻ തുടങ്ങി.

ഞാനവളുടെ സൗന്ദര്യം അപഹരിക്കുകയായിരുന്നു. ഞാനവൾക്കു കുടിക്കാൻ ഒരു പാത്രം വീഞ്ഞു പകർന്നു കൊടുത്തു. അപ്പവും പൂമൊട്ടുപോലെ അവൾ കിടക്കയിൽ കിടന്നു. ഒട്ടിത്തളർന്ന വയർ എന്നിലൊരു പേടി സ്വപ്നം ഉയർത്തിവിട്ടു. തീർച്ചയായും ഒരു ദിവസം കൂടി അവൾ ഭക്ഷണം കഴിക്കാതിരിക്കുകയാണെങ്കിൽ, ആ അലോക സൗന്ദര്യം എന്നെന്നേയ്ക്കുമായി കെട്ടണയുമെന്നു ഞാൻ ഭയപ്പെട്ടു. ഞാൻ എന്റെ കഴിഞ്ഞകാലചിത്രങ്ങളിലേക്കു ചിന്തയെ നീട്ടിവിട്ടു, പട്ടിണിയുടെയും വേദനയുടെയും നടുവിൽകിടന്നു വട്ടംതിരിഞ്ഞ ദിവസങ്ങൾ. ക്ഷിണിതരായ ജനങ്ങളെ സാംക്രമികരോഗങ്ങൾ തുടച്ചുമാറിയദിവസങ്ങൾ. എല്ലാ രംഗങ്ങളും എന്റെ തലയ്ക്കുള്ളിൽ വന്നടിച്ചു. വേദനയുടെയും വീർപ്പുമുട്ടലുകളുടെയും നടുവിൽനിന്നു മറ്റൊരാളുടെ സഹായത്താൽ ഞാൻ പാരിസിലേയ്ക്കു തടിതപ്പി. ഹൃദയഹാരിയായ പാരിസിനെ ഞാൻ ക്യാൻവസുകളിൽ പകർത്തി. ഉരുണ്ടുന്തിയ മുലകളും ഉയർന്നതടിച്ച നിതംബങ്ങളും, നീണ്ടുരുണ്ട കാലുകളും, വളഞ്ഞ പുരികക്കൊടികളും എന്റെ തൂലികയിലൂടെ ഉയിർകൊണ്ടു. നഗ്നമായ സൗന്ദര്യത്തെ പാരിസുകാർ വാരിപ്പുണർന്നു. കൂടിക്കാണാനും മദിക്കാനുമായി പാരിസിൽ പാതെത്തിയ കുബേരന്മാർ എന്റെ ചിത്രങ്ങൾക്കു വൻവിലയിട്ടു പ്രതിഫലം തന്നു. ഷാംപെയിൻ നിറഞ്ഞ മദ്യചഷകങ്ങളിലൂടെ ഞാൻ മുക്കിളയിട്ടു.

ജീവിതത്തിന്റെ സ്പന്ദനങ്ങൾ മൂന്നുവർഷങ്ങൾക്കു ശേഷം അന്നാദ്യമായിട്ടാണ് എന്നെ തട്ടി ഉണർത്തിയതു്. എന്റെ നിശ്ചലങ്ങളായ കണ്ണുകൾ അവളെ തുറിച്ചുനോക്കി. ഞാനവളിലൂടെ എന്റെ കൊച്ചു സഹോദരി മിനിയെ കാണുകയായിരുന്നു.

"എന്താ! നുങ്കും തുറിച്ചു നോക്കുന്നതു്" അവൾ സംസാരിച്ചു തുടങ്ങി. എന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. ദുർബലമായ ആ നിമിഷത്തിൽ അവൾ പറഞ്ഞു തുടങ്ങി:

"ഞാനൊരു കൊലപ്പുള്ളിയാ—താങ്കൾ ഞെട്ടുന്നുണ്ടായിരിക്കും. ജീവിക്കുന്നതിനുവേണ്ടി ഞാനൊരു കൊലപ്പുള്ളിയായി" ശക്തിവിടവെടുത്തിരുന്ന അവൾ ദുഃഖമായി പറഞ്ഞു. താങ്കളെ ഇപ്പോൾ കൊലപ്പെടുത്താനും ഞാൻ മടിക്കുകയില്ല. കട്ടിലിന്റെ ഒരു വശത്തായി അഴിച്ചുയുക്കിയിരുന്ന അവളുടെ മുറിപ്പാവാടയിൽ നിന്നും മിനുങ്ങുന്ന ഒരു ചെറിയ കത്തി അവൾ കൈക്കലാക്കിയിരുന്നു.

ഞാൻ നിശ്ചലനായിരുന്നതേയുള്ളൂ. അവൾ കട്ടിലിൽ നിന്നും എഴുന്നേറ്റു. അവളുടെ കണ്ണുകൾ മിന്നിത്തിളങ്ങി. അവൾ ചെരുപ്പായോന്നു പുഞ്ചിരിച്ചിട്ടു. പറഞ്ഞു: ഞാനൊരു വേശ്യയാണ്. അതു പലർക്കും അറിയാവുന്നതുപോലെ താങ്കൾക്കും അറിയാം. അല്പദിവസങ്ങളേ്കായുള്ളൂ ഞാൻ മോചിതയായിട്ട്. എന്തിനാണു ഞാൻ ജയിലിൽപോയതെന്നോ, കൊലപ്പുള്ളിയായതുകൊണ്ടുതന്നെ. ഞാൻ മറ്റൊരുവളെ തലയ്ക്കടിച്ചുകൊന്നു. അന്നും ഞാൻ വേശ്യയായിരുന്നു.

അവൾ ചിത്രംവരക്കുന്ന സ്റ്റാൻഡിന്റെ ഒരു കാലിൽചാരിനിന്നു, ആ കൊച്ചു കത്തി അപ്പോഴും അവൾ മാർദ്ദവമുള്ള തന്റെ കൈപ്പത്തിക്കുള്ളിൽ അമർത്തിവച്ചിരുന്നു.

അവൾ തുടർന്നു:

എന്റെ അമ്മ ഒരു വേശ്യയായിരുന്നില്ല. അമ്മയുടെ അമ്മയും—

വേശ്യാവൃത്തി പാരമ്പര്യമായി ലഭിക്കുന്ന ഒരു ഭർവൃത്തിയായി താങ്കൾ വിശ്വസിക്കുന്നുണ്ടോ?

എന്റെ മുഖഭാവം പ്രയാസപ്പെട്ടു വീടർന്നു് ഇല്ല എന്നുച്ചരിച്ചു.

എന്നാൽ ഞാനൊരു വേശ്യയായി. കാമസംതൃപ്തിയ്ക്കു വേണ്ടിയായിരുന്നില്ല. ജീവിയ്ക്കുവാൻ വേണ്ടി.

ഞാനൊരു മാതാവാണ്.

ഞാനെന്തിനു കൊലപാതകിയായെന്നാണോ പറയാം. മുഴുക്കിപ്പറയാം. എന്റെ അച്ഛൻ വിശ്രുതനായ ഒരു സാഹിത്യകാരനായിരുന്നു. അദ്ദേഹത്തിന്റെ ഏക പുത്രിയാണു ഞാൻ. ദീകരമായ യുദ്ധകാലത്താണതു സംഭവിച്ചതു്. നാസി ഭടന്മാർ അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയി. പിന്നീടദ്ദേഹം തിരിച്ചുവന്നിട്ടില്ല. അവർ വെടിവെച്ചു കൊന്നുവെന്നാണു പിന്നീട

റിഞ്ഞതു്. അദ്ദേഹത്തിന്റെ നിർബ്ബന്ധം കാരണം ഞങ്ങളുടെ കുടുംബത്തെ വല്ലാതെ ആട്ടി ഉലച്ചു.

അന്നൊക്കെ അമ്മ എന്നെ മുറിക്കുള്ളിൽ പൂട്ടിയിട്ടുമായിരുന്നു. വിമാനങ്ങൾ ആകാശത്തിൽ ഇരമ്പി പാഞ്ഞിരുന്നു. നാസി ഭടന്മാർ നാട്ടുമുഴുവൻ കൊള്ളചെയ്യുന്നതായി: ഞങ്ങളുടെ വേലക്കാരൻ മുഖേന അറിഞ്ഞു.

സ്ത്രീകളോടു് അവർക്കു വലിയ വെറുപ്പും ദ്വേഷ്യവുമാണുപോലും. സ്ത്രീകളെ അവർ പച്ചക്കു തിന്നിരുന്നുവെന്നു് അമ്മ പറഞ്ഞു.

എന്തിനാണിയുദ്ധം. എനിക്കു യാതൊന്നും മനസ്സിലായില്ല. എന്റെ ചിന്തകൾക്കതീതമായ കാര്യങ്ങളായിരുന്നു അതെല്ലാം.

മാസങ്ങൾ പലതു കഴിഞ്ഞു. ഞങ്ങളുടെ കുടുംബം വളരെ ശോഷിച്ചു. അമ്മ തുന്നൽ പണി ചെയ്തിരുന്നു അങ്ങിനെ ഞാനും അമ്മയും കഷ്ടിച്ചു കഴിഞ്ഞുകൂടി. വർഷങ്ങൾക്കുശേഷം ഒരു സുപ്രഭാതത്തിൽ ഞാൻ പള്ളിയിലേയ്ക്കു് അയയ്ക്കപ്പെട്ടു. അന്നെന്റെ വിവാഹമായിരുന്നു. അതീവ ഭാടരഹിതമായിരുന്നു അതു വിവാഹം. എന്റെ ഭർത്താവും ഒരു തുന്നൽ പണിക്കാരനായിരുന്നു. കഷ്ടിച്ചു കഴിഞ്ഞുകൂടുവാനുള്ള തുക ഞാനും അദ്ദേഹവുംകൂടി സമ്പാദിച്ചിരുന്നു. എനിക്കൊരു 'ജാം'നിർമ്മാണശാലയിലായിരുന്നു ജോലി.

ഞങ്ങൾക്കു രണ്ടു കുഞ്ഞുങ്ങളുണ്ടായി. എന്നിട്ടും എന്റെ സൗന്ദര്യം വർദ്ധിച്ചുവന്നിരുന്നു. പലരും എന്നെ കഴുകന്മാരുടെ കണ്ണുകൾകൊണ്ടു തുറിച്ചുനോക്കിയിരുന്നു. ഒരു ദിവസം മറ്റുപലരുടേയും കൂട്ടത്തിൽ എന്നെയും ജോലിയിൽ നിന്നും പിരിച്ചുവിട്ടു. അവിടെ തോക്കുകളും, ബോംബുകളും നിർമ്മിക്കാൻപോകുന്നതായറിഞ്ഞു.

ഞങ്ങളുടെ നാട്ടിനെതിരായി വിയറ്റനാമിലെയും മറ്റും ജനങ്ങൾ യുദ്ധത്തിനൊരുങ്ങുന്നതായി ഒരിക്കൽ വാർത്ത പരന്നു. പട്ടാളക്കാരെയും വെടിക്കോപ്പുകളെയും അങ്ങോട്ടു തുരുതുരെ അയച്ചിരുന്നു. അനേകം മൈലുകൾക്കപ്പുറം ഞങ്ങളുടെ നാട്ടിനെ രക്ഷിക്കാൻവേണ്ടി യുദ്ധം നടത്തുന്നുപോലും. എനിക്കു യാതൊന്നും മനസ്സിലായില്ല.

കുട്ടിക്കാലത്തു തന്നെ ഒരു യുദ്ധത്തിന്റെ ഭീകരതയും കഷ്ടപ്പാടും ഞാനനുഭവിച്ചിരുന്നു. സ്കൂളിലിട്ടുകൊണ്ടുപോകുവാൻ ഒരു നല്ല ഉടുപ്പുപോലും എനിക്കില്ലായിരുന്നു. ഞങ്ങളുടെ വീടു് പല ദിവസവും കഷ്ടത്തിലായിരുന്നു. ഞങ്ങൾക്കു റേഡിയോയും കാറുമില്ലായിരുന്നു. എന്റെ ക്ലാസിലെ പല കുട്ടികളും വില കൂടിയ ഉടുപ്പുകളണിഞ്ഞു കാറുകളിൽ വന്നിരുന്നു. അവർ എപ്പോഴും ചോക്കലേറു തിന്നുമായിരുന്നു. എനിയ്ക്കുള്ളതുകൊണ്ടു ചോക്കലേറു കിട്ടുന്നില്ല. ദിവസവും രണ്ടു കഷണം റൊട്ടിപോലും വാസ്തവത്തിൽ എനിക്കു കിട്ടുന്നില്ലായിരുന്നു. ഞാനെന്റെ മാതാവിനെ മനസാ ശപിച്ചിരുന്നു.

"എന്താ നിങ്ങൾ നിശ്ചലനായിരിക്കുന്നതു്. ഞാനിതൊക്കെ എന്തിനായിട്ടു പറയുന്നെന്നായിരിക്കാം ഇന്നെനിക്കു കൂടുതൽ കാര്യങ്ങളറിയാം. നിങ്ങളെപ്പറ്റി നിങ്ങളുടെ നാടിനെപ്പറ്റി, എന്റെ നാടിനെപ്പറ്റി അങ്ങിനെ എല്ലാറ്റിനെയുംകുറിച്ചു് എനിക്കു വ്യക്തമായ ഒരറിവുണ്ടു്. അഭിപ്രായമുണ്ടു്.

നിങ്ങളുടെ നാട്ടിലും ഇവിടത്തെപോലെ പട്ടിണി നൃത്തമാടുന്നുണ്ടു്. ഒരു നേരത്തെ ആഹാരത്തിനുവേണ്ടിപ്പോലും അമ്മമാരും സഹോദരികളും വ്യഭിചരിക്കുന്നുണ്ടു്.

കയ്യിലിരുന്ന കത്തി അവൾ മുറിയുടെ മൂലയിലേക്കു വലിച്ചെറിഞ്ഞിട്ടു് അടുത്തുവന്നിരുന്നു് എന്റെ കണ്ണുകളിലേക്കു സൂക്ഷിച്ചുനോക്കി. ഞാനപ്പോഴും മിനിയെപ്പറ്റി ഓർക്കുകയായിരുന്നു,

എന്റെ കൊച്ചുമിനി. ഒരു വേശ്യയാകുക. എനിക്കതു സഹിക്കാൻ വയ്യ. ഞാൻ കണ്ണുകൾ ഇറുകെ പൂട്ടിയടച്ചു. എന്റെ തലയ്ക്കുള്ളിൽ വെളിച്ചം പകരുന്നതായി തോന്നി എന്തിനു് എന്റെ മിനി ഒരു വ്യഭിചാരിണിയാകണം. കുഴഞ്ഞു മറിഞ്ഞ ചിന്തകളും, അഭിപ്രായങ്ങളും തലക്കുള്ളിൽ ഘോരിക്കരഞ്ഞി.

എന്റെ മിനി ഒരു വേശ്യയാകരുതു്.

"എന്തോ ഇതിൽ ഒരു തകരാറും സംഭവിച്ചിട്ടില്ലേ" ഹെലൻ ചോദിച്ചു.

ഞാൻ സാവധാനത്തിൽ തലയാട്ടി. അവൾ സംസാരിച്ചുകൊണ്ടേയിരുന്നു.

സുന്ദരിയായ ഹെലൻ! അവളും ഒരു വേശ്യയാകരുതു്.

എനിയ്ക്കു വ്യക്തമായും മനസ്സിലായി ഇതിലെന്തോ തകരാറുണ്ടെന്നു്.

അവൾ വീണ്ടും തുടർന്നു—

രണ്ടു കുഞ്ഞുങ്ങൾ കൂടിയായപ്പോൾ ഞങ്ങളുടെ സ്ഥിതി വളരെ പരുങ്ങലിലായി. ഒരു ദിവസം അദ്ദേഹം പട്ടാളത്തിൽ ചേർന്നതായി എന്നോടു പറഞ്ഞു. മറ്റു പട്ടാളക്കാരോടൊപ്പം അദ്ദേഹത്തെയും വിയറ്റനാമിലോ മറ്റോ കൊണ്ടുപോയി കുറെ മാസങ്ങൾക്കുശേഷം അദ്ദേഹം രാജ്യത്തെ രക്ഷിക്കുന്നതിനു വേണ്ടി ജീവത്യാഗം ചെയ്തതായി വാർത്തകിട്ടി.

ചില നാളുകൾക്കുശേഷം ഞങ്ങൾ പാരിസിലേക്കു താമസം മാറ്റി. പലരും എന്നെ ഉറ്റുനോക്കി. രാത്രികാലങ്ങളിൽ ഞാൻ തെരുവീഥികളിലൂടെ അലഞ്ഞു. നാണയങ്ങൾ എന്റെപക്കൽ വന്നുചേർന്നു. എന്റെ മാംസത്തിന്റെ വാടക ശരിക്കു ചോദിച്ചുവാങ്ങാൻ എനിക്കറിഞ്ഞുകൂടായിരുന്നു.

ഒരു ശരത്കാലരാത്രിയിലാണു് അതു സംഭവിച്ചതു്. ഒരു പനി മൂന്നുനാലുദിവസങ്ങളായി എന്നെ അലട്ടി. ദേഹമാകപ്പാടെ വല്ലാത്തവേദന. കുഞ്ഞുങ്ങളുടെയും അമ്മയുടെയും സ്ഥിതി കഷ്ടത്തിലായി. നാലാംദിവസംരാത്രി ഞാൻ റോഡിലിറങ്ങി. അല്പസമയത്തിനുള്ളിൽ തടിച്ച ഒരു പട്ടാളക്കാരനെപോലെ തോന്നിച്ച ഒരാൾ എന്റെ പിന്നാലെ കൂടി. ഞങ്ങൾ രണ്ടുപേരും മുന്നിലും പിന്നിലുമായി ബൂലെവാർ സെൻറ മിച്ചലിലൂടെ നടക്കുകയായിരുന്നു. പനി കലശലായി ബാധിച്ചിരുന്നതുമൂലം എന്റെ കാലുകൾ ഉറച്ചിരുന്നില്ല. വഴിയിൽവച്ചു് മറ്റൊരുവൻ ആ മനുഷ്യനെ ബലാൽക്കാരമായി തടഞ്ഞുനിർത്തി. ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതു് ആഫ്രോഷ്ബദ്ധരായി അവർ തെരുവിന്റെ നിഴലിലേക്കു നിങ്ങുന്നതാണു്.



എനിക്കു കലശലായ നൈരാശ്യവും, സങ്കടവും തോന്നി. കുഴിഞ്ഞ കണ്ണുകളുമായി എന്നെ കാത്തിരിക്കുന്ന പിഞ്ചുകുഞ്ഞുങ്ങളുടെ രൂപം എന്റെ മുന്നിലുയർന്നുവന്നു. ഞാൻ റോഡിൽ നിന്നു തന്നെ ഉടഞ്ഞ ഒരു മദ്യക്കുപ്പി കൈക്കലാക്കി അവരുടെ പുറകെയെത്തി. രണ്ടു കൈകൊണ്ടും ആഞ്ഞു അവളുടെ തലയിലൊരടികൊടുത്തു. രക്തം ചീറിപ്പാഞ്ഞു....പിന്നീടു ഞാൻ ജയിലഴികൾക്കുപിന്നിൽ കിടക്കുന്നതായിട്ടാണോർമ്മ.

അവളുടെ സംസാരംനിലച്ചു.

കുറെ നാണയങ്ങൾ ഞാനവൾക്കുകൊടുത്തു. വസ്ത്രങ്ങൾ എടുത്തുടുക്കുന്നതിടയിൽ അവൾ പറഞ്ഞു. ഇന്നെനിക്കു ക്ലാസു കണക്കു പറഞ്ഞുവാങ്ങാനറിയാം. അവൾ എന്നെയൊന്നമർത്തിച്ചുംബിച്ചിട്ടു് അടുത്തുള്ള റൊട്ടിക്കടയിലേയ്ക്കോടിപ്പോയി.

ഒരാഴ്ചകൾക്കുള്ളിൽ ഞാൻ പാരീസ് വിട്ടു. അവസാനമായി ഞാനവളെ സന്ദർശിച്ചപ്പോൾ, ചുരുട്ടിയ ഒരു ക്യാൻവസ്സു് അവളെന്റെ കൈകളിൽ തന്നു. സ്നേഹനിർഭരമായ ഒരു ചുംബനവും.

ഇന്നു ഞാൻ ബാംബെയിലെത്തിയിരിക്കുകയാണു്. ആ ക്യാൻവസ് കഷണം ഞാൻ കാലുകയുടെ പാക്കറ്റിൽനിന്നു വലിച്ചു നിവർത്തി.

പൂർത്തിയാകാത്ത സുന്ദരിയായ ഹെലന്റെ നഗ്നചിത്രം.

"ഒരു കലാകാരനു പലതും ചെയ്യുവാൻ കഴിയും; മനുഷ്യന്റെ പുരോഗതിക്കു വേണ്ടി."

അവളുടെ അവസാനത്തെ വാക്കുകൾ എന്റെ ചെവിക്കുള്ളിൽ മുഴങ്ങി.

——

★ ആധുനിക മലയാള സാഹിത്യം ★

(ജയകുമാർ)

"സാഹിത്യത്തിന് ചില കാലങ്ങളിൽ, ചില പ്രത്യേക പരിതസ്ഥിതികളിൽ സ്തംഭനം സംഭവിക്കാറുണ്ട്. അത്തരം സ്തംഭനങ്ങളും അവസാനിപ്പിച്ച സാഹിത്യ സരിത്തിനെ പുരോഗതിയുടെ പാതയിലേക്ക് ഒഴുക്കേണ്ട ചുമതല തികച്ചും സാഹിത്യ വിമർശകൻറേതാണ്." സുപ്രസിദ്ധനായ ഒരു ആംഗ്ലേയസാഹിത്യ വിമർശകൻ-(മാത്യൂ അർനാൾഡ് അങ്ങനെ തോന്നുന്നു) — തന്റെ പ്രസംഗമദ്ധ്യേ പ്രതിപാദിച്ച ഒരഭിപ്രായമാണ് മുകളിൽ ഉദ്ധരിച്ചിട്ടുള്ളത്. ആ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ നമ്മുടെ മലയാളസാഹിത്യം ഇന്നൊരു പ്രതിസന്ധിഘട്ടത്തിൽ നിൽക്കുകയാണെന്നു വ്യക്തമാണ്. ഇടക്കാലത്ത് 'മലയാളസാഹിത്യത്തിന്റെ ക്രമവടഞ്ഞുപോയി' എന്നും അല്ല 'സാഹിത്യം ഇന്നൊരു പുതിയ സരണിയിലേക്ക് കടക്കുകമാത്രമാണ് ചെയ്തിട്ടുള്ളതെ'ന്നും മറ്റും ചില വാദഗതികളും മുഴങ്ങികേൾക്കുകയുണ്ടായി. അതു അധികമൊന്നും ഒച്ചപ്പാടുണ്ടാക്കാതെതന്നെ അടങ്ങിപ്പോവുകയുംചെയ്തു. ഏതായാലും ഒരു വാദഗതി വലിച്ചുകൊണ്ടുവരണമെന്ന് എനിക്കാഗ്രഹമില്ല. എന്നാൽ ഒരു വഴിത്തിരിവിൽ വന്നുനിൽക്കുന്ന കൈരളിയെ പുരോഗതിയിലേക്ക് തിരിച്ചുവിടേണ്ടതു സാഹിത്യകാരന്റെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണെന്ന ഞാൻ വിശ്വസിക്കുന്നു. അതിലേക്ക് എല്ലാ സാഹിത്യാഭ്യുത്സുകരുടേയും വിമർശകരുടേയും സഹകരണമഭ്യർത്ഥിക്കുകയും വളരെ വിപുലമെങ്കിലും ഈ വിഷയത്തെപ്പറ്റി സാധാരണ ഉന്നയിക്കപ്പെടാവുള്ള ചില സംശയങ്ങളുടെ നിവാരണത്തിലേക്ക് അവരുടെ ശ്രദ്ധയെ ക്ഷണിക്കുകയുമാണ് ഈ ലേഖകന്റെ മുഖ്യോദ്ദേശ്യം!

എന്താണ്; ഒരു സാഹിത്യകാരന്റെ ധർമ്മം?...."സത്യത്തിന്റെ മുമ്പിൽ കണ്ണടയ്ക്കാതെ കണ്ടു, ചുറ്റും നിഴലിക്കുന്ന പരിതഃസ്ഥിതികൾക്ക് രൂപം കൊടുത്തുകൊണ്ട് മനുഷ്യന്റെ നരകയാതനകൾക്ക് ഒരു അവധി വരുത്തുവാൻവേണ്ടി,പുരോഗതിയുടെ മാർഗ്ഗത്തിലൂടെ സമത്വ സാഹോദര്യങ്ങൾ വിടർത്തുന്ന സ്വതന്ത്രയായ ഒരു നല്ല 'നാളെ'ക്കുവേണ്ടി തൂലികപ്പടവാളും ചുഴറ്റി നിർഭയം മുന്നോട്ടു പോവുകയാണ് ഒരു സാഹിത്യകാരന്റെ ധർമ്മമെന്ന ജർമ്മൻ സാഹിത്യ നേതാവായിരുന്ന ജൂലിയസ് ഫ്രൂച്ചിക്കും, ഫ്രാൻസിന്റെ പൊതുവുന്ന സാഹിത്യ സാമ്രാട്ടുമായിരുന്ന വോൾട്ടയറിനും ഒരേ സ്വരത്തിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. "സമുദായപരിഷ്ക്കർത്താവാണല്ലോ ഒരു സാഹിത്യകാരൻ, അയാളുടെ തൂലിക യന്ത്രം മനുഷ്യന്റെ മനസ്സിനെ കുടഞ്ഞിട്ടു പിടിക്കുവാനുള്ള കഴിവുണ്ട്. എന്നാൽ പൗരാണികകാലത്തെ സാഹിത്യകാരന്മാരിൽനിന്നും ഒരു പടികൂടി കടന്നു ഒരിടത്തിരുന്നു നിർദ്ദേശം കൊടുക്കുകമാത്രമല്ല പ്രത്യുത സാമൂഹ്യജീവിയായ അയാൾ സമുദായമദ്ധ്യത്തിൽ ഇറങ്ങിവേണ്ടിവന്നാൽ തൂലികപിടിച്ച കൈകൊണ്ടു പടവാളെടുത്തു മനുഷ്യവർഗ്ഗത്തിനു മാർഗ്ഗദീപമായി മുന്നേറുവാനുള്ള തന്റേടം പ്രകടമാക്കേണ്ടതുണ്ട്." എന്നിങ്ങനെയാണ് ഇന്നത്തെ ഭാരതീയസാഹിത്യനായകരിൽ മുന്നണിയിൽനിൽക്കുന്ന ശ്രീ. കൃഷ്ണൻചന്ദർ ഇയ്യിടെ അഭിപ്രായപ്പെട്ടത്. ഏതാണ്ടു മേല്പറഞ്ഞ അഭിപ്രായങ്ങളുടെ ഒരു ആകത്തുകയാണ് സോവ്യറഷ്യൻസാഹിത്യ ചക്രവർത്തിയായ മാക്സിം ഗോർക്കിക്കുംഉണ്ടായിരുന്നതെന്നു അദ്ദേഹത്തിന്റെ വിശ്വോത്തരനോവലായ 'അമ്മ'യിൽനിന്നും നമുക്കറിയാൻ കഴിയുന്നതും. ഏതായാലും അശ്രദ്ധാനിക്കുന്ന ജനതയടക്കം അടർക്കുടാതെ മനുഷ്യനു ജീവിക്കുവാൻ പോരുന്ന സമത്വസുന്ദരമായ ഒരു സാമ്പത്തിക സമീകരണപദ്ധതിയുടെടുക്കുവാനുള്ള പൊൻപുലരിക്കുവേണ്ടി ഓരോ സാഹിത്യകാരനും തൂലിക ചലിപ്പിക്കേണ്ടതുമാണെന്നു വിശ്വസിക്കുന്നു ഒഴിച്ചുകൂടാൻ പാടില്ലാത്ത കർത്തവ്യമാണെന്നു വിശ്വസിക്കുന്ന കൂട്ടത്തിലാണ് ഈ ലേഖകനും.

ഇനി ഒരു സാഹിത്യകാരന്റെ നിലയെന്താണെന്നു അഥവാ എന്തായിരിക്കണമെന്നു നമുക്കു നോക്കാം. അതേക്കുറിച്ചു പ്രബലങ്ങളായ രണ്ടഭിപ്രായങ്ങളാണ് സാഹിത്യലോകത്തിൽ ഇന്നു നിലവിലുള്ളതു്. "താൻ വിശ്വസിക്കുന്ന ഒരു രാഷ്ട്രീയപാർട്ടിയുടെ ചട്ടക്കൂട്ടിൽ ഒതുങ്ങിക്കൂടി പാർട്ടിയുടെ അച്ചടക്കത്തിനടവുതട്ടാതെ, സ്വതന്ത്രവ്യക്തിത്വം നഷ്ടപ്പെട്ടാലും വേണ്ടില്ല, പാർട്ടിസാഹിത്യം പടച്ചുവിടുകയായിരിക്കണം ഒരു സാഹിത്യകാരന്റെ നിലയെന്നാണ് ഒരഭിപ്രായം. ഒരുസാഹിത്യകാരൻസ്വതന്ത്രനായിരിക്കുക അയാളുടെ മൗലികാവകാശമാണെന്നും ഒരു പാർട്ടിയുടേയും ചട്ടക്കൂട്ടിനകത്തൊതുങ്ങി നിൽക്കുക അയാൾക്ക് അസാദ്ധ്യമാണെന്നും നേരേ മറിച്ചു പാർട്ടി താല്പര്യത്തേക്കാൾ വളരെ വിപുലമാണ് അയാളുടെ നിലയെന്നും പ്രത്യേക ചിട്ടകളൊന്നും ക്രടാതെ അകക്കൂട്ടി മനുഷ്യസമുദായത്തിന്റെ സംസ്കാരത്തിനും പുരോഗതിക്കും വേണ്ടി ഒരു സാമ്പത്തികമായ സാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കുന്നതിനു വേണ്ടി അയിരിക്കണം ഒരു സാഹിത്യകാരന്റെ നിലയെന്നുമാണ് മറ്റൊരഭിപ്രായം. ഇവിടെയാണ് സാഹിത്യ വിമർശകന്റെ അഭിപ്രായത്തിനു വില കല്പിക്കുക. പ്രഗൽഭരായ ശ്രീ. ഗുപ്തൻനായരും ശ്രീ. കുട്ടിക്കൃഷ്ണമാരാരും എന്താണ് പറയുകയെന്നു എനിക്കുനിശ്ചയമില്ല. എന്നാൽ ഒരു പാർട്ടിയുടെ പിണിയാളായ സാഹിത്യകാരനെ ഞാൻ ബഹുമാനിക്കുന്നില്ല. പ്രത്യുത സ്വതന്ത്രനായ സാഹിത്യകാരന്റെ കഴിവുകൾ അപരിമിതമാണ്. അയാളെ ഭാവനാവേദിയിൽമാത്രം വിഹരിക്കാൻ വിടാതെ യാഥാർത്ഥ്യലോകത്തിറക്കിവിടണമെന്നേയുള്ളു. അങ്ങനെ സർവതന്ത്രസ്വതന്ത്രനായ സാഹിത്യകാരനെ സംബന്ധിച്ചിടത്തോളം ഒടുവിലത്തെ അഭിപ്രായമാണു എനിക്കു സ്വീകാര്യമായിതോന്നുക.

അടുത്തതായി സാഹിത്യകാരന്റെ കഴിവുകൾക്കു പരിധിയുണ്ടോ അഥവാ അയാളുടെ കഴിവുകളെ പരിധിക്കകത്തുനിർത്തുക സാദ്ധ്യമാണോ എന്ന പരിശോധിച്ചുനോക്കാം സാഹിത്യകാരന്റെ കഴിവുകൾ ഒരു അതിർത്തിവരമ്പിനകത്തു നിർത്താൻ ശ്രമിക്കുകതികഞ്ഞൊരുവിഡ്ഢിത്തമായിരിക്കും. പക്ഷേ, ഭാവനയുടെചിറകുവിടർത്തി യഥേഷ്ടം പറക്കാനനുവദിക്കുക അത്ര ബുദ്ധിപൂർവ്വമല്ല. എന്നാൽ അയാൾ സാമൂഹ്യജീവിയായിരിക്കുന്നിടത്തോളം കവിയുടെ അല്ലെങ്കിൽ സാഹിത്യകാരന്റെ കഴിവുകൾ യാഥാർത്ഥ്യലോകത്തോടൊത്തു വികസിക്കുന്നതാണ്, ഭാവനാസമ്പന്നമായ കവിഹൃദയംഅത്മാർത്ഥതാപൂർണ്ണമാണ് അതിനു പരമാർത്ഥങ്ങളുടെ മുഖത്തു നോക്കിനിൽക്കാനാവില്ല. പരിസരങ്ങൾ അയാൾക്കു പരമോത്തേജനം നൽകുന്നു. അതുകൊണ്ടു അയാളുടെ കഴിവുകൾ അപരിമിതമായി ആത്മാർത്ഥമായി അങ്ങനെ വിടർന്നുവിടർന്നുപോകും. അല്ലാതെ അതുകൾക്കൊരു പരിധി നിശ്ചയിക്കുക പാടില്ല.

കാലത്തിന്റെ പരിവർത്തനസ്വഭാവമനുസരിച്ചു കലകൾക്കു പുരോഗമന സ്വഭാവം കൈക്കൊള്ളുന്നു. എന്നാൽ ആ പുരോഗമനം ഇന്ന വിധത്തിലേ ആകാവൂ എന്നു പറയുകവയ്യ. സാഹിത്യകാരൻ കാണുന്ന സംഗതികൾ സ്വന്തം ഭാവനയിൽക്കൂടെ കടന്നു പുറത്തു വരുമ്പോൾ അതിനു സഹൃദയഹൃദ്ഗതത്വം സ്വഭാവികമാണ് ഭാവിയിലേക്കുള്ള നിമിഷങ്ങളുടെ പ്രയാണത്തിൽ പൊതുവേ പുതുമ പുറത്തുവരാറുണ്ടെല്ലോ. ചിലപ്പോൾ വിപ്ലവാത്മകമായും മറ്റു ചിലപ്പോൾ ശാന്തസുന്ദരമായും കാണപ്പെട്ടുന്നു എന്നു മാത്രം. ഉദാഹരണമായി പുരാണികകാലത്തെ സാഹിത്യം മുതൽ ആധുനിക സാഹിത്യത്തെ നിൽക്കുന്നതുവരെ ചെന്നതായൊന്നു കണ്ണോടിക്കുക. പ്രമുഖമന്ദിരങ്ങളിലും രാജസദനങ്ങളിലും മാത്രം പ്രശോഭിച്ചിരുന്ന സാഹിത്യകല ഇന്നു കുടിലുകളിലും മാടങ്ങളിലും വിളയാട്ടുകയാണ്. അടിമത്വത്തെ

അസമത്വത്തെ താലോലിച്ചിരുന്ന അന്നത്തെ കലകളും ഇന്നു അതിനെ നിസ്സങ്കോചം നിരാക്ഷേപം എതിർക്കുകയാണു്. അന്നത്തെ അനുകൂല്യങ്ങളും ഇന്നത്തെ അവകാശമായി മാറിയിട്ടുണ്ടു്. അഭ്യുന്നിക്കുന്ന വർഗ്ഗങ്ങളുടെ പുരോഗതിയിലേക്കുള്ള കുതിച്ചുകയറ്റത്തെ കലയ്ക്കു് തടയുക സാദ്ധ്യമല്ല. സമത്വ സാഹോദര്യങ്ങളും നാമ്പിട്ടുന്ന സ്വാതന്ത്ര്യവേലിയിലേക്കു സാഹിത്യം പടവെട്ടിക്കൊണ്ടു മുന്നേറുകയാണിന്നു്. കാലത്തിന്റെ പരിവർത്തനം കലയെ പുരോഗമിപ്പിക്കുന്നു.

സാഹിത്യത്തിന്റെ ലോകചരിത്രം പരിശോധിച്ചാൽ സഹൃദയനായ കവി പ്രേമാരാധകനും പ്രേമഗായകനുമാണെന്നു തെളിയും. എന്നാൽ: കാലത്തിന്റെ പുരോഗമനസ്വഭാവം കവിഹൃദയത്തിൽ പ്രതിഫലനത്തിന്റെ കൊച്ചുകൊച്ചു ഓളങ്ങളും ചേർക്കുമെന്നതൊരു പരമാർത്ഥം. അങ്ങനെ സ്നേഹത്തിന്റെ മണിത്തൊട്ടിലിൽ കിടന്നാട്ടുന്ന ആ ഹൃദയം വിപ്ലവത്തിന്റെ മുന്നേറ്റത്തിൽ സ്നേഹഗീതികളും പുരോഗമനപരമായി പാടുന്നതു കേൾക്കാം. പുരോഗമനചിന്താഗതിയിൽ പ്രേമത്തിനു സ്ഥാനമില്ലെന്നും പ്രേമഗീതികേൾക്കുവാൻ പാടുകയും പഴഞ്ചൻ ആണെന്നും അതുകൊണ്ടു സമൂഹത്തെ അവഹാനം ചെയ്യുന്ന വിപ്ലവകവിതകൾക്കു മാത്രമേ ഇനിമേൽ ലോകത്തിൽ സ്ഥാനമുണ്ടായിരിക്കുള്ളൂ എന്നും ഒരു അഭിപ്രായഗതി ചിലരുടെ ഇടയിൽ ശ്രുതമൂലമായിരിക്കുന്നുണ്ടു് എന്നാൽ ലോകചരിത്രം പരിശോധിക്കുന്ന ഒരാൾക്കു, സ്നേഹഗീതികൾക്കെല്ലാക്കാലത്തും ഒരുപോലെ സ്വീകരണം ലഭിക്കുമെന്നു നേരേ മറിച്ചു വിപ്ലവസാഹിത്യം ഒരു നിശ്ചിത കാലത്തിനപ്പുറം നിലനിൽക്കുന്നതല്ലെന്നും ബോദ്ധ്യപ്പെടുന്നതാണു്. ഇതിൽ നിന്നും സാഹിത്യകാരനെ സംബന്ധിച്ചിടത്തോളം ഒരു വിപ്ലവത്തിന്റെ പേരിൽ കാഹളമൂതുകയല്ല, പ്രത്യുത പ്രേമഗീതികളിൽക്കൂടി ഒരു വിപ്ലവം സൃഷ്ടിച്ചുകൊണ്ടു മുന്നേറുകയാണഭികാമ്യമായിട്ടുള്ളതു്. ഇന്നോളം ഉണ്ടായിട്ടുള്ള മഹാന്മാർ ആരും തന്നെ വിശപ്പേമത്തെ വിലമതിക്കാതിരുന്നിട്ടില്ല. ഇനിയും ആത്മാർത്ഥപ്രേമം അചന്ദ്രതാരം ആരാധിക്കപ്പെടുക തന്നെ ചെയ്യും. പക്ഷേ, സാമൂഹ്യജീവിയായ സാഹിത്യകാരനു് പരിതഃസ്ഥിതികൾക്കൊപ്പിച്ചുതന്നെ വിപ്ലവസാഹിത്യം സൃഷ്ടിക്കാനുള്ള കഴിവുണ്ടെന്നു അക്ഷുദ്രർ മനസ്സിലാക്കിയിരുന്നെങ്കിൽ മതിയായിരുന്നു.

കവി സാർവ്വഭൗമനായ സാഹിത്യകാരൻ രാഷ്ട്രീയ വിമോചനത്തിനും അതോടൊപ്പം സാമ്പത്തിക സാമുദായിക മോക്ഷത്തിനും തന്റെ കഴിവുകൾ വിനിയോഗിക്കുക സ്വാഭാവികമാണു്. ഏതെങ്കിലും സാഹിത്യകാരനെ ഇതിൽനിന്നൊഴിച്ചു നിർത്തുക ആർക്കെങ്കിലും സാദ്ധ്യമാണോ?....ജീവിതത്തിന്റെ സമുദായതാഴ്വരയിൽ നാരകീയ യാതനകൾ അനുഭവിക്കുന്ന പാവപ്പെട്ട ജനതയെ അകമാനമല്ലാതെ ഇടത്തരക്കാരൻ-മുതലാളിത്തോട്ടുള്ള അഭ്യുന്നശീലരായ ജനകോടികളെ അകമാനമല്ലാതെ--ഒരു പ്രത്യേകാർത്ഥത്തിൽ അഭ്യുന്നിക്കുന്ന വർഗ്ഗത്തെമാത്രം ഉദ്ധരിക്കുവാൻ ഒരു സാഹിത്യകാരൻ ഒരു പക്ഷേ തയ്യാറായില്ലെങ്കിൽ അതിൽ അയാളെ തിരുത്തുകയും കുറ്റപ്പെടുത്തുകയും പാടില്ല. മുതലാളിത്തത്തിൽ രാഷ്ട്രീയമോ സാമുദായികമോ സാമ്പത്തികമോ ആയ സാഹിത്യകൃതികളും പുരോഗമനപരമായ, വിപ്ലവാത്മകമായ ഒരുരൂപഭാവത്തിൽ വിരചിതമാവുകയാണെങ്കിൽ അത്തരംകൃതികളെ ആക്ഷേപിക്കുകയും അവഗണിക്കുകയും ചെയ്യുക ഒരിക്കലും അവശ്യമില്ല. അവിടെയാണു അയാളുടെ വിജയരഹസ്യം കുടികൊള്ളുന്നതും.

ഇങ്ങനെ ഒരുസാഹിത്യകാരന്റെ ധർമ്മം, സാഹിത്യകാരന്റെ നില, അയാളുടെ കഴിവുകൾ, കലയുടെ പുരോഗമനസ്വഭാവം, കവിയും പ്രേമവും, വിപ്ലവസാഹിത്യം സ്വദേശാഭിമാനം തുടങ്ങിയ കാര്യങ്ങളിൽ ചില സംശയമായ സംഗതികൾ എടുത്തുകാണിക്കാനെ ഇവിടെ കഴിഞ്ഞുള്ളൂ. ആധുനിക മലയാളസാഹിത്യം അതിന്റെ പ്രതിസന്ധിഘട്ടത്തിൽനിന്നും ഈ ദശലക്ഷങ്ങളായ ബന്ധനങ്ങളറുത്തുകൊണ്ടു പുരോഗതിയിലേക്കൊഴുകാൻ എല്ലാ കൈരളിസേവകരുടേയും സേവനം സഹായകമായിത്തീരുമെന്നു ഞാൻ വിശ്വസിക്കുന്നു.

—

ചില മികച്ച കൃതികൾ

		രൂ	ണ.
എന്റെ ശ്രീകോവിൽ	സി. വി. കുഞ്ഞുരാമൻ	0	12
പഞ്ചവടി	,,	0	14
ഒരു നൂറാണ്ടിനുമുമ്പു്	,,	0	12
പ്രണയരാവണൻ	കെ. മോഹനൻ ബി. ഏ.	1	0
ഓമന	,,	1	0
ജീവിതസമരം (ആത്മകഥ)	സി. കേശവൻ	3	0
ഈ. വി. യുടെ ആത്മകഥ	Vol I ഈ. വി. കൃഷ്ണപിള്ള	2	8
മരിയ്ക്കാൻവയ്യ	കിഷൻചന്ദർ	0	12
അമരമോഹിനി	എം. ആർ. രാമകുമാരൻ	1	4
പട്ടേലും ചിരുതയും	പെരുന്ന കെ. വി. തോമസ്സ്	1	0
ചൈനയിൽ	പൂജപ്പുര കൃഷ്ണൻനായർ	1	12
അപ്പൻ	പൊറ്റക്കാട്ടു്	1	0
സ്വപ്നങ്ങൾ	ചെപ്പുള്ളി	0	12
പ്രതീക്ഷകൾ	തകഴി	1	8
ജീവിതവല്ലി	കാരോട്ടു ജനാർദ്ദനൻ	1	4
പൂലരിപ്പൂക്കൾ	,,	1	0
പാവങ്ങൾ	വിക്ടർയുഗോ	1	8
വെള്ളിമുള്ളുകൾ	ടാരാപുരം സുകുമാരൻ	1	4
കുസുമ ജീവിച്ചിരുന്നില്ല	റവ. കെ. ചന്ദ്രജി.	2	0
മാതൃഹൃദയം	കേശവദേവു്	0	8
ശിശുസംരക്ഷണം	ഡാ: ഏ. കെ. ജാർജ്ജു്	1	0
മധുവിധു	ജോസു് ചാലങ്ങാടി	1	0
രതിവിചിത്രികൾ	,,	1	0
വേശ്യയുടെ ഡയറി	മിസ്സു് ഏലൻ	1	0
വേശ്യയുടെ ആത്മകഥ	,,	1	8
വിശപ്പിന്റെ വിളി	ജോജ്ജു് വല്ലാട്ട	1	4
അനുഭവവിക്രമൻ	കെ. ജെ. പിള്ള	1	4
കോമളവല്ലി	എം. ആർ.	2	0
ശ്രീലത	ദിവാകരൻവൈദ്യൻ	9	12
വെറും പെണ്ണു്	അബ്ദുൽഖാദർ	1	4
ചലനങ്ങൾ	(ചെറുകഥകൾ)	1	8
കാമുകൻ	അലപ്പുഴ ഖാദർ	1	0
മാലിനിമാലിന്യം	,,	3	0
സംസരിക്കുന്ന ശവങ്ങൾ	വള്ളംകുളം പി. ജി. പിള്ള.	1	0
ഇലക്ഷൻ പ്രണയം.	മേരിക്കുട്ടി.	1	4
അവളൊരു വേശ്യ	ബി. ജി. കുറുപ്പു്	1	0
സ്ഥലത്തെ പ്രധാന വേശ്യ	എൻ. പി. ചെല്ലപ്പൻനായർ	0	8
മധുവിധു	പി. സി. കൊരുതു്	1	0
ജീവിതരഹസ്യം (ചിത്രങ്ങളടങ്ങിയതു്)	കെ. ജെ.	1	8
പേരില്ലാത്ത വേശ്യ	പൂയപ്പള്ളി രാഘവൻപിള്ള	0	8

മറ്റു പല പുസ്തകങ്ങളും വില്പനയ്ക്കുണ്ടു്.

N. B:—രണ്ടു രൂപയിൽ കുറഞ്ഞ വി. പി. അയയ്ക്കുന്നതല്ല.

അശോക വിദ്യാർത്ഥിഗൃഹസ്തു്

പബ്ലിഷേഴ്സു് ഓഡർ—കൊല്ലം.

മനുഷ്യാത്മാക്കൾ വെന്തെരിയുന്നു



വന്നേരി ബാലകൃഷ്ണൻ

അയാൾ കുത്തുവായിച്ചു് ബാലൻ അമ്പരന്നുപോയി. എന്തൊരുശക്തിയുള്ളവാചകങ്ങളും. മൂർച്ചയുള്ള വാക്കുകളും. ഓരോന്നും ഹൃദയത്തിന്റെ ഉള്ളറകളിലേക്കു് തുളഞ്ഞുകയറുകയാണു്. ഇടത്തോട്ടു ചരിഞ്ഞു് ഒന്നു മറ്റൊന്നിനോടുമുട്ടാതെ, പച്ചമഷിയിൽ മുക്കിവെച്ചിരിക്കുന്ന ആ അക്ഷരങ്ങളും അതിനേറെയായ ഒരാകർഷകതയുമുണ്ടു്. നൊമ്പരപ്പെടുത്തുന്ന ഒരു ഹൃദയത്തിന്റെ എല്ലാം തന്നെ ആ അക്ഷരങ്ങളിലൂടെ തെളിഞ്ഞുകാണാം. അയാളുടെ കണ്ണുകൾ വീണ്ടും ആ കുത്തിലേക്കു പതിഞ്ഞു.

പ്രിയപ്പെട്ട ബാലൻ,

വിറയ്ക്കുന്ന കൈകളോടെ ഞാനിതാരംഭിക്കുകയാണു്. എങ്ങിനെ തുടങ്ങണമെന്നും, അവസാനിപ്പിക്കണമെന്നും എനിക്കു തന്നെ ശ്രുപമില്ല. തീർച്ചയായും ഈ കുത്തു കിട്ടുമ്പോൾ നിങ്ങൾ അത്ഭുതപ്പെടുമായിരിക്കും. ഒന്നേ എനിക്കു പറയുവാനുള്ളു. വേദന തിന്നുന്ന ഒരു ഹൃദയത്തിന്റെ ചലനങ്ങൾ, ദഹിക്കുന്ന ഒരു ഹൃദയത്തിന്റെ നെടുവീർപ്പുകൾ, ഞാൻ പ്രതിഫലിപ്പിക്കുവാൻ ശ്രമിക്കുകയാണു്.

ഞാൻ ദാമ്മിക്കുകയാണു്:—

ഒരു ബുധനാഴ്ച. സ്ഥലമാറാം കിട്ടി ഞാനവിടെയെത്തിയ ദിവസം. തുടിക്കുന്ന ഹൃദയവുമായി ആപ്പീസിലേയ്ക്കു കടന്നുവന്ന എന്നെ സ്വാഗതമോതിയതു്, മുഖത്തലമുടിയും നിണ്ട കരിമീശയുമുള്ള ഒരു ഇരുപത്തെട്ടുകാരന്റെ കറുത്ത ചെറിയ കണ്ണുകളാണു്. അവിടത്തെ അന്തരീക്ഷത്തെക്കുറിച്ചു് എനിക്കു് യാതൊന്നുമറിവില്ലായിരുന്നു. സഹപ്രവർത്തകരെക്കുറിച്ചു ഞാൻ തികച്ചും അപരിചിതയായിരുന്നു. ഭംഗിയിൽ വാർന്നുറച്ച കടലാസ്സിൽ, ചിന്താധീനനായി എന്തോ എഴുതിക്കൊണ്ടിരുന്ന അങ്ങയോടു്, ഇടറുന്ന കാലുകളിൽ ഒരു വിധം നിലയുറപ്പിച്ചുകൊണ്ടു ഞാൻ ചോദിച്ചു:—

"ഹെൽത്താഫീസ് ഇതല്ലേ?"

എന്റെ ചോദ്യത്തിനു് അതെയെന്നോ അല്ലെന്നോ അങ്ങു മറുപടി പറഞ്ഞില്ല. എഴുതിക്കൊണ്ടിരുന്ന പേന താഴെവെച്ചു്, അങ്ങു എന്നെ നോക്കി. ഒരു നിമിഷം. ആ നോട്ടം എന്നെ വല്ലാതെ വിയപ്പിച്ചുകളഞ്ഞു. ഒരു പുരുഷന്റെ മുമ്പിലും ഞാനങ്ങിനെ വിയർത്തിട്ടില്ല.

"എന്തുവേണം?"

ആ പരിഭ്രമാവസ്ഥയിൽ നിന്നും എന്നെ ഉണർത്തിയതു് അങ്ങയുടെ ചോദ്യമായിരുന്നു. ഞാൻ വന്നകാര്യം അങ്ങയോടുണർത്തിച്ചു:—

"എന്നെ ഇവിടേക്കു സ്ഥലംമാറിയിരിക്കുന്നു. ഇന്നു് ജോലിയിൽ പ്രവേശിക്കണം"

മേശപ്പുറത്തുനിന്നും പേനകൈയിലെടുത്തു് അങ്ങു് എന്റെ മുഖത്തു നോക്കാതെപറഞ്ഞു:—

"ഹെൽത്താഫീസർ ഇപ്പോൾവരും. കടന്നിരിക്കൂ."

തികച്ചും അതൊരു കല്പനയായിരുന്നു. ഞാൻ അകത്തുകടന്നു് അങ്ങക്കു് അഭിമുഖമായിട്ടിരിക്കുന്ന ആ ആട്ടുന്ന കസേരയിലിരുന്നു. അങ്ങാകട്ടെ, യാതൊന്നും സംഭവിക്കാത്തമട്ടിൽ ഭംഗിയായി അടുക്കിവെച്ചിട്ടുള്ള കടലാസുതുണ്ടുകളിൽ, എഴുതിനിത്തിയിടുത്തുനിന്നു് എന്തോ വീണ്ടും എഴുതിച്ചുതുടങ്ങി. വളരെ വേഗം ആ അക്ഷരങ്ങളിലൂടെ എന്റെ ദൃഷ്ടികൾ പാഞ്ഞു പോയി.

"എന്നു് ഒരു ഭാര്യ ഭർത്താവിന്റെ മുഖത്തു നോക്കി സംരക്ഷിക്കാൻ കഴിയാത്ത ഒരു ഭർത്താവിനെ എനിക്കാവശ്യമില്ലെൻതോഷിച്ചുവോ, അന്നു്, ആ ഭാര്യയും ഭർത്താവും തമ്മിലുള്ള പരിശുദ്ധമായ ബന്ധത്തിന്റെ അവസാന കണ്ണിയുമടർന്നു കഴിഞ്ഞിരിക്കുന്നു."

ഇതുയും എഴുതിക്കഴിഞ്ഞപ്പോൾ, അങ്ങയുടെ നെറ്റിത്തടത്തിൽ വിയർപ്പു പൊടിഞ്ഞിരുന്നതായി ഞാനിപ്പോഴോർക്കുന്നു. ആ വാചകത്തിനു് അങ്ങയുടെ രക്തത്തിന്റെ മണം കലർന്നിരുന്നുവെന്നു് ഞാൻ പിന്നീടാണു് മനസ്സിലാക്കുന്നതു്. രണ്ടുനിമിഷം കണ്ണടച്ചു് ചിന്താധീനനായിരുന്നശേഷം അങ്ങു് എന്റെ നേരെ തിരിഞ്ഞു:

'സ്വദേശം?'

ഞാൻ നാട്ടുപറഞ്ഞു.

"സരളയെന്നല്ലേ പേരു്?"—

ഉടനെ ഉദ്യോഗത്തോടുകൂടി അങ്ങെന്നോടു ചോദിച്ചു. അതേ എന്നു് ഉച്ചരിക്കുവാനല്ലാതെ എന്നെ അറിയുമോ എന്നു അങ്ങയോടു ചോദിക്കുവാൻ എനിക്കു കഴിഞ്ഞില്ല. തുടർന്നു് അങ്ങു പലതും ചോദിച്ചു. ഞാനും പലതും പറഞ്ഞു. അങ്ങനെ നമ്മൾ വളരെയധികം സംസാരിച്ചു. ആ സംഭാഷണമത്രയും ശിലാരേഖകൾപോലെ എന്റെ സ്മൃതിപഥത്തിൽപതിഞ്ഞുകിടക്കുകയാണു്. ഞാനൊന്നും വിശദീകരിക്കുന്നില്ല. പക്ഷേ ഒന്നുണ്ടു്. പട്ടണത്തിലെ ഒരു (1) കുത്തിവെപ്പുകാരൻ എന്നതിലുപരി ഒരുയരുന്ന കലാകാരൻ എന്ന നിലയിൽ ഞാൻ അങ്ങയെപ്പറ്റി കേട്ടിട്ടുണ്ടായിരുന്നു.

ഈ വൈകിയ കാലാവട്ടത്തിൽ, അല്ലെങ്കിൽ ഞാനെന്തിനു് ഇനിയങ്ങോട്ടു കണ്ണോടിക്കുന്നു. ഒരേ സമയം മധുരിപ്പിക്കുന്നതും വേദനിപ്പിക്കുന്നതുമായ ഇരുതലകളാണു് അവിടെയൊക്കെ. ഓർമ്മകൾ—മറക്കാനാകാത്ത ഓർമ്മകൾ, ചിറകടിച്ചുയരുകയാണു്.

ഞാൻ വന്നതിന്റെ മൂന്നാംദിവസം വെള്ളിയാഴ്ച നാമൊരുമിച്ചു് ജോലിചെയ്ത വൃത്തിഹീനമായ ആ വാർഡു് എന്റെ കൺമുമ്പിൽ തെളിഞ്ഞുവരുന്നു. അവിടെയെങ്ങും വേദനയുടെ ഒരു മഹാസമുദ്രം ഇരമ്പുകയായിരുന്നു. പഴുത്ത കുരുമുളകുകൾപരത്തിയിട്ടപോലെ നിരവധി വിങ്ങിവിങ്ങിക്കിടക്കുന്നശപിക്കപ്പെട്ട മനുഷ്യശരീരങ്ങൾ. അവിടെ ജീവിതവും മരണവും തമ്മിലുള്ള ഉഗ്രമായ പോരാട്ടം മുന്നേറുകയാണു്. ഒരിടത്തല്ല. ഓരോ വിട്ടുകളിലും ഇല്ലാത്തവന്റെ ചെറുകുടിലിൽമാത്രമല്ല, ഉള്ളവന്റെ മാളികകളിലും പ്രായഭേദമില്ലാതെ, കുട്ടികളും, യുവാക്കളും, വൃദ്ധരും, സ്ത്രീകളും എല്ലാം എല്ലാം: മസൂരിയുടെ കരാളഭാഷ്പകളിൽപെട്ടു് ഇഞ്ചിഞ്ചായി മരിക്കുകയാണു്.

പ്രതിരോധന നടപടികളും എല്ലാശക്തിയോടുംകൂടി ഒരു വശത്തു മുന്നേറുന്നു. മറുവശത്തു് അവയെയെല്ലാം ധിക്കരിച്ചുകൊണ്ടു് മനുഷ്യാത്മാക്കൾ വെന്തെരിയുന്നു. രോഗത്തിന്റെ ഭീകരതയിൽ ആരോഗ്യം താറുമാറാകുന്നു, ജീവിക്കാനുള്ള വ്യഗ്രതയിൽ മരണത്തിന്റെ മുന്നിൽ തലകുനിക്കുന്നു. ഉൽഘടമായ ആത്തി. ശ്രുക്ഷമായ അഭിലാഷങ്ങൾ അവക്കിടയിലും വേദനയുടെ ചീറകടി ശബ്ദം ഉയർന്നുപൊങ്ങുന്നു.

പക്ഷേ, അവിടേയും അങ്ങയുടെ ഫലിതം നിറഞ്ഞ കവിതകൾ, ആശ്വാസത്തിന്റെ സ്നേഹാംശയായി ഒഴുകിക്കൊണ്ടിരുന്നു. വിഷാദമൂകമായ ആ അന്തരീക്ഷത്തിലും ആശയുടെ കുന്ദളങ്ങൾ കൊളുത്തി വെക്കുന്നതിൽ അങ്ങു ബദ്ധശ്രദ്ധനായിരുന്നു. എത്രയെത്ര രോഗികളാണു് അങ്ങയുടെ നർമ്മസംഭാഷണം കേട്ടു് പൊട്ടിച്ചിരിച്ചിട്ടുള്ളതു്. ആ ഒരു നിമിഷത്തിലെങ്കിലും വേദനമറക്കാൻ അവർക്കു കഴിയുന്നതു് എന്തൊരാശ്വാസമാണു്. രോഗികളോടുള്ള അങ്ങയുടെ ആത്മാർത്ഥത കണ്ടു് ഞാൻ അമ്പരന്നുപോയിട്ടുണ്ടു്. ഒരു ദിവസംകൂടി ജീവിക്കുകയില്ലെന്നു വിധിയെഴുതാവുന്ന രോഗികളുടെ അരികിലിരുന്നു് അങ്ങു് ആശ്വസിപ്പിക്കുകയാണു്:—

. "പേടിക്കേണ്ട കേട്ടോ. ഇതു് വ്യൂഹരെ നിസ്സാരമാണു്. ഒരാഴ്ചകൂടി കഴിഞ്ഞാൽ നിങ്ങൾക്കു കൂളികാം"

ഓ, എന്തൊരാശ്വസിപ്പിക്കൽ

(1) Vaccinator.

എന്റെ ഹൃദയത്തിന്റെ വേദന നിറഞ്ഞ ശബ്ദങ്ങളും പകർത്താൻ ശ്രമിക്കുന്ന ഈ സമയത്തും രോഗികളോടും പൊതുജനങ്ങളോടുമുള്ള അങ്ങയുടെ ആത്മാർത്ഥതനിറഞ്ഞ പെരുമാറ്റം എന്നെ കോരിത്തരിപ്പിക്കുകയാണ്. അങ്ങനൊരിക്കൽ സാഹിത്യപരമായ സംരംഭങ്ങളെല്ലാം തീരെ ഉപേക്ഷിച്ചുവോ എന്നു ഞാൻ തിരക്കിയപ്പോൾ അങ്ങു പറഞ്ഞ മറുപടി ഒരു പുതിയ വെളിച്ചം എനിക്കു പകർന്നു തന്നിരിക്കുകയാണ്. അങ്ങു പറഞ്ഞു:—

"ഒരു സാഹിത്യകാരൻ അക്ഷരജ്ഞാനമുള്ളവരുടെമാത്രം ഹൃദയങ്ങളിലേയ്ക്കു കയറിച്ചെല്ലുമ്പോൾ ഒരു കുത്തിവെപ്പുകാരൻ എല്ലാ തരക്കാരുടേയും ഹൃദയത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നു" എത്രപരമാർത്ഥം.

ശമ്പളത്തിനുവേണ്ടി മാത്രമല്ലായിരുന്നു അങ്ങു ജോലിചെയ്തിരുന്നതു്. അതായിരുന്നെങ്കിൽ ഗോവസൂരികുത്തിവെപ്പിനുവേണ്ടി അങ്ങുസമീപിക്കുന്ന ഓരോ വ്യക്തിയോടും ഓരോ കുടുംബത്തോടും അതിനെപ്പറ്റി അത്രലളിതമായി അങ്ങു പ്രസംഗിക്കുമായിരുന്നില്ല. കാര്യങ്ങളും പുറത്തു പഠിപ്പിക്കുമായിരുന്നില്ല. ഒരാൾ കുത്തിവെപ്പിനു വിമുഖത കാണിച്ചാൽ അങ്ങയുടെ സഹപ്രവർത്തകർ എന്താണു ചെയ്യുന്നതു്? ഇരുപത്തിനാലുമണിക്കൂറിനുള്ളിൽ നിർബന്ധിത കുത്തിവയ്പിനുള്ള നോട്ടിസു് എഴുതിക്കൊടുക്കുക. അത്രമാത്രം. പക്ഷേ, അങ്ങുമാത്രം അതു ചെയ്തില്ല. കാരണമുണ്ടു്. മസൂരിയോടുള്ള ഒരു ഘോരസമരം വിജയിക്കണമെങ്കിൽ, നിയമത്തിന്റെ ദുർബ്ബലഹസ്തങ്ങളേക്കാൾ തികച്ചും അപര്യാപ്തമാണു്. ഭയാനകവും ഭീകരവുമായ ആ രോഗത്തിന്റെ ഉത്ഭവം, വളർച്ച, പ്രതിരോധന നടപടികൾ, ഇവയെക്കുറിച്ചുള്ള സമഗ്രമായ ജ്ഞാനം സാമാന്യജനങ്ങളുടെ ഹൃദയങ്ങളിലേക്കു് ഇറങ്ങിച്ചെന്നാൽ മാത്രമേ അവ വിജയിച്ചുള്ളൂ എന്നു് അങ്ങു വിശ്വസിച്ചു. അത്യാർത്ഥമായി അതിനുവേണ്ടി ഓരോ നിമിഷവും ചിലവഴിച്ചു.

ഓരോ വീടുകളിലും, ഓരോ വ്യക്തിയോടും അങ്ങു നടത്താറുള്ള ചെറുചെറു പ്രഭാഷണങ്ങളും എന്റെ ഓർമ്മകളിലൂടെ ഒഴുകിവരുകയാ[illegible]

"മസൂരി ഒരു പകർച്ചവ്യാധിയാണു്. ഇന്ത്യയെപ്പോലെ ഉഷ്ണമേഖലകളിൽ കിടക്കുന്ന രാജ്യങ്ങളിലാണു് ഇതു സാധാരണയായിക്കണ്ടുവരുന്നതു്. കുട്ടികളെന്നോ വലിയവരെന്നോ ഉള്ളവരെന്നോ ഇല്ലാത്തവരെന്നോ ഈ രോഗത്തിനു് യാതൊരു നോട്ടവുമില്ല. ഈ രോഗത്തെ തടുക്കുവാനുള്ള (2) ശക്തിവിശേഷം ആരുടെയെല്ലാം ശരീരത്തിൽ നഷ്ടപ്പെട്ടിട്ടുണ്ടോ അവരിൽ ഈ രോഗം എളുപ്പം പകരുന്നു. ഒരു രോഗിയുമായുള്ള സമ്പർക്കംകൊണ്ടോ, രോഗി ഉപയോഗിച്ച സാധനങ്ങളുമായുള്ള സാമീപ്യംകൊണ്ടോ രോഗം പകരുവാൻ വളരെ എളുപ്പമാണു്. നാം ശ്വസിക്കുന്ന വായുവിലൂടെയും മറ്റു മാർഗ്ഗങ്ങളിലൂടെയും രോഗപ്പകർച്ച സാധാരണമാണു്"

മസൂരിയേയും അതിന്റെ പകർച്ചയേയുംകുറിച്ചു് മുരുങ്ങിയ വാചകങ്ങളിൽ അങ്ങു നൽകുന്ന വിശദീകരണം കേട്ടുകഴിയുമ്പോൾ ചിലർ കുത്തിവെപ്പിൽനിന്നും രക്ഷപ്പെടുവാൻ മുന്നോട്ടുവരുന്ന രസകരമായ കാഴ്ച ഞാനിപ്പോഴും കാണുന്നു. കൈത്തണ്ടകളിൽകാലണവട്ടത്തിൽ പഴുത്തുണങ്ങിക്കിടക്കുന്ന (3) ആദ്യകാലകുത്തിവെപ്പിന്റെ കലകളും കാട്ടിക്കൊണ്ടു് അവർ പറയും.?—

"നോക്കണം സാറേ, ഞങ്ങളെയൊക്കെ കുത്തിവെച്ച പാടു് പോയിട്ടില്ലല്ലോ?"

കുത്തിവെച്ചപാടു് ശരീരത്തിൽ ഉള്ളപ്പോൾ വീണ്ടും കുത്തിവെപ്പ് ആവശ്യമില്ലെന്നാണു് അവരെല്ലാം ധരിച്ചുവെച്ചിരിക്കുന്നതു്. ഉടനെ അങ്ങു്, ആ ജനസിദ്ധമായ സഹിഷ്ണുതയോടുകൂടി അവരോടടുക്കുകയായി. അങ്ങുപറയും:—

ഞാൻ മുമ്പു പറഞ്ഞു, രോഗത്തെ തടുക്കുവാനുള്ള ശക്തിവിശേഷം ശരീരത്തിൽ ഇന്നും നിലനില്ക്കുന്നുണ്ടോ എന്നു പരീക്ഷിച്ചറിയുന്നതു് ഗോവസൂരി കുത്തിവെപ്പുകൊണ്ടാണു്. കുട്ടിക്കാലത്തെ ആദ്യത്തെ കുത്തിവെപ്പിനുശേഷം മുതിർന്നവരുമ്പോൾ ചെയ്യുന്ന ഓരോ കുത്തിവെപ്പിനും (4) റിവക്സിനേഷൻ എന്നാണു് ഇംഗ്ലീഷിൽ പറയുന്നതു്. അതായതു് വീണ്ടും വീണ്ടുമുള്ള കുത്തിവെയ്പ്പുകൾ. ഈ കുത്തിവെപ്പുമാത്രമാണു് രോഗം പകരാതിരിക്കുന്നതിനു ഇന്നുവരെ കണ്ടുപിടിച്ചിട്ടുള്ളതിൽ ആദ്യത്തേയും അവസാനത്തേയുമായ ഏകപ്രതിരോധന നടപടി."

ഇത്രയും പറഞ്ഞുകഴിയുമ്പോഴേയ്ക്കും ഒരു ബീഡിയെടുത്തു് അങ്ങു് കൊളുത്താൻ ശ്രമിക്കുകയായിരിക്കും. അപ്പോഴാണു് ഭൂമിയിലുള്ള എല്ലാ ചികിത്സാസമ്പ്രദായങ്ങളേയും വെറുക്കുകയും അവയൊക്കെ തെറ്റാണെന്നു വിശ്വസിക്കുകയും ചെയ്യുന്ന ഒരു ഹോമിയോഡോക്ടർ മുന്നോട്ടുവരുന്നതു്. കോട്ടും കളസവുമില്ലെങ്കിലും മുണ്ടും ഷർട്ടും ധരിച്ച ആ ഡോക്ടർ ഉടനെ അങ്ങയോടു ചോദിക്കും:

"മിസ്റ്റർ, ഞാൻ മസൂരിപകരാതിരിക്കുവാനുള്ള ഹോമിയോമരുന്നു കഴിക്കുന്നുണ്ടു്. പോരെങ്കിൽ ഗോവസൂരികുത്തിവെപ്പിനു് ചില ദുഷ്യവശങ്ങളുണ്ടെന്നും ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു് എനിക്കു കുത്തിവെക്കേണ്ട."

ഇത്തരം വിഷമംപിടിച്ച സന്ദർഭങ്ങളെ സാധാരണ ഒരു വാക്സിനേറ്റർക്കു് തരണംചെയ്യുക അത്ര എളുപ്പമല്ല. എന്നാൽ ഭൂമിയിലുള്ള എല്ലാറ്റിനേയുംപറ്റി പഠിച്ചിട്ടുള്ള ഇന്ത്യൻപഠിക്കുകയും ചെയ്യുന്ന അങ്ങു് അവയൊക്കെ . അതിജീവിക്കുന്ന കാഴ്ചകണ്ടു് ഞാൻ പൊട്ടിച്ചിരിച്ചിട്ടുണ്ടു്. സ്വതസിദ്ധമായ വാചാലതയോടെ, കയ്യിലെ ബീഡി ഒന്നു വലിച്ചൊഴിഞ്ഞുകൊണ്ടു് അങ്ങു പറയുകയായി:—

"ഡോക്ടർസാർ, ഇവിടെ കുത്തിവെയ്പ്പു് നിയമംമൂലം നിർബന്ധമാക്കിയിരിക്കുകയാണു്. കുത്തിവെയ്പ്പു് അത്ര മോശപ്പെട്ട ഒന്നാണെങ്കിൽ ഒരു ശവമെൻറ്വും അതു നിർബന്ധമാക്കുകയില്ലല്ലോ. ഇനി ഒന്നുകൂടിയുണ്ടു്, ഹോമിയോ മരുന്നു കഴിച്ചുകൊണ്ടു ദീർഘകാലം നീണ്ടുനിൽക്കുന്ന പ്രതിരോധശക്തി കിട്ടുകയില്ലെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. സുഖക്കേടുള്ള കാലഘട്ടങ്ങളിൽ ആഴ്ചയിൽ ഒരിക്കലെങ്കിലും ഹോമിയോ മരുന്നു കഴിച്ചുകൊണ്ടിരിക്കണം. അതായതു് ഒരു ഡോസു് മരുന്നിനു് മുരുങ്ങിയ നാറ്റത്തെ ഭോഷങ്ങളെ ഇല്ലാതാക്കുന്നു. ഉത്തമപ്രതിരോധശക്തി നല്കുവാനേ കഴിയൂ എന്നാണു് ഞാൻ വിശ്വസിക്കുന്നതു്. കാരണം, ഞാനും അങ്ങയെപ്പോലെ ഒരു ഹോമിയോഡോക്ടറാണു്. എല്ലാ ആഴ്ചയിലും മറക്കാതെ മരുന്നു കഴിക്കുക അത്ര എളുപ്പമല്ല. പോരെങ്കിൽ സാധാരണക്കാരെ സംബന്ധിച്ചു് പണച്ചിലവുള്ള ഒരു കാര്യമാണു്. പണം കൊടുക്കാതെ ഹോമിയോമരുന്നു് ആരും കൊടുക്കുകയില്ലല്ലോ. ഗോവസൂരി കുത്തിവെയ്പിനാകട്ടെ യാതൊരു പണച്ചിലവുമില്ല. ഞങ്ങൾ കുത്തിവെയ്പുകാർ രാപകലില്ലാതെ നിങ്ങളുടെ മുന്നിലുണ്ടു്. നിങ്ങളുടെ കൈത്തണ്ടയൊന്നു കാണിച്ചുതന്നാൽ മതി, ഒരു നിമിഷനേരത്തേയ്ക്കു്. കാര്യം കഴിഞ്ഞു. ഇനി കുത്തിവെയ്പിനു് എന്തെങ്കിലും ദുഷ്യവശങ്ങളുംതന്നെയുണ്ടെങ്കിലും സാറിന്റെ "തുജാ" ഒരു ഡോസ്കഴിച്ചാൽ മതിയല്ലോ- ഞാൻ അടുത്തറിയുന്ന ഹോമിയോ ഡോക്ടർമാർ (അവർ ആശാസ്ത്രത്തിൽധാരാളം പഠിച്ചിട്ടുള്ളവരാണു്) കൂടി എന്നെ വിളിച്ചു കുത്തിവെപ്പിക്കാറുണ്ടു്. പിന്നെ സാറുമാത്രം അതിൽനിന്നും ഒഴിഞ്ഞുമാറുന്നതു് ഭംഗിയല്ല'

അങ്ങയുടെ ഈ അടി എവിടെനിന്നോ 15 രൂപക്കു് ഡിപ്ലോമായും ചില മലയാളം മെറ്റീരിയാമെഡിക്കയും വാങ്ങി ഡോക്ടറായ അങ്ങേഹത്തെ വിയർപ്പിച്ചുകളയും. നാലുപേരുടെമുന്നിൽവെച്ചു് അങ്ങയോടു തർക്കിച്ചു ജയിക്കാമെന്ന ബുദ്ധിമോശം അദ്ദേഹത്തിനില്ലാത്തതുകൊണ്ടു് അദ്ദേഹം പറയും:

"ശരി, എന്നാൽ ഒന്നു കുത്തിവച്ചുകളയാം"

ഈ സന്ദർഭം അങ്ങു് വിട്ടുകളയില്ല. ആദ്യം പറഞ്ഞു നിർത്തിയ കാര്യങ്ങളിലേക്കു് ഉടനെ അങ്ങു കയറിപ്പിടിച്ചു കഴിയും. അങ്ങു് ആ പ്രസംഗം വീണ്ടും തുടരും.

"കുത്തിവെയ്പിനെ പലരും ഭയപ്പെടുന്നുണ്ടു്. രണ്ടു കാരണങ്ങളാണു് അതിനു്. പനിക്കുമെന്നുള്ള ഭയം. പഴുപ്പുമെന്നുള്ള പേടി. മസൂരിയെ തുടച്ചുവാനുള്ള ശക്തി

(2 Immunity or power of resistauce

3 Primary Vaccination

4 Re-vaccination

Thuja 200 x ഒരു ഹോമിയോ മരുന്നു്. ഇതു കുത്തിവെയ്പി

ഇല്ലാത്തവരിലേ പനിക്കൂ, പഴുക്കൂ എന്നു് അവരറിയുന്നില്ല. ഇങ്ങിനെ കുത്തിവച്ചു പഴുക്കുന്നവരുണ്ടല്ലോ, അവർ കുത്തിവെച്ചിരുന്നില്ലെങ്കിൽ തീർച്ചയായും രോഗബാധിതരായേനെ. രോഗം പകരുന്നതിനു് രോഗിയുടെ അടുത്തു പോകണമെന്നില്ല. അതൊരു പകർച്ചവ്യാധിയായതുകൊണ്ടു് പലപ്പോഴും നമ്മെ അന്വേഷിച്ചു വരുകയാണു് പതിവു്. ചിലരുണ്ടു്, രോഗിയെക്കണ്ടു ഭയപ്പെട്ടാൽ രോഗം പകരുമെന്നു വിശ്വസിക്കുന്നവർ. ഭയപ്പെടുകൊണ്ടു് രോഗം പകരുകയില്ല. പക്ഷേ, രോഗിയെ ചെന്നു കണ്ടതു് രോഗം പകരുവാനുള്ള മതിയായ കാരണമാണു്."

ഇതുയും പറഞ്ഞു അങ്ങൊന്നു ശ്വാസം കഴിക്കാൻ തുനിയുമ്പോഴായിരിക്കും മറെറാരാളുടെ സംശയത്തിന്റെ അമ്പു് അങ്ങുക്കു മുന്നിൽ വന്നു വീഴുന്നതു് അതിങ്ങനെയായിരിക്കും:--

"കുത്തിവെച്ചു പഴുത്താൽ പിന്നെ മസൂരി വരില്ലേ?"

"അങ്ങിനെ ചോദിക്കൂ, അനിയാ"--അങ്ങു തുടരുകയായി:—"സംശയങ്ങളും തുറന്നു പറഞ്ഞാലേ എനിക്കറിയുന്നതു പറയാൻ പറ്റൂ. ഈ കുത്തിവെച്ചു പഴുക്കുന്നതുകൊണ്ടല്ലോ. അതു് ഉണങ്ങുവാൻ പിടിക്കുന്ന പന്ത്രണ്ടു ദിവസക്കാലംകൊണ്ടു് മസൂരിയെതടുക്കാനുള്ള ഒരു പ്രതിരോധനശക്തി ശരീരത്തിൽ പരിപൂർണ്ണമായി കിട്ടിക്കഴിയും. ആ ശക്തിവിശേഷം രണ്ടുകൊല്ലക്കാലമായാതൊരു കോട്ടവും തട്ടാതെ ശരീരത്തിൽ ഉണ്ടായിരിക്കും. മൂന്നാമത്തെ കൊല്ലംമുതൽ അതു ക്രമേണ ക്ഷയിച്ചു ഏഴാമത്തെയോ എട്ടാമത്തെയോ കൊല്ലത്തിൽമാത്രം ശരീരപ്രകൃതിയനുസരിച്ചു് നിശ്ശേഷം നശിക്കുന്നു. അതിനാലാണു് ഒരു (5) ശരിയായ കുത്തിവെയ്പ്പിനു് മൂന്നു കൊല്ലക്കാലത്തെ ശക്തിയുണ്ടെന്നു പറയുന്നതു്. കുത്തിവെപ്പിനുശേഷം പഴുക്കാതെ കരിഞ്ഞുപോകുന്നവരിലാകട്ടെ ആ ശക്തി ഇത്രയും നിലവിലുണ്ടെന്നു കാണിക്കുകയാണു്. ആ ശക്തിശരീരത്തിൽനിന്നും എന്നു പോകുമെന്നു് പ്രവചിക്കുവാൻ ആർക്കും കഴിയില്ല. ആ പ്രവചനം കുത്തിവെപ്പുകൊണ്ടുമാത്രമാണു് നാം നിർവഹിക്കുന്നതു്. കൊല്ലത്തിൽ തുടങ്ങിയതു് രണ്ടുതവണയെങ്കിലും കുത്തിവെപ്പിക്കുക. ഓരോ തവണയും പഴുക്കുന്നില്ലെങ്കിൽ അപ്പോഴെല്ലാം മസൂരി പകരാതിരിക്കുവാനുള്ള ആ ശക്തി ഇന്നും ശരീരത്തിലുണ്ടെന്നു വിശ്വസിക്കാം. പഴുപ്പുണ്ടെങ്കിൽ ഒരു രണ്ടുകൊല്ലത്തേയ്ക്കു് കുത്തിവെപ്പുതന്നെ ആവശ്യമില്ല. ചിലർക്കു് ഒരു കുത്തിവെപ്പുകൊണ്ടു് ലഭിച്ച ഈ പ്രതിരോധനശക്തി മരണംവരെ നിന്നുനിന്നുവെന്നും വരാം!!

അങ്ങിനെ അങ്ങയുടെ പ്രസംഗം നിന്നുപോകുമ്പോഴാവും ഒന്നോ രണ്ടോ പ്രാവശ്യം മസൂരി പിടിച്ചു് മുഖം അമ്മിക്കല്ലു കൊത്തിയെടുത്തപോലെ വികൃതമായ കുഞ്ഞിമുഹമ്മതോ, വറീതുമാപ്പയോ, വേലുയ്യോനോ മുന്നോട്ടു വരുന്നതു്. അവരിൽ ആരെങ്കിലും അങ്ങയോടു ചോദിക്കും--

"എനിക്കിനി കുത്തണോ?"

മറെറ പലക്കും ഉത്തരം മുട്ടിക്കുന്ന ഒരു ചോദ്യമാണതു്. ആദ്യമാദ്യം അത്തരം സന്ദർഭങ്ങളിൽ അങ്ങു് എന്തു മറുപടിയായിരിക്കും കൊടുക്കുകയെന്നു് ഞാൻ ചിന്തിച്ചുപോയിട്ടുണ്ടു്. ഒരു വാക്സിനേറററായ എന്റെ ചിന്ത അവിടേയും ഇവിടേയും ചെന്നുമുട്ടുമ്പോഴേക്കും അങ്ങു് അതിനുള്ള മറുപടി തുടങ്ങിക്കഴിഞ്ഞിരിക്കും

"ഒരിക്കൽ രോഗം ബാധിച്ചവർക്കു്" ഒന്നു് ശ്വാസം കഴിച്ചുകൊണ്ടു് അങ്ങു തുടരുകയായി.

"വീണ്ടും സുഖക്കേടു് വരുകയില്ലെന്നു് ഒരു വിശ്വാസം പൊതുവേയുണ്ടു്. ആ വിശ്വാസമാണു് അവർക്കു കുത്തിവെപ്പു വേണ്ടെന്നു വിധികല്പിക്കുന്നതു്. ഒരിക്കൽ രോഗം വന്നു് സുഖം പ്രാപിക്കുന്നതോടൊപ്പം ആ രോഗത്തെ തടുക്കുവാനുള്ള ശക്തി ആ ശരീരത്തിൽ വീണ്ടും ഉണ്ടാകുന്നുണ്ടു്. പക്ഷേ ആ ശക്തി നിന്നു നിൽക്കുന്നില്ല. കുറച്ചു കൊല്ലങ്ങൾ കഴിയുമ്പോൾ ആ ശക്തി നഷ്ടപ്പെടുന്ന കാലാവസ്ഥയും ശാരീരികമായ ശക്തിയും മുറെ പാടുകളുടെ പൂർത്തിഹീനതയുമാകാം അതിനു കാരണം. അതുകൊണ്ടാണല്ലോ വീണ്ടും അവർക്കുതന്നെ രോഗം വരുന്നതു്. നാലു പ്രാവശ്യം രോഗം വന്നു് അതുമൂലം മരിച്ച ഒന്നു രണ്ടുപേരെ എനിക്കറിയാം."

അങ്ങു് ഇതു പറയുമ്പോഴായിരിക്കും വേലുച്ചോൻ വിളിച്ചു പറയുന്നതു്:--

"എനിക്കു് മൂന്നു പ്രാവശ്യം മസൂരി വന്നിട്ടുണ്ടു്."

അപ്പോഴേയ്ക്കും കുഞ്ഞിമുഹമ്മദു പറയും:---

"എനിക്കിതു രണ്ടോമൂന്നോ പ്രാവശ്യമാ---കുളിച്ചിട്ടു് ഒരു മാസം കഴിഞ്ഞില്ലാ--"

അങ്ങയുടെ പ്രസംഗം കേൾക്കുന്നവരിൽ നിന്നുമുള്ള ഈ അഭിപ്രായപ്രകടനം അങ്ങയെ ആവേശംകൊള്ളിക്കും. മസൂരിയേയും അതിന്റെ പ്രതിരോധനനടപടികളേയും കുറിച്ചു നിന്നുനിന്നു പറയാനുള്ള ആവേശത്തോടെ അങ്ങു വീണ്ടും തുടരും

"അതിനാൽ കുത്തിവെച്ചാൽ പഴുക്കുമെന്നഭയംകൊണ്ടു് ആരും കുത്തിവെയ്ക്കാതിരിക്കരുതു്. ഒന്നു പഴുത്താൽ അതോടെ രണ്ടു ദിവസത്തെ പനിയാണു് ഏറിയാൽ ഉണ്ടാകുന്നതു്. അങ്ങിനെ ഒന്നു പഴുക്കയും പനിക്കുകയും ചെയ്യുന്നതുകൊണ്ടു് രോഗം പകരാതിരിക്കുവാനുള്ള ശക്തിയാണു് നമ്മുടെ ശരീരത്തിൽ ഉണ്ടായിത്തീരുന്നതു്. നേരേമറിച്ചു് നമുക്കു് മറുഭാഗത്തേക്കു കടക്കാം. ഒരു രോഗംപിടിപെട്ടാലോ?: പതിനഞ്ചുദിവസം മുതൽ തുടങ്ങിയതു് മുപ്പതുദിവസംവരെ പായും വിരിച്ചു നാം കിടക്കേണ്ടിവരും. തൊണ്ണൂറു ദിവസംവരെ കിടന്നവരുണ്ടു്. സ്വന്തക്കാർക്കുപോലും അടുത്തുവരില്ല. മരണം തലയ്ക്കുമീതെ കളിച്ചിരുന്നു് പുഞ്ചിരിക്കുകയായിരിക്കും. മരിക്കുവാൻതന്നെ സ്വതാൽപര്യം മനസ്സാലെ ആരും ആഗ്രഹിക്കുകയില്ല. പിന്നെ മസൂരി പിടിച്ചു മരിക്കുവാൻ ആഗ്രഹിക്കുന്നവർ ആരെങ്കിലുമുണ്ടാകുമോ? അപ്പോൾ ഈ രോഗത്തിൽ നിന്നും രക്ഷപ്പെടേണ്ടതു് നമ്മുടെ ഒഴിച്ചുകൂടാത്ത ആവശ്യമാണു്. അതിനുവേണ്ടി എല്ലാവരും കുത്തിവെയ്ക്കുക. ഒന്നുകൂടി മനസ്സിലാക്കണം. കുത്തിവെച്ചവരിലും ചിലപ്പോൾ സുഖക്കേടു വന്നുവെന്നു വരാം. അതു് വളരെ ചുരുക്കമാണു്. അങ്ങിനെ വരുന്നവരിൽ ശക്തികുറഞ്ഞ ഉണ്ടാവുകയുള്ളു. അതിനാൽ ഒരിക്കലും അപകടം സംഭവിക്കുകയുമില്ല."

"ഒരേ ശ്വാസത്തിൽ മുന്നിൽ കൂടിയിരിക്കുന്നവരോടു് ഇതുയും പറഞ്ഞു് അങ്ങൊന്നു് ആശ്വസിക്കുവാൻ നോക്കും. അപ്പോഴേയ്ക്കും ഒരു ബീഡി അങ്ങയുടെ ചുണ്ടിലിരുന്നു് പുക പരത്തുന്നുണ്ടായിരിക്കും. ഒരു മഹത്തായ കാര്യം ചെയ്തതിന്റെ കൃതാർത്ഥതയാണു് അപ്പോഴെല്ലാം ഞാൻ അങ്ങയിൽ ദർശിച്ചിട്ടുള്ളതു്.

"സാറേ, ഒന്നു വേഗം കുത്തിവെച്ചുതന്നു"—

കുത്തിവെയ്പ്പിനു് ആദ്യമേ വിമുഖതകാണിച്ച ഓരോവ്യക്തിയെക്കൊണ്ടും അങ്ങുടനെ ഒരു മെസ്മരിസക്കാരനെപ്പോലെ മറുപടിപറയിക്കും. അപ്പോൾമാത്രമാണു് അങ്ങയിൽ ഒരു ചെറുപുഞ്ചിരി പ്രകാശിക്കുന്നതു്. ആ പുഞ്ചിരി മുഖത്തുവന്നാൽ അങ്ങു കുത്തിവെപ്പിനുവേണ്ടി കയ്യും നീട്ടി തയ്യാറെടുത്തുനിൽക്കുന്നവരുടെ പിന്നിൽനിൽക്കുന്ന ഏതെങ്കിലും ഒരു വ്യക്തിയേയോ യുവാവിനേയോ അരികിലേക്കു വിളിക്കും. എന്നിട്ടു് തെല്ലു ഗൌരവത്തിൽ അങ്ങു ചോദിക്കും:--

"ഒന്നു വേഗം കുത്തിവെപ്പിച്ചോ. അല്ലെങ്കിൽ എന്തു പറയുമെന്നറിയാമോ?"

നേരെ വാ നേരെ പോ എന്നു പഠിച്ചിട്ടുള്ള ആ വിദ്യാർത്ഥിയോ യുവാവോ ഉടനെ മറുപടി പറയും—

"മസൂരി വന്നു ചത്തുപോകും."

"എങ്കിൽ നന്നായേനെ"—

അങ്ങായിരിക്കും അതു പറയുക. എന്നിട്ടു് അങ്ങു് ഇതുയുംകൂടി കൂട്ടിച്ചേർക്കും—

"ചാവാതെ പോന്നാലുണ്ടല്ലോ, മുഖം മുഴുവനും അമ്മിക്കല്ലുകൊത്തിയപോലെയാകും. പിന്നെ ഒരു വിഷമമേയുള്ളു. പതിനായിരം രൂപ കൊടുത്താലും ഒരു പെൺകുട്ടിയെ വിവാഹച്ചന്തയിൽ കിട്ടില്ല"

അങ്ങു് അതു് ഉപസംഹരിക്കുന്നതിനു മുമ്പു് എല്ലാവരും പൊട്ടിച്ചിരിക്കും. ആ ചിരി ഞാൻ ഇന്നും കാണുന്നു. ഗൌരവാവഹമായ കാര്യങ്ങളെ കൈകാര്യം ചെയ്യുമ്പോൾ അങ്ങു് എത്ര വേഗത്തിലാണു് മറവുള്ളവരെ പൊട്ടിച്ചിരിപ്പിച്ചിരുന്നതു്.

അങ്ങിനെ, കുത്തിവെയ്പിനെപ്പറ്റി ഒരു സാമാന്യജ്ഞാനം ജനങ്ങൾക്കു് പകർന്നുകൊടുത്തതിനുശേഷം, സ്വന്തം മസ്സാലെ കുത്തിവെയ്ക്കുവാൻ മുന്നോട്ടുവരുന്ന വ്യക്തി

(ശേഷം 21-ാംപേജിൽ)

(5) Successful vaccination



ഡോ: സൺയാറ്റ്സന്റെ ശവകുടീരം

★

(എൻ. ശ്രീകണ്ഠൻനായർ എം. പി.)

ഡോ: സൺയാറ്റ്സന്റെ ഭൗതികാവശിഷ്ടങ്ങൾ പെക്കിംഗിലേയ്ക്കു കൊണ്ടുവരപ്പെടുകയും പ്രത്യേകമായി പണിയുയർത്തപ്പെട്ട ഒരു ശവകുടീരത്തിൽ പ്രതിഷ്ഠിക്കുകയുംചെയ്തു മനോഹരമായ ആ ശവകുടീരത്തിനു മുകൾഭാഗം ചൈനീസ് കലയുമായി വളരെയധികം സാദൃശ്യമുണ്ട്. ഇരുവശങ്ങളിലായി ഉയർന്നുനില്ക്കുന്ന രണ്ടു സ്തൂപികകളുടെ നടുവിലായി കുടീരത്തിന്റെ ശിരോഭാഗം ഉയർന്നുനില്ക്കുന്നു. ദേശീയസ്വാതന്ത്ര്യത്തിന്റെ ജനങ്ങളുടെ ജീവിതോന്നമനം എല്ലാ അധികാരവും ജനങ്ങൾക്കു എന്നിപ്രകാരമുള്ള ഡോ: സൺയാറ്റ്സന്റെ മൂന്നു മഹദ്വചനങ്ങളും പുറത്തുള്ള ഭിത്തിയിൽ കൊത്തിവച്ചിട്ടുണ്ട്. അതിനു മുകളിൽ ലംബമാനമായി ഉയർന്നു നിൽക്കുന്ന ഗോപുരത്തിൽ "അദ്ദേഹത്തിന്റെ പുണ്യാത്മാവു സ്വർഗ്ഗത്തിനും ഭൂമിക്കും സന്തോഷമാണ്" എന്നുള്ള വാക്കുകളും കൊത്തിവച്ചിരിക്കുന്നു.

നടുവിലുള്ള ഹാളിൽ ഡോ: സൺയാറ്റ്സന്റെ ഒരു വെണ്ണക്കൽ പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. ആ ഹാളിലെ തൂണുകളിൽ പുറകിലുള്ള ചുവരുകൾ കൃഷ്ണവർണ്ണത്തിലുള്ള മസൃണശിലകൊണ്ടു നിർമ്മിക്കപ്പെട്ടതാണ്. അകത്തുള്ള ഹാളിൽ തൂണ് വെണ്ണക്കല്ലുകൊണ്ടു നിർമ്മിക്കപ്പെട്ട ശവകുടീരം. ഉഗ്രൻ ശവകുടീരങ്ങളോടു നിഷ്കൃഷ്ടമായ സാദൃശ്യം ആ കുടീരം പുലർത്തുന്നുണ്ട്. ചുവരിൽ ആ മഹാനായ നേതാവിന്റെ സന്ദേശം കൊത്തിവച്ചിട്ടുണ്ട്.

"നാല്പതുവർഷക്കാലമായി ഞാൻ വിപ്ലവരംഗങ്ങളിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. സ്വാതന്ത്ര്യവും സമത്വവുമാണെന്റെ ലക്ഷ്യം. ഇതര ദേശക്കാർ തുല്യനിലയിൽ നമ്മളോടു വർത്തിക്കുന്ന അവസ്ഥ സംജാതമാകണമെന്നു എനിക്കു നിർബ്ബന്ധമുണ്ട്. ഈ ലക്ഷ്യങ്ങളും സാക്ഷാത്കരിക്കപ്പെടണമെങ്കിൽ നാല്പതു വർഷക്കാലത്തെ എന്റെ അനുഭവപാഠങ്ങളനുസരിച്ചു നാം ജനങ്ങളെ സംഘടിപ്പിക്കുകയും നമ്മളോടു തുല്യനിലയിൽ പെരുമാറാൻ കഴിയുന്ന എല്ലാ രാഷ്ട്രങ്ങളേയും അണിനിരത്തുകയും ചെയ്യേണ്ടതു അത്യാവശ്യമാണ്. പീപ്പിൾസ്കാൺ ഗ്രസ്സ് വിളിച്ചുകൂട്ടുകയാണ് അടിയന്തിരലക്ഷ്യം. എന്റെ മൂന്നു സിദ്ധാന്തങ്ങളും ക്രമിന്താംഗിന്റെ ഒന്നാം ദേശീയസമ്മേളനത്തിൽ ഞാൻ പൂരിപ്പിച്ചുവച്ച പ്രസ്താവനയും എല്ലാ സഖാക്കളും അനുസരിക്കേണ്ടതും അവയെല്ലാം നടപ്പിലാക്കാൻ പരിശ്രമിക്കേണ്ടതുമാണ്."

മിസ്സസ് ലിങ്ങ് ഓമ്മയിൽനിന്നും പറഞ്ഞ വാചകങ്ങളാണ് ഞാൻ മുകളിൽ കുറിച്ചിരിക്കുന്നതു. ചുവരിൽ കൊത്തിവച്ചിരിക്കുന്ന സന്ദേശത്തിന്റെ പദാനുപദം തർജ്ജിമയാണോ ഇതു് എന്നുള്ളതു് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമല്ല. ആ സന്ദേശത്തിന്റെ പിറകിലുള്ള ആശയമാണ് പരമപ്രധാനമായിട്ടുള്ളതു്. ആ സന്ദേശത്തിൽ ആവിഷ്കൃതമായിരിക്കുന്ന സിദ്ധാന്തങ്ങളും ചൈനാവമ്മെൻറിനു് മാർഗ്ഗദർശനംനൽകുന്ന പ്രമാണങ്ങളായി ഇന്നും അവശേഷിക്കുന്നു. ജന്മിമാരൊഴിച്ചുള്ള ജനവിഭാഗങ്ങളെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടു ജനങ്ങളെ സംഘടിപ്പിക്കാനുള്ള യത്നങ്ങളാണ് കമ്മ്യൂണിസ്റ്റുകൾ തത്കാലം ഇന്നു സ്വീകരിച്ചുപോന്നിട്ടുള്ളതു്. പ്രായപൂർത്തിവോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാം കോൺഗ്രസ്സു വിളിച്ചുകൂട്ടാനുള്ള ഒരുക്കങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ടേപ്പിംഗ് അവസാനിച്ചിടത്തു് ഡോ: സൺയാറ്റ്സൺ സൺ തുടങ്ങുകയാണ് ചെയ്തതെങ്കിൽ പെട്ടെന്നുള്ള നിര്യാണംമൂലം സൺയാറ്റ്സൺ, തുടർന്നു നടത്താൻ കഴിയാതിരുന്നതു് മാവോ സെതുംഗ് നടപ്പിൽ വരുത്തി.

ഷാങ്ഹൈയിലേയും ക്യാൻറണിലേയും ക്രൂരക്കൊലകൾ കഴിഞ്ഞയുടനേയാണ് ഈ ശവകുടീരം പണിതുയർത്തപ്പെട്ടതെന്ന പരമാർത്ഥം അക്കാലത്തു ചിയാംഗ്കൈഷെക്കിനു് തന്റെ ശത്രുവിന്റെ ആദർശങ്ങളും പിൻതുടരാനുള്ള മനോഭാവം പ്രകടിപ്പിക്കേണ്ടിവന്നു എന്നുള്ളതിനു് തെളിവായി ശേഷിക്കുന്നു. പക്ഷേ അദ്ദേഹത്തിന്റെ വർഗ്ഗതാല്പര്യങ്ങളും വീക്ഷണഗതിയും അവശ്യം ഫ്യൂഡലിസ്റ്റിക്കായിരുന്നതുകൊണ്ടു് ഒരു സേച്ഛാധികാരിയുടെ സ്വഭാവങ്ങളിലേയ്ക്കു് ക്രമേണ അദ്ദേഹം മടങ്ങിപ്പോവുകയുണ്ടായി. നാഷണൽകാൺഗ്രസ്സല്ല തങ്ങളാണ് ഗാന്ധിജിയുടെ യഥാർത്ഥ ആദ്ധ്യാത്മികശിഷ്യഗണങ്ങളെന്നു ഇൻഡ്യയിലെ പ്രജാസോഷ്യലിസ്റ്റുകാർ അവകാശപ്പെട്ടതുപോലെ ചൈനയിലെ കമ്മ്യൂണിസ്റ്റുകാർ തങ്ങളാണ് സൺയാറ്റ്സന്റെ സാക്ഷാൻ അവകാശികളെന്നവകാശപ്പെടുന്നു.

പക്ഷേ അടുത്തകാലത്തായി അല്പം വ്യത്യാസം സംഭവിച്ചിട്ടുണ്ട്. പ്രധാന ചടങ്ങുകളിലെല്ലാം മാവോ സേതുംഗിന്റെ ഛായാപടത്തിനൊപ്പം ഡോ: സൺയാറ്റ്സന്റെയും ഛായാപടം ഉയർത്തിപിടിക്കുന്നുണ്ടെന്നുള്ളതു് ശരിയാണ്. വിദേശത്തുനിന്നും വരുന്ന നയതന്ത്രപ്രതിനിധികളും രാഷ്ട്രപിതാവിനു അവരുടെ ബഹുമാനാദരങ്ങളും സമർപ്പിക്കാറുണ്ട്, ഡോ: സൺയാറ്റ്സന്റെ ശവകുടീരത്തിൽ പോയി തങ്ങളുടെ ബഹുമാനാദരങ്ങൾ പ്രകടിപ്പിച്ചില്ലെങ്കിൽ അതൊരു അവമതിയായി ചൈനയിലെ അധികാരികളും കരുതുമെന്നു് ഇൻഡ്യൻ പ്രതിപുരുഷൻ ഞങ്ങളിൽ ചിലർക്കു് മുന്നറിയിപ്പു നൽകി പക്ഷേ ചൈനയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ അറിവു് കുറച്ചു പഴയതാണ്.

വെറും രണ്ടാഴ്ചകൊണ്ടുമാത്രം ശമിപ്പിക്കാം

സ്വപ്നസ്ഖലനം, ശീഘ്രസ്ഖലനം മുതലായ ഇന്ദ്രിയസ്ഖലനരോഗങ്ങളും അവ എത്ര പഴക്കമേറിയതായാലും ശരി സിദ്ധൗഷധത്താൽ

സ്ഖലന നിവാരണി

എന്ന അമൂല്യ വെറും രണ്ടാഴ്ചകൊണ്ട് പരിപൂർണ്ണമായി ശമിപ്പിക്കുമെന്ന് ഞങ്ങളും ഉത്തരവാദിത്വത്തോടുകൂടി ഉറപ്പുപറയുന്നു.

മൂത്രത്തിനു മുമ്പോ, പിമ്പോ, തുലുപോലെയോ, കൊഴുത്തോ, മൂത്രത്തിൽ കലന്നോ സ്വപ്നം കണ്ടോ, അല്ലാതെയോ, ദർശനം, സ്പർശനം മുതലായവകളാൽ പെട്ടെന്നോ ഉണ്ടാകുന്ന ഏതുതരം ഇന്ദ്രിയസ്ഖലനരോഗങ്ങളും അവ യാതൊന്നുകൊണ്ടും ശമിക്കാത്ത നിലയിൽ എത്തിയിരുന്നാൽ പോലും ഒരു ഡപ്പി "സ്ഖലന നിവാരണി"കൊണ്ടുമാത്രം രോഗശാന്തി വരുത്താമെന്ന് ഇതാ പരസഹസ്രം അനുഭവത്തിന്റെ പേരിൽ വീണ്ടും ഞങ്ങൾ ഉറപ്പുതരുന്നു.

വില ഡപ്പി 1-ക്ക് 5 ക. 8 ണ. വി പി. ചാർജ്ജ് 1 ക. 2 ണ.

വി. എസ്. കേശവൻവൈദ്യൻ, വൈദ്യകലാനിധി

S. D ഫാർമസി, നാരകമഠം, Alleppey P O.

(ബ്രാഞ്ച്) 95. Royap tah High Road Luz. Madras 4.

തങ്ങളുടെ പഴയ മതത്തിനോട കമ്മ്യൂ: പാർട്ടിയുടെ മനോഭാ ത്തിൽ പ്രകടമായ മാറ്റം സംഭ വിച്ചിട്ടുണ്ട്. ഞങ്ങളുടെ നാൻകിം ൽ സന്ദർശനവേളയിൽ രക്തസാ ക്ഷികളുടെ ശവകുടീരങ്ങളും സന്ദ ർശിക്കുകയായിരുന്നു ഉദ്ദേശ്യത്തെ പറ്റിയുള്ള ഒരു ചർച്ച യ്ക്കിടയിൽ ആ ശ്രീമതി പറഞ്ഞു: "പക്ഷേ ഡാ: സൺയാറ്റ്സൻ ഒരു ഭീമമായ തെറ്റാണ് ചെയ്ത തു്. യുവാൻഷിക്കായുമായി അദ്ദേഹം വിട്ടുവീഴ്ചചെയ്യാൻ പാടില്ലാത്തതായിരുന്നു. ആ യുദ്ധപ്രഭുവിനെ നിർമ്മാജ്ജനംചെയ്യാൻ തക്ക ശക്തി വിപ്ലവപ്രസ്ഥാനത്തിനുണ്ടായിരുന്നു.

മാർഷൽ ചാംഗ് സുയേലിയാം ഗ് ചിയാങ്ങ് കൈഷെക്കിനെ അ റസ്റ്റ ചെയ്ത് മാവോസേതുംഗി ന്റെ അനുയായികളെഴുല്പിച്ചപ്പോൾ മാവോയും അദ്ദേഹത്തിന്റെ അനു യായികളും എന്തുകൊണ്ടാണ് ചി യാംഗിനെ മോചിപ്പിച്ചതെന്ന് ആ ശ്രീമതിയോട് എനിക്ക ചോ ദിക്കാൻ തോന്നി പക്ഷേ വെറുത വാദിക്കുന്നതുകൊണ്ട് പ്രയോജനമി ല്ലെന്ന് എനിക്കറിയാമായിരുന്നു.

ഒരു കാലത്ത് തങ്ങളും പിന്തുട ർന്നിരുന്ന ഒരു മഹാനായ നേതാവാ യി ഡാ: സൺയാറ്റ്സനെ ഇനി യുള്ള കാലം ഉയർത്തിപ്പിടിക്കാൻ ചൈനയിലെ കമ്മ്യൂണിസ്റ്റ പാർട്ടി ആഗ്രഹിക്കുന്നില്ലെന്നാണ് എനിക്ക തോന്നുന്നത്. കമ്മ്യൂ: കാർമാറ്റ്സായോ അദ്ദേഹത്തിന് ആ സ്മാരകഹർമ്മ്യത്തിലേയ്ക്ക വന്നെ ത്താമായിരുന്നു.

സ: ലിംഗ്രമായി ടെയിനിൽ വച്ചുണ്ടായ ഒരു സംഭാഷണത്തി ന്റെ ശകലം ഞാൻ പെട്ടെന്ന് ഓർ മ്മിച്ചുപോയി. ചൈനയുടെ ചരി ത്രത്തെ പറ്റിയുള്ള ഒരു ചർച്ച യ്ക്കിടയിൽ ആ ശ്രീമതി പറഞ്ഞു: "പക്ഷേ ഡാ: സൺയാറ്റ്സൻ ഒരു ഭീമമായ തെറ്റാണ് ചെയ്ത തു്. യുവാൻഷിക്കായുമായി അദ്ദേ ഹം വിട്ടുവീഴ്ചചെയ്യാൻ പാടില്ലാ ത്തതായിരുന്നു. ആ യുദ്ധപ്രഭുവിനെ നിർമ്മാജ്ജനംചെയ്യാൻ തക്ക ശക്തി വിപ്ലവപ്രസ്ഥാനത്തിനുണ്ടായിരുന്നു.

മാർഷൽ ചാംഗ് സുയേലിയാം ഗ് ചിയാങ്ങ് കൈഷെക്കിനെ അ റസ്റ്റ ചെയ്ത് മാവോസേതുംഗി ന്റെ അനുയായികളെഴുല്പിച്ചപ്പോൾ മാവോയും അദ്ദേഹത്തിന്റെ അനു യായികളും എന്തുകൊണ്ടാണ് ചി യാംഗിനെ മോചിപ്പിച്ചതെന്ന് ആ ശ്രീമതിയോട് എനിക്ക ചോ ദിക്കാൻ തോന്നി പക്ഷേ വെറുത വാദിക്കുന്നതുകൊണ്ട് പ്രയോജനമി ല്ലെന്ന് എനിക്കറിയാമായിരുന്നു.

ഒരു കാലത്ത് തങ്ങളും പിന്തുട ർന്നിരുന്ന ഒരു മഹാനായ നേതാവാ യി ഡാ: സൺയാറ്റ്സനെ ഇനി യുള്ള കാലം ഉയർത്തിപ്പിടിക്കാൻ ചൈനയിലെ കമ്മ്യൂണിസ്റ്റ പാർട്ടി ആഗ്രഹിക്കുന്നില്ലെന്നാണ് എനിക്ക തോന്നുന്നത്. കമ്മ്യൂ: പാർട്ടിയോട് നീതികാണിക്കാൻവേ ണ്ടി ഡാ. സൺയാറ്റ്സൻ തന്റെ ഉദ്ദേശലക്ഷ്യങ്ങളും തീകച്ചും വ്യക്ത മായിരുന്നില്ലെന്ന ഞാൻ സമ്മതി ക്കുന്നു. തന്റെ സിദ്ധാന്തങ്ങളും പ്ര യോഗത്തിൽ വരുത്താനായി ഫല പ്രദമായ രീതിയിൽ ജനങ്ങളെ ഏതു രീതിയിൽ സംഘടിപ്പിക്ക ണമെന്ന് അദ്ദേഹത്തിന് നിശ്ച യമില്ലായിരുന്നു. പക്ഷേ മാവോ സേതുംഗിന് ആർജ്ജിക്കാൻ കഴി ഞ്ഞ വിജയത്തിലേക്ക ചെന്നെത്തു വാനും മാവോസേതുംഗ് നടപ്പിലാ ക്കിയവയെല്ലാം നടപ്പിൽവരുത്തു വാനും അന്നത്തെ വസ്തുനിഷ്ഠമായ സാഹചര്യങ്ങളും പരിപക്വമായി രുന്നില്ലെന്നുള്ള വസ്തുതനാം വിസ്മ രിച്ചുകൂടാ. മാവോസേതുംഗിനെപോ ലെയോ, ഒരുപക്ഷേ മാവോസേതും ഗിനെക്കാളുമോ ലോകചരിത്രത്തി ലെ ഒരു മഹാപുരുഷനാണ് ഡാ: സൺയാറ്റ്സൻ. പക്ഷേ ചൈന യിലെ കമ്മ്യൂണിസ്റ്റുകാർ മാ വോസേതുംഗിനെ ഇശ്വരനായി ഉ യർത്താനാഗ്രഹിച്ചു. ഇശ്വരൻ സർ വ്വാധികാരിയാണ്. മനുഷ്യജാല ങ്ങൾക്കെല്ലാം അതീതനാണ്. തൽ ഫലമായി ലെനിന്റെ സുഹൃത്തും സ മകാലികനുമായ ചരിത്രത്തിലെ അത്യുന്നതന്മാരി ലൊരാളായ ഡാ: സൺയാറ്റ് സൻ ഇന്ന് ക്രമേണ വിസ്മൃതി യിലേയ്ക്ക തള്ളിനീക്കപ്പെടുകയാ ണ്. ചരിത്രത്തെ വളച്ചൊടിച്ചു കൊണ്ട് ചൈനയ്ക്ക് എന്തെങ്കി ലും പ്രയോജനമുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഈ പ്രവണതകളും യഥാകാലം നിയന്ത്രിക്കപ്പെടുമെന്ന തന്നെ നമുക്കാശിക്കാം.

(തുടരും)



തലവേദന, അകാലനര, താരണം, പുകച്ചിൽ, മുടി കൊഴിച്ചിൽ ഇവയെ മാ റ്റി, തലച്ചോറിനും, കണ്ണിനും കുളിർമനൽകി തലമുടി നീണ്ടുചുരുണ്ട് സമൃദ്ധമായി വളരുന്നതിന് പര്യാപ്തമായ വിധം, ആയുർവേദ ശാസ്ത്രപ്രകാരം തനി എള്ളെണ്ണയിൽ അനേകം ഫലവത്തുക്കളായ ഔഷധങ്ങളും സുഗന്ധപുഷ്പരസങ്ങളും ചേർത്ത് തയ്യാറാക്കിയ സുഗന്ധകുന്തള തൈലം.

4-ഔ. കുപ്പി 1-[illegible] 16-0.

N B 3 കുപ്പിയിൽ കുറഞ്ഞ് വി. പി. അയയ്ക്കുന്നതല്ല. 25% മുൻകൂർ. (ഇംഗ്ലീഷ് പരിജ്ഞാനമുള്ള സാധുവായ ഒരു പയ്യനെ ആവശ്യമുണ്ട്.

(18-ാംപേജിൽ നിന്നും തുടർച്ച)

കുറെക്കൂടി മറ്റു ചില പുതിയ പാഠങ്ങൾകൂടി അങ്ങു ഉപദേശിക്കുകയായി.

അങ്ങ് ഇങ്ങിനെ ആരംഭിക്കും: "ഒരു രണ്ടു നിമിഷം ക്ഷമിക്കൂ. ഞാനീ(6) ലേൻസറിന് ചൂടുപിടിപ്പിച്ചിട്ടേയുള്ളു. അതു് ഐസുപോലെ തണുത്തതിനു ശേഷമേ കുത്തിവെപ്പു നടത്താവൂ. അല്ലെങ്കിൽ ലേൻസറിന്റെ ചൂടുതട്ടി കുത്തിവെക്കുന്ന മരുന്നിലെ അണുക്കളെ നശിക്കാനിടവരുകയും അങ്ങിനെ കുത്തിവെയ്പ്പു പരാജയപ്പെടുകയുംചെയ്യും. ഒരു കാര്യം ചെയ്യൂ. ആ ഇടതുകയ്യിന്റെകീഴ്ഭാഗം ഒന്നു വൃത്തിയായി കഴുകിയാൽ കൊള്ളാം."

കുത്തിവെയ്പ്പിനെപ്പറ്റിഎന്തൊക്കെയോ ധരിച്ചുവെച്ചിട്ടുള്ള ചില അഭ്യസ്തവിദ്യർ ഉടനെ ചോദിക്കും—

"കഴുകണോ? സ്പിരിറിട്ടില്ലേ, കൈ തുടക്കാൻ?"

അപ്പോൾ അങ്ങു പറയും:—

"സ്പിരിറിട്ടു തുടച്ചാൽ അഴുക്കു പോകും. പിന്നെ കുത്തിവെപ്പുനടത്തുവാൻ പത്തുമിനിറ്റു താമസിക്കണം. അല്ലെങ്കിൽ സ്പിരിറിന്റെശക്തിയിൽ കുത്തിവെക്കുന്ന മരുന്നിലെ അണുക്കളെ നശിച്ചുപോകും."

ഇതുപറഞ്ഞു് അങ്ങ് ഒരു ജാലവിദ്യക്കാരനെപോലെ മുമ്പിലിരിക്കുന്ന ചെറിയപെട്ടിയിൽനിന്നും പുറത്തു വെളിച്ചവും കൊള്ളാത്തെ സുരക്ഷിതമായി വെച്ചിട്ടുള്ള (7) കാഫ് ലിംഫ് എടുക്കും. എന്നിട്ടു് ഇരുപത്തഞ്ചോ നാല്പതോപേരെ കുത്തിവെക്കാവുന്ന മരുന്നു് അടക്കം ചെയ്ത ഒന്നോ ഒന്നരയോ ഇഞ്ചു് നീളമുള്ള ആ ചെറിയ കുപ്പിയെടുത്തു് അങ്ങ് കൂടിനിൽക്കാരെ പ്രദർശിപ്പിക്കും. കൂടെ ആ പ്രസംഗവും:—

"ഇതു് എന്താണെന്നു് അറിയാമോ? ഇതു് നിറച്ചു് മസൂരിയുടെ അണുക്കളാണു്, അതിന്റെ ചലമാണു്. നിങ്ങൾക്കു് വിശ്വസിക്കുവാൻ കഴിയുന്നില്ല. അല്ല? കഴിയില്ല. ഇതു് പഴകിയ കുത്തിവെള്ളം പോലെമാത്രമേതോന്നുകയുള്ളു. ആസ്പത്രികളിലെ രക്തം പരിശോധിക്കുന്ന ദൂരദർശിനിയുടെ കീഴിൽ ഇതിൽനിന്നും ഒരു തുള്ളിയെടുത്തുവച്ചു് നോക്കിയാലറിയാം ഇതു നിറച്ചും ഒരു പ്രത്യേകതരം ജീവനുള്ള അണുക്കളാണെന്നു്. എണ്ണത്തിൽ വളരെ അധികമുണ്ടായിരിക്കും. അവയ്ക്കു് പ്രത്യേകം പേരുണ്ടു്. പക്ഷേ, നമുക്കു് അവിടേയ്ക്കു കടക്കണ്ടേ. ഒന്നുമാത്രം മനസ്സിലായാൽ മതി. ഇതു് രോഗബാധിതരുടെ ശരീരത്തിൽ നിന്നും ഞെക്കിയെടുത്തതല്ല. മദ്രാസിൽ ഗിണ്ടി ഗ്വൻസ്റ്റിട്യൂട്ടിലും തിരുവനന്തപുരത്തു് പബ്ലിക്ക് ഹെൽത്തു് ലാബറട്ടറിയിലുമാണു് നമ്മുടെ അടുത്തു് ഇതു തയ്യാർചെയ്യുന്നതു്.

ആരോഗ്യമുള്ള പശുക്കുട്ടികളുടെ അകിടിനു മേൽഭാഗത്തു് രോമങ്ങൾ വടിച്ചുകളഞ്ഞു് ചെറിയ പോറലുകളുണ്ടാക്കുന്നു. അവിടെ മസൂരിയുടെ അണുക്കളെ പുരട്ടുന്നു. പശുക്കളെ കഴിയുമ്പോൾ അതെല്ലാം മാന്തിയെടുത്തു യന്ത്രസഹായത്തോടെ മരുന്നുകളെ ചേർത്തു് ശുദ്ധിചെയ്തെടുത്തു് ചെറിയ ചെറിയ കുപ്പികളിലാക്കി കാറ്റും വെയിലും കൊള്ളാത്ത തണുപ്പുള്ള സ്ഥലങ്ങളിൽ സൂക്ഷിക്കുന്നു. ഇങ്ങിനെ തയ്യാർ ചെയ്യുന്ന ഈ മരുന്നിനു് കാഫ്ലിംഫ് എന്നു വിളിക്കുന്നു. മസൂരിയുടെ അണുക്കളെ പശുക്കളിൽ കുത്തിവെച്ചു വളർത്തുന്നതു്, അതുകൊണ്ടു കുത്തിയാൽ പൊള്ളുകില്ലേ?"

ഉടനെ അങ്ങയുടെ പ്രസംഗത്തിന്റെ മട്ടു മാറുകയായി. അങ്ങു തുടരും:—

"ഒരാളുടെ ശരീരത്തിൽ കുത്തിയതുകൊണ്ടതന്നെ മറ്റൊരാളുടെ ശരീരത്തിൽ കുത്തുമ്പോൾ പല രോഗങ്ങളും അതു മൂലം പകരുന്നതിനു സാദ്ധ്യതയുണ്ടു്. അങ്ങിനെ ഒരാളുടെ ശരീരത്തിലെ സുഖക്കേടുകൾ മറ്റൊരാളുടെ ശരീരത്തിൽ കയറാതിരിക്കുന്നതിനാണു് ലേൻസറിനു് ചൂടുപിടിപ്പിക്കുന്നതു്. പിന്നെ ഒരു കാര്യം കൂടിയുണ്ടു്. ഗോവസൂരി കുത്തിവെപ്പു് എന്നു വെച്ചാൽ, ശരീരത്തിൽ എവിടെയെങ്കിലും തൊലി പൊട്ടിച്ചു് മസൂരിയുടെ അണുക്കൾ ശരീരത്തിൽ കയറുക എന്നാണു്. ഈ മരുന്നു പതിനഞ്ചു മിനിറ്റു നേരം യാതൊരു കാരണവശാലും തുടച്ചുപോകാതെയും ചൂടുകൊള്ളാതെയും കൈത്തണ്ടയിൽതന്നെ കരിക്കണം. എങ്കിലേ, കുത്തിവെച്ചുകൊണ്ടു് നാം ഉദ്ദേശിക്കുന്ന ഫലം അനുഭവപ്പെടൂ...."

അങ്ങയുടെ വിശദീകരണം അങ്ങിനെ മുമ്പോട്ടുപോകുമ്പോഴായിരിക്കും ആരെങ്കിലും കുത്തിവെച്ചകഴഞ്ഞതിനുശേഷം അങ്ങയുടെ മുമ്പിൽവെച്ചതന്നെ ആ മരുന്നു തുടുപ്പുകളയാൻ ശ്രമിക്കുന്നതു് അങ്ങയുടെ ശ്രദ്ധയിൽപ്പെടുക. ഉടനെ അങ്ങു് ഉടനും:—

"അരുതു്. കുത്തിവെച്ച മരുന്നു് യാതൊരു കാരണവശാലും തുടച്ചുപോകരുതു്. അതുകൊണ്ടു് രണ്ടു ദോഷങ്ങളാണു് സംഭവിക്കുക. ഒന്നാമതു് മരുന്നു് നഷ്ടപ്പെടുന്നതുകൊണ്ടു് കുത്തിവെയ്പിന്റെ ഗുണം നഷ്ടപ്പെടുന്നു. രണ്ടാമതു് നമ്മുടെ കയ്യിലും തുണികളിലും ധാരാളം അഴുക്കുകളും ഉണ്ടായിരിക്കും. തുണികൊണ്ടോ കൈകൊണ്ടോ നാം മരുന്നു തുടുപ്പുകളുമ്പോൾ സംഭവിക്കുന്നതു ഇതാണു്. തൊലിപൊട്ടിയ ആ ഭാഗത്തു് അഴുക്കു കയറുന്നു. അങ്ങിനെ അഴുക്കുകയറിയാൽഅവിടെ പഴുക്കും. ഉണങ്ങുവാൻ ചിലപ്പോൾ മാസങ്ങളുംതന്നെ പിടിക്കും. ഇതുതന്നെയാണു് ചാണകം മുതലായ സാധനങ്ങൾകൊണ്ടു് തുടുപ്പുകളുമ്പോഴും സംഭവിക്കുന്നതു്. അതിലെ അണുക്കൾ ശരീരത്തിൽ കയറുന്നു. അങ്ങിനെ അതു പഴുക്കുകയും മറ്റു പല രോഗങ്ങളും സംഭവിക്കുകയും ചെയ്യുന്നു."

എന്നിട്ടു് അങ്ങു ഇപ്പറഞ്ഞ കാര്യം മൂന്നും ഒന്നുകൂടി വിശദീകരിക്കുന്നതിനു് ചില അനുഭവകഥകളും പുറത്തേക്കെടുക്കും. കുത്തിവെച്ചതിനു് ശേഷം അവിടെ ചാണകംപൂട്ടിയ ഒരു കുഞ്ഞു് വില്ലുവാതംപിടിച്ചു് കോട്ടയത്തുള്ള ആസ്പത്രിയിൽവെച്ചു മരിച്ച ആ ഭയങ്കരകഥ അങ്ങുഭംഗിയായി ചിത്രീകരിക്കും. പിന്നെ, ചാണകം തേച്ചുതുടുപ്പുകൊണ്ടതന്നെ ഒരു പൊട്ടിക്കായപോലെ കുത്തിവെച്ചഭാഗത്തു് ഒരു കുരുകണ്ട ഒരു റിക്ഷാക്കാരന്റെ കഥ. ആസ്പത്രിയിൽപോയി അതു

Lancet ഗോവസൂരി കുത്തിവെപ്പിനു ഉപയോഗിക്കുന്ന ആയുധം.

(7) Calf lymph കുത്തിവെക്കാനുപയോഗിക്കുന്ന മരുന്നിന്റെ പേരു്.

(8) Cowpox virus.

അടുത്ത ലക്കത്തിൽ

"മാവോസേതുംഗ് നീണാൾ വാഴട്ടെ"

ശ്രീകണ്ഠൻനായരുടെ ചൈനയെപ്പറ്റിയുള്ള കുറിപ്പുകളിൽ ഏറ്റവും ഒടുവിലത്തെ അദ്ധ്യായം

കീറി അതിലെ ചോരകളയാൻ അയാഥംപെട്ടപാട്ട്.''

അങ്ങിനെ, ഒന്നിൽ നിന്നും മറ്റൊന്നിലേക്ക് അങ്ങയുടെ വിശദീകരണം നീങ്ങുമ്പോഴായിരിക്കും (a) പ്രൈമറി വേക്സിനേഷൻ പോലും കഴിഞ്ഞിട്ടില്ലാത്ത അഞ്ചോ ആറോ മാസം പ്രായമുള്ള ഒരു ചോരക്കുഞ്ഞിനെ അങ്ങയുടെ ദൃഷ്ടിയിൽപ്പെട്ടുക.

''ആ കുഞ്ഞിനെ കുത്തിവെച്ചിട്ടുണ്ടോ അമ്മാ.

ആ ചോരക്കുഞ്ഞിന്റെ അമ്മ ഒരു പതിനെട്ടുകാരിയാണെങ്കിൽക്കൂടി, ഒരുപാടു കഴിഞ്ഞ പുലയോടെന്നവണ്ണം അങ്ങു ചോദിക്കും. ആദ്യത്തെ കുത്തിവെപ്പ്, കുട്ടികളിൽ ഇതു് മൂന്നു മൂന്നുമാസത്തിനും 6 മാസത്തിനും ഇടക്കു് നടത്തുന്നു.

''അയ്യോ, ഈ ചോരക്കുഞ്ഞിനെ കുത്തിവെയ്ക്കുകയോ? എന്തു പാടാണീശ്വരാ-വേണമെങ്കിൽ എന്നെ ചെയ്തോളൂ.''—

വാൽസല്യം നിറഞ്ഞ ആ മാതൃഹൃദയം തന്റെ പിഞ്ചുപൈതലിനെ ഒരു ചെറിയ നൊമ്പരം അനുഭവിപ്പിക്കുന്നതിലുള്ള മനോവേദനയോടെ മറുപടി പറയും.

''നോക്കൂ, അമ്മാ''—

അങ്ങു തുടരുകയായി:—

''നാടു മുഴുവൻ മസൂരി പടർന്നു പിടിച്ചിരിക്കുന്നു. തീരെ കുത്തിവെച്ചിട്ടില്ലാത്ത കുട്ടികളിലാണ് ഈ രോഗം വളരെ വേഗം പകരുന്നതു്. നമുക്കു മാത്രമാണ് ചെറിയ കുട്ടികൾ എന്ന ധാരണ. മസൂരിക്കു് ആ നോട്ടമില്ല. ഉണ്ടായിരുന്നെങ്കിൽ ഇത്ര വളരെ കുട്ടികളെ ഈ രോഗം റാഞ്ചിക്കൊണ്ടുപോകുമായിരുന്നോ? ഇവിടെ രോഗബാധിതപ്രദേശമായി ശവമെങ്കിൽ നിന്നും പ്രഖ്യാപിച്ചിട്ടതന്നെ മാസം രണ്ടു കഴിഞ്ഞു. ഇന്നും രോഗത്തിന്റെ ഉഗ്രതയ്ക്കു് കായ്മായ കുറവൊന്നുമില്ല. ഇതിനുകാരണം ഈ പട്ടണത്തിലെ അങ്ങേഅറ്റത്തെ വൃത്തിഹീനതയാണെന്നു് വാദിക്കുന്നവരുണ്ടു്. കുടിക്കുവാൻ ഒരു കുടം വെള്ളത്തിനു് മൂന്നണ കൊടുക്കേണ്ടിവരുന്ന ഈ നാട്ടിൽ ദുഷ്പ്രകർഷ്ടവ്യാധികളും മാറിമാറിപ്പിടിക്കുന്നവരുണ്ടു്. ഇതിൽ കുറച്ചൊക്കെ കായ്മുണ്ടു്. പക്ഷേ ഞാൻ മറ്റൊന്നാണു പറയുക. ഒരു ദിവസംകൊണ്ടു് ഈ പട്ടണം അങ്ങേഅറ്റത്തെ വൃത്തിയുള്ളതാക്കിയാലും ഇവിടെനിന്നു് രോഗം മാറുവാൻപോകുന്നില്ല, ഈ പട്ടണത്തിലെ ഓരോ കുട്ടിയും, ഓരോ മുതിർന്നവരും, ഈ കാലമെട്ടത്തിൽ കുത്തിവെച്ചില്ലെങ്കിൽ.

ഓരോ വീട്ടുകളിലും ഇന്നു മസൂരി നൃത്തംചവിട്ടുകയാണു്. പഴുത്ത പ്ലാവില കൊഴിഞ്ഞു വീഴുന്നപോലെ കുട്ടികളും മുതിർന്നവരും അനുദിനം മരിച്ചുവീഴുകയാണു്. എന്നാൽ കുത്തിവെച്ചു പഴുത്തുണങ്ങിക്കഴിഞ്ഞ ഒരൊറ്റ കൊച്ചുകുട്ടിപോലും ഈ നാട്ടിൽ മസൂരികൊണ്ടു മരിച്ചിട്ടില്ല. ഒരൊറ്റക്കുട്ടിക്കുപോലും മസൂരി പകർന്നിട്ടില്ല. മരണമടഞ്ഞ ഓരോ കുട്ടിയും തീരെ കുത്തിവെക്കാത്തവരായിരുന്നു. അതിനാൽ, സ്നേഹവതികളായ അമ്മമാരെ, ഹൃദയമുള്ള മാതാക്കളെ, ഭാഗ്യം പരീക്ഷിക്കുവാൻ നിങ്ങളുടെ ഓരോ കൈക്കുഞ്ഞിനേയും കഴിയുംമുമ്പേ കുത്തിവെയ്പ്പിക്കുക. ഒരുദിവസം മുമ്പേ നാമതു നടത്തിയാൽ അതു അത്രയും നല്ലതാണു്. അങ്ങിനെ ആ കൊച്ചുകുട്ടികൾക്കു് ജീവൻ നൽകുക. അവരെ മരണത്തിൽ നിന്നു രക്ഷിക്കുക.''

ഇപ്പറഞ്ഞ കായ്മാത്രയും ആ പതിനെട്ടുകാരിയായ അമ്മക്കുമറിയാം. എന്നിരുന്നാലും കുഞ്ഞിനു നോവുമല്ലോഎന്നഭയത്തിനു്, ആ അമ്മ കുത്തിവെയ്പ്പിനെപ്പറ്റി നാളിതുവരെ മനസ്സിലാക്കിയ അറിവു് ഉടനെ പുറത്തേയ്ക്കെടുത്തിട്ടു:—

''കുത്തിവെച്ചാലും വരാനുള്ളതു് വഴിയിൽത്തങ്ങില്ല. തെക്കേലെ രാമൻനായരുടെ കുഞ്ഞു് കുത്തിവച്ചിട്ടല്ലേ മസൂരിവന്നു മരിച്ചതു്?''

ആ തിരാത്ത സംശയത്തിനു് മറുപടി കൊടുക്കുവാനുള്ള ബദ്ധപ്പാടിൽ അങ്ങു തുടരുകയായി: —

''അങ്ങിനെ പറയൂ. എങ്ങിനെയാണു് രാമൻനായരുടെ കുഞ്ഞിനു് മസൂരി വന്നതെന്നറിയാമോ? നാടുമുഴുവൻ സുഖക്കേടു് പടർന്നുപിടിച്ചിരിക്കുമ്പോൾ രോഗാണുക്കൾ നമ്മുടെ ശരീരത്തിൽ പകരുന്നതിനുമുമ്പുവേണം കുത്തിവെയ്പ്പുനടത്തുവാൻ. ഒരാളുടെ ശരീരത്തിൽ രോഗംപകർന്നാൽ പതിനൊന്നുപതിനാലുദിവസം കൊണ്ടാണു് നല്ല പനിയോടുകൂടി കുരുക്കളംപൊന്തുന്നതു്. അപ്പോൾ പനിക്കുമുമ്പു്, കുരുക്കൾ പൊന്തുന്നതിനു മുമ്പു്, ഒരാളിൽ രോഗംപകർന്നെന്നു നിശ്ചയിക്കുവാൻ ആർക്കും സാദ്ധ്യമല്ല. അത്തരം രോഗം പകർന്നവരിൽ കുത്തിവെപ്പു നടത്തിയാൽ, അവരിൽ രോഗം പകർന്നതുകൊണ്ടും രോഗത്തെ തടുക്കുവാനുള്ള ശക്തിയില്ലാത്തതുകൊണ്ടും ഉടനെ രണ്ടു മൂന്നു ദിവസത്തിനകം പനി വരുന്നു. ശക്തിയായ പനിയും ഘോരമായ തലവേദനയും കഠിനമായ പുറംകഴപ്പും ഈ രോഗത്തിന്റെ പ്രധാന ലക്ഷണങ്ങളാണു്. ക്രമപ്പിറപ്പുകളാണു്. ഇങ്ങിനെ, കുത്തിവെപ്പിനെത്തുടർന്ന രോഗം ബാധിക്കുന്നവർക്കു് വളരെ ശക്തികുറഞ്ഞേ ബാധിക്കയുള്ളൂ. അപകടങ്ങളാകട്ടേ വളരെ കുറയുകയും ചെയ്യും. അതിനുകാരണം രോഗാണുക്കൾ ശരീരത്തിൽ പ്രവേശിച്ചു് അതിന്റെ പൂർണ്ണ വളർച്ചയ്ക്കുമുമ്പു് കുത്തിവെയ്പ്പ് അവയെ പുറത്തുവരുവാൻ സഹായിച്ചു എന്നതാണു്.

ഒരു പ്രത്യേകതയുള്ളതു് കുട്ടികളെ സംബന്ധിച്ചാണു്. കുട്ടികളിൽ എത്ര ചെറിയ തോതിൽ ഈ രോഗം ബാധിച്ചാലും രക്ഷപ്പെടുക്ഷിപ്രസാദ്ധ്യമാണു്. 103 മുതൽ 107 ഡിഗ്രിവരെ പനക്കുക മസൂരിയുടെ പ്രത്യേകതയാണു്. ഈ ശക്തിയായ പനിമൂലം മസൂരിക്കുപുറമെ ന്യൂമോണിയ, ശ്വാസകോശസംബന്ധമായ രോഗങ്ങൾ, കണ്ണിന്റെ കൃഷ്ണമണിയിൽ വെള്ളത്തപാട്ടകംവീഴുക തുടങ്ങിയ മറ്റു രോഗങ്ങളും കുട്ടികളെബാധിക്കുന്നു. ശരിയായ വൈദ്യസഹായം കിട്ടിയാൽ കുറെയൊക്കെ രക്ഷ നൽകുവാൻകഴിയും. അനുഭവം മറിച്ചാണു്. ഒരു വശത്തു് ഭയങ്കരമായ രോഗവും മറുവശത്തു് അപര്യാപ്തമായ ചികിത്സയും ഓരോ കുട്ടിയേയും അടുത്ത ചുടലയിലേക്ക് ആനയിക്കുന്നു. അങ്ങിനെതന്നെയാണു് രാമൻനായരുടെ കുട്ടിയും എല്ലാ കുട്ടികളേയുംപോലെ വേദനതിനും മരണമടഞ്ഞതു്.

ഏട്ടോ പത്തോ ദിവസം രോഗം ബാധിച്ച ഒരു കുട്ടി, നമ്മുടെ കൺമുമ്പിൽ കിടന്നു പിടഞ്ഞു ചാവുന്നതു് നാം നോക്കിനിന്നു കാണും. എന്നിട്ടു് ഈശ്വരൻ തന്നില്ല എന്നു ആ ആശ്വാസത്തിന്റെ അവസ്ഥവുമായി നമ്മൾ കണ്ണുനീർപൊഴിക്കും. ഈ അവസ്ഥയിൽ നിന്നും രക്ഷപ്രാപിക്കുവാൻ വേണ്ടി, ഈ രോഗം വരാതിരിക്കുവാൻ വേണ്ടി, ഒന്നു് കുത്തിവെപ്പിച്ചു് അതിൽനിന്നുണ്ടാകുന്ന രണ്ടോ നാലോ ദിവസത്തെ ഒട്ടും അപകടമില്ലാത്ത ആ പനി കാണുവാൻമാത്രം നമുക്കു മനക്കരുത്തില്ല. നമുക്കു കഴിയില്ല. ഓ, നമ്മുടെ വാൽസല്യം!!

എല്ലാം ശക്തികളോടുംകൂടി അങ്ങിനെ അങ്ങയുടെ പ്രസംഗം ഉപസംഹരിച്ചുകഴിയുമ്പോൾ പതിനെട്ടുകാരിയായ ആ അമ്മയുടേയും ആ പോലെയുള്ള മറ്റു അമ്മമാരുടേയും തലയിൽ ഒരു പുതിയ വെളിച്ചം കടക്കുകയായി. നിയമത്തിനു് കൊടുവാൻ കഴിയാത്ത ഈ വെളിച്ചം മനുഷ്യത്വത്തമാനിച്ചുകൊണ്ടുള്ള അങ്ങയുടെ പ്രസംഗത്തിനു മാത്രമെ പ്രദാനം ചെയ്യാൻ കഴിയൂ. അങ്ങിനെ സ്വന്തം മനസ്സാലെ മുന്നോട്ടുവന്നു് കുട്ടികളെ കുത്തിവെപ്പിക്കുന്ന ഓരോ അമ്മയോടും അങ്ങു് ആദ്യമായി മൂന്നാം ദിവസം ഒന്നു വയറിളക്കുവാനാണു് ഉപദേശിക്കുന്നതു്. കുട്ടികളിൽ കുത്തിവെയ്പ്പു നടത്തിയാൽ മൂന്നാം ദിവസത്തിനു ശേഷമാണു്. അതിനുമുമ്പു വയറിളക്കുക എന്നതു് പനി വരുന്നതു് ശക്തികുറഞ്ഞും കുഴപ്പമില്ലാതെയുമിരിക്കാൻ വളരെ സഹായിക്കുന്നു എന്നും അങ്ങു പറഞ്ഞു നിർത്തിയിട്ടു്, അതു പഴുത്തു വരുമ്പോൾ തൊടുകയായി കഴുകി, എന്തെങ്കിലും മരുന്നിടണമെന്നും മറ്റും ഉപദേശിക്കുകയായി. ശക്തിയായി കഴുകി, പഴുത്ത ഭാഗത്തു് ചലമുണ്ടെങ്കിൽ നല്ല പോലെ തുടച്ചുകളഞ്ഞു് മരുന്നു വെച്ചാൽ നാലേ നാലുദിവസംകൊണ്ടു് അതു് ഉണങ്ങുമെന്നും, അങ്ങിനെ ചെയ്യാതിരുന്നാൽ കൂടുതൽ വല്ലപ്പത്തിൽ പഴുക്കുകയും ഉണങ്ങുവാൻ നിന്ന ദിവസങ്ങളും പിടിക്കുമെന്നും അങ്ങു പറഞ്ഞു മനസ്സിലാക്കുമ്പോഴാണു്, പല കുട്ടികളുടേയും കൈകളും കൂളംപോലെ പഴുത്തു്, ഉണങ്ങുവാൻ നിന്ന മാസങ്ങളുംതന്നെ പിടിച്ച അനുഭവങ്ങളുടെ രഹസ്യം അളുകൾ അറിയുന്നതു്.

(Primary vaccination=

എന്റെ ബാലൻ,

ഒരു വശത്തു്; മസൂരിയേയും ഗോവസൂരി കുത്തിവെപ്പിനേയുംപറ്റി സാധാരണക്കാർ അറിഞ്ഞിരിക്കേണ്ട പലതും അവരുടെയിടയിൽ പ്രചരിപ്പിക്കുന്നതിനോടൊപ്പം, രോഗികളുടെ നേരെ അങ്ങു കാണിക്കുന്ന അതിരറ്റ സ്നേഹം എന്നെ കോരിമയിർ കൊള്ളിക്കയാണു്. പഴുത്തു് ചലം ഒലിക്കുന്ന, ദുർഗന്ധം വമിക്കുന്ന മനുഷ്യശരീരങ്ങളിൽ അങ്ങയുടെ നേരിയവിരലുകൾ ചലിക്കുമ്പോൾ ഞാൻ അത്ഭുതപ്പെട്ടമായിരുന്നു. ഇങ്ങിനെയുമുണ്ടോ ഒരാത്മാർത്ഥത? ഭയങ്കരമായ ഒരു പകർച്ചവ്യാധിയുടെ മുന്നിൽ സ്വന്തജീവൻ നിസ്സാരമായി കണക്കാക്കുന്നു. മരണത്തിന്റെയും ജീവിതത്തിന്റെയും നടുവിൽ കിടന്നു് നരകിക്കുന്ന രോഗികൾക്കു് തികഞ്ഞ ആത്മാർത്ഥതയോടെ ആശ്വാസത്തിന്റെ അമൃതം പകർന്നു നല്കുന്നു. സ്വന്തംജീവിതത്തിനു് ഒരു പുൽക്കൊടിയുടെ വിലകൂടി കല്പിക്കാതെ.

സ്നേഹം വഴിഞ്ഞൊഴുകുന്ന ആ ഹൃദയത്തിനു മുന്നിൽ എന്റെ കരങ്ങൾ താനേ കൂമ്പി. വർശ്ചമയക്കുന്ന ആ മന്ദഹാസത്തിനു മുന്നിൽ എന്റെ ശിരസ്സു് അനുസരണമാക്കപ്പെട്ടു. പാറക്കെട്ടുകളെപ്പോലും ചിരിപ്പിക്കുന്ന ആ ഫലിതത്തിനു മുന്നിൽ എന്റെ ശരീരം വാടിത്തളർന്നുപോയി. അങ്ങിനെയങ്ങിനെ, ഞാനങ്ങയെ സ്നേഹിക്കുവാൻ തുടങ്ങുകയാണു്, ആരാധിക്കുകയാണു്.

ആ ത്യാഗത്തിന്റെ ദീപ്തിയിൽ പ്രകാശം പരത്തുന്ന ഒരു ജ്യോതിസ്സാകുവാൻ ഞാൻ അഭിലഷിച്ചു. മാനുഷികമായ ഒരാവശ്യം. സ്ത്രീസഹജമായ ഒരു മോഹം.

ഞാൻ ഒരു സത്യം ഉറക്കെ പറയുകയാണു്, ഇന്നോളം എനിക്കാരേയും സ്നേഹിക്കാൻ കഴിഞ്ഞിട്ടില്ല. പ്രേമത്തിന്റെ പതാകയുമായി നിരവധിപേർ എന്റെ മുന്നിൽക്കൂടെ ഘോഷയാത്ര നടത്തിയിട്ടുണ്ടു്. ചിലരുടെയെല്ലാം നമ്മസംഭാഷണങ്ങളിൽ ഒരു നിമിഷം ഞാൻ അലിഞ്ഞു ചേർന്നിട്ടുണ്ടു്. മധുരമായ ഗീതങ്ങളും കൂകുന്ന ചില കുണ്ടനാടുങ്ങളുടെ അനശ്വര ഗാനങ്ങളും കേട്ടു് ഞാൻ നിർവൃതികൊണ്ടിട്ടുണ്ടു്. പക്ഷേ, അങ്ങയിൽ ഞാൻ കണ്ട സംഗീതം, അങ്ങയിൽ ഞാൻ കണ്ട കവിത, അതുപോലെ മറെറാന്നും എന്നിൽ പറഞ്ഞിട്ടിച്ചിട്ടില്ല, മറെറാന്നും എന്റെ ഹൃദയത്തെ ആകർഷിച്ചിട്ടില്ല.

നാം....എന്തിനു ഞാനാസംബോധന മുഴുമിപ്പിക്കണം? അതിനുള്ള അവകാശം എല്ലാവിധത്തിലും എനിക്കിന്നു നിഷേധിക്കപ്പെട്ടിരിക്കയാണു്. പോരെങ്കിൽ, ഞാനൊരു സുഖക്കേടുകാരിയും. ഒരു ഭർത്താവിനെ ശുശ്രൂഷിക്കുവാനുള്ള കഴിവു എനിക്കില്ലാ. പക്ഷേ. അടക്കാനാകാത്ത ഹൃദയത്തിന്റെ വേദനകൾക്കു് തെല്ലൊരു ശാന്തി ലഭിക്കുവാൻമാത്രം ഞാനങ്ങിനെ ഉച്ചരിച്ചുപോയി. എനിക്കു മാപ്പു തരൂ!

ഞാൻ അങ്ങയെ സ്നേഹിക്കുന്നതു് ഘോരമായ ഒരപരാധമാണെന്നു് എനിക്കറിയാം. അങ്ങു വിവാഹിതനാണു്. സ്നേഹംതുളുമ്പുന്ന ഒരു ഹൃദയം അങ്ങയ്ക്കുവേണ്ടി ദാഹിച്ചിരിക്കുകയാണു്. അങ്ങയെ ആശ്ലേഷിച്ചാശ്ലേഷിച്ചാനന്ദംകൊള്ളിക്കാൻ രണ്ടോമൽക്കരങ്ങൾ വെമ്പിക്കഴിയുകയാണു്. അങ്ങയുടെ ജീവിതവല്ലരിയിൽ പൂത്ത ആ ആദ്യകുസുമം, അങ്ങയുടെ ചുണ്ടുകളിൽ പുഞ്ചിരിയുടെ മായാത്ത പൂമൊട്ടു വിരിയിക്കുവാൻ അഭിവേശം കൊള്ളുകയാണു്. സ്നേഹമധുരമായി കൊഞ്ചിക്കൊണ്ടു്, ആ കൊച്ചുകുഞ്ഞു് അങ്ങയുടെ അരികിൽനിന്നു ഇപ്പോൾ അച്ഛാ എന്നു് വിളിക്കുന്നുണ്ടായിരിക്കും. അല്ലെങ്കിൽ അച്ഛനെവിടെയെന്ന ആ ചോദ്യം ആ മാതൃത്വത്തിന്റെ മുന്നിൽ ശക്തിയായി എറിഞ്ഞുകൊണ്ടിരിക്കുകയായിരിക്കും. അങ്ങയുടെ തന്നലിൽ തളിർക്കുവാൻ അവ ചിറകടിക്കുന്നു. അങ്ങയുടെ തലോടലിൽ തളിരിടുവാൻ അവ ദാഹിക്കുന്നു അങ്ങയുടെ വെളിച്ചത്തിൽ, ഭാസുരമായ ഭാവിയെ അളിംഗനംചെയ്യുവാൻ ആ മാതാവും ആ കുസുതിക്കുരുന്നായ കുഞ്ഞുമകനും വെമ്പിക്കഴിയുകയാണു്. എല്ലാം, എല്ലാം ഒരു സ്ത്രീയായ ഞാൻ അറിയുന്നു.

അതിനാൽ ഞാൻ പിന്തിരിയുകയാണു്. ഈ ഹൃദയം എന്നെന്നും നിറുനിറു ദഹിച്ചുകൊള്ളട്ടെ. ദാഹിക്കുന്ന ഈ ആത്മാവു് ചിറകടിച്ചു ചിറകടിച്ചു് അപാരതയിലലിഞ്ഞുകൊള്ളട്ടെ.

പ്രിയപ്പെട്ട ബാലൻ, വേദനിപ്പിക്കുവാനുള്ളതല്ല എന്റെ ഈ കത്തു്. വേദനയകറ്റുവാനാണു്. കണ്മുമ്പിൽനിന്നു മായുവാനുള്ളതല്ല, കണ്മുൽസുകനാകുവാനാണു്.

ഞാൻ ആഗ്രഹിച്ച എന്നും എന്നും അങ്ങയുടെ കൂടെ നടക്കുവാൻ, അങ്ങയുടെ സാന്നിദ്ധ്യത്തിൽക്കഴിയുവാൻ. കൈത്തണ്ടകളിൽ തുളഞ്ഞുകയറുന്ന ലോൺസറുമായി പട്ടണത്തിലെ ഓരോ വീടുകളിലും കയറിയിറങ്ങുമ്പോൾ, ഓരോ രോഗിയേയും കണ്ടു മടങ്ങുമ്പോൾ, അങ്ങു് എല്ലായ്പ്പോഴും എന്റെ അരികിലുണ്ടായിരുന്നതുകൊണ്ടു് എനിക്കു് എന്തെന്നില്ലാത്ത ഒരുന്മേഷമുണ്ടായിരുന്നു. ആ ഉന്മേഷം വല്ലാത്തൊരാനന്ദവും ആത്മധൈര്യവും എനിക്കു പ്രദാനം ചെയ്തിരുന്നു. ഇതിനുമുമ്പു് മറെറാരിക്കലും എനിക്കാവികാരമുണ്ടായിട്ടില്ല. ചുരുങ്ങിയ ദിവസങ്ങൾകൊണ്ടുതന്നെയുള്ള സഹപ്രവർത്തകരുമായി ഞാൻ ജോലിചെയ്തിട്ടുണ്ടു്. പക്ഷേ, അവിടെയെങ്ങുംതന്നെയിങ്ങനെയൊരാനന്ദം എനിക്കു ലഭിച്ചിട്ടില്ല. അതേ, പലരും പരാജയപ്പെട്ടിടത്തു് അങ്ങു് ഒരാശ്വാസമാകും വിജയിച്ചു. എന്നാൽ ആ വിജയം വിലമതിക്കുവാനുള്ളതല്ലാതായിപ്പോയി!

അങ്ങയെക്കാണുമ്പോൾ എന്റെ ഹൃദയം തുടിക്കുമായിരുന്നു. ഭാവനകൾ പുളകംചാർത്തുമായിരുന്നു. സ്വപ്നങ്ങൾ പൂഞ്ചിരിക്കുമായിരുന്നു. എന്റെ കരങ്ങളിൽനിന്നും ഒരു നിമിഷമങ്ങു തെറിയുമ്പോൾ ഒരു മാൻപേടയെപ്പോലെ എന്റെ ദൃഷ്ടികൾ ഉഴറുമായിരുന്നു. എന്തൊരു ശക്തിമത്തായ പ്രവർത്തനമാണു് ഇന്ദ്രിയങ്ങൾ നടത്തിയിട്ടുള്ളതു്. ആ അനുഭൂതിവിശേഷങ്ങളെ കണ്ണിന്റെയും ഉരഭർശിനിയിലൂടെ ഞാൻ വിശകലനം ചെയ്യുന്നില്ല. അതിനെ പ്രേമത്തിന്റെ മൂല്യനിർണ്ണയത്തിനുവാൻകൂടി ഞാനിന്നു തയ്യാറില്ല. ഒന്നുമാത്രം ഞാൻ പറയും. അങ്ങയുടെ മുന്നിൽ എന്റെ സ്ത്രീത്വം കിളിർത്തിട്ടുണ്ടു് അതു് ലജ്ജയുടെ മുഖാവരണമിട്ടു് എല്ലാ ഭാഗങ്ങളിലും മലർക്കപ്പെട്ടിട്ടുണ്ടു്. എല്ലാം കണ്ടെത്തുന്ന അങ്ങയുടെ കണ്ണുകളിൽ അതു കാണാതിരിക്കുവാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. കർത്തവ്യനിരതനായ അങ്ങയുടെ ഉത്തമമായ പ്രയാണത്തിൽ അതു നാഴികക്കല്ലു് അണുകാണാതെ പോയി. ഞാനങ്ങയെ കുറെപ്പെട്ടുത്തിയില്ല.

ഓ, ഞാൻ വളരെയെല്ലാം ഏഴുതി. എന്തെഴുതിയെന്നു് എനിക്കു തന്നെ രൂപമില്ല. ഇനിയും അങ്ങയെ അതിജീവിക്കുവാനിരിക്കുന്ന പഴയതിരുപിച്ചു ജീവിതത്തിലേക്കു് അങ്ങയെ അതിജീവിക്കുവാനിരിക്കും. പണ്ടത്തേക്കാളും ഉഗ്രമായ വിധത്തിൽ അവിടെ മസൂരി സംഹാരതാണ്ഡവം ചവിട്ടുകയാണെന്നു് പത്രവാർത്തകളിലൂടെ ഞാൻ മനസ്സിലാക്കുന്നു. അങ്ങയുടെ വിശ്രമമില്ലാത്ത ജോലി ഒരുപക്ഷേ ഇതിനുമുമ്പേടി എഴുതിക്കയില്ലായിരിക്കും. വേണമെന്നില്ല. ഞാൻ പിന്തിരിഞ്ഞുകഴിഞ്ഞു. ഞാൻ കൈനീട്ടിയതു് എത്താത്ത പൂവിനായിരുന്നു. എന്റെ തെറ്റു് ഞാൻ സമ്മതിക്കുകയാണു് പക്ഷേ, അങ്ങു് വിശ്വസിക്കുവാനുള്ള ശ്രമം മുഴുവനും വിജയിച്ചിട്ടില്ല.

എന്റെ ബാലൻ, അവസാനമായി ഒരു വാക്കുകൂടി —

അങ്ങു് ഒരിക്കലും ഈ ഒരു കത്തിൽ വിഷമിക്കരുതു്. ഒരു ഹൃദയം അങ്ങയെച്ചൊല്ലി നിറുനിറു ദഹിച്ചുന്ന കഥ അനുസ്മരിക്കരുതു്. എന്റെ എളിയ അഭ്യർത്ഥന ഇതുമാത്രമാണു്. നമ്മിനി ഒരിക്കലും കണ്ടുമുട്ടാതിരിക്കട്ടെ. സരള.



ലേഖനങ്ങളിൽ നിന്ന്

★

കേരളപൂരണത്തിനിന്നും ശ്രീ. ടി. എൻ. കുഞ്ഞുക്കുട്ടി എഴുതുകയാണ്. പരിഷ്ക്കാരം അതുയേറെ വലിഞ്ഞുകേറി വയ്യാവേലിയുണ്ടാക്കാത്ത ഒരു കൊച്ചു ഗ്രാമമാണെന്നേറതു്. ഗ്രാമത്തപ്പറ്റി നിങ്ങൾക്കൊക്കെ പുച്ഛമായിരിക്കാം. ഗ്രാമത്തിലെ പെണ്ണുങ്ങളെ നിങ്ങൾക്കു വെറുപ്പായിരിക്കാം. എങ്കിലും ഇതു നിങ്ങളൊന്നു വായിച്ചേ തീരു. എനിക്കു എന്റെ നാട്ടുമൂപ്പത്തെ ഭാഷയെ അറിയാവൂ. ആ ഭാഷയിൽ തന്നെ എഴുതുകയാ.

നമ്മുടെ വനിതാപംക്തിയെഴുതിപ്പിക്കുന്നതിനു കുറെ കുമാരികളും, വല്ലികളും, അരയും തലയും മുറുക്കി ഇറങ്ങിയിട്ടുണ്ട്. അവരങ്ങോട്ടു എന്തിനെപ്പറ്റിയൊക്കെയാ എഴുതുന്നെ .....ഇന്നാളൊരുത്തി ഒരു "വാല്യ" ത്തെക്കി വിട്ടിരുന്നു അങ്ങനെ എന്തൊക്കെ.....?

ഓ, ഇതൊന്നും കേട്ടു! ഇന്നാളൊരിക്കെ ഞങ്ങളഞ്ചാറുപേരു കൂടി ബാംഗ്ലാവുകാണാൻ തിരുവനന്തപുരത്തുപോയിരുന്നു. അന്നാണ്. കോളേജ്കുമാരിമാരെ ശരിക്കു ഞാനൊന്നു കണ്ടതു്. എന്റെ മഠത്തിലെ ഭഗവതി, എന്റെ തൊലി പറിഞ്ഞുപോയി! പണ്ടൊരിക്കെ ഒരു ഇംഗ്ലീഷ് സിനിമാകണ്ടതു ഞാനോർത്തു. അതിലെ പെണ്ണുങ്ങളേക്കാൾ കഷ്ടം. വേഷംകെട്ടേണ്ട. ചെലരു മുട്ടുവരെയുള്ള പാവാടയാ ഉടുത്തേക്കുന്നെ. എന്നു വിചാരിച്ചു് കൊച്ചു പെമ്പുള്ളാരാ അവരെന്നു നിങ്ങളും നിനച്ചുകളയരുതേ. പിന്നൊരു വിശേഷം; അതിനു അമ്പിള്ളാരുടെ ചട്ടപോലെ കാളറൊക്കെയുണ്ട്. ത്യാഗരാജഭാഗവതരുടെക്രാപ്പ തലമുടിവെച്ചേക്കുന്നെ. ചെലുക്ക പാവാടയും ജമ്പറുമാ. പാവാട റോട്ടിക്കെടന്നിഴയുകയാ. അടിലുടുത്തേയ്ക്കുന്ന പാവാടയുടെ റേന്തെ ശരിക്കു പൂത്തുതുടുത്താനായിരിക്കും വായൽത്തുണികൊണ്ടു പാവാട തച്ചിരിക്കുന്നു. ജമ്പറിന്റെവെട്ടാണകിൽ വയററത്തുവരെ താഴ്ന്നിട്ടുണ്ട്. അതും നേരിയ തുണിയാ. കണ്ണാടിപ്പെട്ടിയിൽ പലാരം വച്ചിരിക്കുന്നതേന്നലാണെനിക്കപ്പോൾ തോന്നിയതു്. കുമുദി പത്രാധിപരു പറഞ്ഞപോലെ, ഇനി കൊറച്ചു ചോളിക്കാരാ. ബാഡ്പോലൊ, റവുക്കപോലൊ തോന്നിയെനിക്കതു്. ഉടുത്തേക്കുന്ന സാരിയാ. തിളങ്ങുന്ന സാരി. ചിലതിന്റെ തലയിലോട്ടു നോക്കണം. ഒരു പൊടി പൂവുകത്തിക്കൊറി കുണുങ്ങിക്കുണുങ്ങിപോകുന്ന ചെലരു്. മാടപ്രാത്തിന്റെ കുട്ടിതലമുടി രണ്ടായി പകുത്തു പിന്നി, രണ്ടാറവും ചെവിയുടെ മുകളിൽ കെട്ടിവച്ചപോകുന്ന മറ്റു ചെലരു്. ഭദ്രകാളിയെപ്പോലെ തലമുടി അഴിച്ചിട്ടു് അറുത്തൊരു കെട്ടം കെട്ടി ആടിയാടി പോകുന്ന ഒട്ടപേരു്. ഉഴുന്നുവടയോ പരുപ്പുവടയോ കെട്ടിവച്ചുകൊണ്ടു് മറ്റൊരു സൊറ്റ്. എന്റെ ഈശ്വരാ ഇനി വല്ല റൊട്ടിയോ കേക്കോവച്ചു കെട്ടില്ലെങ്കിൽഭാഗ്യം.

എന്റെസ്നേഹിതകളേ, ഇതെന്തിരുപരിഷ്കാരമാണ്. നിങ്ങളാരും ഇതിനെഎതിർത്തു എഴുതാത്തതെന്താണ്. അതോ നിങ്ങൾക്കും ഇതിഷ്ടമാണോ.

ഇങ്ങനെയൊക്കെയാണോ നമ്മുടെ പെങ്കൊച്ചുങ്ങളുനടക്കേണ്ടതു്. ഇതൊക്കെ എന്തിരുവേഷമാ. എന്തെങ്കിലുമൊക്കെ അവിടയും ഇവിടയും വാരിച്ചുറ്റിയാൽ മതിയോ? മറയ്ക്കേണ്ടതൊക്കെ മറയ്ക്കുകതന്നെ വേണം. അല്ല! പടിക്കാനാണോ പോകുന്നേ. പാവപ്പെട്ട അമ്പിള്ളാരെ വഴിതെറ്റിക്കാൻ. പാവം, പുള്ളാരി കന്ത്രാണ്ടമൊക്കെകണ്ടാ വെരണ്ടുപോകത്തില്ലേ?.

ഞാനിതൊക്കെ പറയുമ്പം അവത്തുങ്ങൾക്കു കലിയാ. എങ്കിലും എങ്ങനാ ക്ഷമിച്ചിരിക്കുന്നെ. ക്ഷമകെട്ടു. എനിക്കവരോടു പറയാനുള്ളതു് ഇതു നമുക്കു പറ്റിയ പണിയല്ലന്നാണ്. ഇതു നമ്മുടെ സംസ്കാരത്തിനു് ഒട്ടും യോജിച്ചതല്ല. കുഞ്ഞുങ്ങളേ ഞങ്ങളൊക്കെ നാട്ടുപെണ്ണുങ്ങളാ ഞങ്ങളെ നിങ്ങൾക്കു പുച്ഛമല്ലേ. ഞങ്ങൾ ഒന്നുമറിയാത്ത അട്ടക്കള വാസിയായിട്ടല്ലേ നിങ്ങൾ കാണുന്നതു്. പക്ഷേ ഞങ്ങൾക്കും പെങ്കൊച്ചുങ്ങളുണ്ടു്. അവരും പഠിക്കാനൊക്കെ പോണുണ്ടു്. ഞങ്ങളും പണ്ടു പള്ളിക്കൂടത്തിന്റെ തിണ്ണയിലൊക്കെ കേറിയവരാ

വനിതാപംക്തിയിലെ എഴുത്തുകാരോടു് എനിക്കൽപ്പം പറയാനുണ്ടു്. എന്തെങ്കിലും പ്രയോജനമൊള്ള കാര്യം നിങ്ങൾ എഴുതിൻ. പരിഷ്ക്കാരം കേറിനാട്ടുമുടിയാതിരിക്കട്ടെ. നിങ്ങളേപ്പോലെ ഇംഗ്ലീഷുകാരല്ല ഞങ്ങൾ. ഗ്രാമപ്പെണ്ണുങ്ങളിൽ ഇംഗ്ലീഷ് അറിയാവുന്നവർ വളരെ ചുരുക്കമാണ്. അതുകൊണ്ടു ഇടയ്ക്കു ഇംഗ്ലീഷൊന്നുംകുത്തിത്തിരുകാതെ നമ്മുടെ മലയാളത്തിൽ നിങ്ങൾ എഴുതിവിടു. പത്രാധിപക്കു് അച്ചടിപ്പിച്ചു ചിലവാകുന്നതു വട്ടണത്തിലല്ല. ഗ്രാമങ്ങളിലാണ്. ഞങ്ങളേപ്പോലെയുള്ള അയിരക്കണക്കിനുള്ള ഗ്രാമവാസികളാണ് ഒട്ടുമുക്കാലും വാങ്ങി വായിക്കുന്നതു്. ഒരു പക്ഷേ ഇടയ്ക്കു ചില കമന്റും കിമന്റുംചേർക്കുന്നതും നിങ്ങടെ പരിഷ്ക്കാരഭ്രമത്തിന്റെ ഒരു പതിപ്പായിരിക്കാം.

കഴിഞ്ഞ ഒരു അച്ചടിപ്പതിപ്പിൽ പെരുമുഴക്കാരി രാധിക അല്പം കാര്യമൊക്കെ എഴുതിയിരുന്നതു കൊള്ളാം. പുരുഷനുമായി കൈയും കോർത്തു് ഇറങ്ങുമെന്നു് രാധിക പ

ത്തിന്റെയും കുമിളകളും ഏഴുന്നു നിൽക്കുന്നു.

അവൾ ഉറക്കെ പറഞ്ഞു:—

"ഇനി അവളേയും കൊണ്ടുവന്നു താമസിച്ചോളു. എന്റെ കായ്യം മോശമാക്കുവാൻ വിഷമിക്കേണ്ട. ഭായ്യ പരാജയപ്പെടുന്നതിനേക്കാൾ, പരാജയപ്പെട്ടാൽ അവിടെ വിജയിക്കുന്നതു് ഒരു കാമുകിയായിരിക്കുമെന്നും ഇന്നലെ പറഞ്ഞതിന്റെ അർത്ഥം ഇതായിരുന്നു അല്ലേ? സ്ത്രീ പരാജയപ്പെട്ടിട്ടുണ്ടെങ്കിൽ അവളുടെ വിജയത്തിനുള്ള മാർഗ്ഗം മുന്നിൽ കണ്ടുകൊണ്ടായിരിക്കുമെന്നു് നല്ലവണ്ണമോത്തോളു. ഞാൻ പോകുകയാണു്--ഇതാ നിങ്ങളുടെ പൊന്നുമകൻ. അവനെ ഇനി നിങ്ങൾക്കുതന്നെ വളർത്താം.

അയാൾക്കു് പലതും പറയണമെന്നുതോന്നി. ചുണ്ടുകൾ വിടർത്തി. ശബ്ദം പുറത്തുവന്നില്ല. ചിന്തകൾ ചിറകടിക്കുകയായിരുന്നു. അതിലൂടെ മൂന്നുകൊല്ലം ഒരുമിച്ചു ജീവിച്ച ഭായ്യയേയും മൂന്നുമാസം അടുത്തു കഴിഞ്ഞ സഹപ്രവർത്തകയേയും അയാൾ നോക്കിക്കാണുവാൻ ശ്രമിച്ചു. കണ്ണുകൾ നിറഞ്ഞൊഴുകിയപ്പോൾ മറ്റാരും കാണാതിരിക്കുവാൻവേണ്ടി അയാൾ തല കുനിച്ചിരുന്നു.

അങ്ങനെ എത്രനേരമിരുന്നുവോ അറിയാം. തലയുയർത്തി നോക്കുമ്പോൾ രണ്ടു വയസ്സുതികയാത്ത തന്റെ അരുമമകൻ അരികിൽനിൽക്കുന്നു. കരഞ്ഞുകൊണ്ടു് "അമ്മേ" എന്നു ചെഞ്ചൊടികൾ മൊഴിയുകയാണ്.

അയാൾ എണീറ്റു് കുഞ്ഞിനെ പൊക്കിയെടുത്തു് ഒരുമ്മകൊടുത്തു. എന്നിട്ടു് നേരെ കിഴക്കോട്ടുനോക്കി. അകലത്തെ വെള്ളപ്പരപ്പിൽ നാലാമത്തെ കുടിലിൽ പതിഞ്ഞുകിടന്നിരുന്ന ശാരി. അയാൾ എല്ലാ ശക്തിയുമെടുത്തു് ഹൃദയംപൊട്ടുമാറു് ഉറക്കെ വിളിച്ചു.

"ശാരീ"....

മറുപടിയില്ല.

"അന്റെ ശാരീ....."

അയാൾ പൂർവ്വാധികം ശക്തിയോടെ വീണ്ടും വിളിച്ചു.

ആ ശബ്ദം, വേദനനിറഞ്ഞ ഗാനംപോലെ, മുറ്റത്തെ വെള്ളപ്പരപ്പിലിൽ പതിഞ്ഞുകിടക്കുന്ന കുഞ്ഞോളങ്ങളെ തട്ടിവിളിച്ചുകൊണ്ടു് കിഴക്കോട്ടു് ഒഴുകിപ്പോയി.

—:—

EFFICIENT PERSONAL POSTAL TUITION

For

M. A Degree Examination (Economics Nagpur
B. A. Degree Examination Nagpur for ladies only
Intermediate Examination Nagpur for ladies only
Ajmir Intermediate (for both sexes
Madras Matriculation
Banaras Matriculation (No mathematics, no cience, no age restriction)
S. S. L. C. (T C. State).
Sahitya Visarad Examination
This is the proper time for you to join When applying state the class in which you studied last

Manager,
The Cambridge College,
Kythamukku, (K W) Trivadrum.

USHA

റയുന്നു. പക്ഷേ ഇറങ്ങുന്നതൊക്കെ കൊള്ളാം. ഈ പുരുഷന്മാരെ വിശ്വസിക്കരുതു്. കാര്യം കഴപ്പുമാകാതിരുന്നാൽ മതി.

ഇതാ തിരഞ്ഞെടുപ്പു വരുന്നു. കഴിഞ്ഞ തവണ നമ്മുടെ വോട്ടെല്ലാം പാടേ കളഞ്ഞു. ഈ തവണ അതു സാദ്ധ്യമല്ല. ചോളിയും, വാലും, ദൂരെ കളഞ്ഞിട്ടു് നമുക്കങ്ങോട്ടടുക്കാം. ഒറക്കെട്ടായി നിന്നു നമുക്കു ഒരു പാർട്ടിക്കു ഓട്ടപെയ്യാം. ചക്കരവാക്കും പറഞ്ഞു മയക്കാൻ വരുന്നവരെ നമുക്കു നല്ല ആട്ടു് കൊണ്ടു സമ്മാനിക്കണം. നിങ്ങളും ഇക്കാര്യമെല്ലാം ഒന്നു ചിന്തിക്കുമോ?

ശ്രീ. ജി. സരസമ്മ ബി. ഏ, (ഇടപ്പഴഞ്ഞി) ഇന്നത്തെ വസ്ത്രധാരണത്തെപ്പറ്റി എഴുതുകയാണു്. വേഷഭൂഷാദികളെക്കുറിച്ചുപറയുമ്പോൾ നാം പെട്ടെന്നു ഓർക്കാറുള്ളതു സ്ത്രീകളെപ്പറ്റിയാണല്ലോ- എന്തെന്നാൽ പുരുഷന്മാർക്കാണെങ്കിൽ സ്ത്രീകളെപ്പോലെ വസ്ത്രധാരണഭേദം ഇല്ല, അതിനുള്ള സാദ്ധ്യതകളുമില്ല. ഇന്നു് സാരിയും, ബ്ലൗസും ഏതാണ്ടു സ്വസ്വാധാരണമായി ത്തീർന്നിട്ടുണ്ടു്. നമ്മുടെ കേരളക്കരയിലെ വേഷവിധാനമുണ്ടല്ലോ—പൂടവയും നേരിയതും--മഹാത്മാഗാന്ധിയുടെപ്പോലെയുള്ള പോലും പാത്രമായ ആ വേഷവിധാനത്തിനു വളരെ ആകർഷകത്വമുണ്ടു്. സായിപ്പിന്റെ പാൻറ്സും അമേരിക്കൻ ജാക്കറ്റും പുരുഷന്മാർ ധരിക്കാറുണ്ടെങ്കിലും മദാമ്മമാരുടെ കാൽ മുട്ടുവരെപ്പോലും ചെന്നെത്താത്ത ആ 'ട്രൗസർ' ധരിക്കാൻ നമ്മിൽ ഒരൊറ്റ സ്ത്രീപോലും ഇഷ്ടപ്പെടുന്നില്ലെന്നുള്ളതു് എത്ര അഭിമാനകരമാണു്, ധരിക്കുന്നില്ലെന്നുള്ളതു് എത്ര ആശ്വാസകരമാണു്!

പക്ഷേ നമ്മുടെ സാരിയും, ബ്ലൗസും ചില്വർ വികൃതമായ രീതിയിൽ ഉപയോഗിക്കുന്നതു കാണുമ്പോൾ സങ്കടപ്പെടാതിരിക്കാൻ സാധിക്കയില്ല. ഓരോരുത്തരും അവരവരുടെ പരിഷ്കാരത്തിന്റെ (?) ക്രമത്തിൽ കുറവു് അനുസരിച്ചു് ബ്ലൗസ് പരിഷ്കരിക്കാറുണ്ടു്. അനുകരണഭേദവും, പരിഷ്കാരഭ്രാന്തും ആണു് ഇതിൽ മുന്നിട്ടുനിൽക്കുന്നതു്. നല്ലതിനെ അനുകരിക്കുന്നതിൽ തകരാറില്ല. പക്ഷേ അന്ധമായ അനുകരണം ഒരു കാര്യത്തിനും അത്ര പറ്റിയതല്ല. ആദ്യമൊക്കെ ബ്ലൗസിന്റെ കയ്യു് ഒട്ടും തന്നെ ഇറക്കമുണ്ടായിരുന്നില്ലല്ലോ. കൈയുടെ കാര്യം നോക്കെ ആയപ്പോൾ കഴുത്തു പരിഷ്കരണം തുടങ്ങി. കഴുത്തിടാൻ ഒരു തുറപ്പു് എന്നുള്ളതാണല്ലോ ബ്ലൗസിന്റെ കഴുത്തിന്റേയും ഉദ്ദേശം. അതിനു നല്ല ആകൃതി കൊടുത്താൽ നന്നായിരിക്കും. പക്ഷെ കഴുത്തിന്റെ ഉദ്ദേശം തന്നെ തെറ്റിദ്ധരിക്കത്തക്കവിധത്തിൽ അതങ്ങു വെട്ടിത്തുറന്നാൽ പിന്നെന്തു ഭംഗിയാണു്—വെറും അശ്ലീലമായിരിക്കും എന്നുള്ളതിനു് സംശയമില്ല. പിന്നെ ആദ്യമൊക്കെ ബ്ലൗസുകൾക്കു് മുൻവശത്തും പുറകുവശത്തും എങ്ങും തന്നെ വെട്ടുകൾ ഉണ്ടായിരുന്നില്ലല്ലോ. പിന്നീടു് ഇട്ടുന്നതിനുള്ള സൗകര്യത്തിനും മറ്റും വേണ്ടി ഫ്രണ്ടു് ഓപ്പൺ ബ്ലൗസുകൾ ഉപയോഗിച്ചു തുടങ്ങി. അങ്ങിനെ മുൻവശം തുറന്ന ബ്ലൗസുകൾ ഇട്ട സാരിയാലോ നേരിയതാലോ ആവൃതമായാൽ പിന്നെ പന്തികേടൊന്നുമില്ല. അതിനു് പരിഷ്കാരം പോരാഞ്ഞിട്ടായിരിക്കാം ഇപ്പോൾ ബ്ലൗസിന്റെ പുറകുവശം തുറന്നു തുടങ്ങിയിരിക്കുന്നതു്. അങ്ങിനെ മുതുകു മുഴുവൻ തുറന്നിട്ടു് ചിലർ ബട്ടൺസിടാൻ ബദ്ധപ്പെടുന്നതു കണ്ടാൽ എന്തു പറയാനാണു്.

അതുകൊണ്ടും തീരുന്നില്ല ബ്ലൗസുപരിഷ്കരണം. അതിന്റെ ഇറക്കത്തിൽവന്ന വെട്ടിക്കുറയ്ക്കൽനയത്തെപ്പറ്റി പറയാതിരിക്കയാണു ഭേദം. കുറെനാൾ ബ്ലൗസിട്ടു് റൗക്കപോലെ കെട്ടി വയറുമാത്രം കാണിക്കുന്നതായിരുന്ന ഫാഷൻ. ഇപ്പോൾ മുതുകുമുഴുവനും (നിതംബത്തിലും കവുക്കേയും) അങ്ങുകാണിക്കുന്നതിലാണു് പരിഷ്കാരമൊക്കെ കളിഞ്ഞുകിടക്കുന്നതു്. ഇനിയും എങ്ങോട്ടാണോ ആവോ....ഈ ബദ്ധപ്പാടുകളും ലജ്ജിനവേണ്ടി കാണിക്കുന്ന വിഡ്ഢിത്തങ്ങളും കാണുമ്പോൾ കഷ്ടം! എന്നല്ലാതെ എന്തു പറയാനാണു്. സ്ത്രീകൾ ഹേമമര്യാദാനം ശരിക്കു് ജ്ഞാനസരണം വസ്ത്രംധരിക്കാനും അനുവദിക്കാതിരുന്ന ഒരു കാലം ഉണ്ടായിരുന്നു. പക്ഷെ മനുഷ്യനു് അറിവും സംസ്കാരവും വർദ്ധിച്ചുതോട്ടുകൂടി അതെല്ലാം പമ്പകടന്നു. നമ്മുടെ മാതാമഹികളും വളരെ കഷ്ടപ്പാടും എതിർപ്പുകളും സഹിച്ചുനേടിയ ഈ സ്വാതന്ത്ര്യം നാം താറുമാറാക്കുന്നതു പരിതാപകരമാണു്. സാരിയും ബ്ലൗസും, മുണ്ടും നേര്യതും ഭംഗിയേറിയ വസ്ത്രങ്ങളാണു്—അവയെ വികൃതമാക്കാതിരുന്നാൽ.

സാരിയും, ബ്ലൗസുംകൊണ്ടു തീർന്നില്ലല്ലോ നമ്മുടെ വേഷവിധാനം. ഇനിയുമുണ്ടു് ഒരു പ്രശ്നം. മുടികെട്ടൽ—എത്രതരം കെട്ടലുകളാണു്. വടകെട്ടൽ—അതുതന്നെ പലതരം വടകളും ഉണ്ടു്. മുഴുനീളവട, വലയിട്ടവട, അല്പാത്തവട തുടങ്ങി പലതും. പക്ഷേ ഒരു കാര്യമുണ്ടു്. നല്ല ഭംഗിയായി വടകെട്ടണമെങ്കിൽ മുടിയുള്ളവർക്കേ പറ്റൂ. അല്പാത്തപക്ഷം അത്ര ഭംഗി കാണുകയില്ല. നല്ല തുരുണ്ടു നീണ്ട മുടിയുള്ളവർക്കു് മുടികെട്ടൽ ഒരു പ്രശ്നമേ അല്ല. അതങ്ങു വെറുതേ ചികുരുണിയിട്ടു് പുറകിൽ കെട്ടിയാലും ഭംഗിതന്നെ. കുറച്ചുകൂടി പരിഷ്കരിച്ചു് നിരത്തി പ്ലെയ്ഡ് പിന്നൽ പിന്നിയാലും മനോഹരമായിരിക്കും. നീണ്ട തുരുളില്ലാത്ത തലമുടിയാണെങ്കിൽ അടിവശം മടക്കിക്കെട്ടിയാൽ മതിയാകും. വെറുതെ പിന്നിയിട്ടാലും തരക്കേടില്ല. അതു് എല്ലാത്തരം മുടികൾക്കും യോജിക്കുന്നതാണു്. അതുപോലെ തന്നെ സാധാരണ കെട്ടലും എല്ലാവർക്കും സാധിക്കുന്നതാണു്.

'മുഖം സൗമ്യ'മാക്കുന്ന കാര്യം ഇനിയും ശേഷിക്കുന്നതേ ഉള്ളൂ. നാം ഒരു പ്രശ്നമാക്കാതിരുന്നാൽ ഇതൊക്കെ ഒരു നിസ്സാരകാര്യം തന്നെയാണു്. കളിച്ചുകഴിഞ്ഞു് മുഖത്തു എണ്ണമയം പുരണ്ടിരിക്കയാണെങ്കിൽ തന്നെ ഒരു അസുഖം തോന്നുമല്ലോ. അതില്ലാതാക്കുന്നതിനായി അല്പം പൗഡർ പൂശിയാൽ മതിയാകുന്നതാണു്. പക്ഷെ കുമ്മായം പൂശിയതുപോലെ ആകാതെ സൂക്ഷി

കൗമുദി ആഴ്ച[illegible]തിപ്പ്

ഉറുദുസാഹിത്യത്തിൽ ഒരു സ്ത്രീയുണ്ടാക്കിയ

ആദ്യത്തെ കൊട്ടുകാര —

"പുതുപ്പിന്നുള്ളിൽ"

ഒരു നിണ്ട ലൈംഗിക കഥ

ഗ്രന്ഥ:-ഇസ്മത്തു് ചുമ്ത്തായി

വില 6 ണ 7 ണ പ്രതീക്ഷിക്കുക

K. A Jabbar,

P O Kothaparambo,

Crangatore, S. Malabar.

കണം. നിറം അല്പം കറുത്താണെന്നും പറഞ്ഞു് അതു മറയ്ക്കാൻ പൗഡർകോട്ടിംഗ് വർദ്ധിപ്പിച്ചാൽ അതു കൃത്രിമമാകുകയേ ഉള്ളു. സാരമില്ല, കറുപ്പിനു് ഏഴഴകു് എന്നല്ലേ പഴമൊഴി. പിന്നെ കണ്ണെഴുതുന്ന കാര്യം. നല്ല മരുന്നുകൾ ചേർത്തു് ശാസ്ത്രീയമായ രീതിയിൽ ഉണ്ടാക്കിയിട്ടുള്ള കണ്ണെഴുത്തു മഷികൊണ്ടു് ദിവസവും കണ്ണെഴുതുന്നതു് കണ്ണിനു് നല്ലതാണു്. കണ്ണിനു സുഖക്കേടു വരാതിരിക്കുന്നതിനും മറ്റും അതു് വളരെ ഉപകരിക്കും. ഇനി നെറ്റിയെ ആകാശമണ്ഡലമാക്കി അതിൽ സൂര്യനേയും, ചന്ദ്രനേയും, നക്ഷത്രങ്ങളേയും ഒന്നിച്ചു വിഹരിക്കാൻ അനുവദിക്കാതെ ഒരു പൊട്ടു് ഇട്ടാലും ഇല്ലെങ്കിലും വലിയ തകരാറൊന്നും ഇല്ല.

ഇനി കയ്യാണു പ്രധാനകാര്യമുണ്ടു്. വേഷവിധാനങ്ങൾക്കായി അനാവശ്യമായി ധനവും സമയവും ചെലവാക്കുന്നതു വലിയ തെറ്റാണു്. നമ്മുടെ നാട്ടിൽ ആഡംബരഭ്രമം വളരെ തകരാറുകൾക്കും ആപത്തുകൾക്കും കാരണമായിട്ടുണ്ടല്ലോ. വേഷം അതു വിലയേറിയതല്ലെങ്കിലും പുത്തിയായും ഭംഗിയായും അതു ധരിച്ചാപ്പെടുമെന്നുള്ളതാണു് പ്രധാനം. ഒരു കലാബോധത്തോടെ നാം വസ്ത്രംധരിക്കണം. എന്നാൽ ഇക്കാര്യത്തിൽ നമ്മിൽ പലയളവോളം കുറ്റക്കാരാണെന്നതിനു പറയാവുന്ന ഉദാഹരണമാണു് താഴെ കാണുന്നതു്.

ശ്രീ. പി. ചന്ദ്രമണി (ചേർത്തല) എഴുതുകയാണു്.....

പുരുഷന്മാർക്കു സ്ത്രീകളോടുള്ള മനോഭാവത്തെപ്പറ്റിയും അവരുടെ ചില പെരുമാറ്റത്തെപ്പറ്റിയും ഒന്നു പറയട്ടെ. എന്റെ തൊട്ടടുത്ത വീട്ടിൽ ഒരു അദ്ധ്യാപികയുണ്ടു്. സുമാനും ഒരു സുന്ദരിയാണു്. ചെറുപ്പക്കാരിയുമാണു്. ഇവിടെനിന്നും 4 മൈൽ ദൂരെയുള്ള ഒരു സ്കൂളിലാണു് അവർക്കു ജോലി. അവർക്കു നിത്യവും ബസ്സിൽവേണം സ്കൂളിലേയ്ക്കുപോകാൻ. അവർ ബസ്സിൽ കയറാൻ ചെല്ലുമ്പോൾ വഴിമാറിക്കൊടുക്കുന്ന ചെറുപ്പക്കാരെപ്പറ്റിയും ബസ്സിനകത്തു ഇരിക്കാൻ ഇടമില്ലെങ്കിൽ എഴുന്നേറ്റുനിന്നു സീറ്റുണ്ടാക്കിക്കൊടുക്കുന്ന യാത്രക്കാരെപ്പറ്റിയും അവരെയൊന്നരസുന്നതിനുവേണ്ടി ഭഗീരഥപ്രയത്നം നടത്തുന്ന സുന്ദരവിഡ്ഢികളെപ്പറ്റിയും അവർ എന്നോടു വളരെ സരസമായിപ്പറയാറുണ്ടു്. അവരുടെ സ്കൂളിൽ ചെന്നുകഴിഞ്ഞാൽ അദ്ധ്യാപകന്മാരുടെ ആർദ്രവും മറ്റുമായ വീക്ഷണങ്ങളെപ്പറ്റിയും അവർ സംസാരിക്കാറുണ്ടു്. അവർക്കൊരു അസഹ്യതയുള്ളതുപോലെ എനിക്കു തോന്നാറുണ്ടു്. അതൊക്കെ കേൾക്കുമ്പോൾ ഞാൻ ആലോചിക്കാറുണ്ടു്, അവരൊക്കെ നമ്മെ ഒന്നു നോക്കുന്നതുകൊണ്ടു് എന്തു ദോഷമാണുണ്ടാകുന്നതെന്നു്. നമുക്കു സൗന്ദര്യമുള്ളതുകൊണ്ടല്ലേ അവർ അങ്ങനെ നോക്കുന്നതു്. അഥവാ നോക്കിപ്പോകുന്നതു്. അവർക്കു നമ്മെക്കാണുന്നതുകൊണ്ടു് ആനന്ദമുണ്ടാവുകയാണെങ്കിൽ നമുക്കു പരിഭവിച്ചിട്ടു കാരണമുണ്ടോ. തന്റെ സൗന്ദര്യം ആരും കാണരുതെന്നും മഠം ആഗ്രഹിക്കുന്ന ചിലരുണ്ടു്. ഞാൻ അതിനോടു യോജിക്കുന്നില്ല. ഞാൻ ഇങ്ങനെ പറയുന്നു എന്നുവച്ചു നാമെല്ലാം പുരുഷന്മാർക്കു വീക്ഷിക്കുന്നതിനു വേണ്ടി അവരുടെയൊക്കെ മുമ്പിൽകെട്ടിച്ചമഞ്ഞു നിന്നു കൊടുക്കണമെന്നുള്ള അഭിപ്രായമുണ്ടെന്നു ആരും കരുതരുതേ. ചിലരുടെ ധാരണ പുരുഷന്മാർ ഒന്നു നോക്കിപ്പോയാൽ, അവരെ ഒന്നു നോക്കിപ്പോയാൽ, അവരോടു ഒരു വാക്കു സംസാരിക്കുകയോ മറ്റോ ചെയ്താൽ തങ്ങളുടെ ചാരിത്ര്യം തകർന്നു പൊടിഞ്ഞു പോകുമെന്നാണെന്നു തോന്നുന്നു ഇതു വെറും ബാലിശമായ ഒരു ചിന്താഗതിയാണെന്നാണു് എനിക്കു തോന്നുന്നതു്. നമ്മുടെ ഒരു നോട്ടം കൊണ്ടു് അവർക്കു നിർവൃതിയെന്നു ലഭിച്ചേക്കാം. പ്രകൃതി നിയമം അനുസരിച്ചു പുരുഷനും സ്ത്രീയും അകന്നു കഴിയാനുള്ളവരല്ല പക്ഷേ അവർ മനുഷ്യത്വത്തോടെ പെരുമാറണമെന്നേയുള്ളു. ക്രമമായിത്തിരുമ്മൽ പാടില്ല. അതുമാത്രം മാനസികമായ വിശുദ്ധിയുണ്ടെങ്കിൽ യാതൊന്നും ഭയപ്പെടാനില്ലല്ലോ.

രോഗശാന്തിക്കും ശരീര രക്ഷയ്ക്കും അത്യുത്തമം ആയുർവ്വേദമരുന്നാണു്

പക്ഷേ, മരുന്നുകൾ വാങ്ങുമ്പോൾ ശ്രദ്ധിക്കാത്തവർ നിശ്ചയമായും നിരാശരാകും

നിറത്തിനു കലർപ്പും ക്രമം തെറ്റാതെ വിധിപ്രകാരം തയ്യാർചെയ്തതും പുത്തിയായി സൂക്ഷിച്ചിട്ടുള്ളതുമായ മരുന്നുകൾ എവിടെ കിട്ടുമെന്നുള്ളതാണു് നിങ്ങൾ ശ്രദ്ധിക്കേണ്ടതു്. ഒരിക്കലും നിരാശ നേരിടാതിരിക്കണമെങ്കിൽ ഔഷധനിർമ്മാണത്തിനു് സപ്തതിമെഡൽ കീർത്തിമുദ്ര നേടിയ

ആറന്മുൾ ശ്രീകൃഷ്ണാ ഫാർമസിയിലെ

പരിശുദ്ധമായ മരുന്നുകൾ വാങ്ങുക.

തിരുവനന്തപുരം ആയുർവേദ മെയിൻറോഡരുകിലുള്ള ഞങ്ങളുടെ

ബ്രാഞ്ചു സന്ദർശിക്കുവിൻ

N. B. രോഗികളെ സൗജന്യമായി പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതിനു പാടിപ്പും പാകതയും ചികിത്സാനൈപുണ്യവും തികഞ്ഞ ഒരു വൈദ്യൻ സദാ ബ്രാഞ്ചിൽ ഉണ്ടായിരിക്കും.

ബി. എൻ. ശ്രീധരനുണ്ണി,

(പ്രൊപ്രൈറ്റർ)

SC

കുമാരി ഴ് ചപ്പുതിപ്പ്

കാരവൻ

ദോബിഗാ ജമീൻ

★

സാർവ്വദേശീയ ചലച്ചിത്രമഹോത്സവങ്ങളിൽ പ്രദർശിപ്പിക്കപ്പെട്ടിട്ടുള്ള എല്ലാ ഭാരതീയ ചിത്രങ്ങളെപ്പറ്റിയും വിദേശികളായ വിമർശകന്മാരിൽനിന്നും ഒരു പരാതി ഉയർന്നിട്ടുണ്ട്. ഇന്ത്യയുടെ അന്തസ്സത്തയും ആത്മാവും ആ ചിത്രങ്ങളിലൊന്നുംതന്നെ കാണുവാൻ കഴിഞ്ഞിട്ടില്ലെന്ന്. ഒന്നിനുപുറകെ ഒന്നായി ഇന്നു പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന ഹിന്ദി ചിത്രങ്ങളും ഇതര ഭാരതീയഭാഷാചിത്രങ്ങളും കണ്ടുകൊണ്ടിരിക്കുന്ന നമുക്ക് ആ വിമർശനം ഒരു ദുഃഖസത്യമാണെന്ന സലജ്ജം സമ്മതിക്കേണ്ട പരിതഃസ്ഥിതിയാണുള്ളത്. ഹോളിവുഡ്ഡ് ചിത്രങ്ങളുടെ വികൃതങ്ങളായ അനുകരണങ്ങളും ഹിന്ദിയിലും ഇതര ഇന്ത്യൻഭാഷകളിലും നിർമ്മിക്കപ്പെടുകയാണ് ചെയ്യുന്നത്. നിർമ്മാതാക്കൾക്ക് ചില വിശ്വാസപ്രമാണങ്ങളുണ്ട്. ആ വിശ്വാസപ്രമാണങ്ങളുടെ ഇരുമ്പുവേലിക്കകത്തു നിന്നുകൊണ്ടുമാത്രമേ അവർ ചിത്രങ്ങൾ നിർമ്മിക്കാറുള്ളൂ. ഭാവനയും പ്രതിഭയും സാങ്കേതികജ്ഞാനവും സർഗ്ഗശേഷിയും ദരിദ്രമല്ല. പക്ഷേ ഒരു ഭാരതീയനും അഭിമാനിക്കത്തക്ക ചലച്ചിത്രങ്ങൾ ഇന്ത്യയിൽ വിരളമായേ നിർമ്മിക്കപ്പെട്ടിട്ടുള്ളൂ. ഭാരതത്തിന്റെ ആത്മാവും ഭാരതത്തിന്റെ വിസ്മൃതമായ ദേശപരിധികൾക്കുള്ളിൽ സ്പന്ദിച്ചുകൊണ്ടിരിക്കുന്ന സങ്കീർണ്ണമായ ജീവിതവും ഇന്ന് ഇന്ത്യയിലെ നിർമ്മാണശാലകളിൽ നിന്നും പുറത്തുവരുന്ന ഒരു ചിത്രത്തിലും പ്രതിഫലിച്ചു കാണുന്നില്ല. ഇറാലിയൻ ചിത്രങ്ങളുടെ ആഗമനത്തോടുകൂടിയാണ് ഹോളിവുഡ്ഡിന്റെ ആരാധകന്മാരായ നമ്മുടെ ചലച്ചിത്രലോകത്തിലെ ചിലരുടെയെങ്കിലും കണ്ണു തുറന്നത്. എരിയുന്ന ജീവിതപ്രശ്നങ്ങളും ആ പ്രശ്നങ്ങളുടെ യാഥാർത്ഥവും സത്യസന്ധവുമായ ആവിഷ്കരണവും ചലച്ചിത്രവേദിയിലേക്ക് അങ്ങനെ ഇഴഞ്ഞുകയറുവാൻ തുടങ്ങിയിട്ടുണ്ട്. ഏതാണ്ട് ഒരു പ്രതിസന്ധി ഘട്ടത്തിന്റെ കുഴിവക്കിലെത്തിയിരിക്കുന്ന ചലച്ചിത്രലോകത്തിൽ ഒരു പന്ഥാവാണങ്ങനെ വെട്ടിത്തുറക്കപ്പെട്ടിരിക്കുന്നത്.

ഇന്ത്യൻ ചലച്ചിത്രവേദിയുടെ ഈ നവോത്ഥാനത്തിന്റെ കാഹളം വിളിയാണ് ഇയ്യിടെ പുറത്തുവന്ന ദോബിഗാജമീൻ എന്ന ചിത്രം. ഈ ചിത്രം ഇയ്യിടെ തിരുവനന്തപുരം ന്യൂതിയേറ്ററിൽ പ്രദർശിപ്പിച്ച ഞാൻ കണ്ടു. കാന്നീസ്സൽവച്ച് നടക്കുവാൻപോകുന്ന സാർവ്വദേശീയ ചലച്ചിത്രമേളയിൽ ഇന്ത്യയെ പ്രതിനിധീകരിക്കാൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ചിത്രം ദോബിഗാജമീനാണ്. ഒരിന്ത്യാക്കാരനെന്നുള്ള നിലയിൽ ഉന്നത ശിരസ്കനായിത്തന്നെ നമുക്ക് പ്രഖ്യാപിക്കുവാൻ കഴിയും ദോബിഗാജമീനെന്ന ആ ചിത്രത്തിന് ഇന്ത്യയുടെ കലയേയും സംസ്കാരത്തേയും പ്രതിനിധീകരിക്കുവാനുള്ള ഔന്നത്യം സർവ്വരാ അവകാശപ്പെടാൻ കഴിയുമെന്ന്. ദോബിഗാജമീൻ മനോഹരമായ ഒരു കവിതയാണ്. ഒരിന്ത്യൻ കൃഷിവലന്റെ പിടയുന്ന ആത്മാവിനേയും ആ ആത്മാവിന്റെ ഒടുങ്ങാത്ത ദീനരോദനങ്ങളേയും വികാരഭരിതമായ ആവിഷ്കരണമാണ് ദോബിഗാജമീൻ. ഇന്ത്യയിലെ കൃഷിക്കാരൻ നൂറ്റാണ്ടുകളായി അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമുണ്ട്. മണ്ണിൽ ജനിച്ച് ആ മണ്ണിൽത്തന്നെ അലിഞ്ഞുചേരുന്നതുവരെ ആ പ്രശ്നം അവനെ അലട്ടിക്കൊണ്ടിരിക്കും. ഇന്ത്യയുടെ നട്ടെല്ലാണ് ഇന്ത്യയിലെ കർഷകൻ. ആ നട്ടെല്ല് നൂറ്റാണ്ടുകളായി തെരിപിരികൊള്ളുകയാണ്. ഇന്ത്യയുടെ ആത്മാവാണ് ഇന്ത്യയിലെ കർഷകൻ. ആ ആത്മാവ് നൂറ്റാണ്ടുകളായി തെരങ്ങിക്കൊണ്ടിരിക്കയാണ്. തെരിപിരികൊണ്ടിരിക്കയാണ്. ആ നട്ടെല്ല് പിടക്കുന്നശബ്ദവും ആത്മാവ് തെരിഞ്ഞുതകരുന്ന ശബ്ദവും ഈ മനോഹരമായ കവിതയിൽ ഉടനീളം നമുക്ക് കേൾക്കുവാൻകഴിയും. നെല്പാടങ്ങളിൽ മുളച്ചുവളർന്ന് ചവിട്ടിത്തേക്കപ്പെട്ടുന്ന ഒരു കാട്ടുപുല്ലിന്റെ കഥയാണ് ദോബിഗാജമീൻ.

ശംഭുവിന് രണ്ടേക്കർ നിലമുണ്ട് അവന്റെ അച്ഛനും ഭാര്യയായ പാറുവും മകനും അടങ്ങിയ കുടുംബം പൂർണ്ണമായും ആ നിലത്തെ ആശ്രയിച്ചാണ് ജീവിക്കുന്നത്. സ്ഥലത്തെ ജന്മി ഒരു പുതിയ മില്ല് പണിയാനുള്ള പദ്ധതികൾ രൂപീകരിച്ചപ്പോൾ മിൽക്കെട്ടിടം സ്ഥാപിക്കുന്നതിനുള്ള സ്ഥലമായി തിരഞ്ഞെടുത്തത് ശംഭുവിന്റെ നിലമായിരുന്നു. ശംഭുവിനോട് പഞ്ചാരവാക്കുകളോതി ചുളുവിലക്ക് നിലംതട്ടിയെടുക്കാൻ ജന്മി പരിശ്രമിച്ചു. ശംഭു പഞ്ചാരവാക്കുകളിൽ മയങ്ങിയില്ല. തന്റെ അമ്മയേക്കാളും താൻ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ആ തുണ്ടുഭൂമിയെ യാതൊരു കാരണവശാലും ഉപേക്ഷിക്കുകയില്ലെന്ന ശംഭു ശഠിച്ചു. ജന്മി അതുകൊണ്ടു പിന്മാറിയില്ല. ശംഭു പലപ്പോഴായി ജന്മിയുടെ പക്കൽ നിന്നും കടം വാങ്ങിയിട്ടുള്ള തുകകളും കൂട്ടിച്ചേർത്ത് പലിശയും പലിശക്കുമേൽ പലിശയും കണക്കാക്കി മൂന്നൂറു രൂപായാക്കി അതു കിട്ടുന്നതിലേക്കായി ഒരു കേസ് ഫയൽ ചെയ്തു. പെട്ടെന്നു മൂന്നൂറു രൂപാ ഉണ്ടാക്കാൻ ശംഭുവിനു് എങ്ങനെ സാധിക്കാനാണ്? മൂന്നുമാസത്തിനകം ആ രൂപാ മുഴുവനും കൊടുത്തു തീർക്കാത്തപക്ഷം ആ രണ്ടേക്കർ ഭൂമി ജന്മിയുടെ ഉടമസ്ഥതയിലായിത്തീരുന്നതാണെന്ന് കോടതി വിധി എഴുതി.

ശംഭു പൊട്ടിക്കരഞ്ഞു. കൃഷി ഭൂമിയില്ലാത്ത കർഷകൻ. ആ നില ആലോചിക്കാൻ കൂടി ശംഭുവിനു് കഴിയുമായിരുന്നില്ല. ഏതു വിധേനയെങ്കിലും മൂന്നു മാസങ്ങൾക്കകം ആ രൂപാ അടച്ചുതീർക്കണമെന്ന് ശംഭു ഉറച്ചു. അതുപക്ഷേ രൂപാ ഒരു പാവപ്പെട്ട കൃഷിക്കാരനു് എവിടുന്നു കിട്ടാനാണ്. ഒരു മാർഗ്ഗം കാണാതെ ശംഭു വിഷമിച്ചുപ്പോഴാണ് ആരോ പറഞ്ഞതു് കല്ക്കത്തയിൽ പോയാൽ പണമുണ്ടാക്കാനെളുപ്പമാണെന്നു്. ശംഭു ഒട്ടും അമാന്തിച്ചില്ല. ഭാര്യയോടും പ്രായമായ അച്ഛനോടുമായി രൂപാഞ്ഞു ശംഭു കല്ക്കത്തയ്ക്കുതിരിച്ചു. തീവണ്ടിയിൽ കുറച്ചുസമയം സഞ്ചരിച്ചുകഴിഞ്ഞതിനു ശേഷമാണു് മകനായ കന്നയ്യയും തന്നെ അനുഗമിക്കുന്നുണ്ടെന്നുള്ളതു് ശംഭു അറിഞ്ഞതു്.

ശംഭുവും കന്നയ്യയും അപരിചിതമായ ആ പട്ടണത്തിൽ ജീവനോപാധി അന്വേഷിച്ചു നടന്നു. കൈയ്യിലുണ്ടായിരുന്ന ഭാണ്ഡം അപഹരിയിൽത്തന്നെ മോഷണം ചെയ്യപ്പെട്ടു. കന്നയ്യക്കു ചെറിയ പനിക്കേട്ടു

ദോബിഗാജമീൻ

നിർമ്മാതാക്കൾ,
ബിമൽറോയ്–
പ്രൊഡക്ഷൻസ്

കഥ, സംഗീതം
സലിൽ ചൗധരി

സ്ക്രീൻപ്ലേ,
ഋഷികേഷ് മുഖർജി

സംഭാഷണം
പാറംഹേന്ദ്ര

സംവിധാനം,
ബിമൽറോയ്.

അഭിനയിച്ചവർ
ബൽരാജ് സഹാനി,
നിരുപറായ്. രത്തൻകുമാർ,
ജഗ്ദീപ്, മുറാവ്,
പാറംമഹേന്ദ്ര, രാജലക്ഷ്മി.

etc

പിടിപെട്ടകകൂടി ചെയ്തപ്പോൾ ശംഭു കിടപ്പാടം തേടിത്തുടങ്ങി. പട്ടണത്തിൻറെ ഒരൊഴിഞ്ഞ മൂലയിൽ ഒരു മദ്ധ്യവയസ്ക്കയുടെ സഹായത്തിൽ ഒരു മുറിയും ഇവനു കിട്ടി. അയൽവാസി ഒരു റിക്ഷാക്കാരനായിരുന്നു. ഏറെക്കൊല്ലങ്ങളിലെ റിക്ഷാവലിമൂലം ആരോഗ്യം തകർന്ന് അന്നദിനം മരണത്തോടു സമീപിച്ചുകൊണ്ടിരുന്ന ആ വൃദ്ധനുമായി ശംഭു പരിചയപ്പെട്ടു. ശംഭു റിക്ഷാവലി അഭ്യസിച്ചു.

നിരന്തരമായ പ്രയത്നത്തിൻറെ ചരിത്രമായിരുന്നു അടുത്തത്. പട്ടണത്തിൻറെ ബഹളംപിടിച്ച ഒരു സ്ഥലത്തു വച്ചു കണ്ണയ്ക്ക് ഒരു സ്നേഹിതനെകിട്ടി. ഉസ്താദെന്ന അപരാഭിധാനത്തിൽ അറിയാൻ ഇഷ്ടപ്പെട്ടു എന്നു മാത്രം. ബൂട്ട്പാളിഷിങ്ങായിരുന്നു ലല്ലുവിൻറെപണി. ജന്മിയുടെ ഋണബാദ്ധ്യതയിൽനിന്നുരക്ഷിയ്ക്കുന്നതിൽ പിതാവിനോളംതന്നെ ഔൽസുക്യമുണ്ടായിരുന്നകന്നയ്യ ബൂട്ടുപാളിഷിങ്ങാരംഭിച്ചു. അന്നന്നം മകനും ദിനംപ്രതി സമ്പാദ്യംവർദ്ധിപ്പിച്ചുകൊണ്ടിരുന്നു. കിട്ടുന്ന തുകയിൽ കഷ്ടിച്ചു ചിലവിനുമതിയാകുന്നതൊഴികെയുള്ളതു് ഗ്രാമത്തിലേക്കു് മണിയാർഡ്ഡറായി അയച്ചു കൊണ്ടിരിക്കയായിരുന്നു. പണം ഏതാണ്ടു് തികയാറായപ്പോഴാണ് ഒരത്യാഹിതം സംഭവിച്ചതു്. ശംഭു റിക്ഷായുമായി ഒരു വാഹനത്തിൽ കൂട്ടിയിടിച്ചു ശംഭു കിടക്കയിലായി. അച്ഛൻറെ സുഖക്കേടു് ഭേദപ്പെടുത്താൻ വേണ്ടത്ര പണം ലഭിക്കാതെ വിഷമിച്ച കന്നയ്യ ഒരു പോക്കറടിക്കാരനുമായി സന്ധിച്ചു. ഹീനമെന്നു കന്നയ്യ കരുതിയിരുന്ന ആ തൊഴിൽ അച്ഛൻറെ സുഖപ്രാപ്തിക്കുവേണ്ടി സ്വീകരിയ്ക്കാൻപോലും കന്നയ്യ സന്നദ്ധനായിരുന്നു. പോക്കറടിക്കാരൻ സഹായധനമായി നൽകിയ അമ്പതുരൂപയുമായി ശംഭുവിൻറെ മുൻപിലേക്കു ചെന്ന കന്നയ്യ കഠിനമായി ശിക്ഷിക്കപ്പെട്ടു. മറ്റു ഗത്യന്തരമില്ലാതെ കന്നയ്യ മാതാവിനെഴുതി. അച്ഛനെ സുഖപ്പെടുത്താൻ വേഗം പട്ടണത്തിലേക്കെത്തണമെന്നു്.

രാഥനെ ശുശ്രൂഷിക്കാൻ ആൺതുണയില്ലാതെ വിശാലമാം ആ പട്ടണത്തിൽ വന്നിറങ്ങിയ പാറു ഒരു ദുർഗ്ഗിയുടെ വലയിലകപ്പെട്ടു അയാൾ അവളുടെ മഹാധനം കയ്യടക്കുന്നതിനു് ശ്രമിച്ചപ്പോൾ പാറു സർവ്വശക്തിയുമുപയോഗിച്ചു അയാളെ തള്ളിമാറ്റിയിട്ടു് ഏങ്ങോട്ടെന്നില്ലാതെ ഓടി. അവസാനിച്ചതു് ഒരു കാരമായി ഏറാമൂടിയാണു്. ബോധരഹിതയായി നിലംപതിച്ച പാറുവിനെ ആശുപത്രിയിലേയ്ക്കു കൊണ്ടുപോകാൻ റിക്ഷ തേടിപ്പോയ ആളുകളം ശംഭുവിനെയാണു കണ്ടതു്. ബോധശൂന്യയായ ഭാര്യയെക്കണ്ടപ്പോൾ ശംഭു പൊട്ടിക്കരഞ്ഞുപോയി. പാറു ആശുപത്രിയിലേക്കു മാറ്റപ്പെട്ടു. ഒരു സ്ത്രീയുടെ ഹാൻഡ്ബാഗു് കൈവശപ്പെടുത്തി അതിനുരൂപയുമായി പാഞ്ഞെത്തിയ കന്നയ്യ ശയ്യാവലംബിയായ അമ്മയെയാണു കണ്ടതു്. നിരാശയും സങ്കടവുംമൂത്തു് ആ സ്നേഹമയനായ ബാലൻ ആ നോട്ടവലിച്ചു കീറിപ്പറത്തി.

പാറുവിൻറേയും ശംഭുവിൻറേയും സുഖക്കേടു് നിശ്ശേഷം ഭേദമായി. അവർ കന്നയ്യയുമായിനാട്ടിലെത്തി. തങ്ങളുടെ നിലത്തിൽ മിൽകെട്ടിടത്തിൻറെ പണി നടക്കുന്നതാണു് അവർ കണ്ടതു്. ശംഭുവിൻറെ പിതാവു് ആധിമൂത്തു് ഒരു ഭ്രാന്തനായി മാറിക്കഴിഞ്ഞിരുന്നു. അശ്രുകലുഷിതമായ നയനങ്ങളോടെ തന്നെ പൊറുവളർത്തിയ മണ്ണിനോടയാത്ര പറഞ്ഞിട്ടു് ആ കുടുംബം നടന്നകലെ മറഞ്ഞു

ഇന്ത്യയിലെ ഭൂരിഭാഗം കൃഷകരും അഭിമുഖീകരിക്കേണ്ട വിഷമപ്രശ്നമാണു്. ജന്മിയോടുള്ള ഋണബാദ്ധ്യത. മിക്കവാറും കിടപ്പാടവും കൃഷിസ്ഥലവും ജന്മിയുടെ അധീനതയിലേക്കു മാറുന്നതു് ഈ മാർഗ്ഗത്തിലാണു് ആ പ്രശ്നം വളരെ സത്യസന്ധമായി വികാരജന്യമായിതൈകാര്യം ചെയ്യപ്പെട്ടിട്ടുണ്ടു്. പ്രേക്ഷകൻറെ സ്മരണമണ്ഡലത്തിൽ എക്കാലവും തങ്ങിനിന്നേക്കാനിടയുള്ള ചില വികാരഭരിതമായ മുഹൂർത്തങ്ങളും ഈ ചിത്രത്തിലുണ്ടു്. അവശത അനുഭവിക്കുന്ന ജനവിഭാഗത്തെപ്പറ്റിയുള്ള എഴുത്തുകാരൻറെ അഗാധജ്ഞാനം ഈ രംഗങ്ങളിൽ വ്യക്തമാകുന്നുണ്ടു്. ചിത്രത്തിൻറെ മാറ്റുവർദ്ധിപ്പിക്കുന്ന ഏതാനും ചില മുഹൂർത്തങ്ങളും ഞാനിവിടെ ഉദ്ധരിക്കയാണു് ചിത്രം തുടങ്ങുന്നതന്നെ ഏറെക്കാലത്തെ വരൾച്ചക്കുശേഷം വരുന്ന മഴയെ കൂട്ടത്തോടെ ആടിയും പാടിയും ഉല്ലാസഭരിതരായി നിന്നു് കൃഷകർ സ്വാഗതം ചെയ്യുന്നതോടെയാണു് അതോടൊപ്പം തന്നെ പ്രേക്ഷകൻ ചിത്രത്തിൻറെ അന്തസത്തയിലേക്കു് ആഞ്ഞിറങ്ങിപ്പോവുകയാണു് ചിത്രം തിരുന്നതുവരെയും അതിൽ ആമഗ്നനായി ഇരുത്തുന്നരീതിയിലുള്ള രംഗങ്ങളാണു പിൻതുടരുന്നു.

പട്ടണത്തിൽ താമസിക്കുന്ന ഭർത്താവിനു് എഴുത്തയക്കാനായി എഴുത്തറിയാവുന്ന ഒരു സ്ത്രീയെ സമീപിക്കുന്നുണ്ടു്. ഗ്രാമത്തിൽനിന്നും വരുന്ന കന്നയ്യായുടെ വിഷ്ണുത്തങ്ങളിൽ തലയറഞ്ഞു് ചിരിക്കുന്നുണ്ടെങ്കിലും കന്നയ്യാക്കു് ആവശ്യംവേണ്ടപ്പോഴെല്ലാം സഹായിക്കാൻ ലല്ലുതയ്യാറാണു്. അവനു് സിനിമകാണുക, വെടിപറയുക, വയറുനിറക്കുക, ഗ്രാൻറ് ഹോട്ടലിൻറെ വരാന്തയിൽചെന്നു് കിടന്നുറങ്ങുക ഇതാണു് ലല്ലുവിൻറെ ജീവിതപരിപാടി. ഒരുപുതിയ ബാലൻക്രൂടി തൻറെ തൊഴിലു ശീലിച്ചു തന്നോടൊത്തുതന്നെ വരുന്നതിൽ ലല്ലുവിനു പരാതിയില്ല. എന്നാലെങ്കിലും ഈ മരുന്നും ആഹാരസാധനങ്ങളും ഭക്ഷിച്ചാൽ മതിയെന്നു്. "ഏതൊരു മനുഷ്യൻറെ ഹൃദയമാണു ഈ യാചകങ്ങളിൽ അലിഞ്ഞുപോകാത്തതു്. ബൂട്ടുപാളിഷിങ്ങു് കഴിഞ്ഞു കാത്തുമായെത്തുന്ന കന്നയ്യയെ മോഷണം നടത്തിയെന്നു ശങ്കിച്ചു് ശംഭു ശിക്ഷിക്കുന്നതും തൻറെ തെറ്റു മനസ്സിലാകുമ്പോൾ ഭയംപൊട്ടിമാറുവിങ്ങിക്കൊണ്ടു് പുത്രൻറെ കുങ്കുമം ഗ്രഹിച്ചു് തൻറെ ചെകിട്ടടിപ്പിക്കുന്ന ഭാഗവും വളരെ വികാരഭരിതമായിട്ടുണ്ടു്. ഒരു തുള്ളിക്കണ്ണുനീരെങ്കിലും വീഴ്ത്താതെ ഈ ഭാഗങ്ങളും കടന്നുപോവുക വിഷമമാണു്.

ഈ ചിത്രത്തിൻറെ വിജയത്തിനു ഏറ്റവും മുഖ്യകാരണം ഇതിൻറെ പാത്രസൃഷ്ടിയും സംഭാഷണവുമാണു്. ഇതു വൈവിധ്യവും പൂർണ്ണതയുമുള്ള പാത്രങ്ങളും മറ്റേതെങ്കിലും ഇന്ത്യൻ ചിത്രത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടോ എന്നു സംശയമാണു്. ഗ്രാമത്തിൻറെ സ്വച്ഛതനിറഞ്ഞ നിർദ്ദോഷമായ അന്തരീക്ഷവും പട്ടണത്തിൻറെ ബഹളംപിടിച്ച അന്തരീക്ഷവും വളരെ തന്മയത്വത്തോടെ അവതരിപ്പിക്കുന്നതിനോടൊപ്പംതന്നെ അതാതു പ്രദേശങ്ങളിൽ സാധാരണയായി കണ്ടുമുട്ടിയേക്കാവുന്ന വിവിധ സ്വഭാവക്കാരും വിഭിന്ന ജീവിതചര്യയിലുള്ളവരുമായ പാത്രങ്ങളെ അതിശയോക്തികലർത്താതെ പ്രദർശിപ്പിക്കുന്നതിലും ഈ ചിത്രം പരിപൂർണ്ണമായി വിജയിച്ചിട്ടുണ്ടു്. തെരുവിൻറെ സന്താനമായി വളർന്ന സഹായഹസ്തങ്ങളൊന്നും നോടാതെതന്നെ ജീവിതമാർഗ്ഗമന്വേഷിക്കാൻ തക്കപ്രാഗത്ഭ്യം സ്വായത്തമായിരിക്കുന്ന ഒരു വിരുതനാണു് ലല്ലു ഉസ്താദ

വാക്കുകളിലും കൂട്ടത്തെരുമാറ്റത്തിനുമുള്ളിൽ പൊതിഞ്ഞു സൂക്ഷിക്കുന്ന ശംഭുവിന്റെ പട്ടണത്തിലെ വീട്ടുടമസ്ഥയും മറക്കാനാവാത്ത ഒരു പാത്രമാണ്. അവരുടെ മൂർച്ചയേറിയ നാക്കിന്റെ മുൻപിൽ അരും മുളിപ്പോകും പക്ഷെ ഏതുകഷ്ടപ്പാടിനേയും ഭരിതത്തേയും പരിഹരിക്കത്തക്ക ഒരക്ഷയപാത്രമായിട്ടാണ് ശംഭുവിന്റെ മുൻപിൽ അവർ നിൽക്കുന്നത്.

ഇതുത്തോളം പ്രാധാന്യമില്ലെങ്കിലും തീരെ അപ്രധാനമാണെന്നു കരുതി അത്രമാത്രമായിത്തള്ളിവിടാത്ത മറ്റു സജീവ പാത്രങ്ങളും ഇതിലുണ്ട്. സ്നേഹത്തിന്റേയും നിഷ്കളങ്കതയുടേയും പ്രതിരൂപമായ 'റാണി'. ഭരിതമയമായ ഒരു ജീവിതത്തിനുശേഷവും മനുഷ്യസ്നേഹവും വിശ്വസ്തതയും വച്ചുപാലിക്കുന്ന രിക്ഷാക്കാരനായ വൃദ്ധരോഗിയും റാണിയുടെ പുറകെ മിഠായിപാത്രവുമായിനടക്കുന്ന പ്രീതവും അപൂർവ്വംചില നിമിഷങ്ങളിൽ മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളുവെങ്കിലും വേണ്ടത്ര വ്യക്തിത്വമുള്ള പാത്രങ്ങളാണ്. ബഹളംപിടിച്ച പട്ടണത്തിൽ അശരണയായി വന്നിറങ്ങുന്ന പാറുവിനെ സമാധാനവചനങ്ങളോതി തന്റെ പാപ്പിടത്തിലേയ്ക്കു കൊണ്ടുപോയി മാനഭംഗപ്പെടുത്താൻ തയ്യാറാവുന്ന കുടിയൻ പട്ടണത്തിന്റെ ചീഞ്ഞഴിഞ്ഞ ഭാഗത്തിന്റെ പ്രതീകമാണ്. അത്തരത്തിലുള്ളവരെ ഉൾക്കൊള്ളാത്ത പട്ടണങ്ങളില്ലെന്നതന്നെ പറയാം.

പാത്രസൃഷ്ടിയിലുള്ളിടത്തോളം ശ്രീ കഥയുടെ സ്വാഭാവികമായ വികസനത്തിലും പതിപ്പിച്ചിട്ടുണ്ട്. അത്യാഹിതങ്ങളിൽ ക്രിയാണ് കഥ മുന്നോട്ടുന്തുന്നത് എന്നൊരു പരാതി ചിലപ്പോൾ ഉയർന്നേക്കാം. പക്ഷെ അവതന്നെ ഇതിൽക്കൂടുതൽ വിശ്വസനീയമായി സ്വാഭാവികമായി കാണിക്കുക സാധ്യമല്ല. ശംഭുവിനുനേരിടുന്ന അപകടം വാഹനങ്ങൾ നിറഞ്ഞുനിൽക്കുന്ന ഏതെങ്കിലുമൊരു തെരുവിൽ വച്ചുണ്ടാകുന്നതായി കാണിച്ചാലും തകരാറുണ്ടാകുമായിരുന്നില്ല. പക്ഷെ അതിന്റെ സ്വാഭാവികത വർദ്ധിപ്പിക്കാൻവേണ്ടി അതിനായി ഒരു പ്രത്യേകരംഗംതന്നെ സൃഷ്ടിച്ചിരിക്കുകയാണ്. രണ്ടു രക്ഷാകരിലായി കയറുന്ന കാമുകീകാമുകന്മാരുടെ സ്പീഡ് റേസിനിടക്കാണ് അത്യാഹിതമുണ്ടാകുന്നത്. കൂട്ടത്തിൽ വേഗതയിലോടിച്ചാൽ കൂടുതൽ കാശു ലഭിക്കുമെന്ന വാഗ്ദാനം ലഭിച്ചപ്പോൾ ശംഭു സർവ്വ നിയന്ത്രണവും വിട്ട് കാശുകരുതിമാത്രം പായുകയാണ്. തുടക്കത്തിലേ തന്നെ നമുക്ക് അപകടത്തിന്റെ സൂചന ലഭിക്കുന്നു. ഓരോ നിമിഷങ്ങളും കഴിയുന്തോറും എല്ലാ പ്രേക്ഷകരും ബലമായിത്തന്നെ ധരിച്ചു തുടങ്ങുകയായി ഒരാപത്തു് അനിവാര്യമാണെന്നു്. അത്യവിദഗ്ധമായി സ്ക്രീൻപ്ലേ എഴുത്തുകാരനും സംവിധായകനും പ്രവർത്തിച്ചിട്ടുണ്ട്. പാറുവിന്റെ കാറപകടവും ഏതാണ്ടിതുപോലെ തന്നെ വിദഗ്ധമായി കൈകാര്യംചെയ്യപ്പെട്ടിട്ടുണ്ട്.

സാങ്കേതികമായ എല്ലാംഘടകങ്ങളിലും ന്യൂനതകളില്ല എന്നുള്ളതും ഈ ചിത്രത്തിന്റെ ഒരു നന്മയായി എടുത്തു കാട്ടാവുന്നതാണ്. എന്നു തന്നെയുമല്ല ഇതിന്റെ സംഗീത സംവിധാനം ഒരുന്നതനിലവാരത്തിലേക്കെത്തിയിട്ടുമുണ്ട്. വെറും നാലു പാട്ടുകൾകൊണ്ട് ചിത്രത്തിനാകെ സംഗീതമയമായ ഒരന്തരീക്ഷം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ചിത്രത്തിന്റെആരംഭത്തിലുള്ള വൃന്ദഗാനവും താരാട്ടുപാട്ടും അടുത്തകാലത്തുണ്ടായിട്ടുള്ള ഗാനമട്ടുകളിൽ വളരെ മെച്ചപ്പെട്ടവയാണ്.

ചിത്രത്തിന്റെ വിജയത്തിനു് സംവിധായകനായ ബിമൽറോയിയോടൊപ്പംതന്നെ പ്രശംസ അർഹിക്കുന്നവരാണ് കഥയുടേയും സംഗീതത്തിന്റേയും മുമതല വഹിച്ചിരിക്കുന്ന സലീൽചൗധുരിയും സ്ക്രീൻപ്ലേ എഴുതിയ ഋഷികേശ് മുക്കർജിയും സ്വാഭാവികമായ സംഭാഷണങ്ങളും രചിച്ചിരിക്കുന്ന പാലും മഹേന്ദ്രയും.

ഭംഗിയായി എഴുതി വിദഗ്ധമായി സംവിധാനം ചെയ്ത ഒരു ചിത്രത്തിൽ സാധാരണ അഭിനയം സ്വാഭാവികമായി മെച്ചപ്പെട്ടതായിരിക്കും. എങ്കിലും ഇതിലെ പല പാത്രങ്ങളുടേയും അഭിനയം എടുത്തുപറയത്തക്കവിധം മെച്ചമായിട്ടുണ്ട്. പാത്രസ്വഭാവത്തിനനുസരണമായ നടീനടന്മാരെ തിരഞ്ഞെടുത്തതിലും ബിമൽറോയി അനുമോദനമർഹിക്കുന്നു. ശംഭുവായി അഭിനയിക്കുന്ന ബൽരാജ് സഹാനി പ്രശസ്തനായ ഒരു നടനാണ്. ഭാവപ്രകടനങ്ങളിലും വികാരത്തിനനുയോജ്യമായ സ്വരത്തിലുള്ള സംസാരത്തിനും അദ്ദേഹത്തോട് കിടനിൽക്കുന്നവർ ചുരുക്കം. അഭിമാനപൂർവം തലയുയർത്തിക്കൊണ്ട് എന്റെ ഭൂമി എന്റെ അമ്മയാണ് അതിനെ ഞാൻ വിൽക്കയില്ലയെന്നുപറയുമ്പോൾ നൂറ്റാണ്ടുകളായി ജന്മിയുടെ പൂഷണത്തിനു വിധേയനായിട്ടും മണ്ണിനെ ജീവനെക്കാളേറെ സ്നേഹിക്കുന്ന കർഷകനെ നമുക്ക് ബൽരാജ് സഹാനിയിൽ കാണാൻ കഴിയുന്നുണ്ട്. വാത്സല്യനിധിയായ പിതാവും പ്രേമസ്വരൂപനായ ഭർത്താവുമെല്ലാം ബൽരാജ് വിദഗ്ദ്ധമായി അവതരിപ്പിച്ചിട്ടുണ്ട്. പൂരാണേതിഹാസ ചിത്രങ്ങളിൽമാത്രം അഭിനയിക്കാവുള്ള നിരുപറായിയാണ് പാറു. നിരുപറായിയിൽക്കൂടി കാണുന്നതു് ഒരു യഥാർത്ഥ ഇന്ത്യൻവനിതയെയാണ്. അവരുടെ കലാജീവിതത്തിലെ വിജയ വൈജയന്തിയാണ് ഈ ചിത്രത്തിലെ അഭിനയം. നിരുപ പാവമായി ജീവിക്കുകയാണ്. മറ്റു പാത്രങ്ങളിൽ മുന്നിട്ടു നിൽക്കുന്നതു് ലല്ലുവായി പ്രത്യക്ഷപ്പെടുന്ന ജഗദീപും കന്നയ്യായുടെ ഭാഗമെടുത്തിരിക്കുന്ന രത്തൻകുമാറുമാണ്. രത്തൻകുമാർ ഒരു പ്രഗൽഭ നടനായ ബാലനടൻ എന്ന രീതിയിൽ ഒരത്ഭുതമാണ്—ജഗദീപ് ഒരു മഹാത്ഭുതവും. എത്ര വിദഗ്ധനായ സംവിധായകന്റേയും കഴിവുകൾക്കുമകളിൽ കീഴ്തിമിത്ര സ്ഥാപിക്കത്തക്ക അഭിനയപാടവം ജഗദീപിനുണ്ട്. ഇതിലുപരി വിജയിച്ചിട്ടുള്ള ഒരു പാത്രാഭിനയം ഇന്ത്യയിലെ മറ്റു ചിത്രങ്ങളിൽ കാണുമോ എന്നു സംശയമാണ്.

അപ്രധാനപാത്രങ്ങളും അവരവരുടെ ഭാഗങ്ങൾ കഴിയുന്നത്ര ഭംഗിയായി അവതരിപ്പിച്ചിട്ടുണ്ട്. ആ കൈക്കുടി നോക്കുമ്പോൾ ദ്രോബിഗാ ജമീൻ ഇന്ത്യയിലെ ഒരൊന്നാംകിട ചിത്രമാണ്. കലാപരമായും സാങ്കേതികമായും പൂർണ്ണതയാർജ്ജിച്ചിട്ടുള്ള ഒരു ചി

R. S. P. TIMBER DEPOT,

EAST THAMPANOOR

TRIVANDRUM 1

തേക്ക്, ഇറ്റി, വേങ്ങ, തേമ്പാവ്, മരുത് തുടങ്ങിയ തലി, മുതലായ എല്ലാത്തരം ഉരുപ്പടികളും ആവശ്യത്തിനുള്ള ഉരുപ്പടികളും മിതമായ വിലയ്ക്ക് ഇവിടെ കിട്ടുന്നതാണ്.

N B. ഓർഡർപ്രകാരം ഏതിനം ടൈസസ് ഉരുപ്പടികളും കൃത്യസമയത്തു് അയച്ചുകൊടുക്കുന്നതാണ്,

Phone 2743. Prop: ബാങ്കർ, R. ശ്രീധരപ്പണിക്കർ

എന്റെ നാട് വിങ്ങുന്നു!

★

—ദാസ് ചെറായി—

മരതകാഭ വീശിടുന്ന മലകളുള്ള നാട്
രജതദീപ്തി ചേരുമേറെ പുഴകളുള്ള നാട്
കടലിലാടും തിരകൾവന്നു തഴുകിടുന്ന നാട്
തരളനാമൃതിയരുവിയൊഴുകിടുന്ന നാട്
പൂകുമേകം കുളിർപൊഴിക്കും പവനനുള്ള നാട്
കിളികളാലേ കളകളങ്ങൾ പെരിയുമെന്റെ നാട്
മധുരസപ്പം പൂത്തപോൽ പ്പവനികയുള്ള നാട്
മലയവാതം നടനമാടിപ്പുണരുമെന്റെ നാട്
തലകുനിച്ചുമൂളിയുതും മുളകൾതിങ്ങും നാട്
തലയുയർത്തി തലകുലുക്കും മാമരത്തിൻ നാട്
ഉഡുനിരയുത്തണിവരിപ്പിനടിയിൽ മിന്നുംനാട്
മധുരമാരിവില്ലിനൊളിയിൽ കവിതനെയ്യുംനാട്
ഹൃദയവീണമീട്ടിടുന്ന കയിൽനിറഞ്ഞ നാട്
മഴവരുമ്പോ,ളിടിവരുമ്പോൾ മയിൽനടിക്കും നാട്
കരളു നിറയെ പൂനിലാവു് പെയ്തിടുന്ന നാട്
കനകചിങ്ങം കൂടിയിരുന്നു,ണ്ണോണമുള്ളനാട്
പുതിയവർഷമണയവേ പൂത്തിരികൾ മിന്നുംനാട്
പൂമയെന്നും പേരിയുണരാൻ പ്രതിഭയുള്ളനാട്
ഉപകവേദിയൊളിപകർന്ന കഥകളിരുൻനാട്
കുരുകളാകെ കിലുകിലുന്ന ചിരിപരത്തുംനാട്
ഹരിതശോഭ വീശിടുന്ന വയൽനിറഞ്ഞനാട്
പവിഴമുത്തിൻ കതിരണിഞ്ഞ കതിർനിറഞ്ഞ നാട്
നിരനിരന്ന തണൽവിരിച്ച കേരമുള്ളനാട്
കനകകുംഭം പേറിനിന്ന ക്ഷീരമേകുംനാട്
ഭുവനശക്തം തിരിയുവാൻ പൊൻവിഭവമേകും നാട്
പ്രകൃതിവിഭവ,മഴകുമെന്നും ഒഴുകിടുന്ന നാട്
പഴയ വീരസമരകഥകൾ പറയുമെന്റെ നാട്
അഴലറുത്ത സമതയിൽ മാവേലി വാണനാട്!
കഥകളിൽ,ഇന്നിവിടെയിന്നു കണ്ടെരിഞ്ഞിടുന്നു
വ്യഥയിൽനിറി കണ്ണുനീരിൽ ജനത വാണിടുന്നു
ഒരു പിടിക്കായ് വിലപിടിച്ച മാനമാകെ പോക്കി,
ഉടുതുണിക്കായണയുമേതോ ഭാവയേയും നോക്കി!
പകലവന്റെ കനകകിരണം വിരിയുവേ വിരിപ്പിൽ
പണിയെടുക്കും കൃഷകരെന്ത കണ്ണുനീരിൽ ചേരാൻ?
കരളുകീറി, മുടുനിണത്തിൽ ധാരയൂറിടുന്നോർ
അഴൽനിറഞ്ഞൊരലകടലിൽ സതതമെന്തേ വാഴാൻ?
വിഭവമൊഴുകു,മിവിടമെന്തേ കണ്ണുനീരിൽ മുങ്ങാൻ
ജനനീ, നിന്റെ ഹൃദയമെന്തേ കനലഭാരാൽ വിങ്ങാൻ?



ഈയാഴ്ച ചേച്ചിക്കിഷ്ടപ്പെട്ട ഒരു കാര്യം പറയട്ടേ. കഴിഞ്ഞയാഴ്ച തിരുവനന്തപുരത്തു സ്റ്റേഡിയത്തിൽവച്ചു നടന്ന ഒളിമ്പിക്സ്പോർട്ട്സ് കാണാൻ ചേച്ചി പോയിരുന്നു. വളരെ അപൂർവ്വമായിട്ട ചേച്ചി ഇതു കാണാൻ പോകാറുള്ളു. ഇത്തവണ കൊച്ചു പെൺകുട്ടികളുടെ നൃകടനങ്ങളെപ്പറ്റി പത്രത്തിൽ കണ്ടതുകൊണ്ടാണ് അവസാനദിവസം പോയതു്. നിർഭാഗ്യവശാൽ പെൺകുട്ടികളുടെ items മിക്കവാറും എല്ലാം തീർന്നിരുന്നു. എങ്കിലും രണ്ടുമൂന്നെണ്ണം കാണാൻ ഇടയായി, നിങ്ങളുടെ തരത്തിലുള്ള പെൺകുട്ടികളുടെ അഭ്യാസങ്ങളം കാണേണ്ടതുതന്നെയായിരുന്നു. സ്പോർട്ട്സിൽ പങ്കെടുക്കണമെന്നാഗ്രഹമുള്ള എത്രപേർ നിങ്ങളുടെ ഇടയിലുണ്ടെന്നറിഞ്ഞുകൂടാ. ആൺകുട്ടികളാണെങ്കിൽ അവരോടു വല്യതായി ഇതിനെപ്പറ്റി ഉപദേശിക്കേണ്ട ആവശ്യമില്ല. അവർ കുട്ടിക്കാലത്തേ വലിയ സ്പോർട്ട്സ്മെൻ ആയിരിക്കും. ചേച്ചിതന്നെ കൊച്ചായിരുന്നപ്പോൾ എത്രതവണ ചേച്ചിയുടെ സഹോദരങ്ങളുടെ കാലു പിടിച്ചിട്ടുണ്ടെന്നോ, ഒരു പറങ്കിമാങ്ങാ മാവിൽകയറി അടത്തുതരാൻ. അവരെത്ര പെട്ടെന്നു സാധിച്ചുതരുമെന്നോ. അതുകൊണ്ടു് പെൺകുട്ടികളായ നിങ്ങളും മാവിൽ കയറണമെന്നല്ലാ പറയുന്നതു്. ആണുങ്ങളെപ്പോലെ നിങ്ങളും സ്പോർട്ട്സിൽ പങ്കെടുക്കണമെന്നാണു്. ആരോഗ്യത്തിനും വളരെ നന്നല്ലേ. കുമുദിലീഗ് സ്പോർട്ട്സ് ഇനി ഒരിക്കൽ വയ്ക്കണമെന്നു വച്ചാൽ ആളില്ലാതിരിക്കരുതു്. അതിനുവേണ്ടിയാണു് ഇത്രയും എഴുതിയതു്.

ക്രിസ്തുമസ് വെക്കേഷൻ വളരെ അധികംകിടി. ചേച്ചി തനിച്ചാണ് നല്ലതു് തിരഞ്ഞെടുക്കാൻ പാടുപെടുന്നതു്. സമ്മാനാർഹമായതു തിരഞ്ഞെടുത്തെന്നു പറഞ്ഞുകൂടാ. എങ്കിലും ഒന്നു കിട്ടിയിട്ടുണ്ടു്. ഇനിയും ഏകദേശം അൻപതുപേരുടേതെങ്കിലു വായിക്കാനുണ്ടു്. അതുകൂടി വായിച്ചാലെ അറിയാവു സമ്മാനം അയക്കൊടുക്കണമെന്നു്. അതുകൊണ്ടാണു് ഈയാഴ്ച പ്രസിദ്ധപ്പെടുത്താത്തതു്

നിങ്ങൾക്കെല്ലാവർക്കും സുഖംതന്നെന്നു വിശ്വസിക്കുന്നു.

സ്നേഹപൂർവ്വം

സ്വന്തം ചേച്ചി

ജി. മോഹൻ, കായംകുളം. എഴുത്തുകാരുടെ മേൽവിലാസവുമാണു്.

എൻ. ബാബുലാൽ മുന്നാർ. അംഗത്വകാർഡു് എങ്ങനെയിരിക്കുന്നു ബാബുലാലിനു് ഇഷ്ടമായോ? ഉപന്യാസം വായിച്ചുനോക്കട്ടെ.

ഡി. ഓമന, പേട്ട. ഓ ഇത്രനാളും എവിടെ ആയിരുന്നു. ഒരു വിശേഷവും അറിയാനില്ലായിരുന്നല്ലോ. 'ശകു'വിനെ ഞാൻ പ്ര

ത്രം തിരുവിധായകനായ ബിമൽ റായ്ക്കും അദ്ദേഹത്തിന്റെ എല്ലാ സഹപ്രവർത്തകർക്കും ഹാർദ്ദമായ അനുമോദനങ്ങളും.

ജീവൻതുല്യം സ്നേഹിച്ചിരുന്ന ഭർത്താവിന്റെ ഒരു പിടിമണ്ണുപോലും നിഷേധിക്കപ്പെട്ടു് കണ്ണുനീരോടുകൂടി വിട്ടുതന്നിലേ ഗമിക്കുന്ന ശംഭുവും കുടുംബവും ഇന്ത്യൻ സിനിമാപ്രേമികളുടെ ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠയാർജ്ജിച്ചുകഴിഞ്ഞിരിക്കുന്നു എന്നു നിസ്സംശയം പറയാം.

ത്യേകം ചോദിച്ചതായി പറയണേ? സരള എന്താണ് അംഗമാകാത്തത്. 'ശകു' ചക്കിയുടെ പരിഷ്കരിച്ച പേരാണോ?

എൻ. രാജൻ, വാമനപുരം. രാജാ, ചേച്ചി എങ്ങനെയാണു രാജനെ മറക്കുന്നത്. സലിമിന്റെ ഫോട്ടോ വേണമെന്ന ഇന്നലെ ഞാൻ അവനോടുപറഞ്ഞു. ആ കൊച്ചുകൗതുകം അപ്പോൾ ചിരിയോടെ ചിരിതന്നെ. രാജച്ചേട്ടനെ മനസ്സിലായി എന്നു തോന്നുന്നു. ഇവിടെ വരുമ്പോൾ ചേച്ചിയുടെ വീട്ടിൽ വരണേ! ചേച്ചി കാത്തിരിക്കും.

കെ. സുന്ദര തിരുവനന്തപുരം. ഓ! കുട്ടുകാരിയുടെ എഴുത്തുകിട്ടി. മറുപടിവേണം അല്ലേ? സുമതിക്കുട്ടിയെ ഞാൻ പ്രത്യേകം ചോദിച്ചെന്നു പറയണം. വിജയച്ചേച്ചിയെ ചേച്ചിയുടെ അഭിനന്ദനം അറിയിച്ചേക്കണേ! ഇനി പേട്ടയിലേക്കു വരുമ്പോൾ ചേച്ചിയുടെ വീട്ടിൽ വരാൻ മറക്കരുതേ! ശ്യാമളയെ അന്വേഷണം അറിയിക്കണം.

സീതാമണി, നെടുങ്കണ്ടം. സീതക്കുട്ടിയെ എങ്ങനെയാണു മറക്കുന്നത്. കുട്ടുകാരിയെ പിന്നീട് പരിചയപ്പെട്ടിഞ്ഞിരാം. സീതമ്മ എക്സിബിഷൻ കാണാൻ വരുമോ?

ഉഷ നന്താങ്കോട്. ഉഷേ, ഞാൻ അംഗത്വകാർഡ് ഉടൻതന്നെ അയച്ചുതരാം. താമസിച്ചതിൽ ക്ഷമിക്കണം. എഴുത്തു എഴുതിക്കുന്നതിനുംമറ്റും എന്തിനാ ചേച്ചിയെ ശല്യപ്പെടുത്തുന്നതു്. ചേച്ചി എന്തിനാ ഉഷയെ വെറുതെ വഴക്കു പറയുന്നതു്. കുട്ടുകാരിയെ ഉടൻതന്നെ പരിചയപ്പെട്ടിഞ്ഞിരാം.

വി. പി മോഹനദാസ്, കല്ലൂർ. കാർഡു് ഇഷ്ടമായോ? മാക്സിഞ്ഞാൽ ഉടനെ ചേച്ചിയെ അറിയിക്കണേ! അനിയനെ എന്താണു ലിസ്റ്റിൽ ചേർക്കാത്തതു്! മൂന്നുകുന്നത്തെ മഹോൽസവത്തിനു വരണമെന്നു ചേച്ചിക്കു അതിയായ ആഗ്രഹമുണ്ടു്. അനിയന്മാരെ എല്ലാം കാണാമല്ലൊ? പക്ഷെ എങ്ങനെയാണു വരുന്നതു്? അമ്മാവന്റെ ആത്മാവിനു നിത്യശാന്തി ലഭിക്കുവാൻ പ്രാർത്ഥിക്കണം.

ഒ. ഗോപാലകൻ, സ്യാദ്, എന്താ അനിയാ? ഇതുവരെ എവിടെയായിരുന്നു. ഈ ലോകത്തിൽതന്നെ ഉണ്ടായിരുന്നോ! ബാലേട്ടന്റെ പ്രസംഗം കേട്ടോ? ചന്ദ്രികചേച്ചിയെപറ്റിയാണോ പ്രസംഗിച്ചതു്? അതോ ഈ ചേച്ചിയെ പറ്റിയോ? മയ്യനാട്ടുവരുമ്പോൾ ചേച്ചിയുടെ വീട്ടിൽ വരുമോ?

കെ. സുശാങ്കകുമാർ, തിരുവനന്തപുരം കാർഡു എങ്ങനെയിരിക്കുന്നു? ചേച്ചിയുടെ പോലില്ലേ. അതുകൊണ്ടു ചേച്ചിതന്നെ അയച്ചതാണ്. കേട്ടോ. കഥകളും, കവിതകളും ഉടൻതന്നെ അയയ്ക്കണം. നല്ലതാണെങ്കിൽ പ്രസിദ്ധികരിക്കാം.

ലത്തീഫ കരുൺ, നെടുങ്ങാട്. അനുജത്തിയുടെ കഥ അടുത്തതന്നെ പ്രസിദ്ധികരിക്കാം. അഥവാ പ്രസിദ്ധികരിച്ചില്ലെങ്കിൽ തന്നെ ഇത്രയധികം നിരാശപ്പെടുകയൊന്നുംവേണ്ട. വിണ്ടും വീണ്ടും ശ്രമിക്കു. ഒരിക്കലും നിരാശപ്പെടരുതു്. അനുജത്തി കരഞ്ഞുകൊണ്ടു അതു കണ്ണുനീർ ചേച്ചിയിതാ തുടച്ചുകളയുന്നു.

പൂക്കാരി

കെ. കെ ശങ്കുമാർ മാനേജിനമ്പർ 2447

അന്നു ഞാൻ വളരെ പ്രതിക്ഷയോടെയാണു് പൂക്കുട്ടയുമായി പുറപ്പെട്ടതു്. കുട്ടനിറയെ പൂവിറുത്തു് മാലകെട്ടിവിൽക്കണം. വിറകിട്ടിയപണംകൊണ്ടു് എനിക്കൊരുടുപ്പുതയ്പ്പിക്കണം. അങ്ങനെയങ്ങനെ എന്റെ ഭാവനചിറകു വിടർത്തിപറന്നുകൊണ്ടിരുന്നു.

ഹോ! ഉണ്ടായിരുന്ന പൂവെല്ലാം ആ ചെറുക്കൻ പറികൊണ്ടുപോയി. ഞാൻ വല്ലാതെ വിഷമിച്ചു. വിശന്നുപൊരിഞ്ഞു് എന്നെയും കാണ്മാൻ ഇരിക്കുന്ന എന്റെയമ്മയുടെ കാര്യം ഓർത്തപ്പോൾ എന്റെ ഉൾത്തട്ടു് ഒന്നു നടുങ്ങി. അകന്ന പ്രതീക്ഷയുമായി ഞാൻ ചുറ്റുമൊന്നു് കണ്ണോടിച്ചു. എതുപേരുടെ ശകാരവും നിന്ദയും കേട്ടാണു് ഞാൻ പൂ ശേഖരിക്കുന്നതു്. അവകൊണ്ടു മാലകെട്ടികടയിൽകൊണ്ടുചെന്നാൽ അവിടത്തെ "അണ്ണാമാരുടെ" വിലപറച്ചിൽ കേൾക്കുമ്പോൾ ഭയിച്ചുവന്നുപോകും. അന്നു് എനിക്കൊരു നിശ്ചയിയുമില്ല. കുറച്ചുകഴിഞ്ഞപ്പോൾ അതാ ഒരു വയോധികൻ ഒരു കെട്ടു പൂവുമായി എന്റെയടുക്കൽവന്നു. അവ എനിക്കു് വച്ചുനീട്ടി. ഞാൻ അതുകെ ഒന്നു പരിഭ്രമിച്ചു. അപ്പോൾ എന്റെ കൂട്ടുകാർ ഓടിവന്നെത്തി അദ്ദേഹത്തെ കല്ലുവിഴുങ്ങിച്ചോടിച്ചു. അവരുടെ അന്ധാളായ പെരുമാറ്റത്തിൽ എനിക്കു വളരെ പരിഭവംതോന്നി. ഞാനവരെ ശകാരിച്ചു. ഇതുകേട്ടു് എന്റെ സഖി ജാനകി പറഞ്ഞു: അദ്ദേഹം ഒരു ഭ്രാന്തനാണു്. ഇതുകേട്ടു് ഞാൻ ഒന്നു നടുങ്ങി ഭ്രാന്തൻ, കൊടിയനിരാശയിൽനിന്നു് ഉടലെടുക്കുന്നൊരു മനുഷ്യസ്വരൂപമാണു് അതു്. ഹൃദയമില്ലാത്ത ഇന്നത്തെ മനുഷ്യലോകത്തിൽ ഹൃദയമുള്ളവൻ ഒരു മുഴുഭ്രാന്തനാണു്. വഞ്ചന ഹൃദയത്തിൽ നിറച്ചു് പൂമേ സ്നേഹകുങ്കുമം ധരിച്ചാൽ അവൻ ബുദ്ധിമാനാണു്. സ്നേഹസമ്പന്നനാണു് എന്നു് ലോകം പാടിപുകഴ്ത്തും.

ജഗദേ അദ്ദേഹം എങ്ങിനെയാണു് ഭ്രാന്തനായതു്.

ഓ അതു് ഒരു നിണ്ടകഥയാണു്. അയാൾക്കു് ഒരു പൂതിയുണ്ടായിരുന്നു. ആ ദാമ്പത്യവല്ലിയിലെ ഒരു അനർഘകുസുമമായിരുന്ന അവൾ. ചെറുപ്പത്തിൽതന്നെ അവളുടെ അമ്മമരിച്ചു. മാതൃലാളന എന്തെന്നു് അറിയാത്ത ആ പിഞ്ചുപൈതലിനെ അയാൾ വളരെ സ്നേഹവാൽസല്യങ്ങളോടുവളർത്തി. ഒരു കുടുംബകൂട്ടുംബത്തിലേതിനേക്കാളും വളരെ സുഖത്തോടാണു് അവൾ വളർന്നതു്.

അവളുടെ കൊച്ചു മൈമാവു് പലപ്രാവശ്യം പൂത്തുകായിച്ചു പ്രകൃതി അവളുടെ വികൃതിരൂപം കാട്ടിക്കൊണ്ടേയിരുന്നു. അങ്ങിനെ അവൾ കുടുംബത്തിൽനിന്നു് യൗവനത്തിലേക്കു് കാലുകുത്താൻ തുടങ്ങി. ക്രമേണ അയാൾ ഒരു രോഗിയായതിനാൽ അയാൾക്കു മുമ്പിലത്തേതുപോലെ ജോലിചെയ്യാൻ വയ്യാതായി. പരിതസ്ഥിതിയുടെ ഏറുമുട്ടൽ അവളെ ഒരു ജോലിയിൽ ഏർപ്പെട്ടെന്നതിനു പ്രേരിപ്പിച്ചു. ആവശ്യമാണല്ലോ സൃഷ്ടിയുടെ മാതാവു്. അങ്ങനെ അവളും നിന്നെപ്പോലെ ഒരു പൂക്കാരിയായി. പല ഗ്രാമങ്ങളിലും കയറിയിറങ്ങി അവളും പൂശേഖരിച്ചു. അങ്ങനെ അവളും അവിടത്തെ വലിയ വീട്ടിലും കയറി. ആ വലിയ വീട്ടിലെ ചെറുക്കൻ അവളെ പല വിധത്തിൽ വർണ്ണിച്ചു അവളും കുസുമറാണിയാണെപോലും നിന്റെ സൗരഭ്യം പൂമ്പാറാകളെ ആകർഷിച്ചുകഴിഞ്ഞു. നിന്നെതഴുകിയുമ്മവച്ചു് മധുനകരുന്നെടുക്കാൻ അവർ വെമ്പുന്നു. എന്നിങ്ങനെ പലവിധത്തിലും ഉപദ്രവിക്കാൻതുടങ്ങി. പരിതസ്ഥിതി അനുകൂലമായിരിക്കുമ്പോൾ സംഭവം രൂപംകൊള്ളുമല്ലോ. അങ്ങനെ അവർ സ്നേഹബന്ധരായി. പണക്കാർക്കുള്ളതാണോ സ്നേഹത്തിന്റെ മാധുര്യം. അവർക്കു് ഒന്നറിയാം. പതിക്കാൻ അവളേയും ചതിച്ചു. അതിൽപിന്നെ അവളെ ഇതുവരെ കണ്ടിട്ടില്ല. അവളെ തിരക്കി നടക്കയാണു് സ്നേഹസമ്പന്നനായ ഈ പാവം ഇന്നദ്ദേഹം ഭ്രാന്തനാണു്. നല്ല കൂട്ടുകാരൻ.

വികാരപരവശമായ ഈ കഥകേട്ടു് എന്റെ ഉൾത്തട്ടുകുലുങ്ങി. അദ്ദേഹത്തിനു പൂക്കളായി മകളെ തേടിനടക്കയാണു്.

★ വർണ്ണന ★

പി. പുരുഷോത്തമൻ, മെമ്പർ നമ്പർ 2655

പച്ചിലക്കാട്ടുകിളി തിങ്ങിത്തിങ്ങി
രോസയും പിച്ചിയും പലയിനം ചെടികളും

മഞ്ഞയും നിലയും വെള്ളയും ഇങ്ങനെ
പലപല പൂക്കളിൽ തഴുകിത്തഴുകി
മുന്നോട്ടുപോകാം മുന്നോട്ടുപോകാം
കേരളനാടിൻറെതിഞ്ഞി കാൺമാൻ
പലയിനം പൂക്ഷങ്ങളം ജീവിതമാർഗ്ഗം
കേരളമക്കൾക്കു കാട്ടിടുന്ന
ഒരുകൊച്ചുകാറ്റിൻറെലർച്ചകേട്ടാൽ
പലതരം പൂക്കളം കൊഴിഞ്ഞിടുന്ന
ഇടകലന്നവ കണ്ടിടുമ്പോൾ
നമ്മുടെമനം സന്തോഷച്ചാറിൽ കുളിച്ചിടും.

എൻസഖി

ജെ. സുഭദ്ര വെട്ടിക്കവല, നമ്പർ 2244

എങ്ങുപോയെങ്ങുപോയെൻ പ്രിയേനി
എന്നെപിരിഞ്ഞു നീ എങ്ങുപോയി
എൻതാപമാകെ നശിച്ചിടുവാൻ
സന്തോഷമൊന്നു പകർന്നുതരാൻ
ഇന്നെനിക്കാരുമേ ഇല്ലയല്ലോ
എങ്ങുപോയെങ്ങുപോയെൻ പ്രിയേനി
എൻമനം ഇന്നിതാകേണിടുന്നു.

നമ്മുടെ ജീവിതലക്ഷ്യമെല്ലാം
പാടേനീ മാറിമറിക്കുകയണോ?
സമ്പത്തിൻറെ അത്യുച്ച
കോടിയിലേയ്ക്കുനിൻ-
മനമിന്നങ്ങു ചാഞ്ഞിടുന്നോ?
കഷ്ടമേ കഷ്ടമേ ഈ ഉലകം
ഇത്രയ്ക്കുനിഷ്ഠുരമോ ഈ ഉലകം?

സമയത്തെ എല്ലാം ഗ്രഹിച്ചിടുവാൻ
അനീതികളങ്ങനെ പാഞ്ഞിടുമ്പോൾ
ഇവയെല്ലാം കണ്ടുകൊണ്ടങ്ങിരിക്കാൻ
മനുജർക്കിതെങ്ങനെ സാദ്ധ്യമാകും?

ചാത്തൻറെ വീട്ടിലെ
കുട്ടനും തേവിയും
ഞാറുപറിക്കുവാൻ
പോയിടുമ്പോൾ
അങ്ങകലെയുള്ളോരു-
മാടത്തിൻ മുറ്റത്തു
ചെന്നിരുന്നങ്ങൊരു
പാട്ടുപാടാൻ
വന്നിടു വന്നിടു എൻസഖീ നീ

അന്നു നാം കേവലം കുട്ടികളായ്
പ്രേമത്തിൻ ഗാനങ്ങളാലപിച്ചു
ഇന്നെനിയ്ക്കുക്ഷ ഓർമ്മിക്കുവാൻ സാദ്ധ്യമോ?

എൻമനം ഇന്നിതാകേണിടുന്നു
വിത്തമില്ലായ്മയാൽ
എന്നെ നോർക്കുപോലുമോ?
എന്തൊരനീചമാണീയുലകം.
എന്നെപ്പോലുള്ള ഈ
പാവങ്ങൾക്കുവേണ്ടി സംഭ-
വിച്ചിടുന്ന കഷ്ടങ്ങളും
പ്രതികാരം ചെയ്യുവാൻ
ദൈവത്തിൻ പണ്ടും ചോരയില്ലേ?



കൊന്തയിൽനിന്നും കുരിശിലേക്കു്

★

[ഗ്രന്ഥകർത്താ: മുണ്ടശ്ശേരി. മംഗളോദയം ലിമിറ്റഡ് പ്രസിദ്ധീകരണം. പേജ് 328 വില: 2 രൂ 8 ണ]

ഒരു രാഷ്ട്രത്തിൻറെ വിപ്ലവചരിത്രത്തിൻറെ പശ്ചാത്തലത്തിൽ അവിടത്തെ ഒരു വിഭാഗം ജനങ്ങളുടെ സാമൂഹ്യികവും രാഷ്ട്രീയവുമായ വളർച്ചയേയും അവരുടെ ചിന്താഗതിക്കും ജീവിതരീതിക്കും സംഭവിക്കുന്ന വിപ്ലവകരങ്ങളായ പരിവർത്തനങ്ങളേയും അപഗ്രഥിച്ചുകൊണ്ടുള്ള കൃതികളും വിശ്വസാഹിത്യത്തിൽ അപൂർവ്വമായിട്ടെങ്കിലും ഉണ്ടായിട്ടുണ്ടു്. റഷ്യൻവിപ്ലവത്തോടനുബന്ധിച്ചു് കൊസ്സാക്കുസ് വർഗ്ഗത്തിൻറെ രാഷ്ട്രീയസാമൂഹ്യിക രംഗങ്ങളിലുണ്ടാകുന്ന മാറ്റങ്ങളെ പ്രതിപാദിക്കുന്ന ഡാൺ നോവലുകളും ഈ ശാഖയിലെ പ്രകീർത്തിതങ്ങളായ രണ്ടു കൃതികളാണു്. കഥാഭാഗത്തിനും പരിതസ്ഥിതിയിലുണ്ടാകുന്ന വ്യതിയാനങ്ങൾക്കനുസരണമായിപാത്രങ്ങളുടെ മനോവ്യാപാരങ്ങൾക്കും തുല്യപ്രാധാന്യംനൽകി എഴുതപ്പെട്ടിരിക്കുന്ന ആ കൃതികൾക്കു് വിശ്വസാഹിത്യത്തിൽ അസൂയാർഹമായ ഒരു സ്ഥാനംതന്നെ ലഭിച്ചിട്ടുണ്ടു്.

ഏതാണ്ടു് തത്തുല്യമായ ഒരു പരിശ്രമമാണു് പ്രൊഫസർ മുണ്ടശ്ശേരി അദ്ദേഹത്തിൻറെ പുതിയ കൃതിയായ 'കൊന്തയിൽനിന്നു് കുരിശിലോ?' എന്നതിലൂടെ നടത്തിയിരിക്കുന്നതു്. ഒരു പുതിയ രീതിയിലുള്ള സംരംഭമെന്ന നിലയിൽ ഇതു വളരെ സ്വാഗതാർഹമാണു്. പക്ഷെ കഥാഭാഗത്തിനല്ല പാത്രങ്ങളുടെ മനോവ്യാപാരങ്ങൾക്കാണു് മുണ്ടശ്ശേരി പ്രാധാന്യംകല്പിച്ചിരിക്കുന്നതു്. ഇന്ത്യൻവിപ്ലവചരിത്രത്തിൻറെ പശ്ചാത്തലത്തിൽ കൊച്ചിയിലെ രാഷ്ട്രീയ സാമൂഹ്യമണ്ഡലങ്ങളിലുണ്ടാകുന്ന പരിവർത്തനങ്ങളും അദ്ദേഹം അപഗ്രഥിച്ചിരിക്കയാണു് അദ്ദേഹം അതിൽ വിജയംവരിച്ചിട്ടുമുണ്ടു്. പക്ഷെ ഈ അപഗ്രഥനത്തിനോടൊപ്പം ഘടിപ്പിച്ചിരിക്കുന്ന കഥ വേണ്ടത്ര രസാവഹമാക്കാൻ അദ്ദേഹം ശ്രമിച്ചിട്ടില്ലെന്നു തോന്നുന്നു. ഒരാഖ്യായികയിൽ കഥാഭാഗം അത്യുന്തം രസനിഷ്യന്ദിയായിരിക്കണമെന്ന തത്വം അദ്ദേഹം വിസ്മരിച്ചുപോയെന്നു തോന്നുന്നു. എന്തായാലും തീരെ മുഷിയാതെതന്നെ വായിച്ചുതീർക്കത്തക്ക രീതിയിൽ മുണ്ടശ്ശേരിയുടെ വിദഗ്ദ്ധമായ ലേഖിക പ്രവർത്തിച്ചിട്ടുണ്ടു്.

കഥാഭാഗത്തിനല്ല ഇതിൽ പ്രാധാന്യം നൽകിയിരിക്കുന്നതു്. മൂലകഥയെ ഏതാണ്ടിങ്ങനെ സംഗ്രഹിക്കാം ഏലിക്കുട്ടിയും കുഞ്ഞിലോനപ്പനും ബാല്യകാലമിത്രങ്ങളായിരുന്നു. പ്രായമായതോടൊപ്പം അവർക്കു് അകലേണ്ടതായിവന്നു. എങ്കിലും ഒരു സ്നേഹശൃംഖല അവരെ ബന്ധിച്ചുകഴിഞ്ഞിരുന്നു. ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ അന്നാട്ടിലെ മറ്റു പല യുവാക്കളേയുംപോലെ ലോനപ്പനും പട്ടാളത്തിൽ ചേർന്നു യുദ്ധം കഴിഞ്ഞു് ലോനപ്പൻ മടങ്ങിയെത്തിയപ്പോൾ മണിക്കൊപ്പറമ്പിലച്ചൻറെ പ്രലോഭനങ്ങൾക്കു് വഴിപ്പെട്ടു്

കുഴിയാഴ്ച്ച പ്രതിപ്പു്

ഇംഗ്ലീഷ് വ്യാകരണപ്രവേശിക

ഇംഗ്ലീഷ് വ്യാകരണം മലയാളത്തിൽ

ഇംഗ്ലീഷ് വ്യാകരണം പഠിക്കാൻ ഒരേ ഒരു പുസ്തകം. തെറ്റുകൂടാതെ ഭാഷ കൈകാര്യം ചെയ്യാൻ പഠിക്കാം. വില രൂപാ രണ്ടര. തപാൽക്കൂലി 10 അണ.

ഇംഗ്ലീഷ് മലയാളനിഘണ്ടു പദങ്ങളും, ശൈലികളും, പ്രയോഗവിശേഷങ്ങളും എന്നിവയുടെ നാനാർത്ഥത്തോടുകൂടിയതും അദ്ധ്യാപകന്മാർക്കും വിദ്യാർത്ഥികൾക്കും തർജ്ജമക്കാർക്കും എന്നുവേണ്ട ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്ന എല്ലാ മലയാളികൾക്കും അത്യാവശ്യമായ ഒരു ഗ്രന്ഥരത്നം, 600 പുറം മുഴുകാലിക്കോ ബൈൻഡ് വില രൂപാ 6 തപാൽക്കൂലി രൂപാ :.

വിദ്യാധിരാജൻ ബുക്ക്ഡിപ്പോ

പുഴവങ്ങാടി (K. W)

തിരുവനന്തപുരം—1

USHA

മില്ലാത്തവയാണെന്നു മാത്രമല്ല അവകൾക്കു കടകവിരുദ്ധമാണെന്നുള്ളതു ഗ്രന്ഥകാരൻ യുക്തിയുക്തം സ്ഥാപിക്കുന്നുണ്ട്. ജാതിവിരോധം ഒരു നാടിന്റെ സ്വച്ഛമായ അന്തരീക്ഷത്തിൽ വരുത്തിക്കൂട്ടിയേക്കാവുന്ന കുഴപ്പങ്ങളും ദുരിതങ്ങളും അതിന്റെ ഭയാനകതകളോടെ തന്നെ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. വൈദ്യം പഠിച്ചശേഷം ഒരു വൈദ്യശാല തുടങ്ങാനായി ഒരുങ്ങുന്ന പറഞ്ഞുട്ടിവൈദ്യശാലക്ക് ഒരു പേരു കണ്ടുപിടിക്കുന്ന കാര്യത്തിൽ അനുഭവിക്കുന്ന വിഷമങ്ങൾ വളരെ രസാവഹമായി ചിത്രീകരിച്ചിരിക്കുന്നു. ഗ്രന്ഥകർത്തിയുടെ ആ വിദ്യാർത്ഥിക്ക് തന്റെ ഗുരുനാഥനെക്കൊണ്ട് ഉൽഘാടനം ചെയ്യിക്കാനാണ് മോഹം. പക്ഷെ നാട്ടുകാർ അതു ഒരു ക്രിസ്ത്യാനിയുടേതാകകൊണ്ട് ഒരു വികാരിയച്ചനെക്കൊണ്ടേ തുടപ്പിക്കാവൂ എന്നു ശഠിക്കുകയാണ്. കാരണോത്തിൽ നിസ്സാരങ്ങളായി തോന്നിയേക്കാവുന്ന ഇത്തരം ചിത്രങ്ങളും ഈ പുസ്തകത്തിൽ നിരവധിയാണ്. അനേകനാളുകളായി മനുഷ്യന്റെ മനസ്സിൽ പരിതസ്ഥിതികളും അടിച്ചേല്പിച്ച ചില വിശ്വാസപ്രമാണങ്ങളും വിപ്ലവത്തോടനുബന്ധിച്ചു അവക്കുനേരിടുന്ന ഉലച്ചിലുകളുമാണ് ഈ ചിത്രങ്ങൾ വ്യക്തമാക്കുന്നതു. പള്ളിയുടെ ഇടപെടലുകളെ അന്ധമായി അനുസരിച്ചുകൊടുക്കാൻ വിസമ്മതിക്കുന്ന യുവതലമുറയുടെ വാശിക്കെട്ടുകളായി പഴയതലമുറ ഓടിയെത്തുകയാണ്. ആ സംഘട്ടനം പുരോഗതിയുടെ എല്ലാ ഘട്ടത്തിലും ഉണ്ടാകുന്നതുമാണ്.

ഈ കൃതിയുടെ മറ്റൊരു മുഖ്യതയായനേട്ടം ഇതിലെ പ്രഭാവപൂർണ്ണമായ സംഭാഷണങ്ങളാണ്. പുരുഷകുത്തിന്റെ തുടക്കത്തിൽ കൊച്ചുകുട്ടികളുടെ സംസാരം മുതൽ നമുക്കു അനുഭവപ്പെട്ടുതുടങ്ങുന്നു.

അകൃത്രിമമളിതമായ സംഭാഷണശൈലിയും ജീവനുള്ള പാത്രങ്ങളും ചേർന്ന് ഈ പുസ്തകത്തിന്റെ കഥാഭാഗത്തിനുള്ള രസാവഹത്വത്തെ മിക്കവാറും പരിഹരിക്കുന്നുണ്ട്. മതപരവും രാഷ്ട്രീയവും സാമുദായികവുമായ വിമർശനങ്ങൾക്കു ഒരു പശ്ചാത്തലമായിമാത്രം കഥാഭാഗത്തെ സ്വീകരിച്ചിരിക്കുന്നതു കൊണ്ടായിരിക്കാം അതിന്റെ രസച്ചുഴിയിൽ അഗാധം മുങ്ങിത്താഴാതെതന്നെ നമുക്കു ഒരു പുസ്തകമായിമാത്രം ഇതിനെ വായിച്ചുതീർക്കാവുന്ന വിജ്ഞാനപ്രദമായ ഒരു പുസ്തകമാണ് ഇതെന്നതിൽനിന്നും കരിശിരിക്കുന്നു.

പി. കെ.

18 രൂപാരാത്രം

ഇംഗ്ലീഷ് പഠിക്കാൻ

(സ്വന്തം ഭവനത്തിലിരുന്നു)

ഏ. ബി. സി മുതൽ ആരംഭിക്കാം. ഫീസ് 3 രൂപാവീതം അതിവേഗം ഇംഗ്ലീഷിൽ എഴുതാൻ—വായിക്കാൻ സംഭാഷണം ചെയ്യാൻ സാധിക്കും. കൂടുതൽ വിവരത്തിനു ഒരു കാർഡയയ്ക്കുക.

മന്ത്രാകോളേജ്

പുഴവങ്ങാടി (K. W) തിരുവനന്തപുരം-1

USHA

ഏലി കുട്ടി കന്യാസ്ത്രീയായി മാറിക്കഴിഞ്ഞിരുന്നു. ഏലിക്കുട്ടിയുടെ മഠത്തിൽപോക്ക് അവളുടെ കുടുംബത്തേയും ഒരു വിധത്തിൽ തകർക്കുകയാണ്. സ്ത്രീത്തിയമ്മസ്ഥാനം ലഭിച്ചുകഴിഞ്ഞിരുന്നെങ്കിലും രോഗംപിടിപെട്ട് ഏലിക്കുട്ടി ശയ്യാവലംബിയാകുമ്പോൾ ശിശ്രൂഷിക്കാൻ ഓടിയെത്തുന്നതു ലോനപ്പനാണ്. കന്യാസ്ത്രീയായിക്കഴിഞ്ഞിരുന്നെങ്കിലും ഏലിക്കുട്ടിക്ക് ലോനപ്പനോടുള്ള സ്നേഹം അസ്തമിച്ചുകഴിഞ്ഞിരുന്നില്ല. ആ ബന്ധം സകല പ്രതിബന്ധങ്ങളേയും കടന്നു വിശുദ്ധപ്രാപിച്ചു നിലകൊള്ളുകയാണ്. കുത്തിലോനപ്പൻ കാൺഗ്രസ്സിൽചേർന്നു അന്നത്തെ വ്യവസ്ഥിതിക്കെതിരായുള്ള സമരത്തിൽ പങ്കെടുക്കുന്നു. അതോടൊപ്പംതന്നെ ഗ്രാമവാസികളിൽ ചിലരുടെ സഹായസഹകരണങ്ങളും ലോനപ്പനു ലഭിക്കുന്നുണ്ട്. രണ്ടാംലോകമഹായുദ്ധം കഴിഞ്ഞു കാൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷവും അസംതൃപ്തരായി നിൽക്കുന്ന ലോനപ്പനെയാണ് നാം കാണുന്നതു. താൻ ഏതിനൊക്കേവേണ്ടി സമരംചെയ്തുവോ അതൊന്നുംതന്നെ ലഭിച്ചിട്ടില്ലെന്നു ലോനപ്പനറിയാം കാൺഗ്രസുസമരകാലത്തു ബ്രിട്ടീഷ് ഭരണത്തിന്റെ കാവൽനായ്ക്കളായി നിന്നിരുന്ന മണിക്കുപ്പമ്പിലച്ചനും അനുയായികളും കാൺഗ്രസ്സ് അധികാരത്തിൽ വരുന്നതോടെ അവരുടെ സ്ഥിതിപാറാകുമാരായി മാറുകയാണ്. കാൺഗ്രസ്സ് ഗവൺമെന്റിനെ നിശിതമായി വിമർശിച്ചതിനാലോനപ്പനും കുടുംബം കഠിനമായി ശിക്ഷിക്കപ്പെടുന്നു. അതോടുകൂടി കഥ അവസാനിക്കുകയാണ്. പാത്രങ്ങളെല്ലാം ഏതാണ്ട് അനിശ്ചിതമായ ഒരോ സ്ഥാനങ്ങളിൽ തള്ളിനീക്കിയിട്ടാണ് പുസ്തകം അവസാനിക്കുന്നതു. എങ്കിലും ഏതാണ്ട് സമകാലിക സംഭവങ്ങളുടെ മദ്ധ്യത്തിലേക്ക് വായനക്കാരെക്കൊണ്ടു നിർത്തിയിട്ടാണ് മുണ്ടശ്ശേരി വിരമിക്കുന്നതു.

ഈ കൃതിയുടെ ഏറ്റവും സവിശേഷമായ ഘടകം ഇതിലെ ജീവനും സ്വാഭാവികതയുള്ള ചിത്രങ്ങളും സംഭാഷണങ്ങളുമാണ്. സമുദായത്തിന്റെ ഒരു പൂർണ്ണചിത്രം ലഭ്യമാകുന്നതിനുവേണ്ട പാത്രങ്ങളെയെല്ലാം മുണ്ടശ്ശേരി അണിനിരത്തിയിട്ടുണ്ട്. വിഭിന്നമതക്കാരാണെങ്കിലും നല്ല ഐക്യത്തോടും പരസ്പരസ്നേഹത്തോടും കൃഷിചെയ്തുജീവിക്കുന്ന ചാക്കുണ്ണിയും, കുഞ്ഞൻനായരും കൊച്ചുമുപ്പനും നമ്മുടെ നാട്ടിലെ ശുദ്ധമനസ്ക്കരായ ഗ്രാമീണകൃഷിവലന്മാരുടെ പ്രതീകങ്ങളാണ്. കുതന്ത്രങ്ങളിൽകൂടി അധികാരം പിടിച്ചുപറ്റി സാധുജനങ്ങളെ വലയ്ക്കുന്ന മണിക്കുപ്പമ്പിലച്ചൻ അന്യായമായി സാമൂഹ്യരാജ്യമണ്ഡലങ്ങളിലേക്കുകടന്നു അനാവശ്യമായ ഇടപെടലുകൾ നടത്തുന്ന പള്ളിയുടെ ആളാണ്. ലോനപ്പൻ ആദർശവാദിയാണ്. ഇരുപതുകാലത്തെ സമരത്തിൽക്കൂടിയും പ്രതീക്ഷക്കൊത്ത ഒരു ഭാരതം സൃഷ്ടിക്കുവാൻ കഴിയാത്തതിൽ അമർഷംകൊള്ളുന്ന ഒരു യഥാർത്ഥ രാജ്യസ്നേഹി കുസുമതതത്വങ്ങളിൽ ലയിച്ചു കന്യകാസ്ത്രീമഠത്തിൽ ചേർന്നതിനുശേഷം, അവിടെ നടമാടുന്ന അനീതിപരങ്ങളായ പ്രവർത്തനങ്ങളിൽ അരിശംകൊണ്ടിട്ടും നിശ്ശബ്ദമായി സഹിക്കുന്ന ഒരു സ്ത്രീയാണ് ഏലിക്കുട്ടി കുമണിയാണെന്നും മറവുള്ള ആരോപണങ്ങൾ നൽകി ജോലിയിൽ നിന്നും പിരിച്ചയക്കപ്പെട്ടന്ന വാർത്തയാണ് നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്ന ഒരു സജീവകഥാപാത്രമാണ്.

ആകെക്കൂടി നോക്കുമ്പോൾ പ്രൊഫസർ മുണ്ടശ്ശേരി സമുദായത്തിൽ നിലവിലിരുന്ന നിരപ്പുകേടുകളേയും അധികാരസ്ഥാനത്തിലിരിക്കുന്നവരുടെ അക്രമപ്രവർത്തനങ്ങളേയും അതിനിശിതമായി വിമർശിച്ചിരിക്കുന്നതായിക്കാണാം. വൈകിക നാരുടെ സാന്മാർഗ്ഗികാധഃപതനവും കന്യകാസ്ത്രീ മഠങ്ങളിലെ ദുരിതമയങ്ങളായ അനുഭവങ്ങളും അദ്ദേഹത്തിന്റെ നിശിതമായ തൂലികക്കു വിഷയീഭവിക്കുന്നുണ്ട് പള്ളിയുടെ കാര്യം പറഞ്ഞു വസ്തുവകകളും പാവപ്പെട്ട ക്രിസ്ത്യാനികളുടെ പക്കൽനിന്നും തട്ടിയെടുക്കുന്ന മണക്കുപ്പമ്പിലച്ചൻ അന്ധനായ ഒരു മതഭക്തനാണ്. അദ്ദേഹത്തിന്റെ മുതലിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും കുസുമതതത്വങ്ങളോടു തീരെ ബന്ധമില്ലാത്തവയാണെന്നു മാത്രമല്ല അവകൾക്കു കടകവിരുദ്ധമാണെന്നുള്ളതു ഗ്രന്ഥകാരൻ യുക്തിയുക്തം സ്ഥാപിക്കുന്നുണ്ട്. ജാതിവിരോധം ഒരു നാടിന്റെ സ്വച്ഛമായ അന്തരീക്ഷത്തിൽ വരുത്തിക്കൂട്ടിയേക്കാവുന്ന കുഴപ്പങ്ങളും ദുരിതങ്ങളും അതിന്റെ ഭയാനകതകളോടെ തന്നെ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. വൈദ്യം പഠിച്ചശേഷം ഒരു വൈദ്യശാല തുടങ്ങാനായി ഒരുങ്ങുന്ന പറഞ്ഞുട്ടിവൈദ്യശാലക്ക് ഒരു പേരു കണ്ടുപിടിക്കുന്ന കാര്യത്തിൽ അനുഭവിക്കുന്ന വിഷമങ്ങൾ വളരെ രസാവഹമായി ചിത്രീകരിച്ചിരിക്കുന്നു. ഗ്രന്ഥകർത്തിയുടെ ആ വിദ്യാർത്ഥിക്ക് തന്റെ ഗുരുനാഥനെക്കൊണ്ട് ഉൽഘാടനം ചെയ്യിക്കാനാണ് മോഹം. പക്ഷെ നാട്ടുകാർ അതു ഒരു ക്രിസ്ത്യാനിയുടേതാകകൊണ്ട് ഒരു വികാരിയച്ചനെക്കൊണ്ടേ തുടപ്പിക്കാവൂ എന്നു ശഠിക്കുകയാണ്. കാരണോത്തിൽ നിസ്സാരങ്ങളായി തോന്നിയേക്കാവുന്ന ഇത്തരം ചിത്രങ്ങളും ഈ പുസ്തകത്തിൽ നിരവധിയാണ്. അനേകനാളുകളായി മനുഷ്യന്റെ മനസ്സിൽ പരിതസ്ഥിതികളും അടിച്ചേല്പിച്ച ചില വിശ്വാസപ്രമാണങ്ങളും വിപ്ലവത്തോടനുബന്ധിച്ചു അവക്കുനേരിടുന്ന ഉലച്ചിലുകളുമാണ് ഈ ചിത്രങ്ങൾ വ്യക്തമാക്കുന്നതു. പള്ളിയുടെ ഇടപെടലുകളെ അന്ധമായി അനുസരിച്ചുകൊടുക്കാൻ വിസമ്മതിക്കുന്ന യുവതലമുറയുടെ വാശിക്കെട്ടുകളായി പഴയതലമുറ ഓടിയെത്തുകയാണ്. ആ സംഘട്ടനം പുരോഗതിയുടെ എല്ലാ ഘട്ടത്തിലും ഉണ്ടാകുന്നതുമാണ്.

ഈ കൃതിയുടെ മറ്റൊരു മുഖ്യതയായനേട്ടം ഇതിലെ പ്രഭാവപൂർണ്ണമായ സംഭാഷണങ്ങളാണ്. പുരുഷകുത്തിന്റെ തുടക്കത്തിൽ കൊച്ചുകുട്ടികളുടെ സംസാരം മുതൽ നമുക്കു അനുഭവപ്പെട്ടുതുടങ്ങുന്നു.

അകൃത്രിമമളിതമായ സംഭാഷണശൈലിയും ജീവനുള്ള പാത്രങ്ങളും ചേർന്ന് ഈ പുസ്തകത്തിന്റെ കഥാഭാഗത്തിനുള്ള രസാവഹത്വത്തെ മിക്കവാറും പരിഹരിക്കുന്നുണ്ട്. മതപരവും രാഷ്ട്രീയവും സാമുദായികവുമായ വിമർശനങ്ങൾക്കു ഒരു പശ്ചാത്തലമായിമാത്രം കഥാഭാഗത്തെ സ്വീകരിച്ചിരിക്കുന്നതു കൊണ്ടായിരിക്കാം അതിന്റെ രസച്ചുഴിയിൽ അഗാധം മുങ്ങിത്താഴാതെതന്നെ നമുക്കു ഒരു പുസ്തകമായിമാത്രം ഇതിനെ വായിച്ചുതീർക്കാവുന്ന വിജ്ഞാനപ്രദമായ ഒരു പുസ്തകമാണ് ഇതെന്നതിൽനിന്നും കരിശിരിക്കുന്നു.

പി. കെ.

എൻ. കൃഷ്ണപിള്ളയുടെ മുടക്കുമുതൽ

നാരായണൻ, കാട്ടുമാടം

രാവും പകലുംപോലെ വിഭിന്നങ്ങളായ ആശയങ്ങളുണ്ട്. എപ്പോഴും അവ തമ്മിൽ പിണക്കമാണെങ്കിലും ഇണക്കാവുന്ന ചില കണ്ണികളുണ്ടായേക്കാം. പിണക്കത്തിന്റെ പരിണാമം വിനാശത്തിലാണെന്നു് വ്യക്തമാകുമ്പോഴേ യോജിപ്പിന്റെ വഴികളേപ്പറ്റി ആലോചിക്കാവുള്ളൂ. ആത്മനാശത്തിന്റെ വക്കത്തെത്തിയാൽ തൻകാര്യം തല്പരതയ്ക്കാത്ത നിസ്വാർത്ഥരുണ്ടോ? നാട്ടുനന്നാക്കാൻ പുറപ്പെട്ട കേശവൻകുട്ടിക്കു് തന്റെ അച്ഛനും അമ്മയും എല്ലാവുമായ ഏട്ടൻ ആത്മഹത്യചെയ്യേണ്ടിവന്ന സ്വബോധമുദിക്കാൻ * ഒരു നേരിയ വിട്ടുവീഴ്ചക്കു് തയ്യാറാവാൻ. അതല്പം മുമ്പേ തോന്നിയിരുന്നെങ്കിൽ ഒന്നും നഷ്ടപ്പെടുകയില്ലെന്നതിനുപുറമേ, താനും തന്നേയും ഏറ്റവുമധികം സ്നേഹിക്കുന്നൊരേട്ടനെ രക്ഷിക്കാനും സാധിക്കുമായിരുന്നു. ഇതൊരു വിണ്ടുവിചാരത്തിന്റെ അളവുകൊണ്ടാണു് സാധിച്ചതു്. കേശവൻകുട്ടിയുടെ അഭിപ്രായത്തിൽ വളരെനാളത്തെ ആലോചനയുടെ ഫലമായാണു് വിവാഹമോചനത്തിനൊരുങ്ങിപ്പോയതു്. അയാൾക്കു് ഭാര്യയെ സ്നേഹിച്ചിട്ടല്ല. തന്നെ അനുവർത്തിച്ചിരുന്ന ജ്യേഷ്ഠനോടുള്ള കടപ്പാടു് മറന്നിട്ടുമല്ല. സ്വന്തം നിലനിൽപ്പിനുവേണ്ടി അതിലല്പം സ്വാർത്ഥമുണ്ടായിരിക്കാം. പക്ഷേ നാടിനുവേണ്ടി തന്റെ ജീവിതംതന്നെ ഉഴിഞ്ഞുവെച്ച കേശവൻകുട്ടി സ്വാർത്ഥിയാണെന്നു് പറയാമോ? തീരെ കുറച്ചു മാനസികാസ്വാസ്ഥ്യമുണ്ടാകുമെങ്കിലും, കൂട്ടുതൽ സമയം പൊതുപ്രവർത്തനത്തിനു് ചിലവഴിക്കാൻ സാധിക്കുമെന്നാണയാൾ കണ്ട മാർഗ്ഗം.

അപ്പോൾ സ്നേഹിക്കപ്പെടുന്നവർക്കു് സ്നേഹിക്കാൻ സാധിച്ചില്ലെങ്കിൽ അതൊരു കുറവല്ലേ? കേശവൻകുട്ടി സ്നേഹിക്കപ്പെട്ടിരുന്നു. പക്ഷേ അയാൾക്കതിനുവേണ്ട് മറ്റു പല കാര്യങ്ങളും ഉപേക്ഷിക്കാൻ വയ്യ. ഇതേനിലയാണു് പ്രഭാകരൻനായരുടേയും * തങ്കമ്മ അയാളെ അകമഴിഞ്ഞു് സ്നേഹിച്ചിരുന്നു എന്നാൽ അയാൾക്കു് തങ്കമ്മയെ ആത്മാർത്ഥമായി സ്നേഹിക്കാൻ സാധിച്ചില്ല. സുഖമായി, സ്നേഹിക്കുന്നവരുമൊത്തു ജീവിക്കാനുള്ളവകാശമെ, ഒരു സ്നേഹിക്കപ്പെടുന്നവനായഭിനയിക്കാൻ പ്രഭാകരൻനായരെ നിർബന്ധിതനാക്കി. പുറമേക്കു് സ്നേഹത്തിന്റെ മൂർത്തിഭാവമെന്നു് തോന്നിച്ചിരുന്ന ആ ദാമ്പത്യജീവിതത്തിനടിയിൽ ഒരഗ്നിപർവ്വതം പൊട്ടിത്തെറിച്ചു. ഇതാണു് ശ്രീ. എൻ. കൃഷ്ണപിള്ളയുടെ 'മുടക്കുമുതൽ' എന്ന നാടകത്തിന്റെ കഥാബീജം. കേശവൻകുട്ടിയുടെ അപ്പോൾ നിസ്സാരമെന്നു തോന്നിയെക്കുമെങ്കിലും, പരസ്പരവിശ്വാസം കൂട്ടുജീവിതത്തിന്റെ അടിസ്ഥാനശിലയാണു്. അതു തകർന്നാൽ ജീവിതവും ഛിന്നഭിന്നമായി, അവശേഷിക്കപ്പെട്ടുകൂടാത്ത അവസ്ഥയിലാണു് കൃഷ്ണപിള്ള അവതരിപ്പിച്ചിരിക്കുന്നതു്.

സ്വന്തം താല്പര്യങ്ങളുടെ സംരക്ഷണത്തിനുവേണ്ടി എത്ര ഉത്തമബന്ധങ്ങളും തുടച്ചുനീക്കാൻ മടിക്കാത്ത മനുഷ്യരുണ്ടു്? അതു തുടച്ചുനീക്കലിൽ ചരിത്രം സൃഷ്ടിച്ച ചിലരും ഓർമ്മയിലുണ്ടാകും. ചാർളിചാപ്ലിന്റെ മസ്യോ വെർഡു (Monsieur Verdoux) വിനെ നോക്കൂ. മനസ്സാ ചെയ്താൽ സഹിക്കണ്ടേ? കുഞ്ഞമ്മ പോയി. പ്രഭാകരൻനായർവന്നു. പൊരുക്കാനാകാത്തൊരു ഭാരം തലയിൽനിന്നിറക്കിയാലത്തെ സംതൃപ്തിയോടെയാണയാൾ പറഞ്ഞതു്. തന്റെ ഭാര്യയെ വീട്ടിലേക്കയച്ചവനു് ശ്യാമക്കു് സഹിച്ചില്ല. അവൾ കോപിഷ്ഠകരഞ്ഞു. ദൈവത്തിനുകുടി നിരക്കാത്തൊരു കൃത്യമാണയാൾചെയ്തതു്. ശ്യാമക്കറിയാം, തങ്കമ്മ സ്നേഹമയിയാണെന്നു് പ്രഭാകരൻനായരേ അവൾ ഹൃദയം തുറന്നാരാധിച്ചിരുന്നുവെന്നു്. എന്നിട്ടും പ്രഭാകരൻനായർ പറയുന്നു. തങ്കമ്മ നല്ലൊരടുക്കളക്കാരിയായിരിക്കാം, സ്നേഹിക്കുന്നവളായിരിക്കാം, പക്ഷേ അയാൾക്കവളെ സ്നേഹിക്കാൻ സാധ്യമല്ല! ആ ഭാര്യാഭർത്തൃബന്ധം ശുദ്ധവ്യർത്ഥമായിയാവില്ല പോലും! രണ്ടു ജീവിതം ഒന്നിച്ചുനശിപ്പിക്കുന്നതിൽഭേദം ഒന്നു രക്ഷപ്പെടുത്തുകയല്ലേ? ശ്യാമയെന്തുത്തരം പറയും? പക്ഷേ തന്നവനം പറയാതിരുന്നില്ല. ഇതിനുവേണ്ടിയാണു് അയാളവളെയിവിടെ താമസിപ്പിച്ചതെന്നതവളറിഞ്ഞിരുന്നെങ്കിൽ രണ്ടു കുഞ്ഞുങ്ങളുടെ അമ്മയായ തങ്കമ്മയേ രക്ഷിക്കുമായിരുന്നു. അതിനെന്തുചെയ്യും? അവളുടെ ഭാഗധേയത്തെക്കുറിച്ചെന്തെങ്കിലും തെളിവു കിട്ടണ്ടേ? കാര്യങ്ങളുടെ കിടപ്പുങ്ങനെയാണെന്നറിയാൻ അവളിവിടെ വന്നില്ലായിരുന്നെങ്കിൽ.....! പക്ഷേ പ്രഭാകരൻനായർ പറയുന്നു, ഈ ശ്യാമയില്ലെങ്കിൽ മറ്റൊരു ശ്യാമയാവുമെന്നുമാത്രം. തങ്കമ്മയേ സ്നേഹിക്കാൻ അയാൾക്കു് സാധ്യമല്ലെന്നു്!

ശ്യാമള തങ്കമ്മയെ ചെന്നുകണ്ടു. അവൾ വളരെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. അതു സാധുകുഞ്ഞമ്മയുടെ വാക്കും അനുസരണമുണ്ടായിരുന്ന അവരുടെ മകളും ഇത്രുകൂവിപ്പറഞ്ഞുകാരികളാവുമെന്നാരറിഞ്ഞു? ശ്യാമളയുടെ വരവു് ഒരു ദാമ്പത്യജീവിതം തകർക്കാനാവുമെന്നാരെങ്കിലും നിനച്ചുവോ? ആ ആട്ടവും പാട്ടും, ഒരുക്കിയ സംസാരവും നാട്ടുവർത്തമാനവും തങ്കമ്മയെ എത്രമാത്രം വേദനിപ്പിച്ചിരുന്നില്ല! ഒടുവിൽ എല്ലാം കഴിഞ്ഞു തങ്കമ്മയ്ക്കുണ്ടായിരുന്ന സകലവിധ ഐശ്വര്യവും കാർന്നെടുത്തു. അവസാനം അനാരോഗ്യയായ അവളേ നാട്ടുചികിത്സക്കെന്നു

കയ്യിൽ അഴുക്കുപുരണ്ടിരിക്കുന്നു

---

* 'കൃഷ്ണപിള്ളയുടെ അനുരഞ്ജനം' എന്ന നാടകം.

* 'മുടക്കുമുതൽ' എന്ന നാടകത്തിൽ.

വ്യാജേന മാറിത്താമസിപ്പിച്ചു. ഇപ്പോഴിതാ വിവാഹബന്ധവും വിട്ടിക്കഴിഞ്ഞു! അവിടെയും ശ്യാമളക്ക് കരയാനേയുള്ളൂ. കണ്ണീരിൽ കുടി ഉരുണ്ടു വീഴുന്ന പരമാർത്ഥങ്ങളും വിശ്വസിക്കാനാളുവേണ്ടേ? എന്നാൽ അവർക്കങ്ങോട്ടും ചിലതു പറയാനുണ്ടായിരുന്നതു് കേൾക്കുവാൻ ആരുമുണ്ടായിരുന്നില്ല. തന്റെ ഭാവിക്കുവേണ്ടി നൽകുന്ന സൗജന്യം പറഞ്ഞിരുന്ന അവർ പ്രഭാകരൻനായർ പറഞ്ഞാലനുസരിക്കണ്ടേ? പാട്ടിനൊത്തു തുള്ളാൻ മനസ്സില്ലെന്നു് ശ്യാമള പറഞ്ഞിരുന്നെങ്കിൽ ഈ തങ്കമ്മ അന്നിതാവില്ല പറയുക. യജമാനനേ അനുസരിക്കാത്ത കുറവും പക്ഷേ, തങ്കമ്മ ഒട്ടുക്കം പറഞ്ഞു അതു 'അനുസരണ'മുണ്ടെല്ലോ, അതിനി ശ്യാമളയേ കിട്ടുകയില്ല. അന്നവളീ പടികയറുകയില്ല. ഈ ചേച്ചിയേ ഓർത്തു് കണ്ണിരൊഴുക്കുമായിരുന്നില്ല. എന്നാൽ ശ്യാമളക്കതു് സാദ്ധ്യമല്ല. അവർക്കിച്ചേച്ചിയുടെ ചേട്ടനും കുഞ്ഞുങ്ങളും സുഖമായിരിക്കുന്നതു് കാണണം. കഷ്ടം! ഇതിൻറെയൊക്കെ ഒരു സൂചനയെങ്കിലും കിട്ടിയിരുന്നെങ്കിൽ! ശ്യാമള പശ്ചാത്തപിച്ചു.

അങ്ങനെ അരുണും സഹോദരിമാരും ഉള്ളു തുറന്നു സംസാരിച്ചു. തങ്കമ്മയുടെ തെറ്റിദ്ധാരണയും തീർന്നു. ശ്യാമള ആ അവസരം തികച്ചും ഉപയോഗിച്ചു. പ്രഭാകരൻനായരേയും തങ്കമ്മയേയും കൂട്ടിയോജിപ്പിക്കുവാനുള്ള വഴികളാലോചിച്ചു. പക്ഷേ ആ നല്ലഭാര്യത്തിനു പറഞ്ഞു. 'അതു അവശ്യത്തിനി പടികയറേണ്ടെന്നേ.' തുടർന്നു പ്രഭാകരൻനായരെപ്പറ്റി ഒരുപാടുകാര്യങ്ങളും തങ്കമ്മയ്ക്കറിയാൻ കഴിഞ്ഞു. അയാളം വിവാഹം കഴിച്ചതു് തങ്കമ്മയേയല്ല, അവളുടെ ധനത്തേയായിരുന്നു അവളുടെ അമ്മാവൻ മരിച്ചപ്പോൾ, തറവാട്ടുഭാഗിച്ചപ്പോൾ, ധനശേഷി ഗണ്യമായികുറഞ്ഞു. അതോടെ പ്രഭാകരൻനായരുടെ അടുപ്പവും. അങ്ങനെ, ശ്യാമളക്കു് വേണ്ടതൊക്കെ തന്നിഷ്ടംപോലെ കൊടുത്തുവന്നതു് തങ്കമ്മയുടെ പണം കൊണ്ടായിരുന്നു. ഈ നൂറ്റാണ്ടിൽ ചുരുക്കം ചിലർക്കുമാത്രം ലഭിക്കുമുള്ള അത്യപൂർവ്വമായ മനുഷ്യനന്മയും പ്രാർത്ഥിയിൽ ജീവിക്കാനൊത്തതും അതുകൊണ്ടാണു്, 'എന്തൊരു നികൃഷ്ടജീവി' ശ്യാമവിചാരിച്ചു. അയാൾക്കിന്നു് മൂക്കറ്റംകടമുണ്ടു്. വീടാൻമാർഗ്ഗമൊന്നുമില്ല. തങ്കമ്മയുടെപക്കലും കാശില്ല. പിന്നെന്തുചെയ്യും. കൂട്ടുതൽ കൂട്ടുതൽ കുഴപ്പം പിടിച്ചു ചിന്താഭാരത്തോടെ അവൾ യാത്രചോദിച്ചിറങ്ങുമ്പോൾ തങ്കമ്മവിളിച്ചു. "ശ്യാമേ" സ്നേഹം നിറഞ്ഞ ആ വിളി അവളേ പുളകംകൊള്ളിച്ചു. അവളടുത്തുചെന്നപ്പോൾ, ആധിയും വ്യാധിയുംകൊണ്ടു വ്യാകുലയായ തങ്കമ്മ പറഞ്ഞു. "നിയ്യിനിവരുമ്പോഴക്കും ഞാൻ ബാക്കികാണില്ല" അസഹനീയമായ വ്യസനഭാരത്തോടെ ശ്യാമതടുത്തു "അങ്ങനെ പറയരുതു് ചേച്ചി" അതു കേട്ടഭാവമേ നടിക്കാതെ തങ്കമ്മ തുടർന്നു. "ഞാനിങ്ങനെയങ്ങു കഴിയും. മനുഷ്യന്റെ മോഹമല്ലേ! ശ്യാമേ, നിയ്യുദ്ദേഹത്തെ അനുസരിക്കണേ!"

ശ്യാമളക്കതു് ഓർക്കാപ്പുറത്തു് കിട്ടിയ അടിയായിരുന്നു. ആദ്യമവർക്കു് തന്നെ തങ്കമ്മ പരീക്ഷിക്കയാണെന്നു് തോന്നി. എന്നാൽ വാസ്തവം അതായിരുന്നില്ല. നിറനിറഞ്ഞുകൊണ്ടിരിക്കുന്ന ആ ദുർബ്ബലഹൃദയത്തിനു് അന്ത്യനിമിഷത്തിലെങ്കിലും ആശ്വാസം ലഭിക്കാൻ അതു മാത്രമേ വഴിയുള്ളൂ. താനേറ്റവും സ്നേഹിക്കുന്നയാളുകൾ സുഖമായി ജീവിക്കുന്നതു് കാണുക! ഹൊ എന്തൊരു സുഖം!

കാൽക്കൽവന്നുവീണ ഭാഗ്യത്തെ ചവുട്ടിനിക്കാൻ ഒരുമ്പെട്ടവളെന്നു തുടങ്ങുന്ന കുഞ്ഞമ്മയുടെ ശകാരമാണു് വീട്ടിലുള്ളവരേ സ്വാഗതംചെയ്യുക. രണ്ടിലൊന്നാപ്പോലും തീർച്ചയാക്കണംപോലും. ഒന്നുകിൽ പ്രഭാകരൻനായരെ വിവാഹം ചെയ്യുക; അല്ലെങ്കിൽ എവിടെയെങ്കിലുംപോയി തുലയുക! അപ്പോൾ ശ്യാമ ഏറ്റവുമധികം സ്നേഹിക്കുന്ന അമ്മയും അവൾക്കെതിരാണു. എന്നുവച്ചാൽ സ്നേഹമയിയായ തങ്കമ്മയേയും കുഞ്ഞുങ്ങളേയും തുച്ഛനിക്കാൻ കാപ്പുകെട്ടിയവരാണെന്നു്. ഇതൊക്കെ ഇവർ മുൻകൂടി പ്ലാനിട്ടുചെയ്തതാണോ? ആണെങ്കിൽ എന്തൊരു ലോകം! വിഷംവമിക്കുന്ന സർപ്പങ്ങളും പോലും ഇതിലധികം ഹൃദയനൈർമ്മല്യംകാണും. അമ്മ മകളെയും മകൾ വിധിയേയും പഴിച്ചു.


പ്രഭാകരൻനായർവന്നു. ചട്ടുനിറുന്ന അന്തരീക്ഷത്തിൽ അല്പം കാറ്റും വെളിച്ചവും കടക്കാൻ ശ്യാമ അനുവദിക്കുമോ എന്നറിയാൻ. അതുതന്നെയാണു് ശ്യാമയ്ക്കും അറിയാനുള്ളതു്. ആരുടെ സുഖത്തിനുവേണ്ടി,തന്നെ കഷ്ടപ്പെട്ടത്തിയതും അപമാനിച്ചതും അവസാനം ആരുമാരുമില്ലാതാക്കിയതും ഒക്കെ മറന്നു് ഒരു ജീവിതം മരണക്കിടക്കയിൽ വീഴ്ത്തപ്പെട്ടിരിക്കുന്നുവോ, ആ ജീവനെ രക്ഷിക്കാൻ പ്രഭാകരൻനായർ തയ്യാറാണോ എന്നു്. എന്നാലയാളം തീർത്തുപറഞ്ഞു. സ്നേഹവും സൽസ്വഭാവവും സർവ്വോപരി മനുഷ്യസ്ത്രീയുടെ മകുടംതന്നെയാണെങ്കിലും തങ്കമ്മ തൻറെ ഭാര്യാപദത്തിനർഹയല്ലെന്നു്. പക്ഷേ ശ്യാമനിശ്ചയിച്ചുറപ്പായിരുന്നു. അയാളം തങ്കമ്മയേയോ അവരുടെ ധനത്തേയോ വിവാഹംചെയ്തതു്? തനിക്കു് ശേഷിയുണ്ടെങ്കിൽ ഒന്നിനു് പത്തുവെച്ചു മടക്കികൊടുക്കുമായിരുന്നെന്നാണു് പ്രഭാകരൻനായരുടെ മറുപടി. "ഉണ്ടായിരുന്നെങ്കി"ലത്തെ കഥ പലതും പറയാനുണ്ടു്. നിർദ്ധനനു് നിധികിട്ടിയാൽ ചെയ്യുമെന്നു് പറയപ്പെടുന്ന 'വമ്പത്തരം' പോലെയാണതു്. ഇതു് ശ്യാമയുടെങ്ങോട്ടും എടുത്തെറിഞ്ഞു. തനിക്കു് വേണ്ടി ചിലവഴിച്ച തുക നൂറുവെച്ചു് മടക്കുമായിരുന്നു. ശേഷിയുണ്ടെങ്കിൽ. എന്നാലതില്ല. പക്ഷേ.... ആ 'പക്ഷേ'യുടെ അർത്ഥം പ്രഭാകരൻനായർക്കു മനസ്സിലായില്ല. ധനപരമായി പ്രഭാകരൻനായരോടുള്ള തൻറെ കടപ്പാടു് തീർക്കാൻ, അതുമല്ല ധനം സമ്പാദിക്കാനുള്ള കൈമുതൽ ഇവളുടെപക്കലുണ്ടു്, കുറെ കാലത്തേക്കു്, ആവശ്യത്തിനു സമ്പാദിക്കാനുള്ള മുടക്കുമുതൽ അതു് താരുണ്യം കവിഞ്ഞൊഴുകുന്ന അവളുടെ ദേഹമാണു്. അതു കച്ചവടം ചെയ്യാൻ അവൻ പോകയാണു്! ഹോട്ടലിലേക്കു്!

പ്രഭാകരൻനായർ ഇരികുത്തുവ്യതാമൂന്നായി. ശ്യാമളയുടെ ആഗമനം മുതൽ പട്ടുത്തുകെട്ടാൻ തുടങ്ങിയ അകാശക്കോട്ട തകർന്തരിപ്പണമായിരിക്കയാണു്. ഒരിരിയുന്ന പെയിലിൽനിന്നു് എരിയുന്ന തീയിലേക്കാണയാൾ വീഴ്ത്തപ്പെട്ടിരിക്കുന്നതു്. തങ്കമ്മയുമായുള്ള അടുപ്പം കുറഞ്ഞുവരുംതോറും ശ്യാമളയ്ക്കു തന്നോടു വെറുപ്പുംകൂടിവരികയായിരുന്നെന്നാണയാളറിയുക. തങ്കമ്മ തന്നെ സ്നേഹിച്ചിരുന്നെന്നു് വിശ്വസിക്കാൻ പോലും അയാൾക്കു് സാദ്ധ്യമല്ലതെ! വെറുപ്പും വിദ്വേഷവും അഹങ്കാരവും മാത്രമാണുപോലും അവളിന്നുവരെ അയാളോടു പ്രകടിപ്പിച്ചിരുന്നതു്. ശ്യാമളചോദിച്ചു എങ്ങനെ വെറുക്കാതിരിക്കും തങ്കമ്മ ഒരു സ്ത്രീയാണു്. അതിലുമുപരി ഒരു ഭാര്യ, ഒരമ്മ. പുരുഷൻറെ ഭോഗസാധനം മാത്രമായിരുന്നില്ല അവൾ. മജ്ജയും മാംസവും ബുദ്ധിയുമുള്ളൊരു ജീവി! സ്നേഹിക്കാനൊരു ഹൃദയമുണ്ടായിപ്പോയി. അതു സ്നേഹിക്കപ്പെടാൻവേണ്ടി വെമ്പുകയായിരുന്നു. സ്നേഹിക്കപ്പെടാൻ അവൾക്കു് ഭാഗ്യമുണ്ടായില്ല. അഥവാ പ്രഭാകരൻനായർ അതിനു് തയ്യാറായില്ല എന്നിട്ടും ഇരുവരെ ഇയാളുടെ എല്ലാവിധ ഉപദ്രവങ്ങളും സഹിച്ചു ഇവിടെ കഴിഞ്ഞുകൂടാൻ തങ്കമ്മയ്ക്കു് സാധിച്ചതിലാണു് ശ്യാമയുൽഭവപ്പെട്ടതു്. ഒരു സഹോദരിയെന്നനിലക്കു് തങ്കമ്മയെ വെറുക്കാൻപോലും ഈ നിലശ്യാമയെ നിർബന്ധിക്കുന്നു. തലയിലിരുന്നു ചെവി തിന്നുന്ന നികൃഷ്ടജീവികളേ വർജ്ജിക്കേണ്ടതു് മനുഷ്യധർമ്മമാണു്.

തൻറെ ജീവിതം സുഖകരമാക്കാൻ ശ്യാമ പങ്കാളിയാവുകയേ നിവൃത്തിയുള്ളുവെന്നു് പ്രഭാകരൻനായർ തീർത്തുപറഞ്ഞു. ഒട്ടുക്കം ശ്യാമ ആവലാതിപ്പെട്ടു. ഇതുവരെ തങ്കമ്മയെ മനസ്സിലാക്കാൻ ഇയാൾക്കു് സാധിച്ചില്ലല്ലോ എന്നു്. ശ്യാമയാത്രപറഞ്ഞു പിരിയുമ്പോൾ തങ്കമ്മ അവളോടു പറഞ്ഞതു് പ്രഭാകരൻനായരെ അറിയിച്ചു. "മനുഷ്യൻറെ മോഹമല്ലേ. നിയ്യുദ്ദേഹത്തെ അനുസരിക്കണമെന്നു്" ഈ വാക്കു് വിശ്വസിക്കാൻ പ്രഭാകരൻനായർക്കു് സാദ്ധ്യമാണോ? പക്ഷേ സ്നേഹമസൃണമായൊരു ഹൃദയത്തിനു് താജ്യമല്ലാത്തൊന്നുമില്ല! തൻറെ ജീവിതയാത്രയിൽ ഒരു പിഴുവിരാമം സ്ഥലംപിടിക്കാൻ ചുരുക്കം നിമിഷങ്ങൾകൂടിയേ ബാക്കിയുള്ളൂ. ആത്മാവിൻറെ ആശ്വാസത്തിനു് കൃതഘ്നരാണിച്ചുവെങ്കിലും സ്നേഹിച്ചാരാധിച്ചുവർ സുഖിക്കട്ടേ! ഇതാണു് തങ്കമ്മയുടെ മുദ്രാവാക്യം. അതിനുള്ള അവരുടെ 'മുക്കുതൽ

കുമുദി ആപ്പ തിപ്പിച്ചു്

1954 ജനുവരി 22, 23, 24 ഇ തീയതികളിൽ തിരുവനന്തപുരം സ്റ്റേഡിയം മൈതാനത്തു് നടത്തിയ സൈക്കിൾ മത്സരത്തിൽ തിരുവനന്തപുരം പോലീസിലെ ശ്രീ. ശിവശങ്കരൻനായർ മൂന്നു പ്രാവശ്യം ഒന്നാംസമ്മാനം കരസ്ഥമാക്കി വിജയശ്രീലാളിതനായിരിക്കുന്നു. ശ്രീ. ശിവശങ്കരൻനായർ 1936 മുതലുള്ള എല്ലാ സൈക്കിൾ മൽസരങ്ങളിലും തുടർച്ചയായി വിജയം കരസ്ഥമാക്കിക്കൊണ്ടിരിക്കയാണു്. നാല്പതുവയസ്സുള്ള ഈ സൈക്കിൾ വിദഗ്ദ്ധൻ തിരുവനന്തപുരത്തു് വെളിയിൽ നടന്നിട്ടുള്ള പല സൈക്കിൾ മൽസരങ്ങളിലും വിജയംവരിച്ചിട്ടുണ്ടു്.



കുഴിയിലേക്കു് കാലുനീട്ടിയ ഒരു ശരീരമാണു്!

പശ്ചാത്താപവിവശനായ പ്രഭാകരൻനായരുടെ ഹൃദയംവെമ്പി അനിർഭാഗ്യവതിയുടെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യാൻ! ശ്യാമ നിർബ്ബന്ധയായി! അസന്നമരണയായി കിടക്കുന്ന തങ്കമ്മയേ കാണാൻ പ്രഭാകരൻനായരും ശ്യാമയും പുറപ്പെട്ടപ്പോഴാണു് അപ്പു പ്രവേശിച്ചറിയിക്കുക 'തങ്കമ്മ മരിച്ചുവെന്നു്! അങ്ങനെ ആരു് തങ്ങളുടെ സുഖത്തിനുവേണ്ടി ജീവിതം ബലിയർപ്പിച്ചുവോ അവരുടെ ആത്മശാന്തിക്കുവേണ്ടി അവർ ഒന്നിച്ചു!

മനുഷ്യനെ കൊല്ലുന്നവനും മനുഷ്യന്റെ സ്നേഹിക്കുന്നവനുമായിരുന്നു സ്യാവെർഡ്. സ്നേഹിക്കയും സ്നേഹിക്കപ്പെടുകയും ചെയ്യുന്ന തന്റെ കുടുംബാംഗങ്ങളേയും കുഞ്ഞുങ്ങളേയും സംരക്ഷിക്കാൻ മറ്റനവധി ഭാര്യമാരെയും കൊല്ലുകയായിരുന്നു അയാൾ. അങ്ങനെ ഒട്ടനവധി സ്ത്രീകളെക്കൊന്ന അവരുടെ പണവും പണ്ടവും തട്ടിയെടുത്തു് ആനന്ദപൂർണ്ണമായ ദാമ്പത്യജീവിതം നയിച്ചവനാണു് വെർഡുവും. കീഴടക്കപ്പെട്ട മനുഷ്യനെ കൊല്ലലിൽ ആനന്ദം കർശിച്ചിരുന്നവർ ചരിത്രത്തിലുണ്ടു്. നീറോ വക്രനായ ചക്രവർത്തികളും അതിൽ കൃപസിദ്ധരായിരുന്നു. പക്ഷേ വെർഡുവിന്റെ ആനന്ദം ഒരു പ്രത്യേകരീതിയിലായിരുന്നു. താനിഷ്ടപ്പെടുന്നവരെയൊക്കെ തന്റെ ആയുഷ്കാലം മുഴുവൻ സുഖമായി ജീവിക്കാൻവേണ്ടിയാണെന്നായിരുന്നു കൊലനടത്തിയിരുന്നതു്. അതൊരുതരം ജീവിതസമരം (Struggle for existence) ആയിരുന്നു. മുതലക്കുത്തിൽ, സമുദായത്തിന്റെ യഥാർത്ഥമായൊരു ചിത്രീകരണമാണു് വെർഡു് ഉച്ചനീചതാരങ്ങളും നിറഞ്ഞ ഈ സാമൂഹ്യവ്യവസ്ഥിതിയിൽ വെർഡുവേപ്പോലുള്ള ഒരാൾക്കേ ജീവിക്കാൻ പറ്റുകയുള്ളുവെന്നു് ചാപ്ലിൻ പ്രഖ്യാപിക്കുന്നു!

അതേ അവസരത്തിൽ കൃഷ്ണപിള്ളയുടെ പ്രഭാകരൻനായരോ? പ്രഭാകരൻനായർ ആരേയും കൊന്നിട്ടില്ല. പക്ഷേ ആരെങ്കിലും തന്നെ ചൊല്ലിമരിച്ചെങ്കിൽ അതിന്റെ ഉത്തരവാദിത്തം അയാൾക്കുണ്ടോ? ഇല്ലെന്നു് തെളിയിക്കാൻ വയ്യ. തങ്കമ്മയുമൊത്തുള്ള ഈ ദാമ്പത്യജീവിതം സുഖപര്യവസായിയല്ലെന്നു് മുമ്പേ അയാളറിഞ്ഞിരുന്നെങ്കിൽ, എന്തിനവരെ രണ്ടുകുട്ടികളുടെ അമ്മയാക്കാനും വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും ഊട്ടം പാവുമിടാനും അനുവദിച്ചു? അതിനു കാരണം വെർഡുവിന്റേതുപോലെ സാമ്പത്തികമാണു്. ചോരകണ്ടു രസിക്കാനല്ല വെർഡു മനുഷ്യനെ കൊന്നതു്. പ്രഭാകരൻനായരും അതുതന്നെ. തങ്കമ്മയുടെ ജീവിതം നിരാശയിൽ നീറിനീറി മരിക്കണമെന്നൊന്നും പ്രഭാകരൻനായർക്കാഗ്രഹമുണ്ടായിരുന്നില്ല. പക്ഷേ താനാഗ്രഹിക്കുന്ന രീതിയിൽ ജീവിക്കാൻ, മറ്റൊരു ജീവിതം തകർക്കേണമെങ്കിൽ, അഥവാ തകർക്കേണമെങ്കിൽ അതയാളുടെ കുറ്റമല്ല. ഉദ്ദേശസാദ്ധ്യത്തിനു് പല മാർഗ്ഗങ്ങളും അഭിനയങ്ങളും വേണ്ടിവരും. പ്രമോഷൻ പ്രതീക്ഷിക്കുന്നൊരുദ്യോഗസ്ഥനെന്നപോലെയാവാം പ്രഭാകരൻനായർക്കു് തങ്കമ്മയുടെ ഭർത്തൃപദം തോന്നിയിരുന്നതു്. ഉച്ചനീചതാരങ്ങൾ കൊടുമ്പിരികൊണ്ട ഈ സാമൂഹ്യവ്യവസ്ഥിതിയാണതിനന്തരവാദി. ഇവിടെ ഒന്നു ചീഞ്ഞാലേ മറ്റൊന്നിനു വളമാകൂ. വളവും വിളയും ഒന്നിച്ചു വളർത്താൻ സങ്കേതമില്ല. ചിലപ്പോൾ അറിഞ്ഞുകൊണ്ടാവില്ല. മിക്കപ്പോഴും ബോധപൂർവ്വവും.

എന്നാൽ മുസ്സോ വെർഡു അവസാനം തൂക്കിക്കൊല്ലപ്പെട്ടു, പ്രഭാകരൻനായരുടെ ജീവിതം ഇവിടെയാരംഭിക്കുന്നതേയുള്ളു. അതിന്റെ അവസാനം എന്താകുമെന്നതിനു ചില സൂചനകളും മാത്രമേയുള്ളു. 'മൂക്കറ്റം കടമുള്ളാരു നിർഭാഗ്യനാൻ മറ്റൊരു നിസ്വയുമൊത്തുള്ള ദാമ്പത്യജീവിതം ആരംഭിക്കയാണു്. കടം വീട്ടാൻ സുഖമായി ജീവിക്കാൻ എന്തെല്ലാം ത്യാഗങ്ങളാണു് ചെയ്യേണ്ടിവരുക. അവയുടെ അന്ത്യം എന്താകും?

പക്ഷേ ആപൽക്കാരിയായ ഒരു ഭയങ്കരസംഘട്ടനം, തങ്കമ്മയുടെ അനുരഞ്ജനമനോഭാവംകൊണ്ടു വീണ്ടും കുഴപ്പമാകാതെ കഴിഞ്ഞു. കിട്ടപ്പിള്ളയുടെ ആത്മഹത്യ കേശവൻകുട്ടിയിൽ മനഃപരിവർത്തനമുണ്ടാക്കിയപോലെ തങ്കമ്മയുടെ സ്നേഹവും വിട്ടുവീഴ്ചയുമാണു് വിടെ കാര്യങ്ങളെ ഭംഗിയിൽ കലാശിപ്പിച്ചതു്. പിണക്കങ്ങളുടെയൊക്കെയും കാരണം കണ്ടുപിടിച്ചു്, രണ്ടുചേരിയും കൂടേ വിട്ടുവീഴ്ചചെയ്തൊരുങ്ങിയാൽ ആപത്തിനു വളരെ ആശ്വാസമുണ്ടാവും. സാമ്പത്തിക അസമത്വങ്ങളും അലതല്ലുന്ന നമ്മുടെ സാമൂഹ്യവ്യവസ്ഥിതിയിൽ, കുടുംബജീവിതത്തിനു് വമ്പിച്ച ക്ലേശങ്ങളിൽനിന്നു് രക്ഷകിട്ടണമെങ്കിൽ അതു കൂടിയേ കഴിയൂ. അതാണു് ശ്രീ. കൃഷ്ണപിള്ള 'മുടക്കുമുതൽ' എന്ന നാടകം വഴി ആവശ്യപ്പെടുന്നതും.

സാമ്പത്തികമായ കെട്ടുപാടുകളുടെ മുമ്പിൽ തകർന്നു പോവുന്ന ഉത്തമമായ മാനസിക ബന്ധങ്ങളുടെ കഥയാണിനാടകം. വിശ്വവ്യാപകമായ ഈ മഹൽപ്രശ്നം മലയാള നാടകത്തിൽ സ്ഥലം പിടിക്കുന്നതാദ്യമാണെന്നു് തോന്നുന്നു. സാമൂഹ്യജീവിതത്തിന്റെ കണ്ണിയായ കുടുംബത്തിലെ പല തലമുറകളിൽപ്പെട്ടവരുടെ പല തലമുറകളിൽപ്പെട്ട പ്രശ്നങ്ങളും വിജയകരമായി കൈകാര്യം ചെയ്ത ശ്രീ. കൃഷ്ണപിള്ളതന്നെ വേണം. ഇതും ഇതുപോലെ മറ്റു ജീവൽപ്രശ്നങ്ങളും ചർച്ച ചെയ്തു് വെളിച്ചത്തിടാൻ. ബഹുബഹുത്തിലും കന്യകയിലും കാണാത്ത അനുരഞ്ജനത്തിൽ മാത്രം കണ്ട ആ മാഹാത്മ്യം 'മുടക്കുമുതലി'ലുമുണ്ടു്. ഭാഷയിലെ ഈ മുതിർന്ന ഗ്രന്ഥനാടകം കാണാനും വായിക്കാനും കേൾക്കാനും * ഒന്നാന്തരമാണു്.

---

* 'അനുരഞ്ജനം'

* റേഡിയോവിൽ ഇതു് പ്രക്ഷേപണം ചെയ്തിരുന്നു.

കൗമുദിവാരിക

	രൂ.	ണ.
എജന്റന്മാർമുഖേന മാറപ്രതി	0	8
വാർഷിക വരിസംഖ്യ പോസ്റ്റേജ്	10	8
,, ഫോറിൻപോസ്റ്റേജ്	18	0

കൂടുതൽ വിവരങ്ങൾക്കു് കീഴുക:

മാനേജർ, കൗമുദി വാരിക
പോസ്റ്റ് തിരുവനന്തപുരം

കുതിരയോട്ടം

കല്യാണി കോൺഗ്രസ്സ് സമ്മേളനം

★

എൻ. രാമചന്ദ്രൻ

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അൻപത്തി ഒൻപതാമത്തെ വാർഷിക സമ്മേളനം കല്യാണിയിൽവച്ചു അതിഗംഭീരമായി നടന്നിരിക്കുന്നു. നെഹ്റുവിന്റെ തന്നെ ഭാഷയിൽപ്പറയുകയാണെങ്കിൽ അത്യന്തം ഗുരുതരമായ പ്രത്യാഘാതങ്ങളും ഉണ്ടാക്കുന്ന അതിപ്രധാനങ്ങളായ സംഭവവികാസങ്ങൾക്കാരോഭിവസവും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു സന്ദർഭത്തിലാണു കല്യാണിസമ്മേളനം കൂടിയതു്. ദീർഘമായ ചർച്ചകൾക്കുശേഷം കോൺഫറൻസ് ഒട്ടേറെ പ്രമേയങ്ങൾ പാസ്സാക്കി, പാക്: അമേരിക്കൻ സൈനിക സഖ്യത്തിൽ ഉൽക്കണ്ഠ പ്രകടിപ്പിക്കുന്നതും രാജ്യത്തെ വികസനപദ്ധതികളിൽ സഹകരിക്കാൻ ജനങ്ങളോടു അഭ്യർത്ഥിക്കുന്നതും, സംസ്ഥാന പുനഃസംഘടനാക്കമ്മീഷന്റെ നിയമനത്തെ സ്വാഗതം ചെയ്യുന്നതും കൊളോണിയലിസത്തെയും വർഗ്ഗവിവേചനത്തെയും അപലപിക്കുന്നതും ഇന്ത്യ-കൊറിയൻ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളെ അംഗീകരിക്കുന്നതുമായിരുന്നു പ്രധാനപ്പെട്ട പ്രമേയങ്ങൾ. ഗവൺമെന്റു് ആസൂത്രണംചെയ്തു നടപ്പിൽ വരുത്താൻ ആഗ്രഹിക്കുന്ന പദ്ധതികൾക്കു ജനങ്ങളുടെ പിൻതുണ ആവശ്യപ്പെട്ടുകൊണ്ടു കോൺഗ്രസ്സ് പ്രസിഡന്റു് ശ്രീ. നെഹ്റു ചെയ്ത പ്രസംഗമായിരുന്നു സമ്മേളനത്തിലെ ഏറ്റവും ആവേശകരമായ അഭ്യർത്ഥന.

രാജ്യത്തിന്റെ അതിർത്തികളിൽ തല ഉയർത്തുന്ന ആപത്തുകൾക്കും അക്രമം രാഷ്ട്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. ആപത്തുകളെ നേരിടുകയും പ്രയാസങ്ങളിൽക്കൂടി പ്രവർത്തിച്ചു മുന്നേറുകയുംചെയ്യുക, തന്നെപ്പോലെയുള്ളവർക്കു സ്വാഗതാർഹമായ ഒരവസ്ഥയാണെന്നു ശ്രീ. നെഹ്റു പറഞ്ഞു. എവറസ്റ്റുകൊടുമുടി കീഴടക്കിയവരെ അഭിനന്ദിക്കുന്നതോടൊപ്പം ഹിമാലയത്തിന്റെ മറ്റു ശൃംഗങ്ങൾ കീഴടക്കുന്നതിനുവേണ്ടി കൂടുതൽ പരിശ്രമിക്കുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ആയുധവും സ്വാതന്ത്ര്യവും വെള്ളിയും തട്ടിപ്പറിച്ചെടുത്തിയാണു മറ്റു രാജ്യങ്ങൾ അതാതു രാജ്യങ്ങളുടെ ശക്തിനിഷ്ക്രിയമാക്കുന്നതെന്നും എന്നാൽ ഇന്ത്യ മറ്റു ചില മൂല്യങ്ങൾക്കാണു വിലകല്പിക്കുന്നതെന്നും അദ്ദേഹം സൂചിപ്പിച്ചു. ഇക്കാര്യങ്ങൾ മനസ്സിൽ വച്ചുകൊണ്ടു ആധുനിക ഇന്ത്യ കെട്ടിപ്പടുക്കുന്ന മഹത്തായ ശ്രമത്തിൽ പങ്കെടുക്കുവാൻ അദ്ദേഹം ഇന്ത്യയിലെ ഓരോ പൗരനോടും ആവശ്യപ്പെട്ടു. ഒരു പുത്തൻ ഇന്ത്യയെക്കുറിച്ചു നമുക്കുള്ള ഭാവനകളും, സ്വപ്നങ്ങളും എല്ലാം കൈവരുത്തുന്നതിനുവേണ്ടി കൂടിപ്പിറപ്പുകളും കൊച്ചുകാര്യങ്ങളെക്കുറിച്ചുള്ള മൽസരങ്ങളും അവസാനിപ്പിക്കുന്നതിനു ആവേശകരമായി അദ്ദേഹം അഭ്യർത്ഥിച്ചു.

കോൺഗ്രസ്സംഘടനാപ്രവർത്തകന്മാരുടെ പ്രസംഗങ്ങളിൽ കൂടെക്കൂടെ കേൾക്കുന്ന ഒരു അഭ്യർത്ഥനയാണു രാജ്യത്തെ വികസനപദ്ധതികളും വിജയിപ്പിക്കുന്നതിനുവേണ്ടി എല്ലാ ജനങ്ങളും ഒത്തൊരുമിച്ചു പ്രവർത്തിക്കണമെന്നു് ഇന്ത്യാഗവൺമെന്റു് ഒട്ടേറെ പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നുവെന്നുള്ളതു ഒരു പരമാർത്ഥമാണു, ഈ പദ്ധതികളും വിജയത്തിലെത്തിക്കുന്നതിനുവേണ്ടി ഇവിടത്തെ ജനങ്ങളും ആവേശകരമായി പ്രവർത്തിക്കേണ്ടതു ആവശ്യവുമാണു്. പക്ഷേ ജനങ്ങളുടെ വശത്തുനിന്നു ആ പ്രോൽസാഹനം ലഭിക്കുന്നില്ലെന്നു മാത്രമല്ല പലപ്പോഴും ഗവൺമെന്റിന്റെ പദ്ധതികളെ ശത്രുതയോടുകൂടി അവർ വിമർശിക്കുകയുംചെയ്യുന്നു. അകന്നുനിന്നു വീക്ഷിച്ചാൽ ഈ സംഭവഗതി അത്ഭുതാവഹമായി തോന്നും. ജനങ്ങൾക്കു കൂടുതൽ ആഹാരം നൽകാൻ വേണ്ടി കൂടുതൽ വസ്ത്രംനൽകാൻവേണ്ടി മറ്റുസുഖസൗകര്യങ്ങളൊക്കെ നൽകുന്നതിനുവേണ്ടി ഗവൺമെന്റു പദ്ധതികളും ആവിഷ്കരിക്കുക, ഈ പദ്ധതികളെ ശത്രുതയോടുകൂടി നിരുപണംചെയ്യുകയും നിസ്സഹകരിക്കുകയും ചെയ്യുക അത്ഭുതകരമായ ഒരവസ്ഥയാണു്. നമ്മുടെ രാഷ്ട്രീയ ജീവിതത്തിൽ ഈ വൈരുദ്ധ്യം എങ്ങിനെ കടന്നുകൂടിയെന്നു മനസ്സിലാക്കാതെ ആരെല്ലാം ആഹ്വാനം നടത്തിയാലും ഏതെല്ലാം എവറസ്റ്റുകളുടെ മുകളിൽക്കയറാൻ ഉപദേശിച്ചാലും ഫലമൊന്നുമുണ്ടാകാൻ പോകുന്നില്ല. ഗവൺമെന്റിന്റെ നേർക്കു ജനങ്ങൾക്കുള്ള വിക്ഷണഗതിയിൽ മനഃശാസ്ത്രപരമായും മൗലികമായും ഒരു മാറ്റം വരേണ്ടിയിരിക്കുന്നു. സമരം ചെയ്തുകൊണ്ടിരുന്ന കോൺഗ്രസ്സിന്റെ നേർക്കു ജനങ്ങൾക്കുണ്ടായിരുന്ന മതിപ്പും സ്നേഹവും വിശ്വാസവുമൊന്നും ഭരിക്കുന്ന ഇന്നത്തെ കോൺഗ്രസ്സിനോടു് ജനങ്ങൾക്കില്ല. കോൺഗ്രസ്സുകാർതന്നെയാണു ഈ നിലവരുത്തിവച്ചതു്. ത്യാഗസന്നദ്ധതയോടുകൂടി കോൺഗ്രസ്സ് നടത്തിയിട്ടുള്ള സമരങ്ങളിൽ പങ്കെടുത്തിട്ടുള്ളവരെ അവർ ഇടതുപക്ഷചിന്താഗതിക്കാരനെന്നു മുദ്രകുത്തിക്കൊണ്ടു കോൺഗ്രസ്സിൽനിന്നു അടിച്ചു പുറത്താക്കി. പകരം അവസരവാദികളെയും വർഗ്ഗീയ ചിന്താഗതിക്കാരെയും കോൺഗ്രസ്സിന്റെ അണികളിലേക്കു കടത്തിവിട്ടു. തൊഴിലാളികളെ അകറ്റിനിർത്തിയിട്ടു മുതലാളികളെ കോൺഗ്രസ്സ് നേതാക്കന്മാരായി ഉയർത്തി. അങ്ങനെ കോൺഗ്രസ്സ് സംഘടനകളിൽനിന്നു അകന്നു സാധാരണക്കാരന്റെ ഒരു എതിർചേരിയായി നിലയുറപ്പിച്ചു. സ്വാതന്ത്ര്യലബ്ധിക്കുശേഷം ജീവിതത്തിന്റെ എല്ലാ തുറകളിലും വേഗതയോടുകൂടിയ അഭിവൃദ്ധിയുണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്നവരെ കോൺഗ്രസ്സ് ഗവൺമെന്റു നിരാശപ്പെടുത്തി. അതുമാത്രമല്ല. ഗവൺമെന്റെന്നു പറഞ്ഞാൽ കാക്കി ഉടുപ്പിട്ട പോലീസുകാരനാണെന്നു സാധാരണക്കാരൻ അർത്ഥമാക്കുന്നതുപോലെ ഒരു പരിതഃസ്ഥിതിയും കോൺഗ്രസ്സ് രാജ്യത്തുവരുത്തിവച്ചു. എന്നിട്ടു പണ്ഡിറ്റു് നെഹ്റു ആവേശകരമായി അഭ്യർത്ഥനംചെയ്യുകയാണു് ഗവൺമെന്റിനോടൊത്തു ജനങ്ങളും സഹകരിച്ചു പ്രവർത്തിക്കണമെന്നു്. പദ്ധതികളും വിജയിപ്പിക്കുന്നതിനുവേണ്ടി പണ്ഡിറ്റു് നെഹ്റുവിനു എത്ര ആവേശം വന്നാലും ഇവിടത്തെ ജനങ്ങളും അക്കാര്യത്തിൽ അലസരായിരിക്കുകയേയുള്ളു. ജനങ്ങളുടെ സഹകരണം വേണമെന്നു നെഹ്റു പ്രസംഗിക്കുമ്പോഴും അദ്ദേഹത്തിന്റെ അടുക്കലും കോൺഗ്രസ്സുകാരല്ലാത്തവരെ പദ്ധതികളുടെ പ്രവർത്തനങ്ങളിൽ നിന്നു അകറ്റിനിർത്തുകയാണു്. ഇവിടെ ആരംഭിച്ച കമ്മ്യൂണിറ്റി പ്രോജക്ടിന്റെ നടത്തിപ്പിനുവേണ്ടി എട്ടത്തിട്ടുള്ള കമ്മിറ്റികളും അതിനുതെളിവുകളാണു്.

കേന്ദ്രഗവൺമെന്റിന്റെ വികസനപദ്ധതികളും വെറും കടലാസുപദ്ധതികളാണെന്നും പ്രവർത്തിച്ചുകൂട്ടിയിട്ടുള്ള പദ്ധതികളെല്ലാം പരാജയങ്ങളാണെന്നും മറ്റും പ്രതിപക്ഷപ്രസംഗകന്മാർ പങ്കുള്ളിൽനിന്നുതന്നെ കേൾക്കുന്നുള്ള ആരോപണങ്ങൾ അപ്പാടെ വിശ്വസിക്കുന്ന ഒരാളല്ല ഞാൻ. പക്ഷേ, ഈ പദ്ധതികളും എത്രമാത്രം മനോഹരവും പ്രയോജനകരവുമായിരുന്നാലും അവ ജനങ്ങളെ ആകർഷിക്കുകയില്ലെന്നും ജനങ്ങൾ ഈ പദ്ധതികളുടെ പേരിൽ അത്യുത്സാഹം കൊള്ളുകയും ചെയ്യുകയില്ലെന്നും സംശയലേശമില്ലെന്നു തോന്നുന്നു. അതിവിനാശോന്മുഖമായ ഒരവസ്ഥയാണിതു്. ഈ കുഴപ്പം ഒഴിവാക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതിനു

ന്ന ഒരു രാഷ്ട്രത്തിലെ ജനങ്ങൾക്കു ഇങ്ങനെയൊരു മനോഭാവമുണ്ടാകുന്നതു വാസ്തവത്തിൽ ഖേദകരമാണു്. അതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം വഹിക്കേണ്ടതു കോൺഗ്രസ്സുകാർ മാത്രമാണു്. ഈ രാജ്യത്തിന്റെ വികസനവും പുരോഗതിയും തടസ്സപ്പെട്ടുന്നതും അക്കാരണത്താൽ കോൺഗ്രസ്സുകാർതന്നെയാണു്. രാജ്യത്തെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും രാഷ്ട്രനിർമ്മാണത്തിനുവേണ്ടത വർദ്ധിപ്പിക്കുന്നതിനും മറ്റുള്ള വർമാർഗ്ഗതടസ്സം ഉണ്ടാക്കുന്നുവെന്നു കോൺഗ്രസുകാർ ആരോപണം നടത്തുമ്പോൾ അവർ ആദ്യം ഒരു ആത്മപരിശോധന നടത്തി നോക്കേണ്ടതാണു് എവരസ്റ്റ് കയറാൻ തോന്നുന്ന ഉൽസാഹത്തോടും നിശ്ചയദാർഢ്യത്തോടുംകൂടി പ്രവർത്തിക്കണമെന്നു ജനങ്ങളോടു നെഹ്റു ആഹ്വാനംചെയ്യുമ്പോൾ എന്താണു ഈ ആഹ്വാനം ജനങ്ങൾക്കു ചെവിക്കൊള്ളാത്തതെന്നു അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും ആലോചിച്ചുനോക്കേണ്ടതാണു്.

(10 -ാംപേജിൽനിന്നും തുടർച്ച)

ത്തിന്റെ പേരിൽ ഉണ്ടായ ആ ചോദ്യം എന്റെ മുഖത്തേക്കു് കോട്ടർ ഒരു ലജ്ജയും ക്ലാന്തതെ വലിച്ചെറിഞ്ഞു കോട്ടരനെ നിയമസഭയ്ക്കയക്കുവാൻ ഞാനും എന്റെ പിറകൽനിന്നു കൂടെ ഇഴവരും ചെയ്ത സാഹസങ്ങൾ കോട്ടർ നിശ്ശേഷം വിസ്മരിച്ചുകൊണ്ടാണു് ഈ പ്രഷ്നം എന്റെ മുഖത്തേക്കു വലിച്ചെറിഞ്ഞതു് എന്റെ സഹനശക്തി നിശ്ശേഷം അവസാനിച്ചു എന്റെ രക്തം വല്ലാതെ തിളച്ചു. ഒരു അവജ്ഞയും ഈർഷ്യയും പരിഹാസവും കോട്ടരിന്റെ ചോദ്യത്തിൽ തുളുമ്പിനിന്ന പോലെ എനിക്കുതോന്നി. എന്റെ രക്തം വല്ലാതെ തിളച്ചു. ആ നിമിഷത്തിന്റെ ഭ്രാന്തിൽ ഞാൻ പറഞ്ഞു: "നിങ്ങൾ പോയി കടലിലൊ ആകാശത്തിലൊ നിൽക്കണം. എനിക്കു ഒരു സീറ്റിനല്ല ഞാൻ കൊതുന്നതു്. ഇഴവന്നു ഒരു സീറ്റിനാണു്. ഞാൻ സ്ഥാനാർത്ഥിയല്ല അതു വ്യക്തമായി നിങ്ങൾ ധരിക്കണം"

ശ്മശാനമൂകതയെന്നു ഒന്നിനെപ്പറ്റി ഞാൻ കേട്ടിട്ടുണ്ടു. അതെന്തെന്നു് അറിഞ്ഞതു് അന്നായിരുന്നു. മുത്തശ്ശികൾ പറയും പോലെ, "മിണ്ടാട്ടില്ല, ഉരയാട്ടില്ല" ആക്കും. ഉടനുണ്ടു് കെ. സി കുഞ്ഞുരാമൻ ചാടിഎണീറ്റു് അത്യന്തം ക്ഷുഭിതനായി ഒരു വാഗ്വാദം കെ. സി കുഞ്ഞുരാമൻ അന്നു് എന്റെ വലംകൈയാണു് ഇഴവസമുദായ ചരിത്രത്തിന്റെ അനിഷേധ്യായങ്ങൾ നല്ലപോലെ കണ്ടിട്ടുള്ള ആളാണു്. സമുദായസ്നേഹം കട്ടകട്ടിയാണു്. എൺപതാമാണ്ടത്തെ നായരിഴവ ലഹളക്കാലം മുതൽ ഉള്ള ഒരു ചരിത്രം വിവരിച്ചുകൊണ്ടു വികാരതീക്ഷ്ണമായി കെ. സി. പറഞ്ഞ വാചകങ്ങൾ എനിക്കു് ഇപ്പോഴും വ്യക്തമായി കേൾക്കാം. ഇവരെ വിശ്വസിച്ചിട്ടുകാര്യമില്ല. നമുക്കു് ഒരു സീറ്റു കിട്ടുമോ "എന്നു് നോക്കാം" എന്നു് കെ. സി. പറഞ്ഞതും ഞങ്ങൾ അവിടെനിന്നു ഇറങ്ങിയതും ഒപ്പംകഴിഞ്ഞു അന്നുണ്ടായ എന്റെ രക്തത്തിന്റെ തിളപ്പു് നിവർത്തനപ്രക്ഷോഭണം അവസാനിക്കുന്നതുവരെ എന്റെ ലക്ഷ്യപ്രാപ്തിവരെ അവസാനിച്ചില്ലെന്നു ഞാൻ സമ്മതിക്കുന്നു. അന്നു രാത്രി ഞാൻ ഉറങ്ങിയിട്ടില്ല. വിവിധ ചിന്തകൾ എന്നെ മഥിച്ചുകൊണ്ടിരുന്നു. ഇഴവന്നു് ഈ രാജ്യത്തു് രാഷ്ട്രീയമായി ഒരു സ്ഥാനം ഉണ്ടോ എന്നു് അറിയണം എന്നു് ഞാൻ ഉറച്ചു. ഭ്രൂതഭാവികളും ഞാൻ ആ ഇരുട്ടിൽ നിന്നു് എണ്ണിനോക്കി. കണ്ടകാകുലമായ ഒരു മാർഗ്ഗം എന്റെ മുമ്പിൽ കിടന്നു. എന്റെ കഴിവുകളും എന്തെന്നും എനിക്കു് രൂപമില്ല. വീട്ടുകാര്യങ്ങളും ഞാൻ ആലോചിച്ചു. അതു് ഞാൻ സാരമാക്കിയില്ല. വലിയ പ്രതിബന്ധങ്ങളും ഉണ്ടാകുമെന്നു് എനിക്കു നല്ല നിശ്ചയമുണ്ടായിരുന്നു ഇനി രാഷ്ട്രീയാധികാരം സമ്പൂർണ്ണമായും സംവരണംചെയ്തിരിക്കുന്ന വർഗ്ഗവുമായി ഒരു വേഴ്ചയും ഉണ്ടാവുകയില്ലെന്നു് ഞാൻ ശപഥംചെയ്തു. എന്റെ തിമിരത്തിൽനിന്നു് ഞാൻ രക്ഷപ്രാപിച്ചിരുന്നു. ഞാൻ ആത്മാർത്ഥമായി വിശ്വസിച്ച എന്റെ നായർ സുഹൃത്തുക്കളും അവരുടെ തനിരൂപം എന്നെ കാട്ടിയിരിക്കുന്നു ഒരു വിദ്വേഷം അ നായർ പ്രമാണികളോടും ഉർബല സമുദായങ്ങളുടെ അവകാശങ്ങളും കയ്യടക്കി അവരെ അടിമകളാക്കി വിട്ട നായർ സാമുദായത്തോടും ആ സമുദായത്തിന്റെ താല്പര്യങ്ങളും മാത്രം സംരക്ഷിച്ച സക്കാരിനോടും രാജവാഴ്ചയോടും എനിക്കു ഉളവായി ആ ഒരു രാത്രി കൊണ്ടു് എന്റെ ജീവിതലാളിത്യങ്ങളെല്ലാം കൊഴിഞ്ഞു.

———



പവറ ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച

ഉച്ചഭാഷിണി!

എറണാകുളം, എളമക്കര, പെറായി,
തൃക്കടവൂർ, തിരുവനന്തപുരം

എന്നീ നിയോജകമണ്ഡലങ്ങളിൽ ഞങ്ങളുടെ ഉച്ചഭാഷിണികൾ പ്രവർത്തനം നടത്തുന്നു.

സ്ഥാനാർത്ഥികളേ!

നിങ്ങളുടെ സന്ദേശം ഏറ്റവും ഉച്ചത്തിൽ പ്രചരിപ്പിക്കാൻ, നിങ്ങളുടെ ശബ്ദം തുവാച്ചു ബഹുജനങ്ങൾ ഉൽബുദ്ധരാവാൻ നിങ്ങളുടെ രാഷ്ട്രീയപ്രസ്ഥാനം വിജയം വരിക്കാൻ

ഞങ്ങളുടെ ഉച്ചഭാഷിണികൾ ഉപയോഗിക്കുക!

യുക്തമായ നിരക്കിനു് ഉച്ചഭാഷിണികൾ വാടകയ്ക്കു് ആവശ്യമുള്ളവർ എഴുതുക:-

കോണ്ടിനൻറൽ റേഡിയോ സൗണ്ടു്.

70 ft. റോഡു്, എറണാകുളം.

അഖിലേന്ധ്യാ പ്രദർശനം

(1954)

★ പാളയം, കാവൽറി മൈതാനം ★

ജനുവരി 28—രാത്രി 9-ന് കഥകളി

—നളചരിതം നാലുദിവസത്തേയും (രാത്രി മുഴുവനും)

ജനുവരി 29—രാത്രി 7-ന് കഥകളി

—ജ്ഞാനയുദ്ധം—കിരാതം.

ജനുവരി 30—രാത്രി 7-ന് നൃത്തം

—കുമാരി ഭാരതി & പാർട്ടി (മദ്രാസ്)

ജനുവരി 31 രാത്രി 7-ന് സംഗീതം

K. B. സുന്ദരാംബാൾ & പാർട്ടി (മദ്രാസ്)

ഫെബ്രുവരി 1—രാത്രി 7-ന്

മലയാള നാടകം K. P. A. C.

ഫെബ്രുവരി 2—രാത്രി 7-ന് സംഗീതം—

M. K. ത്യാഗരാജഭാഗവതർ & പാർട്ടി

(മദ്രാസ്)

ഫെബ്രുവരി 3—രാത്രി 7-ന് നൃത്തം

—കുമാരി സായി & സുബ്ബലക്ഷ്മി

(ശ്രീമതി പി. എ. പെരിയനായകിയുടെ പാട്ടോടുകൂടി)

ഫെബ്രുവരി 4—രാത്രി 7 ന് സംഗീതം

ആലത്തൂർബ്രദേഴ്സ് & പാർട്ടി

ഫെബ്രുവരി 5—രാത്രി 7-ന് നൃത്തം

ലളിത-പദ്മിനി-രാഗിണി

ഫെബ്രുവരി 6-രാത്രി 7-ന് സുപ്രഭാ (നാടകം)

By എൻ. എസ്. കൃഷ്ണൻ & പാർട്ടി

ഫെബ്രുവരി 7—രാത്രി 7-ന

രമണൻ ആട്ടപ്രകാരം (കലാരംഗ്)

ഫെബ്രുവരി 8 രാത്രി 7 ന്

കരുണ (മലയാളനാടകം)

—by സെബാസ്റ്റ്യൻ കഞ്ഞുകഞ്ഞുഭാഗവതർ & പാർട്ടി

ഫെബ്രുവരി 9—രാത്രി 7 ന്

വിവാഹവേദി (നാടകം)

by അഗസ്റ്റ്യൻ ജോസഫ് & പാർട്ടി)

ഫെബ്രുവരി 10 -പകൽ 3 മുതൽ 5 വരെ

കന്നുകാലിപ്രദർശനം & Calf Rally

രാത്രി 7-ന് നൃത്തം

—കുമാരിഹേമ & പാർട്ടി

(മദ്രാസ്)

ഫെബ്രുവരി 11—പകൽ 10 -ന്

—ശിശുപ്രദർശനം

രാത്രി 7-ന് വിവിധകലാപ്രകടനങ്ങൾ

(Y. W. C. A. C. I., Veeran

Anandakuttan, & Party &

Trivandrum Orchestra)

എല്ലാദിവസവും രാവിലേയും വൈകുന്നേരവും നാഗസ്വരം, തിരുവാതിരക്കളി സിനിമാ തുടങ്ങിയ കലാപ്രകടനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. പ്രദർശനപ്പട്ടികയ്ക്ക് പ്രവേശനം പ്രത്യേകടിക്കറ്റുമൂലം.

പ്രദർശനശാലയിലേക്ക് പ്രവേശനടിക്കറ്റ് രണ്ടണ.

എക്സിബിഷൻ ഗ്രൗണ്ട്സ്,
27—1—54.

സി. എസ്. നീലകണ്ഠൻനായർ
കൺവീനർ

Printed and Published by K Balakrishnan at the Indira Printing Works, Pettah, Trivandrum

Phone No. 2128

PRICE As. 3

REG: M. 5661

THE
KAUMUDI WEEKLY
PUBLISHED EVERY MONDAY


VOL: IV
1st MONDAY
FEBRUARY 1954
No. 45

FOR

ANYTHING AUTOMOTIVE

SUCH AS

SERVICING, RUNNING REPAIRS,
OVER HAULS, PAINTINGS,
BODY BUILDINGS ETC. ETC.



Contact

Phone: 2834.

THE CITY MOTORS
TRIVANDRUM-1

USHA